ശ്രീ.

# സുഭാഷിതരത്നാകരം.

Via MANNARGHAT

ഗ്രന്ഥകൎത്താ,

കെ. സി. കേശവപിള്ള.

പ്രകാശകന്മാർ,

എസ്. റ്റി. റെഡ്യാർ & സൺസ്,

വി. വി. പ്രെസ്സ് — കൊല്ലം.

# സുഭാഷിതരത്നാകരം.

ഗ്രന്ഥകൎത്താ,

**കേ. സി. കേശവപിള്ള.**

---

പ്രകാശകന്മാർ,

എസ്. റ്റി. റെഡ്ഡ്യാർ ആൻഡ് സൺസ്,

വി. വി. പ്രെസ്സ് — കൊല്ലം.

---

10–ാം പതിപ്പ് കാപ്പി—1000.

---

(പകൎപ്പവകാശം.)

1128.

വില രൂ. ൧൬.

---

എല്ലാം പ്രതികളിലും ഗ്രന്ഥകൎത്താവിന്റെയും പ്രകാശകന്റെയും
മുദ്ര ഉണ്ടായിരിക്കും.

340

## രണ്ടാം പതിപ്പിന്റെ

# മുഖപ്രസംഗം

---

ഈ പുസ്തകം ൧൦൭൬-ാമാണ്ടിലാണു് ആദ്യമായി അച്ചടിപ്പിച്ചതു്. അയിടയ്ക്കുതന്നെ "മലയാളമനോരമ" മുതലായ മാന്യപത്രങ്ങളും പല സഹൃദയന്മാരും ഇതിനെപ്പററി വളരെ അഭിനന്ദിച്ചിട്ടുണ്ടു്. തിരുവിതാംകൂർ ഗവണ്മെൻറു് ഇതിനേയും ഇതിന്റെ ഒരംശമായ "നീതിവാക്യങ്ങൾ" എന്ന പുസ്തകത്തേയും ഇംഗ്ലീഷു പള്ളിക്കൂടങ്ങളിൽ പാഠ്യപുസ്തകമായി സ്വീകരിക്കയും, ൧൦൭൬-ാമാണ്ടു മേടമാസം ൧-ാംനു ഇതിന്റെ ഒരു പ്രതി കരുണാനിധിയായ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ തിരുമുമ്പിൽ അടിയറവച്ചതിൽ അവിടുന്നു് സന്തോഷപൂർവ്വം ഒരു വീരശൃംഖല സമ്മാനമായി കല്പിച്ചു തരികയും ചെയ്തിട്ടുണ്ടു്. ആയവസരത്തിൽ പല സഹൃദയന്മാരിൽനിന്നും എനിക്കു് അനുമോദനപത്രങ്ങൾ ലഭിച്ചുകൊണ്ടിരുന്നു അവയിൽ കൂനേഴത്തു പരമേശ്വരമേനോൻ അവർകൾ അയച്ചിട്ടുള്ള സരസന്തങ്ങളായ നാലു ശ്ലോകങ്ങളെ ഇതിനടിയിൽ ചേർത്തിരിക്കുന്നു.

ആദ്യകാലങ്ങളിൽ ഇതിന്റെ പ്രചാരം മന്ദമായിരുന്നു എങ്കിലും കാലക്രമേണ ആവശ്യക്കാർ വർദ്ധിച്ചുതുടങ്ങിയിരിക്കുന്നു. ഒന്നാംപതിപ്പു മുഴുവനും ചെലവായിട്ടു് ഇപ്പോൾ ഏകദേശം ഒരുവത്സരം ആയിട്ടുണ്ടു്. ഈയിടെ ഏതാനും മാസങ്ങളായി ഇതിന്റെ ആവശ്യക്കാൎക്കു്, "അച്ചടിച്ച പ്രതികൾ തീർന്നുപോയതിനാൽ വീണ്ടും അച്ചടിക്കാൻ ആരംഭിച്ചിരിക്കുന്നു" എന്നു് മറുപടികൾ അയച്ചതിനുതന്നെ ഒട്ടധികം പണം ചെലവായിരിക്കുന്നു. സ്നേഹിതന്മാരിൽ ചിലർ പുസ്തകം അയയ്ക്കാഞ്ഞതിനാൽ മുഷിഞ്ഞിട്ടും ഉണ്ടു്. ഈവക ഉപദ്രവങ്ങളാൽ പ്രേരിതനായിട്ടാണു് ഇപ്പോൾ ഈ രണ്ടാംപതിപ്പിനെ ഞാൻ പ്രസിദ്ധപ്പെടുത്തുന്നതു്.

ഒന്നാംപതിപ്പിനുശേഷം സംസ്കൃതതർജ്ജമകളായും മററും ഞാൻ എഴുതീട്ടുള്ള ഏതാനും ശ്ലോകങ്ങളും, ൧൦൭൭ ധനുവിൽ കെ. ചിദംബരവാധ്യാർ ബി. ഏ. അവർകൾ ആവശ്യപ്പെട്ട

തിൻപ്രകാരം 'ആത്തിച്ചൂടി' 'കൊൻെറവേന്തൻ' മുതലായ ചില തമിഴ്നീതിഗ്രന്ഥങ്ങളിൽനിന്നും തർജ്ജമചെയ്തിട്ടുള്ള കുറേ ശ്ലോകങ്ങളുംകൂടി ഈ പതിപ്പിൽ അവിടവിടെയായി ചേത്തിട്ടുണ്ട്. ഇതിൻെറ പ്രൂഫുകൾ മിക്കതും ഞാൻ സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ടെന്നുവരികിലും എൻെറ ജോലികളുടെ ആധിക്യത്താൽ ഈ പുസ്തകം അച്ചടിപ്പിക്കുന്നതിനു വേറൊരാളെ ഏല്പ്പിട്ടതേണ്ടിവന്നതുനിമിത്തം നിസ്സാരങ്ങളായ ചില അച്ചടിത്തെറ്റുകൾ ഇതിൽ വന്നുപോയിട്ടുണ്ട്. വ്യുൽപ്പന്നന്മാക്ക് സ്വയമേവ തിരുത്തി വായിച്ചുകൊള്ളാവുന്നവയേ ഉള്ളു എങ്കിലും അവയിൽ പ്രധാനങ്ങളായവയ്ക്കു് ഒരു ശുദ്ധിപത്രംകൂടി ഇതിൽ ചേത്തിരിക്കുന്നു.

യാതൊന്നിനെ വേദം പ്രഭുവിനെപ്പോലെയും പുരാണം ബന്ധുവിനെപ്പോലെയും കാവ്യം കാന്തയെപ്പോലെയും ഉപദേശിക്കുന്നുവോ ആ കത്തവ്യകമ്മത്തെ പ്രധാനമായി പ്രതിപാദിക്കുന്ന സുഭാഷിതരത്നങ്ങളെ അനേകം മഹാഗ്രന്ഥങ്ങളിൽനിന്നും തിരഞ്ഞെടുത്തു മലയാളഭാഷയിലാക്കിച്ചേത്തിരിക്കുന്ന ഈ പുസ്തകത്തിൻെറ പ്രചാരണത്തിങ്കൽ സജ്ജനങ്ങൾ എന്നെ അനുമോദിക്കുമെന്നു പൂർണ്ണമായി വിശ്വസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം, } കെ. സി. കേശവപിള്ള.
1075 കന്നി 25.

## അനുമോദനശ്ലോകങ്ങൾ.

"കൈയിൽ കിട്ടിയനാൾമുതൽക്കിതുവരെ-
ത്താഴത്തു വയ്ക്കാതെ ഞാൻ
കൈയിൽ തന്നെയെടുത്തിടുന്നിതെവിടെ-
പ്പോകുന്ന നേരത്തിലും;
പൊയ്യല്ലൊട്ടിട കിട്ടിയെങ്കിലതുവാ-
യിച്ചീടുമീമട്ടിലാ-
യീയുള്ളോനൊരു നാലുവട്ടമഖിലം
വായിച്ചു തോഷിച്ചുതേ.

നെഞ്ചൂക്കേറും ഭവാൻ സംസ്കൃതനിധികളുമിം-
ഗ്ലീഷുഭണ്ഡാരവും നൽ-
ത്തഞ്ചത്തിൽ ചോരണംചെയ്തതിന്ന നിഗളമ-
ണ്ടേകഹസ്തത്തിൽ മാത്രം
വഞ്ചീശൻ വച്ചതെന്തത്ഭുതമിരുകരവും
ശൃംഖലാബദ്ധമാക്കാൻ
കിഞ്ചിൽ തോന്നാഞ്ഞതാണത്ഭുതമിതികരുതി-
ട്ടന്നു ഞാനിന്നു നൂനം.

മുൻപേതന്നെ സുഭാഷിതക്കടലിൽ നി-
ന്നൊട്ടേറെ രത്നങ്ങളേ
വൻപേറും കവിവര്യർ ഭർതൃഹരിതൊ-
ട്ടുള്ളോരെടുത്തെങ്കിലും
അൻപോടച്ചെറുകുട്ടികൾക്കവയിലെ-
ശ്ശൃംഗാരഭാവം മനഃ-
കമ്പം ചേർത്തിടുമെന്നുറച്ചതു ഭവാൻ
കൈവിട്ടതും യുക്തമായ്.

എന്നല്ലാസ്യകപോലകല്പിതമതാ-
മോരോരുഭാഗത്തിലും
നന്നായ്ത്താവകലോകശാസ്ത്രനിപുണ-
ത്വത്തിന്നു ദൃഷ്ടാന്തവും,
ഒന്നല്ലുണ്ടൊരു നൂറുകൂട്ട, മൊടുവിൽ
ചേർത്തോരുസംഖ്യാപരി-
ച്ഛിന്നാനേകപദാർത്ഥസംഗണനവും
ലോകോപകാരപ്രദം."

ഒന്നാം പതിപ്പിന്റെ

# മുഖപ്രസംഗം.

---

"ചില നീതിവാക്യങ്ങൾ" എന്ന പേരോടുകൂടി തുടർച്ചയായി ഞാൻ "ഭാഷാപോഷിണി"യിൽ എഴുതിക്കൊണ്ടിരുന്ന സദാചാരശ്ലോകങ്ങൾ വായനക്കാരിൽ പലരും കണ്ടിരിക്കുമല്ലോ. എന്നാൽ ആവക ഏതാനും ശ്ലോകങ്ങൾ ആദ്യമായി ആ പത്രത്തിലേക്ക് അയച്ചപ്പോൾ വീണ്ടും തുടർച്ചയായി ആമാതിരി ശ്ലോകങ്ങളെ എഴുതുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. "ഭാഷാപോഷിണി" അവയെ സ്വീകരിച്ചു പ്രസിദ്ധപ്പെടുത്തുകയും വീണ്ടും അപ്രകാരമുള്ള സുഭാഷിതശ്ലോകങ്ങളെ അയച്ചുകൊടുക്കണമെന്ന് എന്നോടാവശ്യപ്പെടുകയും ചെയ്തപ്പോൾ എനിക്ക് ഇതിൽ സ്വല്പം ഉത്സാഹം തോന്നുകയും, ആമാതിരി ശ്ലോകങ്ങളെ പല സംസ്കൃതഗ്രന്ഥങ്ങളിൽനിന്നു യഥാവസരം തർജ്ജമചെയ്തു ഞാൻ ആ പത്രത്തിലേക്ക് അയയ്ക്കുകയും ചെയ്തുതുടങ്ങി ഇങ്ങനെയിരിക്കെ ഒരുദിവസം (൧൮ മീനം ൫-ാംനു) കൊല്ലം ജില്ലാക്കോടതിയിൽ ഒന്നാം ജഡ്ജി മ. രാ. രാ. കെ. പി. ശങ്കരമേനോൻ, ബി. എ; ബി. എൽ; എഫ്. എം. യു. അവർകൾ പ്രസംഗവശാൽ ഈ ശ്ലോകങ്ങളുടെ ആവശ്യകതയെക്കുറിച്ച് എന്നോടു പ്രസ്താവിച്ചു.

"ഇങ്ങനെയുള്ള സദാചാരശ്ലോകങ്ങൾ ബാല്യത്തിൽ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കേണ്ടതു് വളരെ ആവശ്യമാണു്. ഞാൻ ഇംഗ്ലീഷുപഠിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ ഗുരുനാഥനായ ഡാക്ടർ ഹാവി എനിക്ക് ഇങ്ങനെയുള്ള പല സദുപദേശങ്ങളും പറഞ്ഞുതന്നിട്ടുണ്ടു്. അക്കാലത്തു് ഞാൻ അവയെ അത്ര സാരമുള്ളവയായി തീരെ ഗണിച്ചിരുന്നില്ല; എന്നാൽ ഇപ്പോൾ അവയിൽ ഓരോന്നിനും ഒരായിരം പവൻവീതം വിലയുണ്ടെന്നു് ഞാൻ വിചാരിക്കുന്നു. അതിനാൽ നിങ്ങൾ ഈ ഉദ്യമത്തിൽനിന്നും പിൻവാങ്ങരുതു്."

ഇത്യാദിയായിരുന്നു അദ്ദേഹം എന്നോടുപദേശിച്ചതു്. ഈ അഭിനന്ദനം പ്രകൃതവിഷയത്തിൽ എനിക്ക് അത്യുത്സാഹത്തെ ഉണ്ടാക്കിയ അവസരത്തിൽ കേരളകാളിദാസനായ മഹാമഹിമ

ശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ, സി. എസ്. ഐ., എഫ്. എം. യൂ; എം. ആർ. ഏ. എസ്; എഫ്. ആർ. എച്ച്. എസ്. തിരുമനസ്സുകൊണ്ടു ൭൯ മീനം ൧൧-ാംതീയതി കല്പിച്ചയച്ച ഒരു തിരുവെഴുത്തിൽ,

"ഭാഷാപോഷിണിയിൽ" കാണുന്ന "നീതിപദ്യങ്ങൾ" വളരെ ശ്ലാഘ്യങ്ങളായിരിക്കുന്നു. എല്ലാംചേൎത്തു പ്രത്യേകം ഒരു പുസ്തകമായി അവശ്യം അച്ചടിപ്പിക്കേണ്ടതാണു്" എന്നു പ്രസ്താവിച്ചിരുന്നു അന്നുമുതൽക്കു് ഈ ശ്ലോകങ്ങളെയെല്ലാം ഒരു പുസ്തകമാക്കി അച്ചടിപ്പിക്കുന്നതിലേയ്ക്കായി ഞാൻ യഥാവസരം പ്രയത്നിച്ചുതുടങ്ങി. "ഭാഷാപോഷിണിയുടെ" പ്രേരണയും മുൻപറഞ്ഞ മഹാന്മാരുടെ പ്രോത്സാഹനവും ഇല്ലായിരുന്നെങ്കിൽ ഇപ്രകാരം ഒരു പുസ്തകം ഉണ്ടാകയില്ലായിരുന്നു എന്നു തീൎച്ചയാണു്. പിന്നീടു് ഇതിലേയ്ക്കായി ഞാൻ പല സംസ്കൃതഗ്രന്ഥങ്ങളേയുംനോക്കി യുക്തമെന്നു തോന്നിയ ശ്ലോകങ്ങളെക്കൂടി തൎജ്ജമചെയ്തു ചേൎത്തു. വളരെനാൾ മുൻപുതുടങ്ങി കൈയിൽ കിട്ടുന്ന സദാചാരശ്ലോകങ്ങളെ എല്ലാം അപ്പഴപ്പോൾ ഭാഷപ്പെടുത്തി വന്നതുനിമിത്തം എല്ലാററിന്റേയും മൂലഗ്രന്ഥനാമധേയങ്ങൾകൂടി അവിടവിടെ ചേൎക്കുന്നതു സൎവ്വഥാ അസാദ്ധ്യമാകയാൽ അതിലേയ്ക്കായി തുനിഞ്ഞിട്ടില്ല. ഇവയ്ക്കുപുറമേ ഓരോ അവസരങ്ങളിൽ എഴുതീട്ടുള്ള ചുരുക്കം ചില ഇംഗ്ലീഷുപദ്യങ്ങളുടെ തൎജ്ജമകളും ഈ പുസ്തകത്തിൽ ചേൎത്തേക്കവേയായ സമസ്യാപൂരണങ്ങൾ സ്വകീയകൃതികൾ മുതലായവയുംകൂടി ഇതിൽ ചേൎക്കയും, അവയെ പ്രത്യേകം അടയാളങ്ങളെക്കൊണ്ടു് അവിടത്തന്നെ വേർതിരിച്ചു കാണിക്കയും ചെയ്തിട്ടുണ്ടു്. എല്ലാ ശ്ലോകങ്ങളേയും അകാരാദിക്രമേണ വിഷയഭാഗംചെയ്തു സമാഹരിച്ചതിന്റെശേഷം അവയുടെ ഗുരുലഘുത്വം അനുസരിച്ചു് രണ്ടു പ്രകരണങ്ങളാക്കി വേർതിരിച്ചും സംഖ്യാപരിച്ഛിന്ന സജാതീയപദാൎത്ഥങ്ങളെക്കുറിച്ചുള്ള ശ്ലോകങ്ങളെ പ്രത്യേകം ഒരു പരിശിഷ്ടമായിട്ടും ചേൎത്തിരിക്കുന്നു. ഇതിനുപുറമേ എത്രയും സംക്ഷിപ്തമായ ഒരു വ്യാഖ്യാനവും ഒടുവിൽ എഴുതിച്ചേൎത്തിട്ടുണ്ടു്. വിസ്തരഭയം നിമിത്തം ശ്ലോകംപ്രതി അൎത്ഥവിവരണം ചെയ്യാതെ അത്യാവശ്യകമെന്നു തോന്നിയ ചില ഭാഗങ്ങളുടെ വിവരണംമാത്രമേ ഇതിൽ എഴുതിട്ടുള്ളു.

ഈ പുസ്തകം ഇപ്രകാരം തയ്യാറാക്കുന്നതിനുമുമ്പായി, ഇതിലെ ഏതാനും ശ്ലോകങ്ങൾ ഇംഗ്ലീഷുപള്ളിക്കൂടങ്ങളിൽ ഒന്നാം

ഫാറത്തിലേയ്ക്കു് ഇയ്യാണ്ടത്തെ മലയാളപാഠമായി നിയമിക്കപ്പെട്ടുകയാൽ ഇതിൽനിന്നു ൧൦൦ ശ്ലോകങ്ങളെ "നീതിവാക്യങ്ങൾ" എന്ന പേരോടുകൂടി പ്രത്യേകം ഒരു പുസ്തകമായി അച്ചടിപ്പിച്ചിട്ടുണ്ടു്.

"വിദ്യാവിനോദിനി" പത്രാധിപരും, ഭാഷാപരിഷ്കരണത്തിൽ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പണ്ഡിതന്മാരിൽ ഒരാളും ആയ ടി. കെ. കൃഷ്ണമേനോൻ ബി. ഏ., എം. ആർ. ഏ. എസ്സ്. അവർകൾ ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ പലവിധത്തിൽ പ്രോത്സാഹിപ്പിക്കയും എന്റെ അവശ്യപ്രകാരം ഇതിനു് ഒരു ഇംഗ്ലീഷു് അവതാരിക എഴുതി അയച്ചുതരികയും ചെയ്തതിലേയ്ക്കു് അദ്ദേഹത്തിനും ഈ ഉദ്യമത്തെ അഭിനന്ദിച്ചു്, ഇതിനെ അച്ചടിപ്പിക്കുന്നതിനു സൌജന്യപൂർവ്വം ദ്രവ്യസഹായം ചെയ്ത മഹാമഹിമശ്രീ റാണിലക്ഷ്മീഭായി ആററുങ്ങൽമൂത്തതമ്പുരാൻ സി. ഐ. തിരുമനസ്സുകൊണ്ടു്, അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ ബി. ഏ. തിരുമനസ്സുകൊണ്ടു്, വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്, മൂത്തകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്, രവിവർമ്മതമ്പുരാൻ എം. ഏ. തിരുമനസ്സുകൊണ്ടു്, അരുമന ശ്രീ നാരായണൻതമ്പി അവർകൾ, വലിയകൊട്ടാരം നിത്യച്ചെലവിൽ കാര്യക്കാർ ശങ്കരൻതമ്പി അവർകൾ, പ്രാക്കുളം സി. പത്മനാഭപിള്ള അവർകൾ മുതലായ മഹാജനങ്ങൾക്കും ഞാൻ സവിനയം വന്ദനം പറഞ്ഞുകൊള്ളുന്നു.

൧൦[illegible]൭ കർക്കടകം ൨൧.
കൊല്ലം—പരവൂർ

കെ. സി. കേശവപിള്ള.

# INTRODUCTION.

The question of a moral text-book has been agitating the public mind ever since the inception of the present system of education in India. In these days, this agitation has been growing in volume and in intensity. We hear, on all sides, not only from Indians but English men as well, pious denunciations against a system of instruction which is divorced from all religious or moral training; and prayers are made to Government in public reports and in private petitions to introduce the teaching of morality in all its educational institutions. The Education Commission was not slow to point out this defect and to suggest the desirability of preparing "a text-book based on fundamental principles of natural religion, such as may be taught in all Government and non-Government Colleges."

That there is room for reform in the present system of education it would be absurd to deny ! but it would be a sad calumny to suppose that all these years of English education have not tended to improve the tone of mind and character of the Indian nation. The pure and lofty ideas and images with which the minds of our students are daily stored in Schools and Colleges cannot but act as a safe guard against all that is pernicious and as an incentive to them to strive after and in some way, to realise great and noble things.

But, when I say this, I do not minimise the utility of moral text-books. Such books inculcating lofty, moral sentiments will be powerful aids to secular education in helping its recipients to elevate themselves to higher levels and to live manly, generous lives.

It is in this spirit that I welcome the *Subhashitharathnakaram* of Mr. K. C. Kesava Pillai.

Mr. Kesava Pillai is an accomplished product of that system of Vernacular education in Travancore which manifests the practical wisdom and the love of Malayalam of its enlightened sovereigns. To the public of Malabar he requires no introduction at my hands. As a Sanskrit Scholar, a poet and a graceful writer of Malayalam prose, he has already made his mark in the literary history of his country. And his ***Bhasha Narayaniyam*** will serve as a memorial to his worth and work, more forcible, more durable than any 'storied urn or animated bust.' Such a man who has besides been teacher for more than a decade is, it will be readily granted, eminently fitted to write a moral text book like ***Subhashitharathnakaram***.

This book is divided into two parts: one is suited to the students of lower forms, while the other is intended for the use of those of higher classes. 108 topics are treated of in 706 ***Slokams***. The appendix also contains much useful information. To enhance the value of the book, the ***Slokams*** are intelligently annotated, and an exhaustive index is given. In the preparation of this book, Mr. Kesava Pillai has laid under contribution many important work in Sanskrit and sevaral familiar quotations in English.

In fact this 'sea of nice saying' is a veritable sea of aphoristic gems. It glorifies God and his wondrous ways; it treats of female education, chastity, sanitation, exercise, obedience to one's parents and teachers and a willing recognition of constituted authority! it touches the great and eternal common places of human occasion, such as gratitude, kindness, riches, poverty and death; it warns us against cruelty animals, envy, covetousness and 'all those darling vices of fallen men.' "It concerns life, society, human nature, our aims our ideals and all besides that is most animated and

most interesting in man's busy chase after happiness and wisdom."

There is a good deal of truth in the well-known sentiment of Immerman that "morality sticks faster when presented in brief sayings than when presented in long discourses." Men like Solomon, Socrates, Thucydides, Epictetus, Tatitus, Marcus, Aurelius, Dante, Bacon, Goethe and Schopenhauer have paid their homage to the practical worth of aphorisms by themselves making a great many of them. No less a recent writer than Mr. John More says that they are "The true salt of literature, and that those books are most nourishing which are mostly stored with them."

Thus, I venture to firmly believe that these pithy, pregnant ***Slokams*** of Mr. Kesava Pillai will be studied and appreciated by every student conversant with Malayalam, that they will go to produce a race of honest, patriotic citizens great in faith and strong against the grief of circumstances, whose plain living and high thinking will make themselves felt in the house, in the class room the office and the workshop, and that, "like unseen angles, they will follow them as they fare across this rough, bleak desert of the world, will stay their feet from stumbling, will fill their ears with hopeful music and clothe the sky above them in cheerful sunshine."

West Todtakadt House,
ERNAKULAM,
29th of May 1900.

**T. K. KRISHNA MENON.**

ഇംഗ്ലീഷ് അവതാരികയുടെ

# തൎജ്ജമ.

ഇൻഡ്യയിൽ ഇപ്പോൾ നടന്നുവരുന്ന വിദ്യാഭ്യാസരീതിയുടെ പ്രാരംഭകാലംമുതൽക്കേ, സന്മാൎഗ്ഗബോധകമായ ഒരു പാഠപുസ്തകത്തിന്റെ നിൎമ്മാണത്തെപ്പററിയുള്ള ആലോചന ജനക്ഷേമകാംക്ഷികളായുള്ളവരുടെ മനസ്സിനെ വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്നിട്ടുണ്ടു്. ഈ ആലോചനയ്ക്കു് ഈയിടെ സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഗൌരവവും വലിപ്പവും അസാമാന്യമായിട്ടുള്ളതാകുന്നു. മതസംബന്ധങ്ങളോ സദാചാരവിഷയങ്ങളോ ആയ പാഠങ്ങൾക്കു് സ്ഥാനം നൽകാത്ത ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി നാട്ടുകാരും ഇംഗ്ലീഷുകാരും ഒന്നുപോലെ എല്ലായിടത്തും ആക്ഷേപം പുറപ്പെടുവിച്ചുവരുന്നതായി നാം അറിയുന്നുണ്ടു്. എന്നുമാത്രമല്ല എല്ലാത്തരം പാഠശാലകളിലും സന്മാൎഗ്ഗബോധകങ്ങളായ പാഠങ്ങൾ പഠിപ്പിക്കുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്തുകൊടുത്താൽ കൊള്ളാമെന്നു്, അദ്ധ്യക്ഷന്മാർ റിപ്പോൎട്ടുകളിലും ജനങ്ങൾ ഹർജികളിലും ഗവൺമെൻറിനോടു പ്രാൎത്ഥിച്ചുവരുന്നപ്രകാരം കാണുന്നും ഉണ്ടു്. ഈ ആവശ്യകത, വിദ്യാഭ്യാസവിഷയമായി ചെയ്യേണ്ട പരിഷ്കാരങ്ങളെപ്പററി അഭിപ്രായം പറവാൻ ഇൻഡ്യാഗവൺമെൻറിനാൽ സ്ഥാപിക്കപ്പെട്ട "എഡ്യൂക്കേഷൻ കമ്മീഷന്റെ ദൃഷ്ടിയിലും പെടാതിരുന്നില്ല." "ഗവമ്മെൻറുഭരണത്തിൽ ഉൾപ്പെട്ടവയും ഉൾപ്പെടാത്തവയും ആയ എല്ലാ പാഠശാലകളിലും ഉപയോഗിക്കത്തക്കവണ്ണം സ്വാഭാവികന്യായത്തിന്മേൽ സ്ഥാപിതമായുള്ള പൊതുമതത്തെ അനുസരിക്കുന്ന സദാചാരവിഷയമായ ഒരു പാഠപുസ്തകം" നിൎമ്മിക്കേണ്ട ആവശ്യകതയെ അവരും ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ പരിഷ്കരണീയങ്ങളായ അംശങ്ങൾ ഉണ്ടെന്നുള്ളതിനെ സമ്മതിക്കാതിരിക്കുന്നതു് മൌഢ്യമായേ ഗണിക്കപ്പെടുകയുള്ളൂ. ഏറിയൊരു കാലമായി നല്കപ്പെട്ടുവരുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസം ഇൻഡ്യാനിവാസികളുടെ മനഃസ്ഥിതിയേയും നടത്തയേയും പരിഷ്കരിപ്പാൻ പ്രയോജകീഭവിച്ചിട്ടില്ലെന്നു പറയുന്നതും വ്യസനഹേതുവായ ഒരു ദൂഷണമായിരിക്കും. എന്തുകൊണ്ടെന്നാൽ പാഠശാലകളിൽനിന്നു് നമ്മു

ടെ വിദ്യാൎത്ഥികൾക്കു ലഭിക്കുന്ന ഉൽകൃഷ്ടങ്ങളും പരിശുദ്ധങ്ങളും ആയ വിചാരങ്ങൾ ദോഷകരമായ സകലത്തിനേയും തടുക്കുന്നതിനും മഹത്തുകളും ശ്രേഷ്ഠങ്ങളും ആയ കാൎയ്യങ്ങളെ സാധിക്കുന്നതിനുവേണ്ടി പ്രയത്നിപ്പാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും മതിയാകാതെവരാൻ സംഗതിയില്ലല്ലൊ.

ഇത്രയും പറഞ്ഞതിനാൽ സന്മാൎഗ്ഗപ്രതിപാദകങ്ങളായ പാഠപുസ്തകങ്ങളുടെ പ്രയോജനത്തെ ഞാൻ വേണ്ടുംവണ്ണം വിലമതിക്കുന്നില്ലെന്നു വിചാരിക്കരുതു്. ഉൽകൃഷ്ടങ്ങളായ സന്മാൎഗ്ഗധൎമ്മങ്ങളെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ, അവയെ പരിശീലിക്കുന്ന യുവാക്കളെ ഉയൎത്തി വിശിഷ്ടതരമായ മാൎഗ്ഗത്തിൽ കാലക്ഷേപം ചെയ്യാൻ പ്രേരിപ്പിക്കുന്നതുകൊണ്ടു് ലൌകികപ്രധാനമായ ഇക്കാലീനവിദ്യാഭ്യാസത്തിനു് ഒരു വലിയ സഹായമായിത്തീരുന്നതാണു്. ഈ വിചാരത്തിന്മേലാകുന്നു കെ. സി. കേശവപിള്ള അവർകളുടെ "സുഭാഷിതരത്നാകര"ത്തിനു ഞാൻ സ്വാഗതം പറയുന്നതു്.

കേശവപിള്ള അവർകൾ പരിഷ്കാരതല്പരന്മാരായ തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ഭാഷാസ്നേഹത്തേയും ലൌകികപരിജ്ഞാനത്തേയും പ്രത്യക്ഷീകരിക്കുന്നതായ മലയാളഭാഷാഭ്യസനസമ്പ്രദായത്തിന്റെ ഒരു പൂൎണ്ണഫലം ആകുന്നു. കേശവപിള്ള അവർകളുടെ യോഗ്യതയെപ്പററി മലയാളികളോടു് ഞാൻ ഒന്നും പറഞ്ഞിട്ടാവശ്യമില്ല. തന്റെ സംസ്കൃതപാണ്ഡിത്യവും കവിത്വവും ഗദ്യമെഴുത്തിൽ ഉള്ള ലാളിത്യവുംകൊണ്ടു് സ്വദേശഭാഷാചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ കേശവപിള്ള അവർകൾ സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു കേശവപിള്ള അവർകളുടെ "ഭാഷാനാരായണീയം" സജീവതുല്യങ്ങളായ ചരായാശിലകളേയും ചരിത്രപ്രസിദ്ധങ്ങളായ മററു സ്മാരകവിശേഷങ്ങളേയും അപേക്ഷിച്ചു ബലവത്തരവും അധികം ശാശ്വതവും ആയ ഒരു യോഗ്യതാസ്മാരകമാകുന്നു. അദ്ധ്യാപകവൃത്തിയിൽ പത്തുകൊല്ലത്തിൽ അധികം കഴിച്ചുകൂട്ടീട്ടുള്ള ഏതാദൃശനായ ഒരു പുരുഷൻ "സുഭാഷിതരത്നാകരം"പോലെ സന്മാൎഗ്ഗപ്രതിപാദകമായ ഒരു പുസ്തകം നിൎമ്മിക്കുന്നതിനു് അസാമാന്യയോഗ്യതയുള്ള ഒരാളാണെന്നു് എല്ലാവരും സമ്മതിക്കുന്നതായിരിക്കും.

പ്രസ്തുത പുസ്തകം രണ്ടുഭാഗമായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതിൽ പ്രഥമഭാഗം താഴ്ന്നതരം വിദ്യാൎത്ഥികളുടെ ഉപയോഗ

ത്തിൻ ചേർന്നതും, ദ്വിതീയഭാഗം ഉയർന്ന ക്ലാസുകളിലെ വിദ്യാർത്ഥി കൾക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. ഈ പുസ്തകത്തിൽ ആകപ്പാടെ ൧൦൫ വിഷയങ്ങളെ സംബന്ധിക്കുന്ന ൭൦൩ ശ്ലോക ങ്ങൾ ഉണ്ട്. ഒടുവിൽ ചേർത്തിട്ടുള്ള പരിശിഷ്ടത്തിലും അവശ്യ വിജ്ഞേയങ്ങളായ അനേകസംഗതികൾ അടങ്ങിയിരിക്കുന്നു. ഇ തിൽചേർത്തിട്ടുള്ള യുക്തിയുക്തമായ വ്യാഖ്യാനവും ദീർഘമായ അനുക്രമണികയും ഇതിന്റെ ഉപയോഗയോഗ്യതയെ വർദ്ധിപ്പി ക്കുന്നു. ഇതിന്റെ രചനയിൽ കേശവപിള്ള അവർകൾ പ്രധാ നപ്പെട്ട പല സംസ്കൃതഗ്രന്ഥങ്ങളേയും സാരവത്തുകളായ അ നേകം ഇംഗ്ലീഷ് സുഭാഷിതങ്ങളേയും വേണ്ടുംവണ്ണം ഉപയോ ഗിച്ചിട്ടുണ്ട്.

ഈ "സുഭാഷിതരത്നാകരം" വാസ്തവത്തിൽ, സുഭാഷിതങ്ങ ളാകുന്ന രത്നങ്ങളുടെ ഒരു ആകരംതന്നെ ആകുന്നു. ദൈവത്തി ന്റെ മഹിമ, അദ്ദേഹത്തിന്റെ വിസ്മയനീയങ്ങളായ ഗതിവി ശേഷങ്ങൾ, സ്ത്രീവിദ്യാഭ്യാസം, പാതിവ്രത്യം, ദേഹസൗഖ്യത്തി നുള്ള മാർഗ്ഗങ്ങൾ, വ്യായാമം, മാതാപിതാക്കന്മാരുടേയും ഗുരുക്ക ന്മാരുടേയും നേക്കുള്ള ഭക്തി, അധികൃതന്മാരായവരോടുള്ള ഹൃദയ പൂരസരമായ അനുസരണം മുതലായി പല വിഷയങ്ങളും ഇ തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. മനുഷ്യജീവിതത്തിൽ സഹ ജങ്ങളായുള്ള സമ്പത്ത്, ദാരിദ്ര്യം, മരണം എന്നീയവസ്ഥകളും, അത്യന്താവശ്യകങ്ങളായ നന്ദി, ദയ മുതലായ ഗുണവിശേഷങ്ങളും ഇതിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ജന്തുക്കളോടുള്ള ക്രൗര്യം, പണത്തിലുള്ള അതിമോഹം, അസൂയ മുതലായ നികൃഷ്ടങ്ങളായി രിക്കുന്ന ദുർഗ്ഗുണങ്ങളെ പ്രത്യേകം നിഷേധിച്ചിട്ടും ഉണ്ട്. "പ്ര സ്തുതപുസ്തകം ചുരുക്കത്തിൽ ജീവിതം, ജനസമുദായം, ദേശാചാ രം, മനുഷ്യസ്വഭാവം, നമുക്കുണ്ടായിരിക്കേണ്ട ഉൽകൃഷ്ടോദ്ദേശ്യ ങ്ങൾ, എന്നുവേണ്ട ജ്ഞാനക്ഷേമസംപാദനാർത്ഥം മനുഷ്യ നാൽ ചെയ്യപ്പെടുന്ന പ്രയത്നത്തിൽ സരസവും ഉത്സാഹജനക വും ആയി എന്തെല്ലാം ഉണ്ടോ അവയെ എല്ലാംപററി പ്ര സ്താവിക്കുന്നു."

"ലോകത്തിന്റെ സ്വീകരണത്തിനായി പ്രതിപാദിക്കപ്പെടു ന്ന സദാചാരന്യായങ്ങൾ വിസ്തരിച്ചു പ്രസംഗിക്കപ്പെടുമ്പോഴ ത്തേക്കാൾ സംക്ഷേപിച്ചു പറയപ്പെടുമ്പോഴാണ് ബലവത്തര മായി മനസ്സിൽ പതിയുന്നതു്" എന്നുള്ള ഇമ്മർമാൻ എന്ന മ ഹാന്റെ പ്രസിദ്ധോക്തിയിൽ ഒട്ടേറെ വാസ്തവം ഉണ്ടെന്നുള്ളതി

ന്നു് സംശയമില്ല. തത്വഗർഭങ്ങളായ സംക്ഷിപ്തഭാഷിതങ്ങൾക്കു് അനുഭവത്തിൽ കാണാറുള്ള മഹത്തായ ഫലത്തെ സാളമൺ, സാക്രട്ടീസ്, ത്യൂസിഡിഡിസ്സ്, എപ്പിക്ററീററസ്സ്ടാ സിററസ്സ്, മാക്സ്സ് ഔർലീലസ്സ്, ഡാൻറി, ബേക്കൺ, ഗേററ, ഷോപ്പൻഹാവർ എന്നീ മഹാന്മാരെല്ലാം ആദരപുരസ്സരം അംഗീകരിച്ചിട്ടുണ്ടെന്നുമാത്രമല്ല, അവർതന്നെ അപ്രകാരമുള്ള അനേകം ഭാഷിതങ്ങൾ നിർമ്മിക്കയും ചെയ്തിട്ടുണ്ടു്. അവയെപ്പററി പ്രസിദ്ധനായ മിസ്ററർ മാർലി താഴെപ്പറയുന്നപ്രകാരം അഭിപ്രായപ്പെട്ടുന്നു. "ഇപ്രകാരമുള്ള സുഭാഷിതങ്ങൾ ഒരു ഭാഷയിലെ കൃതികൾക്കു് ആസ്വാദ്യതയെ നൽകുന്ന ഒരു ഉപദംശമാകുന്നു. അവ ഒരു പുസ്തകത്തിൽ എത്രമാത്രം ഉണ്ടായിരിക്കുന്നുവോ അത്രയ്ക്കും അതു പോഷണഹേതുവായി ഭവിക്കയും ചെയ്യും."

ആകയാൽ, സ്വല്പപദങ്ങളിൽ അത്ഥഗർഭങ്ങളായുള്ള കേശവപിള്ള അവർകളുടെ ഈ ശ്ലോകങ്ങൾ ഭാഷാപരിചയമുള്ള എല്ലാവിദ്യാത്ഥികളാലും പഠിച്ചു ബോധിക്കപ്പെട്ടുകയും അവരെ സത്യവാദികളും സ്വദേശസ്നേഹികളും ദൈവവിശ്വാസംകൊണ്ടു മഹത്തുക്കളും, യാദൃച്ഛികങ്ങളായ ദുഃഖങ്ങളെ നേരിടുന്നതിൽ ധൃഷ്ടന്മാരും, തങ്ങളുടെ ഒതുങ്ങിയ കാലക്ഷേപവും ഉയൎന്ന വിചാരങ്ങളുംകൊണ്ടു്, വീട്ടിലും ക്ലാസ്സുമുറിയിലും, പണിശാലയിലും കച്ചേരിസ്ഥലത്തും ഒന്നുപോലെ ശോഭിക്കുന്നവരും ആയ പ്രജകളാക്കിത്തീക്കയും ചെയ്യുന്നതുകൂടാതെ ശീതവും ദുസ്സഞ്ചാരവും ആയുള്ള ഒരു മരുഭൂമിയാകുന്ന ഇഹലോകത്തിൽ കൂടിയുള്ള അവരുടെ യാത്രയിൽ അദൃശ്യന്മാരായ ദേവദൂതന്മാരെപ്പോലെ അവരെ അനുഗമിച്ചു കാൽതെററി വീഴാതെ കാക്കുകയും, ശ്രേയസ്സൂചകങ്ങളായ ഗാനങ്ങളെക്കൊണ്ടു് അവരുടെ കണ്ണുങ്ങളെ പൂരിപ്പിക്കയും, അവരുടെ ഊൎദ്ധ്വഭാഗത്തിലുള്ള ആകാശത്തെ സന്തോഷമയമായ ജ്യോതിസ്സുകൊണ്ടു് ആവരണംചെയ്കയും ചെയ്യുമെന്നു് ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

പടിഞ്ഞാറേത്തോട്ടയ്ക്കാട്ടുവീട്;<br>എറണാകുളം<br>൨൯. മേ. ൧൯൦൦ } ടി. കെ. കൃഷ്ണമേനോൻ.

# വിഷയാനുക്രമണി.


| വിഷയം. | വശം. ൧-പ്രകര | വശം. ൨-പ്രകര |
|---|---|---|
| അതിഥിസല്ക്കാരം | ൧ | |
| അതിതാപം | ൧; | ൨൭ |
| അന്തഃകരണം | ൧ | |
| അഭ്യാസം | ൨ | |
| അരോഗത | ൨; | ൨൭ |
| അഹങ്കാരം | ൨; | ൨൮ |
| ആഡംബരം | ൩; | ൨൮ |
| ആത്മപ്രശംസ | ൩; | ൨൮ |
| ആത്മസംയമനം | ൩ | |
| ആലസ്യം | ൩ | |
| ആശ | ൪; | ൨൮ |
| ഇച്ഛ | ൪ | |
| ഈശ്വരൻ | | ൨൯ |
| ഉത്സാഹം | ൪; | ൩൪ |
| ഉപദേശം | ൫ | |
| ഋണം | | ൩൬ |
| ഏഷണി | ൫ | |
| ഐകമത്യം | ൫; | ൩൭ |
| ഔചിത്യം | | ൩൭ |
| ഔദാര്യം | ൫ | ൩൭ |
| കലഹം | | ൩൯ |
| കവി | | ൩൯ |
| കൃതഘ്നത | | ൪൧ |
| കൃതജ്ഞത | | ൪൨ |
| കോപം | ൬; | ൪൨ |
| ക്ഷമ | ൬ | |
| ഗർഭരക്ഷ | | ൪൩ |
| ഗാംഭീര്യം | | ൪൪ |
| ഗുണം | ൭; | ൪൪ |
| ഗുരുഭക്തി | ൭; | ൪൬ |
| ഗൃഹസ്ഥവൃത്തി | | ൪൬ |
| ഗ്രഹണം | | ൪൭ |
| ജന്തുഹിംസ | | ൪൭ |
| ജന്മം | ൮ | |
| ജീവകാരുണ്യം | | ൪൮ |
| ജീവിതം | | ൪൮ |
| ദയ | ൮ | |
| ദാരിദ്ര്യം | | ൪൮ |
| ദുർജ്ജനം | ൮; | ൫൦ |
| ദുരഭിമാനം | | ൫൬ |
| ദുഷ്കവി | | ൫൬ |
| ദേശസഞ്ചാരം | | ൫൭ |
| ദോഷം | | ൫൭ |
| ധനം | ൧൦; | ൫൮ |
| ധർമ്മം | ൧൧; | ൫൯ |
| ധൈര്യം | | ൬൦ |
| നിയമം | | ൬൦ |
| ന്യായം | ൧൧ | |
| പഥ്യം | | ൬൧ |
| പരഗൃഹഗമനം | | ൬൧ |
| പരാക്രമം | | ൬൧ |
| പരിഹാസം | ൧൧ | |
| പരീക്ഷ | | ൬൧ |
| പരോപകാരം | | ൬൧ |
| പശ്ചാത്താപം | ൧൧ | |
| പാതിവ്രത്യം | | ൬൩ |
| പിതൃഭക്തി | ൧൧ | |
| പുത്രൻ | | ൬൪ |
| പുനർജ്ജന്മം | | ൬൫ |
| പ്രപഞ്ചം | | ൬൭ |
| ഭക്ഷണം | ൧൨; | ൬൮ |
| ഭാര്യ | | ൬൮ |

| | | |
|---|---|---|
| ഭൂഗോളം | | ൩൫ |
| ഭൂഷണം | ൪൨ | |
| മഞ്ഞു് | | ൧൦ |
| മദ്യപാനം | ൪൨; | ൧൦ |
| മരണം | | ൧൪ |
| മര്യാദ | ൪൨ | |
| മഹാമനസ്കത | ൪൮ | |
| മഴവില്ല് | | ൧൭ |
| മാതാവു് | | ൧൯ |
| മിത്രം | ൪൮; | ൧൯ |
| മുൻകരുതൽ | ൪൭ | |
| മൂഢൻ | ൪൭; | ൧൩ |
| മോക്ഷം | | ൧൫ |
| യശസ്സ് | | ,, |
| യുക്തി | ൪൩; | ൬൦ |
| യോഗ്യത | ൪൩ | |
| രാജനീതി | | ൬൦ |
| ലുബ്ധൻ | ൪൩; | ൬൦ |
| വശീകരണം | | ൬൪ |
| വാക്ക് | ൪൧; | ൬൪ |
| വിദ്യ | ൪൧ | ൬൨ |
| വിദ്വാൻ | ൪൬; | ൬൮ |
| വിധി | | ൬൯ |
| വിനയം | ൪൫; | ൬൩ |
| വിവാഹം | | ,, |
| വൃദ്ധൻ | | ,, |
| വ്യയം | | ൬൧ |
| വ്യായാമം | ൪൫; | ൬൧ |
| ശകുനം | ൨൦ | |
| ശത്രു | ൨൦ | |
| ശബ്ദശാസ്ത്രം | | ൬൧ |
| ശാന്തി | ൨൦ | ൬൧ |
| സംഗീതം | | ൬൬ |
| സജ്ജനം | ൨൪ | ,, |
| സത്യം | ൨൮ | |
| സന്തോഷം | | ൫൪ |
| സന്മാർഗ്ഗം | ൨൮; | ൫൨ |
| സംസർഗ്ഗം | ൨൯; | ൫൮ |
| സഹായം | ൨൯ | |
| സഹോദരൻ | ൨൩ | |
| സുഖം | | ൫൯ |
| സുഭാഷിതം | | ൫൯ |
| സ്ത്രീവിദ്യാഭ്യാസം | | ൫൯ |
| സ്വഭാവം | ൨൩; | ൫൩ |
| സ്വാമിഭക്തി | | ൫൩ |
| സ്തുതികൾ | | ൫൧ |

## പരിശിഷ്ടം.

### സംഖ്യാപരിച്ഛിന്നജാതീയപദാർത്ഥങ്ങൾ.

—:*:—


വിഷയം.

൧

ബ്രഹ്മം

൨

ഗുണദോഷാദി

൩

അഗ്നിത്രയം
അവസ്ഥാത്രയം
ഋണത്രയം
ഏഷണത്രയം
കർമ്മത്രയം
കാരണത്രയം
കാലത്രയം
ഗുണത്രയം
തപസ്ത്രയം
താപത്രയം
ത്രയി
ത്രിദോഷം
ത്രിവർഗ്ഗം
ത്രിസന്ധ്യം
ദോഷത്രയം
മധുത്രയം
മൂർത്തിത്രയം
രതിത്രയം
ലോകത്രയം
വൃത്തിത്രയം
ശക്തിത്രയം
ശരീരത്രയം
സ്വരത്രയം

൪

കവിചതുഷ്ടയം
ചതുരാശ്രമങ്ങൾ
ചതുരുപവേദങ്ങൾ

വിഷയം.

ചതുരുപായങ്ങൾ
ചതുരംഗങ്ങൾ
ചതുർയ്യുഗം
ചതുർവ്വർഗ്ഗം
ചതുർവർണ്ണങ്ങൾ
ചതുർവ്വേദങ്ങൾ
വിദ്യാവസ്ഥാചതുഷ്ടയം
വൃദ്ധചതുഷ്ടയം
സാധനചതുഷ്ടയം
മോക്ഷചതുഷ്ടയം

൫

ഉപാസനപഞ്ചാംഗം
ജ്യോതിഷപഞ്ചാംഗം
പഞ്ചകർമ്മേന്ദ്രിയങ്ങൾ
പഞ്ചകർമ്മേന്ദ്രിയവിഷയങ്ങൾ
പഞ്ചകോശങ്ങൾ
പഞ്ചഗവ്യം
പഞ്ചജ്ഞാനേന്ദ്രിയങ്ങൾ
പഞ്ചജ്ഞാനേന്ദ്രിയവിഷയങ്ങൾ
പഞ്ചപാതകം
പഞ്ചപിതൃക്കൾ
പഞ്ചപ്രാണങ്ങൾ
പഞ്ചബാണങ്ങൾ
പഞ്ചഭൂതങ്ങൾ
പഞ്ചമഹായജ്ഞങ്ങൾ
പഞ്ചമാതാക്കൾ
പഞ്ചമൂലം
പഞ്ചരത്നം
പഞ്ചലോഹം
പഞ്ചാമൃതം
മധുപർക്കപഞ്ചാംഗം

വിഷയം.

രാജനീതിപഞ്ചാംഗം
വൈദ്യകപഞ്ചാംഗം
സ്നാനപഞ്ചാംഗം

൬

രാഗാംഗഷൾക്കം
വചോഗുണഷൾക്കം
വേദാംഗഷൾക്കം
ശമാദിഷൾക്കം
ഷഡാധാരങ്ങൾ
ഷഡീതകൾ
ഷഡൂൎമ്മികൾ
ഷഡൃതുക്കൾ
ഷൾകൎമ്മങ്ങൾ
ഷൾഗുണങ്ങൾ
ഷഡ്രസങ്ങൾ
ഷഡ്വൎഗ്ഗം

൭

സപ്തദ്വീപങ്ങൾ
സപ്തധാതുക്കൾ
സപ്തനദികൾ
സപ്തപദാൎത്ഥങ്ങൾ
സപ്തപൎവ്വതങ്ങൾ
സപ്തമാതൃക്കൾ
സപ്തമാരുതന്മാർ
സപ്തൎഷികൾ
സപ്തവ്യസനങ്ങൾ
സപ്തസമുദ്രങ്ങൾ
സപ്തസ്വരങ്ങൾ
സപ്താംഗങ്ങൾ

൮

അഷ്ടദിക്കുകൾ
അഷ്ടദിക്പാലന്മാർ
അഷ്ടദിഗ്ഗജങ്ങൾ
അഷ്ടബുദ്ധിഗുണങ്ങൾ
അഷ്ടമൂൎത്തികൾ

വിഷയം.

അഷ്ടവസുക്കൾ
അഷ്ടവിവാഹങ്ങൾ
അഷ്ടൈശ്വൎയ്യങ്ങൾ
യോഗാഷ്ടാംഗങ്ങൾ
സാഷ്ടാംഗനമസ്കാരം

൯

നവഗ്രഹങ്ങൾ
നവദ്രവ്യങ്ങൾ
നവദ്വാരങ്ങൾ
നവനിധികൾ
നവരത്നങ്ങൾ
നവരസങ്ങൾ

൰

ദശപാപങ്ങൾ
ദശമൂലം
ദശരൂപകങ്ങൾ
ദശാവതാരങ്ങൾ
ദശോപനിഷത്തുകൾ

൰൧

ഏകാദശരുദ്രന്മാർ

൰൨

ദ്വാദശചാന്ദ്രമാസങ്ങൾ
ദ്വാദശരാശികൾ
ദ്വാദശാദിത്യന്മാർ

൰൪

ചതുൎദ്ദശമനുക്കൾ
ചതുൎദ്ദശലോകങ്ങൾ
ചതുൎദ്ദശലോകസാക്ഷികൾ
ചതുൎദ്ദശവിദ്യകൾ
ചതുൎദ്ദശാൎത്ഥബോധനങ്ങൾ

൰൮

അഷ്ടാദശപുരാണങ്ങൾ
അഷ്ടാദശസ്മൃതികൎത്താക്കന്മാർ

൯൬

ഷണ്ണവതിതത്വങ്ങൾ

—*—

## സങ്കേതവിവരണം.

൧. ആ. ചി. = ആസന്നമരണചിന്താശതകം.
൨. ഈ. സ്തോ. = ഈശ്വരസ്തോത്രം.
൩. കാ. യാ. = കാശിയാത്ര.
൪. രാ. മാ. = രാഘവമാധവം.
൫. ല. ക. = ലക്ഷ്മീകല്യാണം.
൬. ശാ. വി. = ശാന്തിവിലാസം.
൭. ഇം. ത. = ഇംഗ്ലീഷ് തർജ്ജമ.
൮ ത. ത. = തമിഴ് തർജ്ജമ.
൯. സ്വ. = സ്വകീയകൃതി.

ഇവയിൽ ൧-മുതൽ ൬-വരെ ഉള്ളവ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള എന്റെ കൃതികളാകുന്നു. അവയിൽനിന്നു് ഇതിൽ എടുത്തു ചേർത്തിട്ടുള്ള ശ്ലോകങ്ങളെ ആ സങ്കേതങ്ങൾ സൂചിപ്പിക്കുന്നു. ൭-ാംനമ്പർ ഇംഗ്ലീഷ് പദ്യങ്ങളുടെയും ൮-ാംനമ്പർ തമിഴ് പദ്യങ്ങളുടെയും തർജ്ജമകളാണു്. ൯-ാംനമ്പർ ഏതെങ്കിലും ഒരു പ്രത്യേകപദ്യത്തെ കേവലം ആസ്പദമാക്കാതെ എന്നാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഈ ഒൻപതടയാളങ്ങളും കൂടാതെ നാലാമത്തെപ്പാദം മുഴുവനുമോ അതിന്റെ ഏതെങ്കിലും അംശമോ ഉദ്ധരണി ( " " ) കൊണ്ടു് അടയാളപ്പെടുത്തപ്പെട്ടു കാണുന്നവ സമസ്യാപൂരണങ്ങളും ശേഷം മുഴുവനും ഓരോ സംസ്കൃത പദ്യങ്ങളുടെ തർജ്ജമകളും ആകുന്നു.

ഗ്രന്ഥകർത്താ,

ശ്രീ

# സുഭാഷിതരത്നാകരം.

---

## ഒന്നാം പ്രകരണം.

---

### അതിഥിസൽക്കാരം.

൧ ബാലനോ വൃദ്ധനായോരോ യുവാവോ ഗൃഹമെത്തിയാൽ
പരിചിൽ സൽക്കരിക്കേണം; ഗുരുവാണു ഗൃഹാഗതൻ.

൨ ഗേഹത്തിൽ വന്നവൻതന്നെ വെറുപ്പിച്ചിട്ടയപ്പവൻ
അവന്റെ പുണ്യമേകീട്ടു താൻ ഗ്രഹിക്കുന്നു ദുഷ്കൃതം.

൩ ശത്രുവും തൻഗൃഹേ വന്നാൽ വഴിപോൽ സൽക്കരിക്കണം
മുറിക്കുന്നവനും വൃക്ഷം തണലേകുന്നതില്ലയോ?

### അതിത്വം.

൪ അതിദാനാൽ ബദ്ധൻ ബലി;
യതിലോഭത്താൽ സുയോധനൻ നഷ്ടൻ;
അതികാമാൽ പൌലസ്ത്യൻ
ഹതനായ്,—തി സർവ്വദിക്കിലും, വർജ്ജ്യം.

### അന്തഃകരണം. (സ്വ)

൧ ഈശ്വരാജ്ഞകളെന്തെല്ലാമെന്നതാർക്കറിയാം ഭുവി
എന്നുള്ള സംശയം തെല്ലും തോന്നീടരുതു ചൊല്ലുവൻ.

൨ അകൃത്യം ചെയ്വതിന്നായിത്തുനിയുന്ന ദശാന്തരേ
'അരുതെ'ന്നൊരു ശബ്ദം തന്നുള്ളിൽനിന്നുളവായ്വരും.

൩ അന്തഃകരണമെന്നത്രേയിതിൻനാമം ധരിക്കണം;
ഉള്ളിൽ വാഴുന്നൊരീശന്റെയാജ്ഞയാണിതു നിർണ്ണയം.

൪ ഈശവിശ്വാസമുണ്ടായാലിതുണ്ടായ്സ്ഥിരമായ്വരും;
ഇതിനെ സ്വീകരിക്കായ്കിലിതു മെല്ലേ കുറഞ്ഞുപോം.

൫ അമരക്കാരനില്ലാത്ത കപ്പലെന്നകണക്കിനേ
നിരാശ്രയതമസ്സിങ്കൽ മഗ്നനാം പുരുഷൻ തദാ.

൧൦ അന്തഃകരണമോതുന്ന പന്ഥാവിൽ തന്നെ വാഴ്കിൽ
സന്താപരഹിതം ജന്മസാഫല്യം സിദ്ധമായ്വരും.

അഭ്യാസം.

൧൧ അതിദുഷ്കരമായാദ്യം തോന്നീടുന്നൊരു വൃത്തിയും
അഭ്യാസപൌനഃപുന്യത്താലതിസൌകൎയ്യമാൎന്നിടും.

൧൨ അഭ്യസിക്കുക ശാസ്ത്രങ്ങൾ; പുണ്യകൎമ്മങ്ങൾ ചെയ്യുക;
ഇവയാൽ വാസ്തവജ്ഞാനം വിളങ്ങും മനുഷ്യനിൽ.

൧൩ അഭ്യാസംപോലെ ലോകത്തിലില്ലൊന്നും സുഖസാധനം;
അതിനാൽ നല്ല മാൎഗ്ഗത്തിലതിനെച്ചെയ്ക സൎവ്വദാ.

൧൪ ശാസ്ത്രം വളരെ;—യായുസ്സോ സ്വല്പം, വിഘ്നമനേകമേ;
ഗ്രഹിക്ക സാരമതിനാൽ പാലുപോലന്നമംബുവിൽ.

൧൫ എഴുതുക വായിച്ചീടുക
നോക്കുക ബുധരോടടുക്ക ചോദിക്ക
ഇവയാൽ മതി വിലസുന്നു
രവിരശ്മികളാൽ സരോരുഹം പോലെ.

അരോഗത.

൧൬ രോഗസംഭവഹേതുക്കളറിഞ്ഞിട്ടവയേതുമേ
വരാതെ സൂക്ഷ്മമായ് ദേഹം പരിപാലിക്ക ബുദ്ധിമാൻ

൧൭ ചുരുക്കിച്ചൊല്ലുവൻ നിത്യമരുക്കായി വസിക്കുവാൻ
ശുചിത്വം മിതഭോഗം കേളിവയെ സ്വീകരിക്കണം. (സ്വ)

൧൮ ഉണ്ടായ മാത്രയിൽ തന്നെ നശിപ്പിച്ചില്ലയെങ്കിലോ
ശത്രുവും രോഗവും പിന്നെക്കൊല്ലും നല്ലംഗവാനെയും.

അഹങ്കാരം.

൧൯ ആത്മാഭിമാനമേവൎക്കും വേണമൌചിത്യസംയുതം;
മൎയ്യാദാലംഘനം തെല്ലും സംഭവിക്കരുതായതിൽ. (സ്വ)

൨൦ അഹംകാരമയം മേഘം പരിജൃംഭിച്ചിടും വിധൌ
ആശയാകുന്ന കുടകപ്പാലപ്പൂവു വിടൎന്നിടും.

൨൧ അല്പം ബോധമുദിക്കില—
നല്പം മന്ദന്നു ഗൎവ്വമുളവാകും;
നിറയാതുള്ള കുടത്തിൽ
സന്തതമിളകാതിരിക്കുമോ സലിലം?

൨൨ സശിരഃകമ്പംഃകട്ടി-
ട്ടാനന്ദിക്കേണ്ടതായ പരഗുണവും
കേട്ടാൽ നിസ്സാരമിതെ-
ന്നധമൻ ചൊല്ലുന്നതിവ ഗർവ്വിഷ്ഠൻ. (സ്വ)

അാഡംബരം.

൨൩ നിസ്സാരമാം പദാൎത്ഥത്തിന്റെണ്ടാമാഡംബരം പരം,
ഓട്ടിലുണ്ടായിട്ടുംനാദം സ്വൎണ്ണത്തിങ്കൽ വരാദൃഢം.

ആത്മപ്രശംസ.

൨൪ മററുള്ളവർ പുകഴ്ത്തീടിൽ ഗുണിയാം ഗുണഹീനനും;
സ്വയം പുകഴ്ത്തിയാലിന്ദ്രൻപോലും നിസ്സാരനായ്വരും.

൨൫ മൂഢനാം പുരുഷൻതന്നെ പുകഴ്ത്തീടുവതാരുവാൻ;
തന്നെത്താനേ പുകഴ്ത്താഞ്ഞാലവനെങ്ങനെ തൃപ്തനാം?

ആത്മസംയമനം.

൨൬ മനോഭൂമിയിലുണ്ടാകും ദുർവ്വിചാരതരുക്കളെ
സദ്യശ്ഛേദിച്ചിടും ഖഡ്ഗമാത്മസംയമനം മഹൽ.

൨൭ ആത്മസംയമനം നിത്യം ചെയ്തീടുന്ന മഹാമതി
രാജ്യം പിടിച്ചടക്കുന്ന വീരനെക്കാളുമുത്തമൻ. (ഇം. ത.)

ആലസ്യം.

൨൮ അലസന്നു വരാ വിദ്യ;—യവിദ്യന്നു വരാ ധനം;
അധനന്നു വരാ മിത്രം—മമിത്രന്നു വരാ സുഖം.

൨൯ വിദ്യാഭ്യാസാദിയിൽ തെല്ലുമാലസ്യം സ്വീകരിക്കൊലാ;
വിളവുണ്ടെങ്കിലും ഭൂമി കളചേൎന്നാൽ ദുഷിച്ചുപോം.

൩൦ മെയ്യിൽ മേവുന്നൊരു മഹാരിപുതാൻ മടി നിൎണ്ണയം;
ഒട്ടവിൽ സുഖമേകീടുമുത്സാഹംതന്നെ മിത്രമാം.

൩൧ മടിയന്നുണ്ടാം ക്ഷയവും
പുററിന്നുള്ളൊരു വൃദ്ധിയും നോക്കി
സമയം സഫലമതാക്കുക
ദാനാദ്ധ്യയനങ്ങൾകൊണ്ടു താൻ മതിമാൻ.

൩൨ ഒരുവനൊരുൽകഷ്ടം ത-
ന്നരുണൈപുണികൊണ്ടു വന്നിടുന്നേരം

ഭാഗ്യത്താലത്തു വന്നെ-
ന്നൽഭലോപ്ഷിക്കന്നു മാന്ദ്യമുടയജ്ജനം. (സു)

൩൩ സ്വല്പം പരപ്പുള്ളൊരു നാവിളക്കാ-
നൾപ്പൂവിലേററം മടിയാന്ന മൂഢൻ
അല്പേതരക്ലേശമൊടംഗമെല്ലാം
കല്പിച്ചിടുന്നു പലവേലകൾക്കായ്.

ആശ.

൩൪ ആശയാം ചങ്ങലയ്ക്കുള്ളൊരവസ്ഥാ പരമത്ഭുതം;
അതിൽ പെട്ടവനോടീടുന്നി;—തിക്കന്നപരൻ കാച്ചിൽ.

൩൫ ആശയില്ലെങ്കിലാരാണു ദരിദ്രൻ; ധനിയാരഹോ!
അതിന്നു വശനായെന്നാൽ ദാസ്യം തലയിൽവന്നിടും.

൩൬ തൃഷ്ണയാലന്ധയായ് നീയും തൃഷ്ണേ! വാഴ്കസന്തതം
രോഗി സന്തതിയില്ലാത്തോൻ വൃദ്ധനെന്നിവർ മൂവരിൽ.

൩൭ അവൻ വിദ്വാ, നവൻ ധീരനവൻതാൻ കൃതകൃത്യനും,
ഏവനാശയെ വെന്നിട്ടു വാഴുന്നിതു നിരാശനായ്.

൩൮ ആശയ്ക്കു ദാസരായുള്ളോരെല്ലാക്കും ദാസരായിടും;
ആശയെദ്ദാസിക്കന്നോക്കെല്ലാരും ദാസരായ്വരും.

ഇച്ഛ.

൩൯ പ്രാണം കൊതിക്കുന്നിതു പക്ഷികൌഘം;
ധനം കൊതിക്കുന്നിതു ഭൂപരെല്ലാം;
രണം കൊതിക്കുന്നിതു നീചവർഗ്ഗം
ശമം കൊതിക്കുന്നിതു സജ്ജനങ്ങൾ.

ഉത്സാഹം.

൪൦ ഉത്സാഹിതൻ കരത്തിങ്കൽ പിടിക്കും കമലാലയാ;
മടിയന്റെ കരത്തിങ്കൽ പിടിക്കും കമലാഗ്രജാ.

൪൧ മനസ്സുണ്ടെന്നു വന്നീടിൽ മാർഗ്ഗവും മുന്നിൽവന്നിടും;
എനിക്കശക്യമെന്നുള്ളതൊരിക്കലുമുരയ്ക്കൊലാ. (സു)

൪൨ വ്യർത്ഥമായ് നാം കഴിച്ചീടുമോരോരോ മാത്രനേരവും
തിരിയെക്കിട്ടുകില്ലെന്നും നമ്മൾ ജീവിച്ചിരിക്കിലും. (ഇം-ത)

൪൩ ഫലമില്ലാതെ വെറുതേ ചെലവാക്കന്ന മാത്രകൾ
അധികം ബോധമുള്ളോക്ക് മതിയിൽദുഃഖമേകിടും (ഇം-ത)

൪൪ ഉദ്യമം സാഹസം ധൈൎയ്യം ബുദ്ധിശക്തി പരാക്രമം
ഇവയാറുമിരുന്നീടിൽ വിധി ദാസ്യം വഹിച്ചിടും.

൨൫ ഏകാഗ്രതയും ക്ഷമയും
കൈക്കൊണ്ടതിയത്നമാചരിക്കാതെ
ഗണനീയമൊരുൽകർഷം
പ്രാപിപ്പാനാക്കുമാവതല്ല ദൃഢം. (സ.ചു)

൨൬ അത്യുത്സാഹം സതതം
വിദ്യയിലേവന്നു സംഭവിക്കുന്നു,
അവനാണൊടുവിൽ പണ്ഡിത-
മണിയായ്ത്തീരുന്നതെന്നു കരുതേണം.

൨൭ പൌരുഷം വിധിയുമോർത്തിടുംവിധൌ
പൌരുഷം സകലഹേതുവാകയാൽ
ഭൂരിഭവ്യമുളവാക്കുവാനതി-
പ്പൂരുഷക്കു"ഗതിയെന്നുറച്ചുഞാൻ"

ഉപദേശം.

൨൮ ഓരോരോ സാരവാക്യങ്ങൾ നേരെ സന്തതമോർത്തുകിൽ
ഏറീടും ദുർവ്വിചാരങ്ങൾ മാറുകില്ലെന്നുവന്നിടാ. (ല. ക.)

൨൯ ഹിതോപദേശംകേട്ടിട്ടു വഴിപോലാചരിക്കണം;
വിദുരോക്തിയെ നിന്ദിച്ചു നശിച്ചാൻ കൌരവൻ പുരാ.

ഏഷണി. (സ.ചു)

൩൦ ഏഷണിക്കിച്ഛയാന്നുള്ളോൻ ഗുണത്തെ സ്തുതിചെയ്കിലും
അതു നിർവ്യാജമാണെന്നു ബുദ്ധിമാൻ വിശ്വസിക്കൊലാ.

൩൧ ഒരുവൻെറ സമീപത്തിൽ സൂക്ഷിക്കാതുരചെയ്കിലും
അവനില്ലാതിരിക്കുമ്പോൾ കരുതിത്തന്നെ ചൊല്ലണം.

ഐകമത്യം.

൩൨ സാരമില്ലാത്തതും ഭൂരി ചേരുകിൽ കാര്യസാധകം;
നാരുചേർന്നുള്ള കയറാൽ പാരിൽ കെട്ടുന്നു ദന്തിയെ.

൩൩ വരിയായുള്ളൊരു ഗമനം
ഭോജ്യാഹരണപ്രയത്നമിവയാലെ
കരുത്തുകെറുമ്പുകൾപോലും
കാണിച്ചീടുന്നിതൈകമത്യഗുണം.

ഔദാര്യം.

൩൪ ദാരിദ്ര്യം വരുമെന്നോർത്തു മൂഢൻ നൽകില്ല തെല്ലുമേ;
ദാരിദ്ര്യം വരുമെന്നോർത്തു ബുധൻനൽകുന്നു ശക്തിപോൽ.

൪൬ പരോപകാരം കൈവല്യമിവയെത്തൂക്കിമാധവൻ
അദ്യത്തിലധികത്വം കണ്ടവതാരങ്ങളാൻതാൻ.

൪൭ ഇല്ല വിദ്യാസമം നേത്രം; ഇല്ല സത്യസമം തപം;
ഇല്ല രാഗസമം ദുഃഖം; ഇല്ല ദാനസമം സുഖം.

൪൮ ദാതാവിന്നും യാചകന്നുമുള്ളഭേദത്തെ നല്ലപോൽ
മേലുംകീഴുമിരിക്കുന്ന കൈകളാൽത്തന്നെയോൎത്തിടാം.

൪൯ കൎണ്ണൻ ത്വക്കും, മാംസം
ശിബിയും, ജീമൂതവാഹനൻ പണ്ടു്
ജീവനെ,—യസ്ഥി ദധീചിയു-
മേകി; മഹാത്മാക്കളെന്തു നൽകില്ലാ?

കോപം.

൫൦ അനൎത്ഥമൂലം കോപം താൻ; കോപംസംസാരബന്ധനം;
ധൎമ്മക്ഷയകരം കോപം; കോപംവൎജ്ജിക്ക സൎവ്വഥാ.

൫൧ കോപം നിയതം പശ്ചാ-
ത്താപത്തിൻ താതനെന്നു കരുതേണം;
കോപമടക്കീടുന്നതി-
നാബാല്യാൽ നല്ലപോലെ ശീലിക്ക. (സ്വ)

൫൨ ക്രോധം താൻ യമനെന്നിഹ
ബോധം ചേൎന്നുള്ള സുജനമരുളുന്നു;
ക്രോധം താൻ നിജകൃത്യസു-
ബോധസഹസ്രാംശുവിന്നു ദുൎദ്ദിനവും.

ക്ഷമ.

൫൩ പുരുഷാഭരണം രൂപം; രൂപാഭരണമാം ഗുണം;
ഗുണാഭരണമേ ബോധം; ബോധാഭരണമാം ക്ഷമാ.

൫൪ ക്ഷമബലമശക്തൎക്കു്, ശക്തൎക്കാഭരണം ക്ഷമാ.
ക്ഷമാ വശീകരണമാം, ക്ഷമയാൽ സാദ്ധ്യമൊക്കെയും.

൫൫ ക്ഷമായുധമിയന്നോനിൽ ദുഷ്ടനെന്തൊന്നു കാട്ടിടും?
വെള്ളത്തിൽ വീണിട്ടുംവഹ്നി താനേതന്നെ നശിച്ചുപോം.

൫൬ ക്ഷമാതുല്യംതപസ്സില്ല; സന്തോഷസമസൌഖ്യവും,
ഇല്ല തൃഷ്ണാസമം രോഗം; ഇല്ല ധൎമ്മം ദയാസമം.

൫൭ ഉണ്ടായീടിന കോപത്തെജ്ജീൎണ്ണമാം തൊലി പാമ്പുപോൽ
ക്ഷമയാൽ സംഹരിച്ചീടുന്നവനേ പുരുഷൻ ഭുവി.

## ഗുണം.

൭ സ്പൃഹണീയം ഗുണം തന്നെ, രൂപമല്ല നിനയ്ക്കിലൊ;
മണമില്ലാത്ത പൂവിന്റെ കാന്തി നോക്കുന്നതാരുവാൻ?

൮ മൃതൻതന്റെ ഗുണോല്ക്കൃഷ്ടമതിയായി വിളങ്ങിടും,
ദഗ്ധമായീടുമകിലിന്നുണ്ടാം സൌരഭ്യമേററവും.

൯ മത്ത്യൎക്ക് ഗുണമുണ്ടായാലത്ര താനേ വിളങ്ങിടും
കസ്തൂരി നാറിടുന്നെന്നു സത്യംചെയ്താൽ ഫലിച്ചിടാ.

൧൦ എല്ലാപക്ഷികളുംസൈ്വരം നല്ലാണം സഞ്ചരിക്കവെ
തത്തേ! നീ കൂട്ടിൽവാഴുന്നതോൎത്താൽ നിൻസൂക്തി-
തൻഫലം

൧൧ ഗുണങ്ങൾക്കുള്ള ഭേദങ്ങൾ ഗുണജ്ഞൻ താനറിഞ്ഞിടും;
പിച്ചിമുല്ലകൾസൌരഭ്യഭേദം കണ്ണറിയുന്നിതോ?

൧൨ സ്ഥിരമാം ഗുണിതൻശീലം ഖലബുദ്ധ്യാ നശിച്ചിടാ,
രത്നദീപപ്രഭാജാലം വായുവേററാലൊടുങ്ങുമോ?

൧൩ ഉച്ചസ്ഥാനത്തിനാലല്ല മെച്ചം ഗുണഗണങ്ങളാം;
മേടമേലിലിരുന്നാലും കാകൻ ഗരുഡനാകുമോ?

൧൪ ഗുണഗ്രാഹികളില്ലെങ്കിൽ ഗുണിയും ദുഃഖമാൎന്നിടും;
ഗുണയുക്തം പൂൎണ്ണകുംഭം കിണററിൽ മുഴുകുന്നിതേ.

## ഗുരുഭക്തി.

൧൫ സൂൎയ്യസന്നിധിമാത്രത്താൽ സൂൎയ്യകാന്തം വിളങ്ങിടും,
ഗുരുസന്നിധിമാത്രത്താൽ ശിഷ്യബോധവുമവ്വിധം.

൧൬ ഒരിക്കൽ പോലുമേ തന്റെ ഗുരുവിൻദൂഷികേൾക്കൊലാ
കൎണ്ണങ്ങൾ തത്രപൊത്തേണം;—മല്ലെങ്കിൽ പോകവല്ലെടം.

൧൭ ഗുശബ്ദമന്ധകാരം താൻ, രുശബ്ദം തന്നിരോധകം,
ഇരുട്ടുനീക്കീടുകയാൽ ഗുരുവെന്നരുളുന്നിതേ.

൧൮ ഗുരുപാദാംബുജാൎക്കനുദിക്കും സമയംവരെ
വിദ്യയാകുന്ന നളിനി വിലസുന്നില്ല തെല്ലുമേ.

൧൯ മാതാപിതാ. ദേശികനെന്നിവൎക്ക്
മോദം വളൎത്തീടുക സൎവ്വകാലം;
പ്രമോദമീ മൂവരുമാൎന്നുവെന്നാൽ
സമാപ്തമെന്നോൎക്ക തപസ്സശേഷം.

### ജന്മം.

൮൦ ശരീരങ്ങളനിത്യങ്ങ,—ളൈശ്വര്യം നശ്വരം ദൃഢം,
അടുത്തുണ്ടെപ്പൊഴും മൃത്യു നേടേണ്ടതിഹ പുണ്യമാം.

൮൧ അനിത്യംദേഹം; അവ്വണ്ണമനിത്യംതാൻ ധനാദിയും,
അവയാൽ നിത്യമാംപുണ്യം നേടുവോൻതന്നെ ബുദ്ധിമാൻ

൮൨ മൃത്യുഭീതിയതില്ലാതെ ശരീരസുഖമുള്ളനാൾ
ചെയ്കയാത്മഹിതം സർവ്വം പ്രാണാന്തേ ചെയ്വതെന്തുനാം?

൮൩ സ്വർണ്ണംകോടികൊടുത്താലും സ്വല്പമായുസ്സുകിട്ടുമോ?
വ്യർത്ഥമായതു പോയെന്നാലെന്തു ഹാനിയതിൽപരം?

൮൪ വിദ്വാനും മൂഢനും ശക്തിയുള്ളോനും ശക്തിഹീനനും
പ്രഭുവും ദീനനും പാരിൽ മൃത്യുവിന്നൊക്കെയൊന്നുപോൽ.

൮൫ ജാതിയോ തൊഴിലോതന്റെ ഗുണമോകൊണ്ടൊരർത്ഥവും
നേടായ്കിലിച്ഛ്വാശബ്ദംപോൽ ജന്മം പേരിന്നുമാത്രമാം.

### ദയ.

൮൬ അറിവില്ലാതെയൊരുത്തൻ
ചെയ്തൊരു തെറ്റിന്നു മാപ്പു നൽകേണം,
എല്ലാവിഷയങ്ങളിലും
നല്ല പരിജ്ഞാനമാർക്കുമില്ലല്ലോ.

### ദുർജ്ജനം.

൮൭ ജീവനത്തിന്നു താണീടും, കൈവന്നാലതു പൊങ്ങിടും
ഏവം ഖലൻ ഘടീയന്ത്രഭാവം പേറുന്നു പാരിതിൽ.

൮൮ നന്മതിന്മകൾ നല്ലോണം നരന്മാരുരചെയ്കവേ
മലത്തെപ്പന്നിയെന്നോണം ഖലൻ തിന്മ ഗ്രഹിച്ചിടും.

൮൯ ഖലന്മാർ വിവദിക്കുമ്പോൾ മൌനം വിദ്വാന്നുഭൂഷണം;
കാകകോലാഹലത്തിങ്കൽ കുയിൽനാദം വിളങ്ങുമോ?

൯൦ ദുഷ്ടനാകുന്ന സർപ്പത്തിൻവധമത്ഭുതമെത്രയും!
കടിക്കുന്നേകകർണ്ണത്തിൽ; മരിക്കുന്നന്യനഞ്ജസാ.

൯൧ ഭീരുലോകോത്തമാംഗേ ചേർന്നളകങ്ങൾ ഖലൌഘവും
മേന്മേൽ സൽകൃതിയേററാലും കൌടില്യംകാട്ടുമേററവും.

൯൨ കഫത്തിന്നും ദുഷ്ടനും ഹാ! സാദൃശ്യം പരമത്ഭുതം;
മധുരംകൊണ്ടു കോപിക്കും; ക്രൂരംകൊണ്ടുശമിച്ചിടും.

൯൩ സർപ്പംക്രൂരം,ഖലൻ ക്രൂരൻ, സർപ്പാൽക്രൂരതരൻ ഖലൻ,
മരുന്നിലമരും സർപ്പം;—അമരാ ഖലനൊന്നിലും.

൯൪ ഇഷ്ടംചൊല്ലുകിലുംതെല്ലും ദുഷ്ടൻ വിശ്വാസ്യനല്ലതാൻ;
അവന്റെ നാവിൽ മധുവുണ്ടുള്ളിലോ ഘോരമാംവിഷം

൯൫ കസ്തൂരിമാനിനുള്ളോരു ഗന്ധമൊക്കെയെടുത്തുടൻ
ദുഷ്ടന്റെനാവിൽചേർപ്പൻഞാൻ വിധാതാവായ്ഭ—
വിക്കിലോ.

൯൬ വിദ്വാനെന്നാകിലും ദുഷ്ടഹൃത്തായീടിൽ ത്യജിക്കണം
മണി ചൂടുന്നുവെന്നാലും ഫണി പാരം ഭയങ്കരൻ.

൯൭ ദുഷിക്കുന്നോനതിഥിയെന്നിവർ ബന്ധുക്കൾ രണ്ടുപേർ;
ഹരിക്കുമൊരുവൻ പാപമന്യൻ സ്വർഗ്ഗസുഖംതരും.

൯൮ മദനാശനമാം ശാസ്ത്രം ദുഷ്ടർക്കു മദമേകിടും,
ഇരുൾനീക്കും പ്രകാശംതാൻമൂങ്ങകൾക്കിരുളെന്നപോൽ.

൯൯ സദ്വംശജന്മമാന്നാലും ഖലനും വില്ലുമൊന്നുപോൽ
ഗുണംലഭിക്കിലോ ശീഘ്രം പരഹൃത്തു പിളർന്നിടും.

൧൦൦ ദുർജ്ജനം ഖലമീരണ്ടും ജന്മനാ കുടിലം ദൃഢം;
തന്മുഖാക്ഷേപമേററീടാൻ ക്ഷമരേ ശക്തയായുള്ളു.

൧൦൧ സ്നേഹത്താലുപചാരങ്ങൾ ചെയ്തീടുംതോറുമേററവും
തീയെന്നപോലവേ ദുഷ്ടൻ സന്താപത്തെ വളർത്തിടും.

൧൦൨ പരസൽകീർത്തിയാം തീയാൽ വെന്തുവെന്തധമൻസദാ
തൽപദം ലഭ്യമാകാഞ്ഞു നിന്ദിക്കുന്നിതസൂയയാൽ.

൧൦൩ ദുർജ്ജനത്തിൻ വിശിഷ്ടത്വം പരോപദ്രവഹേതുവാം;
വ്യാഘ്രത്തിന്നുപവാസത്തിൽ പാരണം പശുമാരണം.

൧൦൪ ഗുണംപിറകിലാക്കീട്ടു തീക്ഷ്ണത്വമ്മുന്നിൽവച്ചുതാൻ
ഖലവാണി തുളയ്ക്കുന്നു ജനകർണ്ണങ്ങൾ സൂചിപോൽ.

൧൦൫ മണൽക്കൂട്ടം ചുട്ടുംപോലെ ചുടുകില്ല ദിനേശനും;
നീചൻ ദുസ്സഹനാമന്യദത്തമാം പദമേല്ക്കിലോ.

൧൦൬ ദുഷ്ടൻ കാണിച്ചിടും സ്നേഹമൊട്ടും താൻ വിശ്വസി—
ക്കൊലാ.
കാര്യസിദ്ധികഴിഞ്ഞാലസ്നേഹം കണ്ണീർവരുത്തിടും.

൧൦൭ ദുഷ്ടൻ ചെയ്യുന്ന ദുർവൃത്തം സാധുക്കൾക്കു മുപദ്രവം;
രാവണൻ സീതയെക്കട്ടു; ബദ്ധമായിതു സാഗരം.

൧൦൮ ദുഷ്ടൻ ദുഷ്ടനെ വിട്ടു-
ശ്ശിഷ്ടനെയതിയായുപദ്രവിക്കുന്നു.
മുള്ളുപിളക്കുംമൃദുവെ-
ക്കൊള്ളുകയില്ലായതറിക കഠിനത്തിൽ.

൧൦൯ മധുരം ശബ്ദിച്ചീട്ടും
മുൻപേ, പിന്നെപ്പിളൎന്നിട്ടും മൎമ്മം,
തള്ളുകിലും മെല്ലെവ-
ന്നണയും കൊതുകെന്നപോലവേ ദുഷ്ടൻ.

൧൧൦ ഹിതമുപദേശിച്ചാലും
ദുഷ്ടനു ധൎമ്മത്തിലിച്ഛയുളവാകാ;
അനിശം മഴയേററാലും
പാറയഹോ സസ്യയോഗ്യമായ്വരുമോ?

൧൧൧ സുകൃതമിരുന്നീടുകിലും
ദുഷ്ടത ചെയ്താൽ നശിക്കുമശേഷം;
എണ്ണയിലെരിയും ദീപം
വായുവണഞ്ഞാൽ നശിച്ചിടുന്നല്ലോ.

൧൧൨ അതിസുന്ദരമാം കാവ്യ
തിരയും ദോഷങ്ങൾ മാത്രമിഹ ദുഷ്ടൻ,
അതിസുന്ദരമാം മെയ്യിൽ
മക്ഷിക നിത്യം വ്രണങ്ങളെന്നതു പോൽ.

൧൧൩ പൊല്ലാത്തവനോടു ചേൎന്നാൽ
നല്ലവനും പാരമല്ലലുണ്ടാകും
കൊല്ലൻതന്നടി കൊള്ളു-
ന്നല്ലോ ലോഹസ്ഥനായ പാവകനും.

൧൧൪ വെണ്ണീറണിക്കൈയുരവേല്ക്കവേ നൽ-
ക്കണ്ണാടിപോൽ ശ്രീമദമുള്ള ദുഷ്ടൻ
ഹസിച്ചിടുംതോറുമമന്ദശോഭം
ലസിച്ചിടുന്നു സുജനം നിതാന്തം.

ധനം.

൧൧൫ ഉത്തമം സ്വാൎജ്ജിതം വിത്തം, മധ്യമം, ജനകാൎജ്ജിതം;
അധമം സോദരദ്രവ്യം, സ്ത്രീവിത്തമധമാധമം.

൧൧൬ സമ്പാദിക്ക ധനം, പിന്നെപ്പാലിക്കുക, വളൎത്തുക
വരവെന്ന്യേ ഭുജിച്ചീടിൽ തീരും മേരുവതും ക്രമാൽ.

### ധൎമ്മം.

൧൧൭ കൎത്തവ്യങ്ങളനുഷ്ഠിക്ക.—യകൎത്തവ്യങ്ങൾ തള്ളുക,
ഏവമുള്ള സദാചാരം ധൎമ്മമെന്നു ധരിക്കണം. (സ.ചി)

൧൧൮ ധൎമ്മത്തിൻസൂക്ഷ്മസാരത്തെച്ചൊല്ലാം കേട്ടുധരിക്കണം,
തനിക്കനിഷ്ടമായുള്ളതന്യന്മാൎക്കും വരുത്തൊലാ.

൧൧൯ എല്ലാരും സുഖമാകാംക്ഷിച്ചല്ലോ ചെയ്യുന്നു സൎവ്വും
സുഖമോ ധൎമ്മജാതംതാൻ: ധൎമ്മം ചെയ്യതിനാൽ സദാ.

൧൨൦ ധൎമ്മമഗ്നിഗുരുപൻചോരനിന്നാൽവർ ധനപുത്രരാം;
മൂത്തപുത്രനെ നിന്ദിക്കിൽ കോപിക്കും മററുമൂവരും.

### ന്യായം

൧൨൧ ന്യായസ്ഥനു സഹായിപ്പാനായും പക്ഷിമൃഗാദിയും,
ന്യായം വിട്ടവനെത്തള്ളിപ്പോയിടും സഹജാതനും.

### പരിഹാസം.

൧൨൨ പ്രിയബന്ധുവിലോ തന്റെ ശത്രുവായുള്ളവങ്കലോ
ഹേതുവുണ്ടാകിലും ഹാസ്യം ചെയ്തീടരുതൊരിക്കലും.

൧൨൩ ഉന്നതസ്ഥാനമാൎന്നാലും നിന്ദിച്ചീടായ്ക പൂജ്യരെ;
നഹുഷൻ ശക്രനായ്പണ്ടു നശിച്ചാഗസ്ത്യനിന്ദയാൽ.

### പശ്ചാത്താപം.

൧൨൪ സൎവ്വകാൎയ്യത്തിലും നന്നായ് സാവധാനതയുള്ളവൻ
പശ്ചാത്തപിക്കയെന്നുള്ളതുണ്ടാകില്ലയൊരിക്കലും. (സ.ചി)

൧൨൫ കഴിഞ്ഞ കാൎയ്യത്തെയോൎത്തു ദുഃഖിക്കാ ബുധനായവൻ,
വിദ്വാനും മൂഢനും തമ്മിലുള്ള ഭേദമിതേ ഭുവി.

### പിതൃഭക്തി.

൧൨൬ ബുദ്ധിമാൻ പിതൃവാക്യത്തെക്കേൾക്കണം ബുദ്ധിമുട്ടിയും
കൊടുങ്കാട്ടിൽനടന്നല്ലോ രാമൻ തൻപിതൃശാസനാൽ.

൧൨൭ പിതാവിന്റെ നിയോഗത്തെയതിലംഘിച്ചിടും പുമാൻ
അധമാധമനാകുന്നിതവനൊക്കാങ്കപാപമാം. (സ.ചി)

## ഭക്ഷണം.

൧൨൮ ഉണ്ണുന്നസമയത്തിങ്കൽ കണ്ണുനന്നായ്ത്തുറക്കണം;
ദണ്ഡമഗ്നിക്കപററായ്വാൻ നമ്മെണ്ണണം ദന്തവൃത്തിയാൽ.
(സു.)

൧൨൯ വയററിൻറദ്ധമന്നത്താൽ, പാനത്താലതിലർദ്ധവും
നിറയ്ക്കു; വായുവാദികൾക്കായ് നാലാംഭാഗമൊഴിക്കുക.

൧൩൦ അതിഭക്ഷണശീലത്വമാന്നവൻ തൻെറ പല്ലിനാൽ
ശവക്കുഴി കുഴിക്കുന്നു തനിക്കെന്നു നിനയ്ക്കണം. (ഇം. ത)

൧൩൧ നമ്മുടെയായുസ്സായീ–
ട്ടന്നൊരു വൃക്ഷത്തിനോൎത്തുകണ്ടീടിൽ
മിതപത്ഥ്യാശനശീലം
കൊടിയൊരു നാരായവേരുതാൻ നൂനം. (സു.)

## ഭൂഷണം.

൧൩൨ കൈകൾക്കു ഭൂഷണം ദാനം; സത്യംതാൻ കണ്ഠഭൂഷണം,
കൎണ്ണത്തിൻ ഭൂഷണം ശാസ്ത്രം; ഭൂഷണം നിഷ്പ്ര–
യോജനം

൧൩൩ ധീരൎക്കു ഭൂഷണം വിദ്യാ; ഭൂവരൻ മന്ത്രിഭൂഷണം;
സ്ത്രീകൾക്കു ഭൂഷണം ഭൎത്താ; ശീലം സൎവ്വവിഭൂഷണം.

## മദ്യപാനം.

൧൩൪ മദ്യത്താൽ വരുമുന്മാദം; ഉന്മാദാൽ പാപവൃത്തിയും;
പാപവൃത്ത്യാ നരകവും മദ്യം തള്ളുക തള്ളുക.

൧൩൫ നന്മയെല്ലാമകററീടും മധുസേവിക്കൊലാ പുമാൻ;
മധുപാവലി വംശത്തെ നശിപ്പിക്കുന്നതില്ലയോ?

൧൩൬ എത്രയോ മിതമായിട്ടും മദ്യപാനം തുടങ്ങൊലാ;
തുടങ്ങുകിൽ വളൎന്നീടും വളൎന്നാൽ നാശവുംഫലം. (സു.)

## മൎയ്യാദ.

൧൩൭ തന്നാൽ മാന്യന്മാർതൻ
മുന്നിൽ, ബഹുമാനമെന്നിയേ വാഴ്ക,
ചാഞ്ഞുകിടക്കുക, മൂളി–
പ്പാട്ടുക, ശ്ലളംവിളിക്കയിവയരുതേ. (സു.)

൧൩൮ അതിഗുണമിയലുന്നോൎക്കും
ക്ഷിതിയിൽ ചില ദോഷഭാഗമുണ്ടാകാം;

എന്നാലതിനെച്ചൊല്ലീ-
ട്ടുന്നതു മൎയ്യാദയല്ലതെല്ലം രകൾ.

### മഹാമനസ്കത.

൧൩൯ അതിബലനാം രിപുവിനെയും
മതിഗുണ, മനുകമ്പ, നല്ലൊരുപകാരം
ഇവയാൽ മെല്ലേ വെല്ലു-
ന്നവനോൎത്തീടുകിൽ മഹാമനസ്കൻതാൻ. (സ൧)

൧൪൦ പ്രത്യുപകാരം ചെയ്യോൻ
നഹി നഹി പൂൎവ്വോപകാരിയോടു തുല്യൻ;
ഒരുവൻ പകരം ചെയ്യു-
ന്നപരൻ ചെയ്യുന്ന ഹേതുവില്ലാതെ.

൧൪൧ കോപത്തെശ്ശാന്തതയാൽ;
നന്മകളെക്കൊണ്ടു ദുൎജ്ജനത്തെയും,
ലുബ്ധനെയൌദാൎയ്യത്താൽ,
നേരാൽ വ്യാജത്തെയും ജയിക്കേണം.

### മിത്രം.

൧൪൨ അപ്രിയംചെയ്കിലും പാൎക്കിൽ പ്രിയൻതാൻ പ്രിയനാ-
യവൻ;
ഗൃഹം ദഹിച്ചുവെന്നാലും തീയിലാൎക്കാനനാദരം?

൧൪൩ കണ്ണാടിയിൽ ഛായപോലെ
കാണുമ്പോൾ യാതൊരുത്തനിൽ
സുഖദുഃഖങ്ങൾ പകരു-
ന്നററബന്ധുവവൻദൃഢം.

൧൪൪ അന്യദേശം ഗമിച്ചോനും രോഗിക്കും ധനഹീനനും
അതിദുഃഖിതനായോനും മിത്രദൎശനമൌഷധം.

൧൪൫ കൈകൾ ദേഹത്തിനെന്നോണം
കണ്ണിന്നിമകൾപോലെയും
ഹിതം പെട്ടെന്നുചെയ്തീടു-
ന്നവനേ മിത്രമായ്‌വരൂ.

൧൪൬ സ്ഥാനത്തിൽനിൽക്കും പത്മത്തി-
ന്നൎക്കപാശികൾ ബാന്ധവർ
സ്ഥാനത്തിൽനിന്നുഃവർപെട്ടാ-
ലവർ ശത്രുക്കളായ്‌വരും.

൧൪൭ ബന്ധുത്വംവേണ്ടവൻതന്നിൽ വാദവാദം ധനബന്ധവും
മറിവിൽ ഭാൎയ്യയെക്കാൺകയിവ മൂന്നും നടത്തൊലാ.

൧൪൮ അറിയാം ശൂരനെപ്പോരിൽ, ദുൎഭാഗ്യഭാൎയ്യതന്നെയും,
അന്ത്യകൎമ്മത്തിൽ മകനെ, യാപത്തിൽ ബന്ധുതന്നെയും.

൧൪൯ കാണുമ്പൊഴും തൊഴുമ്പൊഴും കേൾക്കുമ്പൊളരുളുമ്പൊഴും
യാതൊന്നുള്ളം ദ്രവിപ്പിക്കും, സ്നേഹമായതുതാൻ ദൃഢം.

൧൫൦ തേജസ്സു വൎദ്ധിച്ചു വനം ദഹിക്ക-
ന്നേരത്തു വഹ്നിക്കതകും സമീരൻ;
ദീപത്തിലുള്ളോരതിനെക്കെടുക്കും;
കൃശന്നു മിത്രം വിപരീതമത്രേ

൧൫൧ സുഖത്തിലുണ്ടാം സഖിമാരനേകം
ദുഃഖംവരുമ്പോൾ പുനരാരുമില്ലാ;
ഖഗങ്ങൾ മാവിൽ പെരുകും വസന്തേ,
വരാശരത്തിങ്കലതൊന്നുപോലും;

൧൫൨ കരിമ്പിനുള്ളോരു തലയ്ക്കൽനിന്നും
ചുവട്ടിലേയ്ക്കുള്ള രസംകണക്കെ
നിനയ്ക്കണം സജ്ജനമൈത്രി പാരിൽ;
നേരേ മറിച്ചാം ഖലമൈത്രിനൂനം.

മുൻകരുതൽ.

൧൫൩ ആപത്തിൻ പരിഹാരങ്ങൾ മുമ്പതന്നെ നിനയ്ക്കണം;
കുഴിക്ക യുക്തമോ കൂപം പുരയ്ക്കഗ്നിപിടിക്കവേ?

൧൫൪ നാളെയാക്കെന്തു വരുമെന്നറിയാവല്ലൊരുത്തനും;
ഇന്നേചെയ്യതിനാൽ ധീമാൻ നാളെച്ചെയ്യേണ്ടവൃത്തി-
കൾ.

൧൫൫ നിനച്ചിടാതൊന്നു നടത്തൊലാ താ-
നനൎത്ഥമുണ്ടാമവിവേകമൂലം;
തനിച്ചു സമ്പത്തു, കൊതിച്ചു ഭവ്യം
നിനച്ചുചെയ്യോനെ വരിച്ചിടുന്നു.

മൂഢൻ.

൧൫൬ സ്വയം സുബുദ്ധിയില്ലെങ്കിൽ
ശാസ്ത്രത്താലെന്തഹോ! ഫലം?
കണ്ണില്ലാതുള്ളവൻതന്നിൽ
കണ്ണാടി വിഫലം ദൃഢം.

൧൫൭ കാവ്യശാസ്ത്രവിനോദത്താൽ
കാലംപോക്കുന്നു സത്തുകൾ
വ്യസനം കലഹം നിദ്ര-
യിവയാൽ മൂർഖരും തഥാ

൧൫൮ പുസ്തകത്തിലെഴും വിദ്യ, പരൻ കൈക്കൊണ്ടവിത്തവും
അവശ്യപ്പെട്ടിടുന്നേരമുതകാതെല്ലുപോലുമേ.

൧൫൯ സൽക്കുലത്തിൽ ജനിച്ചാലും മൂഢനാൽ ഫലമെന്തുവാൻ
ദുഷ്കുലേ ജാതനായലും വിദ്വാനഖിലവന്ദ്യനാം.

൧൬൦ ഉപദേശത്തിനാൽ മൂർഖൻ കോപിച്ചീടുമടങ്ങിടാ;
വിഷവർദ്ധനമായീടും പാലും പാമ്പു കുടിക്കിലോ.

൧൬൧ ദ്ര്യോവിലും മൂർഖരോടൊത്തു മേവീടുന്നതിലും തുലോം
ഭേദം കിരാതരോടൊത്തു വനത്തിങ്കൽ വസിപ്പതാം.

൧൬൨ ശുദ്ധദ്വിജസമീപത്തിൽ നിത്യംചെന്നു വസിക്കിലും
അധമേ രാഗസംബന്ധമൊഴിയുന്നില്ലൊരിക്കലും.

൧൬൩ കോപിച്ച ശത്രുവിൽ ദ്വേഷംവച്ചുദാസീനനാം പുമാൻ?
പുല്ലൊട്ടിൽ തീകൊളുത്തീട്ടു കാററുവാക്കിൽ കിടന്നിടും.

൧൬൪ അന്തസ്സാരവിഹീനന്മാർക്കെന്തിന്നായ് സജ്ജനാഗമം
മലയാദ്രിയിൽ നിന്നാലും മുള ചന്ദനമാകുമോ?

൧൬൫ രന്ധ്രാന്വേഷണരുചിയും
നീചപ്രവണതയും നിനച്ചു സദാ
പങ്കനിദാനമതാകും
ജലസാന്നിധ്യം വെടിഞ്ഞു വാഴേണം.

൧൬൬ ഉത്തമജന്മവുമിന്ദ്രിയ-
സൌഷ്ഠവവും സാധുവായ് ലഭിച്ചിട്ടും
നിജഹിതമറിയാതുള്ളോൻ
കരുതുക ദുഷ്ടമാത്മഹത്യ ചെയ്യുന്നോൻ.

൧൬൭ യൌവനകാലം ദ്രവ്യം
വകതിരിവില്ലായ്ക കേൾ പ്രഭുത്വമിവ
ഓരോന്നുമനർത്ഥദമാ,-
മെല്ലാംചേർന്നീടിലെന്തുചൊല്ലേണ്ടു!

൧൬൮ മഹിതസദസ്സിൽ ചെന്നാൽ
മാനം മന്ദനു മൌനമാണു ദൃഢം;

മിണ്ടീടാഞ്ഞാൽ മാവതിൽ
മേവും കുയിൽ കാക ഭേദമാരറിവൂ!

൬൧൯ കണ്ടീടൊലാ മൂർഖരെ, വല്ലേടത്തും
കണ്ടീടിലൊന്നിച്ചു വസിച്ചിടൊല്ലാ;
വസിക്കിലോ ചൊല്ലരുതൊന്നുമത്ര;
ചൊല്ലീടുകിൽ ചേൎന്ന ചൊൽക സൎവം.

യുക്തി.

൬൨൦ മല്ലുകൊണ്ടല്ല ഖലനെ വെല്ലേണം നല്ലയുക്തിയാൽ;
വലുത ാം മരവും ചുററും മണ്ണിളക്കി മറിച്ചിടാം.

യോഗ്യത

൬൨൧ വസ്ത്രം വപുസ്സു വചനം വിദ്യാ വിനയമിങ്ങനെ
വകാരമഞ്ചുമില്ലെങ്കിൽ നിസ്സാരൻ ഭുവി പൂരുഷൻ.

ലുബ്ധൻ.

൬൨൨ എറുമ്പാർജ്ജിച്ചിട്ടുംധാന്യമീച്ചയുണ്ടാക്കിട്ടും മധു
ലുബ്ധനുണ്ടാക്കിട്ടും ദ്രവ്യമിവയെല്ലാം നശിച്ചുപോം.

൬൨൩ അസമർത്ഥൻെറ വൈദുഷ്യം ലുബ്ധൻെറ ധനസഞ്ചയം
ഭീരുവിൻകൈക്കരുത്തെന്നീ മൂന്നുലോകത്തിൽ നിഷ്ഫലം.

൬൨൪ കൊടുത്തീടുന്നതും തൃപ്ത്യാ ഭുജിച്ചീടുന്നതും ധനം;
അല്ലാത്തതു മരിക്കുമ്പോളന്യന്മാർ കൈക്കലാക്കിടും.

൬൨൫ ഇല്ലയില്ലെന്നുമുൻകാലം പഠിച്ചുനക്ഷരദ്വയം;
ഇപ്പോളായതഹോ! താദേ താദേയെന്നായ്മറിച്ചുതാൻ.

൬൨൬ ലോഭംതന്നെ നിനച്ചീടിൽ പാരിൽ ദുരിതകാരണം;
ദ്വേഷക്രോധാദിദോഷത്തിന്നതുതാൻ ബീജമായതും.

൬൨൭ ലോഭത്താൽകോപമുണ്ടാകും
കോപത്താൽ ദ്രോഹവും തഥാ;
ദ്രോഹത്താൽ നാരകംതന്നിൽ
ചേരും പണ്ഡിതനാകിലും.

൬൨൮ അമ്മയച്ഛന്മകൻ ഭ്രാതാവെന്നല്ലുത്തമബാന്ധവൻ
സ്വാമിയെന്നിവരേയും ഹാ കൊല്ലും ലോഭമെ-
ഴും പുമാൻ.

൬൨൯ പ്രായേണ ധനികൎക്കത്രേ ധനത്തിലധികാഗ്രഹം;
രണ്ടുകോടിയെഴുംവില്ല ലക്ഷത്തിന്നായ് നമിച്ചിടും.

൧൪൦ ലുബ്ധനെപ്പോലെ ദാതൃതാനില്ല മററാക്കരെ ഭുവി;
തീരെത്തൊട്ടാതെനൽകുന്നിതവനന്ന്യക്ക തൻധനം.

൧൪൧ വിവേകം തെല്ലുമുണ്ടാകില്ലത്യാശാവിവശന്നു കേൾ;
താരയാലറിയാ ചെററുമവൻ സ്വാപരഹാനിയും.

വാക്ക്.

൧൪൨ കാൎയ്യമാലോചിയാതുള്ള വാഗ്മിതൻ ഭാഷണം വൃഥാ,
ലാക്കതെററിയ വില്ലാളിതൻെറ വല്ഗിതമെന്നപോൽ.

൧൪൩ വചോമാധുൎയ്യമുള്ളോന്നു വശമാം സൎവ്വലോകവും;
കുയിലിൻപഞ്ചമം കേട്ടാലലിയാത്തവനാരുവാൻ?

൧൪൪ ചോദിക്കാതെയും, മന്ത്യായാൽ ചോദിച്ചാലുമതയ്യോലാ,
അറിവുണ്ടെങ്കിലും ധീമാൻ മൂകനെപ്പോൽ വസിക്കണം.

൧൪൫ യോഗ്യമാം സമയത്തിങ്കൽ ഹിതമായ് മിതമായ്പരം
മാധുൎയ്യസഹിതം സത്യം പ്രസന്നം ചെയ്യഭാഷണം.

൧൪൬ വാണിമഞ്ജുളയതെങ്കിലും ചെവി–
ക്കാണിയാമസമയോക്തയാകിലോ;
പ്രാണവേദനയിലിഞ്ഞുകൌതുകം
“വീണവായനയിലുത്ഭവിക്കമോ?”

൧൪൭ സരസ്വതി! നിനക്കുള്ള ഭണ്ഡാരം പരമത്ഭുതം;
വൎദ്ധിക്കുംചെലവിട്ടീടിൽ, സഞ്ചയിക്കിൽ കുറഞ്ഞുപോം.

വിദ്യ.

൧൪൮ കുലമല്ല പുകഴ്ചയ്ക്കു കലയാം കാരണം ദൃഢം;
പലവാനോർകളുള്ളപ്പോൾ കലാവാൻ ശിവ–
നാൽ ധൃതൻ.

൧൪൯ നക്ഷത്രഭൂഷണം ചന്ദ്രൻ; വനിതാഭൂഷണം പതി;
ഭൂമിക്കു ഭൂഷണം ഭൂപൻ; സൎവ്വക്കും വിദ്യഭൂഷണം.

൧൫൦ എടുക്കില്ലന്ന്യനായുള്ളോൻ; കൊടുത്തീടിൽ വളൎന്നിടും;
കെട്ടങ്ങാ കല്പകാലത്തും; വിദ്യപോലെന്തു മററഹോ!

൧൫൧ ശസ്ത്രവും ശാസ്ത്രവും പാത്താലറിയാനുള്ളതെങ്കിലും
വാൎദ്ധക്യേ ഹാസ്യമാംശസ്ത്രം; ശാസ്ത്രമെന്നും വിളങ്ങിടും.

൧൫൨ സ്നേഹം സ്വാതന്ത്ര്യമത്യാശ സുഖാനുഭവശീലവും
ഗൎവ്വമാലസ്യമെന്നേവം വിദ്യാവിഘ്നങ്ങളാറുകേൾ.

൧൫൩ നിമേഷകാലവുംവ്യൎത്ഥം നയിച്ചീടാതിരിപ്പവൻ
വിദ്യയെപ്രാപിയാക്കുന്നു യോഗി മുക്തിയെയെന്നപോൽ.

൪൪ അഹാൎയ്യമനൎഘത്വമക്ഷയത്വമിവററിനാൽ
സൎവ്വദ്രവ്യങ്ങളെക്കാളും വിദ്യയാം ദ്രവ്യമുത്തമം.

൪൫ വിദ്യയിൽ വിനയമത്രേളവാം;
സഭ്യസ്സമ്മതി വരുത്തീടും വിനയം;
സമ്മിതിയാൽ ധന,—മതിനാൽ
ധൎമ്മം, ധൎമ്മത്തിനാൽവരും സുഖവും.

൪൬ നല്ല വിദ്യ വശമായിരിക്കിലി—
ങ്ങില്ല കുക്ഷി നിറവാന്നിടാൻപണി,
രാമ രാമ ഇതിചൊല്ലിയന്നമ—
ക്കോമളം ശുകമശിപ്പതില്ലയോ?

വിദ്വാൻ.

൪൭ വിദ്വാൻചെയ്തിട്ടുമദ്ധ്വാനം വിദ്വാൻതന്നെയറിഞ്ഞിടും;
മലടിക്കീററനോവിൻെറയറിവുണ്ടാവതെങ്ങിനെ.

൪൮ ഒരു ഹംസമിരിക്കുമ്പോൾ സരസ്സിനുളവാം പ്രഭ
തീരം തിങ്ങി നിരന്നുള്ള ബകപംക്തികളാൽ വരാ.

൪൯ യാതൊന്നു വിദ്വൽപാദത്തിൻപൊടിയാൽ പരി—
പാവനം
അതേഭവനം;മല്ലെന്നാൽ ഭകാരം തത്ര ലുപ്തമാം;

൫൦ പാദങ്ങൾകൊണ്ടുലോകത്തിൽ ശാരദാഗമമേറെവും
സ്പഷ്ടമാക്കിച്ചമയ്ക്കുന്ന കാലാവാനു തൊഴുന്നു ഞാൻ.

൫൧ മഹാനുഭാവസംസൎഗ്ഗം മഹത്വം നൽകുമേവനും;
മുത്തുപോൽ വിലസീടുന്നു പത്മപത്രസ്ഥിതം ജലം.

൫൨ അൎത്ഥാഹരണസാമൎത്ഥ്യം ശാസ്ത്രജ്ഞരുടെയത്ഭുതം!
അവ്യയൌഘത്തിൽനിന്നിട്ടുമവർ ബഹ്വൎത്ഥമാന്നിടും.

൫൩ നൂറാദിത്യനുദിച്ചാലും നൂറുചന്ദ്രനുദിക്കിലും
സൂരിവാക്യങ്ങളില്ലാത്തുൾക്കൂരിരുട്ടു നശിച്ചിടാ.

൫൪ പ്രമാണംദൈവമെന്നോ തൻ യത്നമെന്നോ നിനച്ചിടാ.
കവി ശബ്ദാൎത്ഥങ്ങളെപ്പോൽ വിദ്വാൻ രണ്ടുമെടുത്തിടും.

൫൫ വിദ്വാനില്ലാത്തദിക്കിങ്കൽ ശ്ലാഘ്യനാമല്പബുദ്ധിയും;
മരമില്ലാത്തദേശത്തിലാവണക്കാണു വന്മരം.

൫൬ ജനങ്ങളുരുളീടുന്ന നന്മതിന്മകൾ കേട്ടുടൻ
വിദ്വാൻ നന്മയെടുക്കും, പാൽനീരിൽനിന്നന്നമെന്ന—
പോൽ.

൨൦൭ വിദ്വത്വം നരപാലത്വമിവ തുല്യങ്ങളല്ല താൻ;
സ്വരാജ്യേ പൂജ്യനാം ഭൂപൻ,വിദ്വാൻ സർവ്വത്രപൂജ്യനാം.

൨൦൮ കൈയിൽകുടപിടിച്ചോനിൽ മഴത്തുള്ളികളെന്നപോൽ
ബുദ്ധിയാൽ ഗുപ്തനായോനിലെതിക്കാ രിപുസഞ്ചയം.

൨൦൯ സത്യം തപം ജ്ഞാനമഹിംസ പിന്നെ
വിദ്വൽപ്രണാമം സുമനോജ്ഞശീലം
ഇതൊക്കെയും ചേന്നവനാണു വിദ്വാൻ;
പഠിച്ചവൻകേവലമല്ല വിദ്വാൻ.

വിനയം.

൨൧൦ കഴിഞ്ഞിട്ടുള്ള പാത്രങ്ങളുണ്ടാക്കുന്നു മഹാരവം
നിറഞ്ഞുള്ളോരുപാത്രത്തിലുണ്ടാകാ ശബ്ദഡംബരം
(സ്വ)

൨൧൧ ബന്ധുത്വം മൂപ്പുമെറുന്നോർ
ബന്ധം വിട്ടൊന്നു ചൊൽകിലും
ഹന്ത! കേട്ട സമാധാനം
ചിന്തിച്ചോതായ്ക യോഗ്യമോ? (ല. ക)

൨൧൨ വാൎദ്ധക്യമരണാവസ്ഥാ വിവിധാൎത്ഥവിചാരണാ
വിനയത്തിന്നുനല്ലോരു ജനയിത്രീനിനയ്ക്കണം. (സ്വ)

൨൧൩ വിനയംകൂടാതുള്ളൊരു
വിദ്യ നിതാന്തം വിശിഷ്ടയെന്നാലും,
വിലസീടാതെ വിഗർഹണ-
വിഷയമതായിബ്ഭവിച്ചിടും നൂനം.

൨൧൪ വിദ്യയും വിനയവും കലരുന്നോൻ
ഹൃദ്യനാകുമഖിലക്ഷ്മജസ്രം,
സ്വൎണ്ണവും മണിയുമായിടചേൎന്നാൽ
കണ്ണിനാക്കരുളുകയില്ലതിമോദം.

൨൧൫ മരങ്ങൾ താഴ്‌ന്നു ഫലങ്ങളാലേ;
ഘനങ്ങൾ താഴ്‌ന്നു ജലങ്ങളാലും;
ധനങ്ങളാൽ സാധുജനങ്ങളും, കേൾ,
ഗുണങ്ങളുള്ളോർകളിവണ്ണമത്രേ.

വ്യായാമം.

൨൧൬ ശരീരായാസമുണ്ടാക്കും കൎമ്മം വ്യായാമമായ്വരും;
അതുചെയ്തിട്ടു ദേഹത്തെ മർദ്ദിച്ചീടുക വേണ്ടപോൽ.

൧൦൭ വ്യായാമം ശക്തിപോൽ ചെയ്കി—
ലംഗികൾക്കതു വൃദ്ധിയാം
ബലം കഴിഞ്ഞുള്ളാരംഭം
ക്ഷയംതന്നെ വരുത്തിടും.

൧൦൮ യഥാക്രമം യുക്തിപൂർവ്വം വ്യായാമമനുവാസരം
ചെയ്തീടിൽ ദുർബ്ബലൻതാനുമുൽകൃഷ്ടബലനായ്വരും. (സ്വ)

൧൦൯ ഗ്ലാഡ്സ്റ്റൻ വ്യായാമാർത്ഥം
വിറകുകൾ വെട്ടുന്ന വൃത്തിയാന്നല്ലോ;
ലാഘവകരമെന്നാലും
ലാഘവകരമല്ലിതെന്നു കരുതേണം. (സ്വ)

ശകുനം.

൧൧൦ യാത്രയ്ക്കുശകുനംജീവൻ, ഗാർഗ്ഗ്യൻ, ചൊല്ലുന്നുഷസ്സിനെ,
ജനാർദ്ദനൻ വിപ്രവാക്യം, മാണ്ഡവ്യൻതാൻ മനോ—
ജയം.

൧൧൧ ഇതിൽ മാണ്ഡവ്യനുള്ളോരു
മതമാണു മഹത്തമം
മനോനിശ്ചയമാണെല്ലോ
പാർക്കിൽ സ്വാർത്ഥസാധകം. (സ്വ)

ശത്രു.

൧൧൨ എന്തെല്ലാമാകിലും സാക്ഷാൽ
ശത്രുതന്നോടിണങ്ങൊലാ,
വെള്ളംചൂടുപിടിച്ചാലും
കെടുത്തീടുന്നിതഗ്നിയെ.

൧൧൩ വനത്തിൽ മേവീടു തപസ്സുചെയ്യും
മുനിക്കുമോർത്തീടുകിലസ്ഥലത്തിൽ
മിത്രങ്ങളും വൈരികളും ക്രമേണ
മദ്ധ്യസ്ഥരായുള്ളവരും ഭവിക്കും.

ശാന്തി.

൧൧൪ ശാന്തസ്വഭാവമേവങ്കൽ സ്ഥിരമായ് വിലസുന്നുകേൾ;
അവനേ മാന്യനായുള്ളോനവൻതാൻ കൃതകൃത്യനും.

൧൧൫ യൌവനേ ശാന്തിയുള്ളോനെശ്ശാന്തനെന്നുരചെയ്യണം
ധാതുശക്തിക്ഷയത്തിങ്കൽ ശാന്തിയില്ലാത്തതാക്കഹോ!

൧൧൬ സന്തോഷാമൃതസംതൃപ്തശാന്തസ്വാന്തന്നെഴും സുഖം
അങ്ങുമിങ്ങുമുഴന്നീടും ധനലുബ്ധന്നുകിട്ടുമോ?

൨൨൭ കീഴ്പ്പെട്ടുനോക്കിടുന്നോനിലതൃപ്തിയണയാ ഭുവി;
മേല്പെട്ടു നോക്കിടുന്നാകിൽ ദരിദ്രൻ ദ്ധനമേവനും.

൨൨൮ അനുദിവസമനത്ഥം വല്ലതും മിക്കവാറും
മനുജനു സഹജം താൻ വന്നുകൂടുന്നതോത്താൽ;
ക്ഷമയൊടതിനെയെല്ലാം സാവധാനം സഹിച്ചി-
ട്ടമരുകയത്രേ നൂനം പൌരുഷം ധമ്മസാരം. (ഇം. ത.)

സജ്ജനം.

൨൨൯ സത്തായിടിനശീലത്താൽ ജയിക്കാം മൂന്നുലോകവും;
സൽസ്വഭാവിക്ക ലോകത്തിൽ സകലം സാദ്ധ്യമാംസദാ.

൨൩൦ പരാനുഗ്രഹതാല്പയ്യം സഹജം സത്തുകൾക്കഹോ
തൻമെയ്തണുപ്പിപ്പാനല്ല ചന്ദനങ്ങടെയുത്ഭവം.

൨൩൧ ദുഷ്ടസംഗമഹോ! കഷ്ടം; ശിഷ്ടസംഗം ഗുണം തുലോം
ശിഷ്ടർതൻ വിരഹത്തിങ്കൽ സ്പഷ്ടം പൊട്ടുന്നു നെഞ്ചകം.

൨൩൨ തനിക്കുള്ളാനന്യനായോനെന്നഭേദം നിനപ്പവൻ
അല്പനാണു; ത്തമന്മാക്കീ ഭൂമിതന്നെ കുടുംബമാം.

൨൩൩ സമ്പത്തും ദുഷ്ടരായുള്ളോക്കൊടുവിൽ ദുഃഖഹേതുവാം
സുഖത്തിലവസാനിക്കമാപത്തും സത്തുകൾക്കഹോ!

൨൩൪ ഉത്തമൻചെയ്തീടും കമ്മംതന്നെ ചെയ്തിടുമന്യരും;
അവനുള്ളപ്രമാണംതാൻ ലോകങ്ങൾക്കും പ്രമാണമാം.

൨൩൫ പ്രസാദം വദനത്തിങ്കൽ കാരുണ്യം ദശനത്തിലും
മാധുയ്യം വാക്കിലുംചേന്നുള്ളവനേ പുരുഷോത്തമൻ

൨൩൬ അധമൻ ധനമിച്ഛിക്കും, ധനമാനങ്ങൾ മദ്ധ്യമൻ;
ഉത്തമൻ മാനമിച്ഛിക്കും; മാനമത്രേ മഹദ്ധനം.

൨൩൭ വജ്രത്തിലും കഠിനമായ് പൂവിലും മൃദുവായിട്ടും
മഹാന്മാരുടെ ചിത്തത്തെയറിഞ്ഞീടുവതാരഹോ!

൨൩൮ ദുജ്ജനം മൺകുടംപോലെ
ഭേദിക്കാം, ചേക്കുവാൻപണി;
സജ്ജനം പൊൻകുടംപോലെ
ചേക്കാം ഭേദിക്കദുർഘടം.

൨൩൯ സംഗദോഷത്തിനാൽ ഭേദം സത്തുക്കൾക്ക വരാദ്ധ്രുവം
സപ്പങ്ങൾ ചുററിയെന്നാലും ചന്ദനം വിഷമാന്നിടാ.

൨൪൦ ശക്തനാണുദയേ സൂൎയ്യൻ, ശക്തനസ്തമയത്തിലും,
സമ്പത്തിലും ക്ഷതിയിലും മഹാത്മാരൊരുപോലെയാം.

൨൪൧ കോപിപ്പിക്കുകിലുംതെല്ലുമിളകാ സാധുമാനസം;
ചൂട്ടെരിച്ചുപിടിച്ചീടിൽ കടൽവെള്ളം തിളയ്ക്കുമോ?

൨൪൨ പരോപദേശസാമൎത്ഥ്യം സമ്പാദിപ്പാനെളുപ്പമാം;
സ്വയം ധൎമ്മമനുഷ്ഠിക്കുന്നവനത്രേ മഹാൻ ഭുവി.

൨൪൩ അടികൊണ്ടിട്ടു കീഴ്പ്പോട്ടു പോകിലും പന്തുയൎന്നിടും;
സാധുവൃത്തക്കേഴ്ചം താഴ്ച ദീർഗ്ഘമായ് നിലനിന്നിടാ.

൨൪൪ ക്ലേശക്ഷോഭം സഹിച്ചീടാനുത്തമൻതന്നെ ശക്തനാം;
ശാണാഘൎഷണമേററീടാൻ മണിതാൻ മണലല്ലകേൾ.

൨൪൫ സജ്ജനം ദുഷ്ടസംഗത്താൽ സ്വഭാവത്തെ വെടിഞ്ഞിടാ
കാകസംസൎഗ്ഗമുണ്ടായാൽ കുയിലിന്നൊച്ചമാറുമോ?

൨൪൬ മഹാനുപദ്രവിച്ചീടുന്നവനും ഗുണമേകിടും;
ദഹിക്കും ബാഡവാഗ്നിക്കും തൃപ്തിയേകുന്നു സാഗരം.

൨൪൭ ഉപകാരികളിൽ സാധുവെന്നാലെന്തുള്ളു സാധുത?
അപകാരികളിൽ സാധുവായവൻതന്നെ സാധുവാം.

൨൪൮ സാധാരണതരുവെന്നോ—
ൎത്തീ ഞാൻ തടവും രചിച്ചതില്ല തവ;
ചമ്പക! സമ്പ്രതിമണമിയ-
ലും പൂവാൽ നീ തരുന്നു മമനാണം.

൨൪൯ സാധുഗുണാമൃതമോതാൻ
സാമൎത്ഥ്യം സജ്ജനത്തിനേയുള്ളു
പുത്തമാമ്പൂമധുവുണ്മാൻ
കുശലത കുയിലിന്നുതന്നെയോൎക്കമ്പോൾ.

൨൫൦ സത്തുകളുടെ മനമത്രേ-
യത്യന്തം കഠിനമെന്നു ചൊല്ലണം;
ദുഷ്ടവചശ്ശരനിരയാ-
ലൊട്ടുമതിൽ ഭേദമേശുകില്ലല്ലോ.

൨൫൧ ദുഷ്ടനെമുമ്പേനിൎത്തി
ദുഷ്ടജനത്തെജ്ജയിക്കണം സുജനം;
ബാണനെ വെൽവാനായ് സുമ-
ബാണപിതാവുംജ്വരത്തെവിട്ടല്ലോ.

## സത്യം.

൧൪൧ സത്യംചൊൽവതിനായ്ത്തന്നോ-
രുക്തിശക്തിയെ നാം ബലാൽ
അന്യഥാ വിനിയോഗിക്കിൽ
സഹിക്കാ ജഗദീശ്വരൻ. (സ്വ)

൧൪൨ അശ്വമേധസഹസ്രത്തെ സ്സത്യത്തോടൊത്തു തൂക്കവേ
വൈശിഷ്ട്യമധികം കണ്ടു സത്യത്തിന്നു പിതാമഹൻ.

൧൪൩ സത്യവും പ്രിയവുംചൊൽക;
ചൊൽകൊലാ സത്യമപ്രിയം;
കള്ളമായ് പ്രിയവുംചൊല്ലാ-
യ്കിതേ ധൎമ്മം സനാതനം.

൧൪൪ വിദ്യയാലും തപസ്സാലുമാത്മാ, ബോധത്തിനാൽ മതി
ജലത്താൽ ദേഹവും, നേരാൽ മനസ്സും, ശുദ്ധമായിടും.

൧൪൫ സത്യം മാതാ, പിതാജ്ഞാനം, ധൎമ്മംഭ്രാതാ, കൃപാസഖി
ശാന്തി ഭാൎയ്യാ, ക്ഷമാപുത്ര, നേവമാറെന്റെ ബാന്ധവർ.

൧൪൬ നേത്രശുദ്ധവഴിയേ നടക്കണം;
വസ്ത്രശുദ്ധമുദകം കുടിക്കണം;
സത്യശുദ്ധവചനം കഥിക്കണം
ചിത്തശുദ്ധനിലയാചരിക്കണം.

## സന്മാൎഗ്ഗം.

൧൪൭ ശ്രീയുമായുസ്സുമെന്നല്ല സൎവ്വത്ര ശുഭകീൎത്തിയും
പുരുഷന്നു ലഭിക്കുന്നു സദാചാരത്തിനാലിഹ.

൧൪൮ വിഹാരാഹാരസംശുദ്ധ്യാ ഹൃദയം ശുദ്ധമായ്വരും;
ശുദ്ധമാം ഹൃദയത്തിങ്കൽ സ്വയമീശൻ വിളങ്ങിടും.

൧൫൦ പ്രാണൻപോവാൻ തുടൎന്നാലും കൎത്തവ്യത്തെ നടത്തണം
പ്രാണൻപോവാൻ തുടൎന്നാലുമകൎത്തവ്യം നടത്തൊലാ.

൧൪൯ ദുഷ്ടസംഗം ത്യജിക്കേണം; സാധുസംഗം ഗ്രഹിക്കണം;
പുണ്യം രാപകൽ ചെയ്യേണം; മരണം നിത്യമോൎക്കണം.

൧൫൧ ആയുസ്സും ധനമുൽകൃഷ്ടസ്വഭാവം നല്ല സന്തതി
ഇവയെല്ലാം ലഭിച്ചീടും സദാചാരമതൊന്നിനാൽ

൧൫൨ ദാരിദ്ര്യമാമയം ദുഃഖമിവയാലാൎത്തരായിടും
ജനങ്ങളെ യഥാശക്തി സഹായിക്കുക സൎവ്വദാ.

൨൩൪ നമുക്കുണ്ടാകുമാപത്തു സർവ്വും സൂക്ഷ്മമാക്കിലോ
നമ്മൾ ചെയ്യുമൊരോ വൃത്തിദോഷത്താൽതന്നെ നിർണ്ണ-
യം. (സു.)

൨൩൫ മധുരാണാദിവസ്തുക്കളശിച്ചീടായ്കയേകനായ്;
ആകാ സർവ്വത്ര വിശ്വാസ, മാകാ സർവ്വത്ര ശങ്കയും.

൨൩൬ പിപീലികാദിയെപ്പോലുമാത്മതുല്യം നിനയ്ക്കണം
സത്തുക്കളായുള്ളവരെ സ്സർവ്വഥാ സല്ക്കരിക്കണം.

൨൩൭ ജനത്തിൻഹൃദ്ഗതം പാർത്തിട്ടോരോരുത്തർക്കൊത്ത-
പോൽ
പ്രവർത്തിച്ചുകണംമോദം പരാരാധന ദക്ഷനായ്.

൨൩൮ ദയയും ദ നവും ദേഹമനോവാഗ്ദമവും സദാ
സ്വാത്ഥബുദ്ധി പരാർത്ഥത്തിലിവയാം സജ്ജനവ്രതം.

൨൩൯ അല്പം പകലുമെവ്വണ്ണം കഴിച്ചീടുന്നു ഞാനിതി
എല്ലാനേരവുമോർമ്മിച്ചീടുന്നവൻ ദുഃഖിയായ്വരാ.

൨൪൦ പശുവോ സൽപുമാനോ ഞാനായതിന്നത്തെവൃത്തി-
യാൽ
എന്നേവം പരിശോധിക്ക നാൾതോറും നിജവൃത്തിയെ.

൨൪൧ തനിക്കു ശത്രുവാരെന്നുമാർതാൻ ശത്രുവെന്നതും
അവമാനം രാജകോപമിവയും വെളിവാക്കൊലാ.

൨൪൨ ധർമ്മാർത്ഥകാമങ്ങളെന്ന്യേ കർമ്മമൊന്നും തുടങ്ങൊലാ;
അന്യോന്യബാധകൂടാതെയാചരിക്കയവററയും.

൨൪൩ വിദ്യയിൽ പുത്രനെച്ചേർക്ക; കന്യയെസ്സൽക്കുലത്തിലും;
ധർമ്മത്തിൽ ബന്ധുവെച്ചേർക്ക; വ്യസനേ രിപുരന്നെയും.

൨൪൪ മദമില്ലാത്തവൻ ശ്രീമാൻ; തൃഷ്ണയില്ലാത്തവൻ സുഖി,
വിശ്വാസമുള്ളവൻ മിത്രം; വിജിതേന്ദ്രിയനേ പുമാൻ.

൨൪൫ സത്യം മാത്രം നിന്നുടെ
വാക്കിനലങ്കാരമെന്നുകരുതേണം;
നിത്യം നിന്നുടെ വേഷം
ക്രമമായ് വിനയം കലർന്നിരിക്കേണം. (സു.)

൨൪൬ ശ്രേയസ്സന്യനു വന്നാൽ
ഭൂയസ്സന്തോഷമാർന്നുവാഴേണം;
ആയുസ്സനുദിനമൊരുപോൽ
പോയിസ്സഹസാ നശിപ്പതോർക്കേണം. (സു.)

൨൱൮ അന്യന്നു ദുഃഖത്തെ വരുത്തിടാതെ,
ദുഷ്ടന്റെ ഗേഹത്തിലണഞ്ഞിടാതെ,
ക്ലേശത്തെയാത്മാവിനു നല്കിടാതെ—
യുണ്ടാവതൊട്ടെങ്കിലു മോക്ഷിലേററം.

൨൱൯ യാചിച്ചിടുന്നവനു വല്ലതുമേകിടാതെ
മോചിക്കയും പരിഹസിക്കയുമൊട്ടമാകാ;
ദ്രോഹിച്ചിട്ടും രിപുവിച്ചും ശുഭമേകുവാനായ്
മോഹിച്ചതന്നെ മരുവീടുക ശാന്തിപൂർവ്വം.

സംസൎഗ്ഗം.

൨൱൰ ധനയൗവനസംയുക്തനായവൻ സാധുസംഗമം
ഇല്ലായ്കിലതിചാപല്യം കാട്ടും "കപി കണക്കിനെ."

൨൱൰൧ ഗുണവാനോടു ചേൎന്നീടിൽ വലിപ്പം വരുമല്പനും,
പൂമാലയിൽ കലൎന്നുള്ള നാരും മേവുന്നു മൌലിയിൽ.

൨൱൰൨ ദുൎജ്ജനസംസൎഗ്ഗത്താൽ
സജ്ജനവും ഹന്ത! ദുഷ്ടമായീടും
ലവണം ചെററുകലൎന്നാൽ
സുമധുരജലവും ദൂഷിച്ചിടുന്നില്ലേ?

൨൱൰൩ നന്മയൊടൊത്തു വസിക്കും
നിൎമ്മലജനമോടു ചേൎന്നുവെന്നാകിൽ
കന്മഷമഖിലവുമതിജവ—
മുന്മൂലിതമാകുമില്ല കില്ലേതും. (രാ. മാ.)

൨൱൰൪ കാകൻ കറുത്തോൻ; കുയിലും കറുത്തോൻ;
ഭേദം നിനച്ചാലിരുവൎക്കുമില്ലാ;
വസന്തകാലം വഴിപോലണഞ്ഞാ—
ലറിഞ്ഞിടാമായവർതൻവിശേഷം.

൨൱൰൫ സന്തോഷമായ ഹരിണത്തിനു ഭാഗമെന്നും
സൌശീല്യശാഖിയതിനുന്മദദന്തിയെന്നും
സൽബോധമാകിന വിളക്കിനു വായുവെന്നും
സത്തുക്കൾ ദുൎജ്ജനസമാഗമമോതിടുന്നു.

സഹായം.

൨൱൰൬ സഹായമില്ലാതെ കാൎയ്യം സാധിക്കില്ല സമൎത്ഥനും;
ഉമി വേർപെട്ടുവെന്നാകിലരിതെല്ലും മുളച്ചിടാ.

൨൱൬ നിസ്സാരനും കാൎയ്യലാഭം നൽസഹായത്തിനാൽവരും;
മലയാറാഴിയെത്തുന്നു കായലോട്ട കലൎന്നുടൻ.

൨൱൭ പ്രതിബന്ധമുള്ള കാൎയ്യം
സാധിക്കുന്നതു സഹായവാനത്രെ;
കണ്ണുണ്ടെങ്കിലുമിരുളിൽ
കാണ്മാൻ കഴിവ്ല്ല ദീപമില്ലെങ്കിൽ.

സഹോദരൻ.

൨൱൮ ദേശം തോറും ഭവിച്ചീടും ഭാൎയ്യയും ബന്ധുവൎഗ്ഗവും
കാണുകില്ലതുപോലൊക്ക് സോദരന്മാരെയെങ്ങുമേ.

സ്വഭാവം.

൨൱൯ മനസ്സിലുള്ള ഭാവത്തെയ്യല്ലാൽ പ്രത്യക്ഷമാക്കിടും
മനുജൎക്കുള്ളൊരാകാരം മറഞ്ഞീടാ പറയ്ക്കിലും.

൨൱൰ അന്യോപദേശംചെയ്യുമ്പോൾ
സൎവ്വരും സുജനങ്ങളാം;
തൻകാൎയ്യംവന്നുചേരുമ്പോൾ
സൌജന്യത്തെ മറന്നു പോം.

൨൱൰൧ മുണാളമുതുപലം മത്സ്യമാംസലെന്നിതുകൾക്കഹോ
വെവ്വേറെ ഗന്ധമാകുന്നു ജന്മമൊന്നിങ്കലെങ്കിലും.

൨൱൰൨ നളിനങ്ങൾക്കു ചുവപ്പും
സുജനത്തിന്നിഹ പരോപകാരിതയും
ഖലനു ദയാഹീനത്വവു-
മുലകിൽ നിനച്ചാൽ സ്വഭാവസിദ്ധം താൻ.

ശ്രീ

# സുഭാഷിതരത്നാകരം.

---

## രണ്ടാം പ്രകരണം.

### അതിത്വം.

൧ അതിപരിചയമൂലം ഹന്ത! വൈരസ്യമാക്കും
മതിയതിലുളവാകും സംശയം ലേശമില്ലാ;
മതിമുഖി! മൃഗനാഭിക്കുള്ള സൌരഭ്യമേല്ലാൻ
കൊതിയത്തുപെരുമാറും വാണിജന്മാൎക്കിലുണ്ടോ. (ഭാ. മാ)

൨ പുത്തുമതിയെവണങ്ങുന്നവരും, പൂൎണ്ണനായി-
ട്ടതിരുചിയവനുണ്ടായാലുമോൎക്കില്ല പിന്നെ
അതിപരിചയമാക്കും മാനമില്ലാതെതീൎക്കും;
പുതിയതിലിഹ വീക്കും കൌതുകം മിക്കവൎക്കും.

### അരോഗത.

൩ ഇഷ്ടാഹാരവിഹാരസേവ, സുവിചാ-
രത്തിന്നു പിൻപുള്ളതാം
ചേഷ്ടാ, ദുൎവ്വിഷയപ്രസക്തിയെയുപേ-
ക്ഷിച്ചീടുകെന്നിത്തരം
ശിഷ്ടാചാരഗണം യഥാക്രമമനു-
ഷ്ഠിക്കുന്നവങ്കൽപരം
തുഷ്ടിക്കാസ്പദമാമരോഗത വിള-
ങ്ങീടുന്നു സൎവ്വാൎത്ഥദാ. (സു)

൪ ഈ വിശ്വത്തിങ്കൽ, നന്നായ്ക്കരുതുകിൽ, മനുജ-
ക്കീശ്വരാനുഗ്രഹത്താൽ
കൈവന്നീടുന്ന ഭാഗ്യങ്ങളിലതിമഹിതം
രോഗഹീനത്വമത്രേ
ഹാ! വൎദ്ധിക്കും മഹാദുസ്സഹഗദനിരയാൽ
ഗ്രസ്തരായസ്തസൌഖ്യം
ജീവിച്ചീടുന്നയേക്കാൾ "മരണമനുഭവി-
ക്കുന്നതാണിന്നു ഭാഗ്യം."

൫ കീചകംപോയ് ലാടമൂന്നക്കതിരയതിരയം
കോലുമക്കാലൊടിഞ്ഞി–
ട്ടാലസ്യം പൂണ്ടു സേനാപതിയുമുടനഗ–
ത്യന്തരം പിന്തിരിഞ്ഞു
ആലംബം വിട്ടനേരം ഭടരുമഥ ഭയ–
പ്പെട്ടു പോർ വിട്ടു വേർപെ–
ട്ടാലോലം രാജ്യവും പോയിതു സകലമിതിൻ
മൂലമീക്കാലമല്ലോ.

### അഹങ്കാരം.

൬ ഏതാനും ദിവസംവരെയ്ക്കു നിലനി–
ന്നീടുന്നതായെത്രയും
സ്ഫീതാഹംകൃതിഭാരമുള്ളിലരുളും
താരുണ്യമാന്നീടവേ
വീതാശങ്കമഹോ! നികൃഷ്ടതവരു–
ത്തീടുന്ന പാപങ്ങളെ
ശ്രീതാവും ജനനം കലന്ന ജനവും
ചെയ്യുന്നതത്യത്ഭുതം.

### ആഡംബരം.

൭ ആഡംബരമുള്ളവനെ
സ്സൂരികൾപോലും സമാചരിച്ചീടും;
മലിനാംബരമാം കാലേ
സൂര്യാലോകനമത്രം ലഭിച്ചീടാ.

### ആത്മപ്രശംസ.

൮ നിജഗുണവിസ്തരണത്താൽ
ചിലന്തി കീഴ്പ്പെട്ടഹോ! പതിക്കുന്നു;
വീണ്ടുമതില്ലാതാക്കി–
ട്ടുവന്നതമാം പദത്തിലെത്തുന്നു.

### ആശ.

൯ നിസ്സാരവും സിദ്ധിയായ്കിലത്യാശയെ വളർത്തിടും,
സംസാരവും സിദ്ധമാകിലനാസ്ഥയെവരുത്തിടും. (സ. ൧)

൧൦ വേഴാമ്പൽ വേനലതിലുറെറാരു ദാഹമാന്നു–
മൂഴിസ്ഥമാകിയ ജലത്തെ നിനച്ചിടാതെ
കേഴുന്നു കാർനിര വെടിഞ്ഞൊരു വിണ്ണിൽനോക്കി;
മാഴ്കും വിശേഷവിധിയിൽ കൊതിയുള്ളവൻതാൻ.

## ഈശ്വരൻ.

൰൧ പ്രതിമയിലല്ലീശ്വരനെ—
ക്കാണുവതാത്മാവിലാണു യോഗിജനം;
പ്രതിമകൾ വച്ചിട്ടുള്ളതു
സാധാരണലോകഭാവനയ്ക്കത്രേ.

൰൨ മായാമയം സർവ്വമിപ്രപഞ്ചം
മനുഷ്യമോഹത്തിനു സൃഷ്ടമത്രേ;
മിഥ്യാഭ്രമം താൻ സുഖദുഃഖഭാവം;
സത്യം പരം ദൈവമതൊന്നുമാത്രം. (ഇം. ത.)

൰൩ ആരാണു വിണ്ണിലനിശം ക്ഷിതിഗോളമേവം
നേരായി നിർത്തുവതു നിസ്തുലശക്തിയോടേ?
ആരാണു നേത്രസുഖദങ്ങൾ വിചിത്രവസ്തു—
വാരങ്ങൾ മണ്ണിൽ വിളയിപ്പതു നിഷ്പ്രയാസം? (സ്വ.)

൰൪ ഉണ്ടാക വർദ്ധന ഭവിക്ക നശിക്കയെന്നവ-
മുണ്ടെത്തു വസ്തുവിനു; മെങ്കിലുമിദ്ധരിത്രി
വീണ്ടും ദിനംപ്രതി പരം നവയൗവനശ്രീ
പൂണ്ടിങ്ങു കണ്ടീടുവതാരുടെ ശക്തിമൂലം? (സ്വ.)

൰൫ നിർണ്ണിതമായ നിയമത്തൊടു മാത്രമാഴി—
ത്തണ്ണീർകവിഞ്ഞു കയറുന്നു കരയ്ക്കുനിത്യം;
എണ്ണീടുവാനൊരുവനും കഴിയാത്ത ശക്ത്യാ
മണ്ണീവിധം സദയമാരു ഭരിച്ചിടുന്നു? (സ്വ )

൰൬ തന്നോടുചേർന്നൊരു പദാർത്ഥസമൂഹമെല്ലാം
തന്നെപ്പിരിഞ്ഞു ചിതറാതെയിരിപ്പതിന്നായ്
ആകർഷണാത്മകതയാർന്നൊരു ശക്തി ഭൂമി—
ക്കേകുന്നതിന്നു കരുണാഭരമാർക്കുദിച്ചു? (സ്വ.)

൰൭ ഒന്നായി വീഴ്കിൽ നമുക്കിഹ നാശമേകീ—
ടുന്നോരു തോയമിയലും ഘനപംക്തി വിണ്ണിൽ
നന്നായ് നിരത്തിയതിലുള്ള ജലത്തെയോരോ
ബിന്ദുക്കളായിവിടെ വീഴ്ത്തുവതാരുസൂക്ഷ്മം. (സ്വ.)

൰൮ നല്ലോരു വെണ്മകലരും മണലിൽ സ്വയം നൽ-
പ്പുല്ലങ്കുരിച്ചു വിലസുന്നതിനെന്തു മൂലം?
ചൊല്ലാർന്നിടും ഹരിതവർണ്ണവുമായതിങ്കൽ
കല്യാണശില്പരുചിരത്വവുമാരുനൽകീ? (സ്വ.)

൧൯ മാലെത്തിടുന്ന വെയിലോടിഹ ലോകരെല്ലാം
ജോലിത്തിരക്കുകൾ കഴിച്ചഥ വിശ്രമിപ്പാൻ
ചേലിൽത്തുടങ്ങുമൊരു യാമിനിയിങ്കലോമൽ
പാലൊത്ത നൽക്കുളുർനിലാവിനെയാരു നൽകീ? (സ.ച.)

൨൦ പാരാകെ ഭൂമിയഖിലം ബത! ഭസ്മമാക്കാൻ
പോരുന്ന ഘോരകരനാം രവിതന്നെവാനിൽ
പാരിന്നു രക്ഷയരുളാനുതകുന്ന സമ്യഗ്-
ദൂരത്തിലാരധികസൂക്ഷ്മതയോടു നിർത്തീ? (സ.ച.)

൨൧ മന്നിങ്കലിങ്ങതിസഹസ്രകവത്സരത്താൽ
വന്നെത്തിടും ദ്യുതിയെഴും ബഹുതാരജാലം
ചെമ്മേ വിഹായസി പരത്തി മഹാവിശാലം
ബ്രഹ്മാണ്ഡമേവമുളവാക്കിയതാരു പാർത്താൽ? (സ.ച.)

൨൨ വേണ്ടുന്നമുൻകരുതൽ വിട്ടിഹ നമ്മൾ ചെയ്യും
വേണ്ടാതനങ്ങൾ പലതിങ്കലുമിങ്ങവശ്യം
ഉണ്ടായിടേണ്ടൊരു വിപത്തുകൾ മിക്കവാറു-
മുണ്ടായിടാതെ പരിപാലനമാരു ചെയ്‌വൂ? (സ.ച.)

൨൩ സൌഖ്യത്തെയും പുനരതിൻമഹിമാതിരേക-
മുൾക്കൊണ്ടിടുന്നതിനു താനുതകുംപ്രകാരം
ദുഃഖത്തെയും നിയതമായ് വിഭജിച്ചു നമ്മൾ
നോക്കുന്നദിക്കുകളിലൊക്കെയുമാരു ചേർത്തു? (സ.ച.)

൨൪ ദോഷങ്ങൾചെയ്‌വതിനു നാം തുനിയുമ്പൊഴത്യു-
ന്മേഷം കലർന്നരുതിതെന്നകതാരതിങ്കൽ
ശാസിച്ചിടുന്ന വിധമായ് സഹസാ നിതാന്തം
ഭാസിപ്പതാരുടയ ദിവ്യതയാർന്ന ശബ്ദം? (സ.ച.)

൨൫ തെണ്ടിത്തിരിഞ്ഞുദരവൃത്തികഴിച്ചിടുന്നോൻ,
കൊണ്ടാടി മേവുമഖിലാവനിപാലനേവം
രണ്ടാളിനും മഹിയിൽ വാഴ്‌വതിനുള്ള വാഞ്ഛ-
യുണ്ടായിടുന്നിതൊരുപോലെ; യിതാരു നൽകി? (സ.ച.)

൨൬ നൂനം ജനിക്കിൽ മൃതിവന്നിടുമെന്ന തത്ത്വ-
ജ്ഞാനം കലർന്ന നരനു മൃതിഭീതിപൂർവ്വം
നാനാസുഖാനുഭവസക്തിയൊടിപ്രപഞ്ച-
സ്ഥാനാശ നൽകിടുവതേതൊരു ദിവ്യശക്തി? (സ.ച.)

൨൭ അന്നാൾവരെയ്ക്കുദരസീമനി വാണതെന്താ-
ണെന്നേതുമുള്ളിലറിയാത്തൊരു ഗോവിനോർത്താൽ

തന്നോമനപ്രജ ജനിപ്പതു നേരമുണ്ടാ-
കുന്നോരു തൽപ്രണയമാരു കൊടുത്തിതപ്പോൾ? (സു)

൨൮ ശൃംഗാരയോനികഥയെന്നതു ലേശമുള്ളിൽ
തങ്ങാതെയുള്ള ബഹുപക്ഷിമൃഗാദികൾക്കും
തങ്ങൾക്കെഴും കുലവിവൃദ്ധിവരുത്തിടുന്നോ-
രംഗക്രിയയ്ക്കുരിയ കൗതുകമാരുനൽകി? (സു)

൨൯ സ്ത്രീപുംസസംഗതിയപത്യമുദിപ്പതിന്നാ-
ണല്ലാതെയായതരുതെന്നൊരു നീതിവാക്യം
ബോധിച്ചിടാതനുസരിപ്പതിനുള്ള ശീലം
തിര്യക്കുകൾക്ക, ബഹുചിത്രമിതാരു, നൽകി? (സു)

൩൦ ദൂരസ്ഥലത്തിലമരുന്നൊരു പഞ്ചസാര
സാരതമാർന്ന നിജനാസികകൊണ്ടറിഞ്ഞു്
നേരെയതിങ്കലണയുന്നതിനുള്ള ശക്തി-
യാരാണു നൽകിയതെറുമ്പുകളിൽ തരംപോൽ? (സു)

൩൧ നാശം വരാതെ ഭുവനം നിലനില്പതിന്നു-
ള്ളാശാവശേന ജനനത്തിനുതക്കവണ്ണം
നാശത്തെയും നിയതമങ്ങനെ സർവ്വജന്തു-
രാശിക്കു ചേർത്തിടുവതാരിഹ ഭേദഹീനം? (സു)

൩൨ ഈവണ്ണമിബ്ഭുവനപുസ്തകമപ്രമത്ത-
ഭാവം കലർന്നധികസൂക്ഷ്മതയാർന്ന ബുദ്ധ്യാ
വായിച്ചിടുംപൊഴുതപാരകൃപാവിലാസ-
ശ്രീയാർന്ന വിശ്വപതിയെ സ്ഫുടമേവകാണാം. (സു)

൩൩ ജഗത്തിൽ ദുഷ്ടന്മാർ ചിലർ, ചിലരഹോ!
സത്തുകളിതിൻ-
നിമിത്തം താന്താങ്ങൾക്കുടയൊരു മഹാ-
കർമ്മഗതിപോൽ,
കിമർത്ഥം നിർമ്മിച്ചീ വിഷമതയെഴും
സൃഷ്ടി? യിതിലെ-
സ്സതത്ത്വം ദൈവത്തിന്നൊഴികെയറിയാ-
വല്ലൊരുവനും.

൩൪ കത്തീടുന്നകഠോരമായ വെയിൽകൊ-
ണ്ടേററം തളർന്നുള്ളവ-
ന്നെത്തീടും ജലപാനകാലസുമഹാ
സൌഖ്യം സുഖിക്കെത്തുമോ?

ഇത്ഥം സൌഖ്യമതിൻ മഹത്വമറിവാൻ
    ദുഃഖങ്ങളും വ്യക്തമായ്
പൃത്ഥ്വീവാസിജനങ്ങളിൽ സകലലോ–
    കേശൻ കൊടുക്കുന്നിതേ. (ആ–ചി)

൩൪ ഒട്ടേറീടും പ്രപഞ്ചത്തിനു പല പരിണാ–
    മാദികാൎയ്യങ്ങൾ പാൎത്താൽ
ദൃഷ്ടാദൃഷ്ടങ്ങളായുണ്ടു; വയുടെ ശരിയാ–
    യുള്ള ഹേതുക്കളെല്ലാം
സ്പഷ്ടം ചൊല്ലാവതല്ലെങ്കിലുമതിനൊരുവൻ
    നാഥനായില്ലയെന്നായ്
കഷ്ടം! ചൊല്ലുന്നു ലോകേ ചില"രിതു കഠിനം
    തന്നെ സന്ദേഹമില്ലാ."

൩൫ പൊയ്യത്രേ ദൈവമുണ്ടെന്നൊരുമൊഴി; ഭുവനം
    സംഭവിപ്പു സ്വഭാവാ–
ലിയ്യുള്ളോൎക്കുണ്ടു ധൈൎയ്യം പരമിതി ദൃഢമുൽ–
    ഘോഷണം ചെയ്യുവോരും
മെയ്യിൽ ദുസ്സാധമാകുന്നൊരു കഠിനഗദം
    വന്നുചേരുന്നനേര–
ത്തയ്യയ്യോ! ദൈവമേ! നീയഭയമരുളുകെ–
    ന്നോതിടും വീതശങ്കം. (സ്വ)

൩൬ ഇല്ലാ ദൈവമശേഷമായ ഭുവനം
    താനേ സ്വഭാവത്തിനാ–
ലുല്ലാസേന ഭവിപ്പതാണു വഴിപോ–
    ലെന്നേവമീ നിങ്ങളും,
അല്ലാ, കണ്ടിതു ദൈവതത്വമഖിലം
    വേണ്ടുംവിധം ഞാൻ, മുദാ
ചൊല്ലാമായതു സൂക്ഷ്മമെന്നു ചിലരും
    ചൊല്ലുന്നുകില്ലെന്നിയേ. (സ്വ)

൩൭ എന്നാലീവക രണ്ടുപക്ഷവുമഹോ
    വിശ്വാസ്യമല്ലെന്നുതാ–
നെന്നാലോചനതന്നിലുള്ളദൃഢമാം
    സിദ്ധാന്തസാരം സഖേ!

നന്നായ് സൂക്ഷ്മതരം പ്രപഞ്ചമഖിലം
   പാർത്താലിദം യുക്തമാ-
ണെന്നാരും പറയും കുതർക്കരുചിയി-
   ല്ലെന്നാകിൽ നിസ്സംശയം. (സാ)
൩൯ ഭൂതക്കണ്ണാടിവച്ചിട്ടൊരു ജലകണമി-
   ങ്ങുററു ശോധിച്ചുവെന്നാൽ
ചേതസ്സിൽ ചേർന്നിടുന്നോരനുപമതരമാ-
   ശ്ചര്യമെന്തോന്നു ചൊൽവൂ!
അതങ്കം വിട്ടു കാണാമതിലനവധില-
   ക്ഷം ചെറുപ്രാണിവർഗ്ഗം
ശ്രീതങ്കും മട്ടു നീന്തിപ്പരിചൊടു ബത! ജീ-
   വിച്ചു മേവുന്നഭാവം.
൪൦ അപ്പോൾ മേല്പോട്ടു നോക്കീടുകിലനവധി ന-
   ക്ഷത്രജാലങ്ങൾ കാണാം.
കെല്പേറും സൂര്യനേക്കാൾ വലിയതുമവയിൽ
   കണ്ടിടാം വേണ്ടുവോളം;
കല്പിക്കാവല്ല ഗോളസ്ഥിതിഗതികളെയെ-
   ന്നായ് മടങ്ങുന്നു പാരിൽ
ചൊല്ലൊണ്ണും പണ്ഡിതന്മാരുടെ പടുധിഷണാ-
   ഗ്രങ്ങൾ ഭംഗങ്ങളോടേ.
൪൧ വാക്കിന്നും ഹൃദയത്തിനും വിഷയമ-
   ല്ലാതുള്ള മാഹാത്മ്യമോ-
ടാർക്കും വിസ്മയമേകുമീയനവധി-
   ബ്രഹ്മാണ്ഡഭാണ്ഡങ്ങളെ
നീക്കംവിട്ടു രചിച്ചു ഹന്ത! നിലനി-
   ർത്തീടും മഹാശക്തിയെ-
പ്പാർക്കുമ്പോളിഹ ദൈവമെന്നമൊഴിയാൽ
   ചൊല്ലുന്നിതെല്ലാവരും. (സാ)
൪൨ അല്ലല്ലാ, പരമാണു സംഗതികൾതൻ-
   സംയോഗഭേദങ്ങളാ-
ണെല്ലാമിങ്ങനെയായ് ചമഞ്ഞിടുവതാ-
   ണെന്നോതിടുന്നാകിലോ
ചൊല്ലീടാം ജഡഭാവമാർന്നോരവയിൽ
   സംയോഗമുണ്ടാക്കുവാൻ
കില്ലില്ലോർക്കുക വേണമപ്പൊഴൊരുവൻ
   ചൈതന്യവാനായ് സഖേ! (സാ)

൧൫. വേണ്ടാ, യോഗമതും സ്വഭാവഭവമാ-
    ണൊന്നാകിൽ വേർപാടുമീ-
യുണ്ടാകുന്നൊരു യോഗവും ബത! വിരോ-
    ധം ചേൎന്നധൎമ്മങ്ങളാം.
രണ്ടുംകൂടിയിരിക്കയില്ലൊരിടമാ-
    ണെന്നുള്ളതോ നിൎണ്ണയം,
വീണ്ടും വേണ്ടിവരുന്നവശ്യമതിനാൽ
    മുൻചൊന്ന ദൈവം പരം. (സ്വ)

൧൬ ഉണ്ടെന്നുള്ളതു പാൎക്കിലേവമറിയാ-
    മല്ലാതെ തദ്വൈഭവം
വേണ്ടുംവണ്ണമറിഞ്ഞിടുന്നതിനു നാ-
    മാളല്ല തെല്ലും സഖേ!
കണ്ടാലും, നരവിഗ്രഹാന്തരമതിൽ-
    ത്തത്തുന്നണുപ്രാണിയി-
ക്കണ്ടീടുന്നൊരു ഭൂമിഗോളനിലയെ-
    ക്കാണുന്നതിന്നെങ്ങനെ? (സ്വ.)

൧൭ യാതൊന്നിൽ ദൈവമൊന്നെന്നധികവിശദമായ്
    ചൊല്ലിടുന്നസ്തശങ്കം,
യാതൊന്നിൽ ദൈവമാൎക്കും സ്ഫുടതരമപരി-
    ച്ഛേദ്യനെന്നോതിടുന്നു,
യാതൊന്നാസ്തിക്യമാൎന്നോരതിബദ്ധമതിയോ-
    ടാചരിക്കുന്നു നിത്യം,
യാതൊന്നേകുന്നു നിശ്ശ്രേയസമസമഗുണം
    തന്മതം മന്മതം താൻ. (സ്വ.)

൧൮ നാനാവൎണ്ണങ്ങളുണ്ടെങ്കിലുമരിയ ഹരി-
    ദ്വൎണ്ണമാണീക്ഷണങ്ങൾ-
ക്കാനന്ദത്തെക്കൊടുക്കുന്നതിനുതകിടുവോ-
    ന്നെന്നു ലോകപ്രസിദ്ധം;
നൂനം തദ്വൎണ്ണമെല്ലാടവുമിഹ ബദ്ധവായ്
    ചേൎത്തതെന്നോൎത്തുവെന്നാൽ
മാനംവിട്ടുള്ള ദിവ്യപ്രഭുവിനുടെ കൃപാ-
    വൈഭവത്തെ ഗ്രഹിക്കാം. (സ്വ.)

ഉത്സാഹം പരിശ്രമം.

൧൯ പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാം കഴിവുള്ളവണ്ണം

ദീർഗ്ഘങ്ങളാം കൈകളെ നൽകിയത്രേ
മനുഷ്യനെപ്പാരിലയച്ചതീശൻ. (ഇം. ത.)

൨൮ നമുക്കെഴും വേലകളെത്രതന്നെ
നിസ്സാരമായ് തോന്നുകിലും മനസ്സിൽ
ഉത്സാഹമോടായവ സൂക്ഷ്മബുദ്ധ്യാ
സമ്പൂർണ്ണമായ്ത്തന്നെ നടത്തിടേണം. (ഇം. ത.)

൨൯ അലസ്യദുർബാധയകററി നിത്യം
യത്നിക്ക വേണ്ടുന്നൊരു വേലയിങ്കൽ,
പ്രവൃത്തിയില്ലാതെ വസിച്ചിടുമ്പോൾ
പ്രസക്തി ദുർമ്മാർഗ്ഗമതിൽ ഭവിക്കും. (സ-ി.)

൩൦ ജയം ലഭിച്ചീടുവതിന്നുമുൻപിൽ
പലപ്പൊഴും തോൽവികൾ വന്നുചേരാം,
എന്നാലതിൽ തെല്ലുമുലഞ്ഞിടാതെ
യത്നിക്കണം നൂതനശക്തിയോടേ. (സ-ി.)

൩൧ പലപ്പൊഴും വന്ന പരാജയത്തെ
ക്ഷമിച്ചു വീണ്ടും ചൊടിയോടു നിത്യം
ശ്രമിച്ചൊടുക്കം ബഹുമാന്യരായ
മഹത്തമന്മാർകളസംഖ്യരത്രേ. (ഇം. ത.)

൩൨ ശ്രേഷ്ഠർക്കു ചേർന്നുള്ള മഹത്വമെല്ലാം
പെട്ടെന്നുതാൻ കിട്ടിയതല്ല പാരിൽ
ഇഷ്ടോരുമല്ലിങ്കലുറങ്ങിടുമ്പോൾ
തിട്ടം ശ്രമപ്പെട്ടവരൊട്ടനേകം. (ഇം. ത.)

൩൩ പാർത്തട്ടിൽനിന്നധികയോജനദൂരദേശേ
വർത്തിച്ചിടും ഗ്രഹവിശേഷമറിഞ്ഞിടുന്നു;
ധൂർത്തല്ലഹോ! കൃതകവൃഷ്ടിയുമുണ്ടിതെല്ലാം
പാർത്താൽ "പ്രയത്നമതുകൊണ്ടു വരാത്തതില്ലാ."

൩൪ ഓമൽക്കല്പകവൃക്ഷമെന്നു സതതം
സത്തുക്കളുൾത്താരതിൽ
പ്രേമത്തോടു പുകഴ്ത്തിടുന്നതു ദൃഢം
നത്സാരമുത്സാഹമാം;
കാമം ദുർല്ലഭമായിടുന്ന സമയം
പാഴായ്പ്പൊഴിക്കും ജള-
രസ്ഥാമം ഗർഭമതിങ്കലഞ്ഞുചസിട്ടു-
ന്നെന്നാകിൽ നന്നാണതും.

൩൩ പണ്ടുള്ളോർ തേടിവച്ചുള്ളൊരു ധനനിധിയിൽ
കൈകടത്തിക്കളിക്കാ-
തുണ്ടാക്കി സ്വപ്രയത്നപ്രചുരതയതിനാ-
ലന്നവസ്ത്രാദിയെല്ലാം
വേണ്ടുന്നോരെപ്പുലർത്തി ശുഭമൊടു മരുവി-
ടും നരന്മാരജസ്രം
"രണ്ടില്ല പക്ഷ"മിക്ഷോണിയിലയി സുമതേ!
"പാർക്കിൽ ഭാഗ്യവാന്മാർ."

൩൪ നോക്കേണ്ടാ ഭാവിയായുള്ളതിനെ, യതധികം
ശ്രേഷ്ഠമെന്നാലും, മറ്റോ-
ലോക്കേണ്ടാ തെല്ലുപോലും മനമതിൽ മൃതമാം
മുൻകഴിഞ്ഞുള്ളതും നീ;
തൽക്കാലം തന്നെ ജീവിപ്പതു, ദൃഢമതിൽയ-
ത്നിക്ക, യത്നിപ്പതോ നൽ-
ശുഷ്കാന്തിപ്രൗഢിയോടും ഭുവനപതിയെമുൻ-
നിർത്തിയും തന്നെ വേണം. (ഋം. ത.)

൩൫ വന്നീടും ദുർന്നിവാരം ചിലകുറി വലുതാ-
യുള്ളൊരാപത്തു ലോക-
ർക്കു; ന്നാളാശ്വാസമേകാൻ ബത! തലയിലെഴു-
ത്തെന്നതൊന്നാക്കിവച്ചു
എന്നാൽ സർവ്വേശസങ്കല്പനയിഹ സകല-
ത്തിന്നുമാം ഹേതുവോർത്താ-
ലെന്നാലും യത്നമെന്ന്യേ വിധിസകലവുമെ-
ന്നോർക്ക മൂഢത്വമത്രേ. (സ്വ.)

൩൬ ഓരോരോ ലേഖനങ്ങൾക്കുടനടി മറുക-
ത്തേകിയും, പത്രമെല്ലാം
നേരേ വായിച്ചറിഞ്ഞും, നവനവകവിതാ-
സാരമെല്ലാം ഗ്രഹിച്ചും,
മാറാത്തുത്സാഹമാർന്നും ദിനമനു കൃതകൃ-
ത്യത്വലാഭത്തിനായി-
ട്ടേറീടും "ദുഃഖമല്ലോ ഹരി ഹരി! പരമാ-
നന്ദമിപ്പാരിടത്തിൽ."

ഋണം.

൩൭ ഋണവും പാപവും ചെയ്യും സമയം സുഖമായിടും;
പരിണാമം മഹാദുഃഖകരമാമവനും ദൃഢം.

൩൦ ജ്ജണം ദാരുണമായീട്ടും വ്രണമെന്നു നിനയ്ക്കണം;
ഘ്നണം സർവ്വമകററീടാൻ ക്ഷണംമതിയതിന്നെ-
(ദോ! (സ.)

൩൧ കാലൻ പ്രാണികൾതന്നന്ത്യകാലത്തെക്കാത്തു വാഴ്-
ഉല്ലേത്തും കാലനിയമമുത്തമന്നന്ന നിണ്ണയം. (വോൻ;

൩൨ കടത്തിൽപ്പെട്ടീടും ധനമതു പല-
പ്പോഴ്മഖിലം
നശിച്ചീടും, സ്നേഹത്തെയുമതു നശി-
പ്പിക്കുമതുപോൽ,
കടംകൊണ്ടാലധ്വാനവുമഹഹ! മ-
ന്ദിക്കു;—മതിനാൽ
കൊട്ടുക്കൊല്ലാ വാങ്ങിടുകയുമരുതോ-
ത്താലിഹ കടം. (ഇം. ത.)

ഐകമത്യം.

൩൩ ഓരോരോ പരമാണുവെത്ര കൃശമാ-
ണെന്നാലുമൊന്നായതിൻ
സാരോപേതസമൂഹമേളനമഹോ
ഭൂഗോളമായീവിധം
പാരം ശക്തിവിലാസമോടു നിലനി-
ന്നീടുന്നുവെന്നുള്ളതൊ-
ന്നോരുമ്പോളൊരുമയ്ക്കെഴുന്നൊരു ഗുണാ-
ധിക്യം ധരിക്കായ്വരും.

ഔചിത്യം.

൩൪ അവസരമില്ലാതുള്ളോരു
നവരസമാം വാക്യവും കഥിക്കുന്നോൻ
സാക്ഷാൽ വാചസ്പതിയെ-
ന്നാകിലുമവമാനമാന്നിടും നിയതം.

ഔദാര്യം.

൩൫ ദാതാവത്രേ ലോക-
പ്രീതിദ, നല്ലാതെ വിത്തപതിയല്ലാ,
വാരിദഗതിയല്ലാതി
വാരിധിയെപ്പാരിലാരുകാമിപ്പൂ?

൩൬ സമ്പാദനപരനാമീ-
യംഭോനിധി വാണിടുന്നു പാതാളേ;
ഗാംഭീര്യത്തൊടു ദാതാ-
വംഭോദന്താൻ മുഴങ്ങിടുന്നുപരി.

൩൭ യാചന കേട്ടാൽ മോദം;
ദാനം ചെയ്തിട്ടു പൂൎണ്ണസന്തോഷം;
അവനെക്കണ്ടാ, ലഥവാ
കേട്ടാലും സ്വൎഗ്ഗസൗഖ്യമുണ്ടാകും.

൩൮ അൎത്ഥികളുടെ ദീനോക്തികൾ
കേൾക്കാതാകാരമാത്രമതിനാലേ
ഇഷ്ടമറിഞ്ഞേകുന്നവ-
രത്രേ ലോകേ മഹാനുഭാവന്മാർ.

൩൯ ദാതാ നീചൻ സേവ്യാന-
സേവ്യൻ ഫലഹീനനാം മഹാനുമിഹ;
ദാഹമിയന്നോനാഴിയെ
വിട്ടു ഗമിക്കുന്നു കൂപസന്നിധിയിൽ.

൪൦ ഉപകാരം ചെയ്യാത്തൊരു
നരനെക്കാൾ നന്നു തൃണമത്രേ പാരിൽ;
പശുകുലപാലനവും രണ-
ഭീരുജനാവനമതും തൃണം ചെയ്യും.

൪൧ മരിച്ചുപോകുമ്പൊഴുതൎത്ഥമെല്ലാം
ത്യജിച്ചിടും ലോഭിയുദാരനേററം;
മരിച്ചുപോയീടിലുമൎത്ഥമേതും
വിടാത്ത ദാതാവതിലോഭിയത്രേ

൪൨ കണ്ടാലുമാദിത്യനുദിച്ചുടൻ നൽ-
ത്തണ്ടാരിനായ് ശ്രീഭരമേകിടുന്നു;
ഉണ്ടാം സമൃദ്ധിക്കു സുഹൃത്തിൻ നന്മ-
യുണ്ടാക്കുകത്രേ ഫലമോൎത്തിടുമ്പോൾ.

൪൩ മരങ്ങളിൽ കായ്കൾ പഴുത്തിടുമ്പോൾ
ഖഗങ്ങളെച്ചെന്നു വിളിപ്പതേവൻ?
കന്നിന്നു ഗോവെന്നതു പോലഭീഷ്ടം
കൊടുപ്പവൎക്കാരുമടുത്തു മേവും. (ത. ത.)

൪൪ വേഴാമ്പലേററമഴലേന്തിയുഴന്നു വെള്ളം
നാലഞ്ചുതുള്ളിമുകിൽതന്നൊടിരന്നിടുന്നു;
അൻപോടതൂഴി മുഴുവൻ മഴയാൽ നനയ്ക്കു-
ന്നുമ്പോ! വലിപ്പമുടയോൻെറ കൊടുപ്പുകേമം.

൧൫ കത്തീട്ടും വെയിലിൽ തപിച്ച മണൽപൂ-
ണ്ടീടുന്നുവെന്നാകിലും
മധ്യത്തുള്ള ജലത്തിനാലരുവി പാ-
ലിക്കുന്നു ജന്തുക്കളെ;
മെത്തീടുന്ന ദരിദ്രതാദശയിലും,
യാചിപ്പവൻ തന്നൊട-
സ്സത്തായുള്ള കുലേ ജനിച്ചൊരു പുമാ-
നില്ലെന്നു ചൊല്ലാ ദൃഢം. (ത. ത)

൧൬ കുളം ശോഷിക്കുമ്പോൾ ജലവിഹഗമെ-
ന്നോണമാപത്തിനാലും-
ക്കളം ഖേദിക്കുമ്പോലുടനകലുവോൻ
മിത്രമല്ലോർത്തിടേണം;
ഉലഞ്ഞാലും പത്മോപലകുമുദസ-
ന്ദോഹമെന്നോണമെന്നും
വലഞ്ഞാലും മേളിച്ചിട്ടുമൊരുനരൻ
മാത്രമേ മിത്രമാവൂ. (ത. ത)

കലഹം.

൧൭ കണ്ടിക്കാർവേണിമാരെന്നൊരുവക, യപരം
സ്വർണ്ണമെന്നിപ്രകാരം
രണ്ടിക്കാണും പ്രപഞ്ചക്കളരിയിലജനു-
ണ്ടാക്കി ശണ്ഠയ്ക്കുവേണ്ടി;
മണ്ടിക്കാളുന്ന സീതാവിഷയമദനമാൽ-
കൊണ്ടുമന്യാർത്ഥതൃഷ്ണ-
ക്കണ്ടിൽ കാൽവയ്ക്കയാലും ദശമുഖനുളവാ-
യില്ലയോ മല്ലനേകം? (സ്വ)

കവി (കവിത)

൧൮ നല്ല കാവ്യം ചമച്ചുള്ള കല്യന്മാർ മൃതരാകിലും;
കാന്തിയേറുന്നൊരവർതൻ കാവ്യദേഹം നശിച്ചിടാ.

൧൯ കവി കാവ്യം ചമയ്ക്കുന്നു; പുകഴ്ത്തുന്നതു പണ്ഡിതൻ,
മരം മലർ പൊഴിക്കുന്നു; മണമേല്ക്കുന്നു മാരുതൻ.

൨൦ കവിസൂക്തിയിൽ മോദിപ്പോൻ കവിതാനന്യനല്ലെടോ!
തിങ്കൾക്കാന്തികളാൽക്കൂപം കടൽപോൽകവിയുന്നിതോ?

൨൧ പരന്റെ ഹൃദയേ പററിശ്ശിരഃകമ്പമനല്പമായ്
ഏകാസ്സിൽ കവിതൻപാക്കും ധാനുഷ്ക്കശരവും വൃഥാ.

൮൨ ശ്ലോകം ശ്ലോകമതായീട്ടും സജ്ജനൌഘസഭാതലേ,
അസൽസഭയിലെന്നാലോ ലകാരം തത്ര ലുപ്തമാം.

൮൩ സാഹിത്യാനുഭവാനന്ദം ബ്രഹ്മാനന്ദസമം മതം,
അതയതില്ലാതെയാക്കുന്ന പുരോഭാഗിത ശോച്യതാൻ.

൮൪ മഥിച്ചു നോക്കിട്ടനന്തരം രസാമൃതപരമ്പര,
ഉദിച്ചിട്ടുന്നില്ലെന്നാകിൽ കാവ്യമുൽകൃഷ്ടമായ്വരാ.

൮൫ ശബ്ദത്തിൻശക്തിയാൽത്തന്നെ സർവ്വദാ നവസൌഖ്യദാ,
കാവ്യവിദ്യാശ്രുതിഗതാ മൃതന്നും ജീവിതപ്രദാ.

൮൬ പ്രതിഭാജലസമ്പൂർണ്ണമായിട്ടും കവിമാനസേ
ലോകങ്ങളാകുമന്നങ്ങൾ വിളയാടുന്നു സർവ്വദാ.

൮൭ പദ്യം ഹൃദ്യതയാർന്നാൽ
കവിയപ്രഭുവെങ്കിലെന്തഹോ! ദോഷം?
ഭിക്ഷുകരസ്ഥിതമാമയോ-
രിക്ഷുവിനുണ്ടോ രസം നശിക്കുന്നു?

൮൮ കവിശേഖരന്മാരുടെ വാഗ്വിലാസ
വിദ്യാബ്ധികൾക്കേ രസമുത്ഭവിക്കൂ;
ചന്ദ്രാംശുവേററാലലിയുന്നവൃത്തി
ചന്ദ്രാശ്മജാലങ്ങളിൽ മാത്രമത്രേ.

൮൯ പദങ്ങൾ മുൻപുള്ളവതന്നെയെല്ലാ-
മർത്ഥങ്ങളും പാർക്കുകിലപ്രകാരം,
എന്നാകിലും ബന്ധനകൌശലത്താൽ
നന്നായ് നവത്വം കലരുന്നു കാവ്യം.

൯൦ ദോഷങ്ങളാം ചേറണിയുന്നതിന്നു
മോഹിച്ചിട്ടും ദുർജ്ജനസൈരിഭങ്ങൾ;
കവീന്ദ്രവാക്യാമരസിന്ധുവിങ്കൽ
കാമം ലഭിക്കാഞ്ഞു വലഞ്ഞിട്ടുന്നു.

൯൧ പാലുതിന്ന കവിസൂക്തിയെശ്രവി-
ച്ചാലതിങ്കലലിയാത്ത പൂരുഷൻ;
മാലതിപരിമളം വിളങ്ങവേ
നാസികാബിലമടച്ചിട്ടും ദൃഢം.

൯൨ കരിണി നൃപതിപോലും ലാളനം ചെയ്യുമാറു-
ള്ളൊരു വരകളഭത്തെപ്പെററിട്ടുന്നേറെനാളാൽ,
കഴിയുവതിയനേകം ദുർഗ്ഗം പുത്രജാലം
കിരുതുകിലതിവേഗാലുത്ഭവിപ്പിച്ചിട്ടുന്നു.

൩൯ സാക്ഷാൽ വാസനയാന്നിട്ടം കവികളെ-
        ന്നോണം വചസ്സിൻഗുണം
സൂക്ഷ്മം പാൎത്തറചെയ്തിട്ടുന്നവരുമി-
        പ്പാരിൽ ചുരുക്കം തുലോം,
അക്ഷീണം കൃതി തീൎപ്പതിന്നുമതില-
        ണ്ടുള്ളോരു മാറെറത്രയെ-
ന്നീക്ഷിപ്പാനുമൊരാത്മശക്തി ജനനാ-
        ലുണ്ടാകണം ദിവ്യമായ്. (ഇം. ത.)

൪൦ ഈ ലോകത്തെ വെടിഞ്ഞു ദേവപുരിയിൽ
        ചേലോടണഞ്ഞെങ്കിലും
പാലോലും നിജസൂക്തിയാലനിശമി-
        ങ്ങാലോലകൌതൂഹലം
മാലോകൎക്ക വളൎത്തിടും കവികളെ-
        ക്കാലോചിതസ്തോത്രമോ-
ടാലോചിക്കുകിലേവനഞ്ജലിശത-
        ത്താലോമനിക്കാ ഭുവി?

൪൧ മെല്ലെ വയ്യൂമോരോ പദം, ചുഴലവും
        ശബ്ദങ്ങളെത്തേടിടും,
നല്ലോരൎത്ഥഗണം കൊതിച്ചിട്ടു,മലം-
        കാരങ്ങൾ കൈക്കൊണ്ടിടും,
ഭാഷയ്ക്കൊത്ത സുവൎണ്ണമൊക്കെയുമെട്ടു-
        ത്തീടും തരത്തിൽ സദാ
ദോഷാന്വേഷണതൽപരൻ കവിവരൻ
        ചോരന്നു തുല്യൻ ദൃഢം.

൪൨ ഓരോ സാരോപദേശാവലികൾ സരസമായ്
        സന്തതം ഹന്ത! നൽകും,
നേരോടേ മാനസാന്തേ നിരുപമതരമാ-
        കുന്നോരാനന്ദമേകും,
വേരോടജ്ഞാനമെല്ലാം കളയു, മതിശുഭം
        ചേൎക്കുമേ മേൽക്കുമേലി-
ങ്ങാരോമൽക്കാന്തി തേടും കവിതഭുവി തരാ-
        തുള്ളതെന്തുള്ളു പാൎത്താൽ? (സു.)

കൃതഘ്നത.

൪൩ അധമൻ ഞാൻ ജന്തുക്കളി-
    ലിതി ഖേദിക്കേണ്ട സാധു ശുനകാ! നീ;

അതിനീചൻ നിന്നെക്കാൾ
കൃതഘ്നനെന്നുള്ള ശ്വാനകനുണ്ടല്ലോ.

൯൮ ഉപകാരം പരനാൽകൃത-
മുള്ളിൽ മറന്നിട്ടു മേവിടും മനുജൻ
അതികഠിനാശയനാണി-
ക്ഷിതിയിലവൻ തന്റെ ജീവിതം വിഫലം.

൯൯ നല്ലവനരുളിയൊരുപകൃതി
കല്ലിലെഴുത്തെന്നപോലെ വിലസിടും;
പൊല്ലാത്തവനിൽ ചെയ്തതു
തുല്യം നീർമേലെഴുത്തിനൊട്ടു നൂനം. (ത. ത)

൧൦൦ കാര്യം ലഭിച്ചോൻ യജമാനനേയും
സഭാര്യനായുള്ള വനമ്മയേയും
അപത്യമുണ്ടായവൾ കാന്തനേയും
ഗതാമയൻ വൈദ്യനെയും ദ്വേഷിക്കും.

കൃതജ്ഞത.

൧൦൧ ബാലതപത്തിങ്കലല്പം സലിലമതു കൊടു-
ക്കുന്നതാഹന്ത! ചിന്തി-
ച്ചാലസ്യം വിട്ടു ഭാരം നിജശിരസി വഹി-
ച്ചിട്ടു മർത്ത്യക്കനെല്പം
നാളികേരങ്ങളേകുന്നമൃതസദൃശമാം
ജീവനം, ജീവനെത്തു-
ന്നോളം സത്തുക്കളിൽ ചെയ്തൊരു ഗുണമവർതെ-
ല്ലും മറക്കില്ല പാരിൽ.

൧൦൨ പാലാദ്യം തൻകലാൻുള്ളൊരു ജലമതിനായ്
നൽകി സവ്വം ഗുണൌഘം;
പാലിൻതാപത്തെ വീക്ഷിച്ചഥ സലിലവുമ-
ത്തീയിലയ്യോ! നശിച്ചു;
പാലും മിത്രാർത്തി കണ്ടിട്ടനലനിലണവാ-
നാഞ്ഞു, വീണ്ടും ജലത്തെ-
ച്ചാലേ കൈക്കൊണ്ടടങ്ങീ; കരുതുക വഴിപോൽ
സത്തർതൻ മൈത്രിയേവം.

കോപം.

൧൦൩ ശോകങ്ങൾക്കാകരം തോയം; കാമിനീകല്മഷാകരം,
നാശങ്ങൾക്കാകരം കോപ; മാശാ പരിഭവാകരം.

൧൦൪ ഭേദിച്ചിടുന്നു ശിലപോലധമൻ നിതാന്തം
കോപത്തിൽ, മദ്ധ്യമജനം കനകം കണക്കേ,
പാഥസ്സിലേറെറാരു ശരക്ഷതമെന്നപോലെ
തീരുന്നു ശീഘ്രതരമുത്തമനുള്ള കോപം. (ത. ത.)

൧൦൫ കോപത്തെസ്സതതം ജയിച്ചുടനട-
ക്കീടുന്നു വിദ്വജ്ജനം
കോപത്താൽ ജിതമായിടുന്നനുപദം
നിസ്സാരമാകും ജനം;
ഏവം തോറെറാരു വസ്തുവോടു സഹസാ
തോല്ക്കുന്നൊരാൾക്കുള്ള ദുർ-
ഭാവം ചേർന്നൊരു വൈരമസ്സുമതികൾ-
ക്കെന്തൊന്നു ചെയ്യുന്നഹോ!

ഗർഭരക്ഷ. (സ്വ.)

൧൦൬ ഗർഭം ധരിച്ച സമയം മുതലമ്മയായെ-
ന്നുൾഫുല്ലപത്മമിഴിയുള്ളിലുറച്ചിടേണം;
അക്കാലമായവളിലുള്ളൊരു വൃത്തിയെല്ലാം
പിൽക്കാലമിശ്ശിശുവിലും നിഴലിക്കുമല്ലോ.

൧൦൭ ഭക്ഷിക്കൊലാ ലഹരി നിർഭരമാം ഗുരുത്വം
തീക്ഷ്ണത്വമെന്നിവ കലന്ന പദാർത്ഥമേതും;
ഭക്ഷിച്ചുകൊൾക മിതമായ് ശുചിയായ് ശരീരം
രക്ഷിച്ചിടാനുതകിടും ലഘുവായഭോജ്യം,

൧൦൮ ശീലിക്കണം വിമലമായ് മൃദുവായ വസ്ത്രം;
പാലിക്കണം ശുചിതയോടനിശം സ്വഗാത്രം;
ശീലിക്കണം വിമലവായുവുമായവണ്ണം;
ശീലിക്കൊലാ നനവെഴും വസനാദി മെയ്യിൽ.

൧൦൯ ആയാസമേററമരുതൊന്നിലുമെങ്കിലും താൻ
വ്യായാമമായവിധമായ് നിറവേററിടേണം;
ഭീയാർത്തിയെന്നിവയെ നൽകുമവസ്ഥയൊന്നും
ധീയാൽ തൊടാതെ പരിതുഷ്ടികലർന്നുവാഴ്ക.

൧൧൦ രാവിൽ പയോജമിഴി നിദ്രയൊഴിഞ്ഞുവെന്നാ-
ലാവിർഭവിക്കുമതിദോഷമതോർത്തിടേണം,
ആകാ മലർന്നു ശയനം, പകൽ നിദ്രചെയ്ക-
യാകാ വിപത്തിലുമകത്തു കുലുക്കമേതും.

൧൧൧ കൊള്ളാത്ത വസ്തുവിലുമാശയനല്പമായി-
ട്ടുള്ളത്തിലേറി വിളയാടുകിലായതല്പം
പുള്ളിക്കുരംഗമിഴി പത്ഥ്യസമേതമായുൾ-
ക്കൊള്ളാമൊരിക്കൽ നിജതാപമകററുവാനായ്.

൧൧൨ അഭ്യംഗസൌഖ്യമതിദൃഷ്ടി കലൎന്നു നിത്യ-
മഭ്യംഗവും സമുചിതം നിറവേററിടേണം;
ഗർഭങ്ങളാർന്ന സതിമാർ പറയുന്നയുക്തി-
ഗർഭങ്ങളായ വചനങ്ങളുമോൎത്തിടേണം.

൧൧൩ ഉണ്ടായി ഹന്ത! മലബന്ധമതെന്നുവന്നാ-
ലുണ്ടാം പ്രസൂതിയിലനല്പതര പ്രയാസം,
തണ്ടാർദളാക്ഷിയതിനാൽ നിജകോഷ്ഠശുദ്ധി-
യുണ്ടാക്കിടും വിധി യഥാവിധി ചെയ്തിടേണം.

൧൧൪ സത്യം പ്രസന്നത ദയാ ശമമേവമാദി
കൃത്യം വിടാതനുസരിച്ചു വസിച്ചിടേണം,
സത്യസ്വരൂപി സകലേശ്വരനെസ്സുഭക്ത്യാ
നിത്യം ഭജിക്കണമതാണതിയായ ധൎമ്മം.

൧൧൫ ഈവണ്ണമുള്ളവിധി സർവവുമാചരിച്ചു
മേവുന്നുവെങ്കിൽ വിഷമസ്ഥിതിയെന്നതൊന്നും
കൈവന്നിടാതെ സുഖമായ് ശുഭമാമപത്യ-
മാവിർഭവിക്കുമതിനില്ല വിവാദലേശം.

ഗാംഭീൎയ്യം.

൧൧൬ വാട്ടുന്നൊരേടമൌർവൻ; വിബുധതതി മഥി-
ക്കുന്നു മന്ഥാചലത്താൽ;
പെട്ടെന്നെത്തുന്നൊരേടം നദിക;ളനിമിഷ-
ഗ്രാഹവൃന്ദപ്രചാരം
ഒട്ടല്ല;—ബ്ദം ഹരിക്കുന്നുദക; മിഹ വണി-
ക്കും ചരിക്കുന്നിതെന്നാ-
യിട്ടും ലംഘിപ്പതില്ലസ്ഥിതിയെയുദധി; ഗാം-
ഭീൎയ്യമമ്പോ! വിശിഷ്ടം.

ഗുണം.

൧൧൭ ഗുണമുള്ളവനും തന്നുടെ
ഗുണമറിവതു പാരിലന്യനാലത്രേ
കണ്ണുകൾ നിജമഹിമാനം
കാണ്മതു കണ്ണാടിതന്നിലാണല്ലോ.

൧൧൮ ഗുണവാന്മാർ വലയുന്നു;
സൌഖ്യം പ്രായേണ നിർഗ്ഗുണക്കത്രെ
കൂട്ടിലടയ്ക്കും കിളിയെ യ-
ഥേഷ്ടം കാകൻ ചരിച്ചിടുന്നു സദാ.

൧൧൯ പിണങ്ങൊലാ ചെററുമൊരുത്തരോടും;
പിണങ്ങുകിൽ തൻ സമനോടുതന്നെ
പിണങ്ങിടേണം; കുറവല്ലയെന്നാൽ
ഗുണങ്ങളുള്ളോക്കമണഞ്ഞുപോകും.

൧൨൦ നല്ലോകമാന്യതയെഴുന്ന ഗുണം പുമാനിൽ
തെല്ലോളമെങ്കിലുമിരിക്കിലമന്ദമോദം
സല്ലോകമായതരുളും, ഗുണഹീനനായോ-
നല്ലോ സ്വയം ബത! പുകഴ്ത്തുവതോത്തുകണ്ടാൽ. (സ്വ)

൧൨൧ ഉണ്ടാകും കുതുകം ഗുണങ്ങളിയലു-
ന്നോനിൽ ഗുണജ്ഞക്കതാ-
നുണ്ടാകില്ലതു നിർണ്ണയം ഗുണലവം
തീണ്ടാതവക്കേതുമേ;
വണ്ടാരാൽ വിപിനത്തിൽനിന്നു സരസം
തണ്ടാരിലെത്തുന്നതിൻ-
തണ്ടോടൊത്തു വസിച്ചിടുന്ന തവള-
യ്ക്കുണ്ടോ രസം തെല്ലതിൽ!

൧൨൨ ശിഷ്ടന്മാർവദനത്തിൽ നല്ല ഗുണമാം
ദോഷം തഥാ നൽഗുണം
ദുഷ്ടന്മാർകൾമുഖത്തു ദോഷമതുമാ-
മാശ്ചര്യമില്ലിങ്ങിതിൽ
പെട്ടെന്നപ്പുജലം കുടിച്ചു ഘനമേ-
കീടുന്നു ശുദ്ധം ജലം
തിട്ടംപാലുകുടിച്ചുപന്നഗവുമേ-
കീടുന്നു ഘോരം വിഷം.

൧൨൩ നന്മയൊട്ടധികമാന്ന പൂരുഷവ-
രങ്കൽ മേവുമൊരു ദോഷവും
നന്മയിൽ പ്രണയമുള്ള ലോകരൊരു
കാര്യമാക്കിയുരചെയ്തിടാ

വെണ്മയേററമിയലും മൃഗാങ്കനുടെ
ബിംബമധ്യഗതമങ്കവും
സമ്മദാകുലതയോട്ടു തന്നെയിഹ
നോക്കിടുന്നിതു സമസ്തരും.

## ഗുരുഭക്തി.

൪൰൨ അധ്യാപകൻതൻപരുഷോക്തി കേട്ടി-
ട്ടുൾത്താരു കത്താതെ മഹത്വമെത്താ
ശാണോപലത്തിന്നുരവാൎന്ന രത്നം
ക്ഷോണീശമൂൎദ്ധാവിൽ വിളങ്ങിടുന്നു.

൪൰൩ വൈദേഹിതൻനൂപുരമിങ്ങു കണ്ടേൻ
മോദേന ഹേ ലക്ഷ്മണ! ഞാനിദാനീം
അന്വേഷണം ചെയ്യുക മററുഭൂഷാ-
വൃന്ദത്തെയും നീയിഹ കാനനത്തിൽ.

൪൰൪ അറിഞ്ഞുകൂടാ മമ കങ്കണാദി-
ഭൂഷാഗണം ശ്രീരഘുനാഥ! തെല്ലും
അറിഞ്ഞിടുന്നേനനിശം പദാബ്ജം
നമിക്കയാൽ നൂപുരമൊന്നുമാത്രം.

൪൰൫ ഗുരുജനമുരചെയ്യും ശാസനം കേൾപ്പതിന്നാ-
യുരുതരകുതുകം പൂണ്ടെപ്പൊഴും വാണിടേണം
ദുരിതനിരവരുത്തും ദുഷ്ടമാൎഗ്ഗേ ഗമിച്ചീ-
ടരുതരുതതുപാരം ദുസ്സഹം തന്നെനൂനം. (സു.)

## ഗൃഹസ്ഥവൃത്തി.

൪൰൬ ന്യായാൎജ്ജിതം ദ്രവ്യമിയന്നു തത്വ-
ജ്ഞാനത്തൊടാഗന്തുകമിത്രമായി
ശാസ്ത്രജ്ഞനായ് സത്യവചസ്സമായ
ഗൃഹസ്ഥനത്രേ ഭുവി മാനനീയൻ.

൪൰൭ അന്നാളോളം സ്വവിദ്യാ ബുധനുമഹിതയാം,
വൃത്തിയും ശൂദ്ധയാകും,
നന്നായ് വൈദഗ്ദ്ധ്യമേറ്റും കവിതയുമുളവായ്
വന്നിടും വേണ്ടവണ്ണം,
എന്നപ്പാകത്തിനായിട്ടുഴറിന ഗൃഹിണീ
വീട്ടിടും കുട്ടിവന്നി-
ട്ടിന്നല്ലം നാസ്തി തൈലം നഹി ലവണവുമി-
ല്ലെന്നു ചൊല്ലുന്നതില്ലാ.

## ഗ്രഹണം.

### ചന്ദ്രഗ്രഹണം.

൧൩൦ രാഹുവെന്നു പറയുന്നൊരു ഭൂമി-
ച്ഛായ ചെന്നിഹ മറയ്ക്കുകയാലേ
ഓഷധീശനുളവായിതു പാരം
രോഷമാന്ന വധുവിൻമുഖസാമ്യം. (സ.)

### സൂൎയ്യഗ്രഹണം.

൧൩൧ പാരം കാന്തി തനിക്കു വേണ്ടവിധമായ്
നൽകിപ്രകാശിക്കുമ-
സൂൎയ്യൻതൻപ്രഭയെത്തരത്തിലൊരുനാ-
ളല്പം മറച്ചീടുവാൻ
ദൂരത്തിങ്കൽ വസിച്ചിടുന്ന ശശിതാ-
നാളായ്വരുന്നോൎക്കിലി-
പ്പാരിൽത്തൻ പ്രഭുവിന്നു ദോഷനിരയെ-
ദ്ദുഷ്ടൻവരുത്തുന്നപോൽ. (സ.)

### ജന്തുഹിംസ.

൧൩൨ ഉൽകൃഷ്ടമാം ധൎമ്മമഹിംസയെന്നു
നിഷ്കൃഷ്ടമോതുന്നു മഹാജനങ്ങൾ
ശുദ്ധാശയം ചേൎന്നൊരു ബുധനുള്ള
സിദ്ധാന്തസാരത്തെയുമോൎത്തിടേണം.

൧൩൩ കാളിക്കേറ്റവുമിഷ്ടമാണിതു കഴി-
ച്ചീടുന്നതെന്നന്തരാ
മേളിക്കുന്നൊരു മൂഢബോധമതിനാൽ
സാധുക്കൾ ജന്തുക്കളെ
ചീളെന്നങ്ങനെ വെട്ടി വെട്ടി രുധിരം
പായിപ്പതോൎത്തീടുകിൽ
കാളും ദുഃഖകരം പരം ദുരിതമാ-
ണല്ലാതെയില്ലേതുമേ.

൧൩൪ കോഴിയാടുമുതലായ ജന്തുനിര-
യെപ്പിടിച്ചു കൃപയെന്നിയേ
പാഴിൽ വെട്ടുവതുകൊണ്ടു ദേവിയുടെ
നൽപ്രസാദമുളവാകിലോ

ഊഴിതന്നിൽ നിജപുത്രസന്തതിവ-
ധത്തിനാൽ ജനനിയായിട്ടും
കേഴമാന്മിഴിയിലും ഭവിക്കുമതി-
യായ മോദമതു നിൎണ്ണയം.

ജീവകാരുണ്യം.

൧൪൫ ജീവകാരുണ്യമുണ്ടായാലീശഭക്തിവളൎന്നിടും
ഭക്തിയാൽ ജ്ഞാനമുണ്ടാകും ജ്ഞാനം മോക്ഷത്തെയും
തരും. (സ്വ)

൧൪൬ ജീവകാരുണ്യമില്ലാതെ കേവലം സ്വാത്മബുദ്ധിയായ്
മേവിടുന്നപുമാൻ ഭാരം ഭുവിനേകുന്നു നിഷ്ഫലം. (സ്വ)

൧൪൭ സ്വസ്ഥതസ്സ്വാത്മതാൽപൎയ്യം സിദ്ധിച്ചുള്ളവനെങ്കിലോ
നിത്യവും ജീവകാരുണ്യമത്യന്തം സ്വീകരിക്കണം.(സ്വ)

൧൪൮ എല്ലാവരേയുമൊരുപോൽ വഴിപോലെ രക്ഷി-
ച്ചെല്ലാടവും വിലസിടും ഭുവനൈകനാഥാ!
കല്യാണമോടഖിലജന്തുഗണത്തിലാത്മ-
തുല്യാധികപ്രിയതയേകണമേ ഗുണാബ്ധേ!
(ഈ. സ്തോ.)

ജീവിതം.

൧൪൯ രസമാൎന്നിടും വചനം,
സതിയായ് സാപത്യയായിട്ടും ഭാൎയ്യാ,
ദാനസമേതം ധനമിവ-
യുള്ള പുമാൻതൻെറ ജീവിതം സഫലം.

൧൫൦ എല്ലാവരും പാൎക്കിലൊന്നുപോലെ-
യല്ലൽപ്പെടാനായിഹ സൃഷ്ടരത്രേ
കൃപാലുവായോനപരാൎത്തിയിങ്ക,-
ലല്ലാത്തവൻതൻ വ്യസനത്തിലുംകേൾ. (ഇം. ത.)

ദാരിദ്ര്യം.

൧൫൧ സത്‌കുലംവിദ്യസൌശീല്യം ശൌൎയ്യംസൌന്ദൎയ്യമെന്നിവ
നോക്കിക്കന്യയെവിടാൻപോൽ വിധിയേകും ദരിദ്രത.

൧൫൨. നരകത്തെ ദുഃഖമെന്നിങ്ങുരചെയ്യുന്നു മാനവർ
ദാരിദ്ര്യാധികമാംദുഃഖമില്ല കാലത്രയത്തിലും.

൧൫൩ തരികെന്നുരചെയ്യുന്നോനുള്ള ദുഃഖം ഗ്രഹിക്കുകിൽ
ദാതാവവന്നുനൽകീടും സ്വമാംസം കൂടെനിൎണ്ണയം.

൱൧൧ മുന്നോട്ടാശവലിക്കുന്നു, പിന്നോട്ടങ്ങനെ നാണവും
അവയ്ക്കിടയിലുഴഞ്ഞൊൽപോലാടുന്നർത്ഥികൾ മാനസം.

൱൧൨ ദക്ഷിണാശയിൽ വർത്തിച്ചു കരംനീട്ടുന്ന സൂര്യനും
കുറഞ്ഞിടുന്നു തേജസ്സു പരന്റെ കഥയെന്തഹോ!

൱൧൩ ദരിദ്രൻ വ്യാധിതൻമൂഢൻ പ്രവാസീ നിത്യസേവകൻ
അഞ്ചുപേരിവർ ജീവിച്ചു വാഴ്കിലും മൃതതുല്യരാം.

൱൧൪ ദാരിദ്ര്യമാന്നവരെയായവർതൻശരീരേ
ചേരുന്ന മാംസമതുകൂടെ വെടിഞ്ഞിടുമ്പോൾ
ദാരങ്ങൾ ബന്ധുസുതസഞ്ചയമെന്നിതെല്ലാം
ദൂരെത്യജിച്ചിടുവതത്ഭുതമോ നിനച്ചാൽ?

൱൧൫ മുൻപേയുള്ളതുതന്നെയിന്ദ്രിയഗണം,
സംസാരവും, പേരു, മുൽ-
കമ്പംവിട്ടൊരു ബുദ്ധിശക്തിയുമഹോ
പാർത്തീടിലെന്നാകിലും
വൻപേറും ധനമൊന്നു മാത്രമകല-
ത്താകുന്ന നേരം പുമാ-
നമ്പമ്പോ പുനരന്യനെന്നതുകണ-
ക്കായ്വന്നിടുന്നത്ഭുതം!

൱൧൬ ശ്രേഷ്ഠന്മാരോടടുത്താൽ കുറയു, മലസരോ-
ടെപ്പൊഴും ചേർന്നുവാഴും,
കൂട്ടീടും യോഗ്യരായുള്ളവരിലധികമീ-
ർഷ്യാഭരം, സൽസദസ്സിൽ
വാട്ടം ചേർക്കും, സ്വകൃത്യങ്ങളുടെ വഴിപിഴ-
പ്പിച്ചു കൃത്യത്തിലാക്കും
മൌഢ്യത്തിൻജ്യേഷ്ഠനോ ഹോ! പറയുകനുജനോ
ഹന്ത! ദാരിദ്ര്യദുഃഖം.

൱൨൦ ഉണ്ടാകിൽത്തൻഗൃഹത്തിൽത്തരമൊട്ടു വഴിമേൽ
ബുദ്ധിമുട്ടുന്നതൊട്ടും
വേണ്ടാ, കിട്ടും വിരുന്നും; ധനരഹിതനുതാ-
നൂട്ടിലും കിട്ടുകില്ലാ;
കൊണ്ടാടേണ്ടുന്ന പിച്ചിക്കുസുമതതിയതി-
ന്നെന്നിയേ കിംശുകത്തി-
നുണ്ടാമോ കണ്ടിവാർകേശികൾമുടിമണമേ-
ലൂന്ന ഭാഗ്യം നിനച്ചാൽ? (സ്വ.)

൧൱൪ വേണ്ടോളം ദ്രവ്യസമ്പത്തൊട്ട, കൊടിയ ദരി–
ദ്രാൎത്തി ബാധിച്ചിടാതോ–
ന്നുണ്ടോ മററുള്ളവൎക്കുള്ളുഴലിന്നുടെ വലി–
പ്പം ഗ്രഹിപ്പാനെളുപ്പം?
രണ്ടോ മൂന്നോ മുറിക്കാവ്യവുമൊരുവിധമു–
ള്ളിൽക്കടത്തിക്കൃതിക്കായ്–
ക്കൊണ്ടോരോന്നോൎത്തു ചേൎക്കുന്നവനുടെ പണിബോ–
ധിക്കുമോ സൽകവീന്ദ്രൻ?

൧൱൫ നിന്ദിക്കുന്നമ്മ; യൊന്നും സഹജനരുളുകി–
ല്ലാ; ദരിക്കില്ല പുത്രൻ
നന്ദിക്കുന്നില്ല താതൻ; പ്രിയതമ വിമുഖീ;
ഭൃത്യനും കോപിയത്രേ;
എന്നോടൎത്ഥത്തെ യാചിച്ചിട്ടുമിതി നിനവാൽ
കാണ്മതേയില്ല മിത്രം,
നന്നായാൎജ്ജിക്ക നിത്യം ധനചയ; മതിനാൽ
സൎവ്വരും വശ്യരത്രേ.

ദുൎജ്ജനം.

൧൱൬ പ്രതികൂലം പ്രവൎത്തിക്കും ശ്രോണിയും ദുഷ്ടവാണിയും,
ലോകപ്രതാരണത്തിന്നായാരു തീൎത്തിതു ദാരുണം?

൧൱൭ ക്ഷയിക്കുംതോറുമെത്തീടും മിത്രാന്തികമതിൽ ക്രമാൽ,
അകലും വൃദ്ധിയിൽ ദോഷാകരൻ കേൾ മലിനാശയൻ.

൧൱൮ വിശിഖവ്യാലശബ്ദങ്ങൾക്കന്ത്യവൎണ്ണങ്ങൾകൊണ്ടുതാൻ
നിൎമ്മിതന്നു പരപ്രാണഹരണം യുക്തമല്ലയോ?

൧൱൯ പുലിയുടെ രോഗം തീൎത്താരു
വൈദ്യൻതാനതിന്നു പഥ്യഭോജനമാം;
ഖലനായ് ചെയ്തോരുപകൃതി
കല്ലിൻമേലിട്ട കലശമാണല്ലോ. (ത. ത)

൧൱൰ നവവൎണ്ണങ്ങളറിഞ്ഞാൽ
ശിവനുപദേശിപ്പതിന്നു തുനിയുന്നു;
വസനവുമശനവുമാന്നാൽ
വൈശ്രവണനെയും ഹസിച്ചിടുന്നു ഖലൻ.

൧൭൮ പാത്രമപാത്രമതാക്കും
സ്നേഹഗുണങ്ങൾക്കു നാശവും ചേക്കും
അമലേ മലമുണ്ടാക്കും
ദീപത്തിൻജ്വാലപോലെ ഖലമൈത്രി.

൧൭൯ ബഹുധാന്യഖണ്ഡനത്തെ
സ്വാമുണ്ഡത്താൽതന്നെ ചെയ്തു സന്തതവും
പതനസ്വഭാവമിയലും
ഖലനും മുസലത്തിനും നമസ്കാരം.

൧൮൦ തലയതിൽ വച്ചെന്നാലും
സ്നേഹത്താൽ നിത്യമുപചരിച്ചാലും
മടവാർകുഴൽപോൽ നീചൻ
കൌടില്യത്തെ ത്യജിക്കയില്ലേതും.

൧൮൧ വിശ്വസിച്ചുപചരിച്ച നിർമ്മല-
സ്വാന്തനിൽ ദുരിതമാചരിച്ചിട്ടും
ദുഷ്ടനാകിയ പുമാനെയംബ! ഹേ
ഭൂമി! നീ ബത! വഹിപ്പതെങ്ങനെ?

൧൮൨ കണ്ണാമൃതം സൂക്തിരസം വെടിഞ്ഞു
ദോഷങ്ങൾകാണ്മാൻ വലയുന്നു ദുഷ്ടൻ;
പൂങ്കാവിലെയ്യൊത്തിയൊരൊട്ടകത്തിൻ
നോട്ടങ്ങൾ മുള്ളുള്ള മരങ്ങൾ കാണ്മാൻ.

൧൮൩ മഹത്വമേറുന്നവളാണു മാതാ;
ഖലകുലത്രയതിലും മഹത്വം;
മലത്തെ നീക്കുന്നവൾതൻകരത്താ;-
ലവൻ ഹരിക്കുന്നതു ജിഹ്വയാലേ.

൧൮൪ അന്യന്നെഴുന്ന ശുഭകീർത്തിഭരാഗ്നിയിൽ പെ-
ട്ടന്നന്നമന്ദമെരിയും ഹൃദയത്തിൽനിന്നും
ചിന്നുന്ന ധൂമനിരയെ സ്വമുഖത്തിലൂടെ
തന്നിന്ദയെന്ന കപടേന വിടുന്നു ദുഷ്ടൻ.

൧൮൫ അന്യന്നുമോദമുളവാക്കിന നന്മയെന്നും
തന്നിൽപെടാത്തൊരതിതുച്ഛനതായ മർത്ത്യൻ
അന്യന്റെ ദോഷമരുളി സ്വജനത്തിനേററ-
മന്യൂനമോദമരുളുന്നതിനുന്നിടുന്നു.

൧൮൬ മല്ലാസനൻ ഖലനെ നിർമ്മിതിചെയ്തതിങ്കൽ
വില്ലങ്കമില്ല ഗുണമേ സുജനത്തിനുള്ളു

അല്ലിങ്കലാന്നിട്ടമിരുട്ടകരുട്ടകല്ലു-
മില്ലെങ്കിലക്ഷ്മണികൾക്കു മഹത്വമുണ്ടോ?

൫൰൭ ഉടൽ കഴുകുവതിന്നും പൂമണം പൂണ്മതിന്നും
വടിവൊടു ജലപാനത്തിന്നുമൊന്നിന്നുമല്ലാ
സ്ഫടികവിമലതോയേ ചേർ കലക്കാൻ സരസ്സി-
ന്നടയ നടുവതിങ്കൽ കാസരം മുങ്ങിടുന്നു.

൫൰൮ മേലക്ഷേമം വരുവതിന്നെരയാ-
ക്കാതെകണ്ടാത്മഭാര്യാ-
ബാലക്ഷേമം കരുതിയിതരരോ-
പദ്രവം ചെയ്തു നിത്യം
ശീലക്ഷേപം ശിവശിവ! ഗണി-
ക്കാതെ മേവും നരൻ തൻ
"കാലക്ഷേപം വളരെ വളരെ-
ക്കഷ്ടമീ വിഷ്ടപത്തിൽ."

൫൰൯ പുല്ലും നൽജലവും പ്രമോദമിവയാൽ
കാലം കഴിച്ചേത്രയും
നല്ലോണം മരുവും മൃഗങ്ങൾ ഝഷവും
സത്തുക്കളും സർവ്വദാ;
വല്ലാതായവരോടു വേടനുമഹോ!
കൈവർത്തനും ദുഷ്ടനും
ചൊല്ലാമേറെ വിരോധമുണ്ടതു സഖേ!
നിഷ്കാരണം കേവലം.

൬൰ ഏററം ദുസ്സഹമായിട്ടും ചുളുചുളെ-
ക്കുത്തുന്ന രോഗേകിട്ടും
മാററീടും നിജഭാവവും, ബത! മറ-
ച്ചീടും സ്വബോധത്തെയും,
പററിക്കുന്നിതു ജീവഹാനിയെയുമി-
ങ്ങത്യന്തഘോരം വിഷം
ചീററം ചേർന്നിട്ടമദ്വിജിഹ്വരിലെഴും
ദുർവ്വാക്കുപോലോക്കിൽ. (സ്വ)

൬൰൧ ധൂമം വല്ലവിധത്തിലും ജലദമായ്-
ത്തീന്നിട്ടു വഹ്നിക്കെഴും
ധാമം വർഷജലങ്ങൾകൊണ്ടഥ നശി-
പ്പിക്കുന്നിവണ്ണംപരം

കേമത്തം ഖലനംകലൻ വളരും
        ഗർവ്വത്തിനാൽ നീതിയെ-
ക്കാമം ഹന്ത! വെടിഞ്ഞു തൻകുലമതിൻ
        നാശം വരുത്തുന്നുതാൻ.
൧൨൨ മററുള്ളോരുടെ മർമ്മസന്ധികൾ പിള-
        ർന്നീടും ഭുജിഹ്വാതുമു-
ണ്ടു,ററിട്ടങ്ങനെ രന്ധ്രമെപ്പൊഴുതുമ-
        ന്വേഷിച്ചു തോഷിച്ചിടും
മുററീടും കുടിലതുമോട്ട തെളിവി-
        ല്ലാതുള്ള മാർഗ്ഗങ്ങളിൽ
ച്ചുററും സർപ്പവുമൊക്കെ ദുഷ്ടജനവും
        ജ്യേഷ്ഠാനുജന്മാർ സഖേ! (സ.)
൧൨൩ മററുള്ളോരുടെ നന്മ കണ്ടധികമായ്
        പററീട്ടസൂയാഭരം
തെറെറന്നായവരെട്ടൂഷിക്കവതിനായ്
        മുററും പ്രയത്നിച്ചുടൻ
ചെററും ശങ്കവെടിഞ്ഞു കൃത്രിമവചഃ-
        സ്സുറേറാതുവാനെപ്പൊഴും
ച്ചുററും ദുഷ്ടനൊരിക്കലും ഗുണഗണം
        പററില്ല തെററില്ലിതിൽ.
൧൨൪ സന്തോഷത്തെ വെടിഞ്ഞ ദാന,മുപകാ-
        രത്തെ മറന്നിട്ടക-
ത്യന്തം ദുഷ്ടരെ വാഴ്ത്തിയോതുക, മഹാ-
        ന്മാരെപ്പുഴിച്ചീട്ടക,
സ്വാന്തേ സൽക്കഥ കേൾപ്പതിങ്കൽ മടിയെ-
        ന്നിച്ചൊന്നതെല്ലാം തിക-
ച്ചേന്തീടുന്നവനാണു ദുഷ്ടമതിയീ-
        ലോകത്തിൽ നിസ്സംശയം.
൧൨൫ മന്ദം വന്നരികത്തണഞ്ഞു മധുരം
        ശബ്ദിച്ചു മേവും, തരം
മന്ദിക്കാതഥ നോക്കി നിഷ്കരുണമായ്
        മർമ്മങ്ങൾ ഭേദിച്ചിടും,
മന്ദാക്ഷം കലരാതെയെത്തുമകലെ-
        പ്പായിക്കിലും വീണ്ടുമീ-
മന്നിൽ ദുഷ്ടജനം നിനയ്ക്കിൽ മശകം
        തന്നോട്ടുതുല്യം സഖേ!

൫൩൬ നേരും ധമ്മമതും വെടിഞ്ഞ നരനെ
ക്രോധാഗ്നിയേറിക്കവി-
ഞ്ഞാരാൽ വന്നണയുന്ന ഭോഗിവരനെ-
ക്കാളും ഭയന്നീടണം,
ഘോരൻ ഭോഗിവരൻ കടിക്കിലൊരുവൻ
മാത്രം നശിക്കുന്നിത,-
ക്രൂരൻതന്നുടെ ദുഷ്ടവൃത്തിയിൽ നശി-
ച്ചീടുന്നനേകം ജനം

൫൩൭ സ്പഷ്ടം താൻ ഗുണദോഷമൊക്കെ വഴിപോൽ
ശിഷ്ടോപദേശമോതീടിലും
ദുഷ്ടാത്മാവിയലുന്ന ബോധലവദുർ-
വൈദഗ്ദ്ധ്യമേറും ജനം.
കഷ്ടം! മൂഢപരമ്പരാനുഗതദുർ-
വ്യാപാരമൊട്ടെങ്കിലും
"വിട്ടീടുന്നതസാദ്ധ്യമെന്നു ദൃഢമായ്-
തോന്നുന്നിതെന്നാശയ."

൫൩൮ ദുഷ്ടന്മാരൊടു നല്ല മാർഗ്ഗമുപദേ-
ശിപ്പാൻ തുനിഞ്ഞീടൊലാ
ശിഷ്ടന്മാരൊരുനാളു, മുണ്ടതിൽ മഹാ-
ദോഷങ്ങൾ വേണ്ടോളവും;
ദുഷ്ടത്വം വിടുകില്ല ദുഷ്ടരതിനെ-
ന്തയ്യോ! സദാ ദുശ്ശ-
സ്ത്രിഷ്ടംപോലഥ സൃഷ്ടിചെയ്യു വഴിപോൽ
ഘോഷിക്കുമെല്ലാടവും. (സു)

൫൩൯ ഓരോ നല്ലുപദേശമൊട്ടുവളരെ
ചൊല്ലിദ്ധരിപ്പിക്കിലും
പാരിൽ ദുർമ്മതിയായവൻ സുമതിയായ്-
ത്തീർന്നീടുകില്ലെന്നുമേ
ചാരുശ്രീ സലിലങ്ങളാൽ പലവിധം
ഭംഗ്യാ കുളിപ്പിക്കിലും
സാരത്വംകലരുന്ന നൽക്കുതിരയായ്-
ത്തീർന്നീടുമോ ഗദ്ദഭം?

൫൪൦ വൻകാറ്റേററിളകിപ്പടർന്നു വലുതായ്-
ക്കത്തുന്ന ദാവാനലൻ
ഹുങ്കാരത്തൊടഹോ! ദഹിച്ചിടുമൊരി-
ക്കാണുന്ന വൃക്ഷങ്ങളിൽ

എൻകാർമേഘപതേ! ഭവാൻ മഴപൊഴി-
        ക്കില്ലെങ്കിലോ വേണ്ട നി-
ശ്ശങ്കാലേശമിവററിൽ വജ്റഹതിയേ-
        ല്പിക്കുന്നതെന്തിന്നെടോ?
൧൱൧ തന്നിൽ ചേൎന്നൊരുദോഷമേറെ വലുതാ-
        ണെന്നാകിലും കാണുകി-
ല്ലിന്ന്യൻതന്നുടെയല്പദോഷമതിലും
        ചേരുന്ന ദിവ്യേക്ഷണം,
തന്നെത്താനതിയായ് പുകഴ്ത്തു,-മപര-
        ന്നുള്ളൊരു മാഹാത്മ്യമോ
ചൊന്നീടാ ലവലേശമീവക മഹാ-
        ദുഷ്ടൻെറ ചട്ടങ്ങളാം.
൧൱൨ തീക്ഷ്ണാത്മതപമിയന്നിടുന്നവനുയ-
        ൎന്നാൽ ജനിപ്പിച്ചൊര-
സ്സാക്ഷാൽ തൻജനകൻെറയാത്മദഹനം
        ചെയ്തീടുമെന്നിങ്ങനെ
സൂക്ഷ്മം താനറിയിച്ചുകൊണ്ടു ജനക-
        തപം ചേൎന്നാ വേണുപ്രജം
വീക്ഷിച്ചീടുക കാട്ടുതീയിഹ ദഹി-
        ച്ചീടുന്നു പാടേ ജവാൽ.
൧൱൩ മെത്തും ഹന്ത! തമസ്സിൽ മോദമിഹ സൂ-
        ൎയ്യാലോകവൈമുഖ്യമോ-
ടൊത്തിട്ടങ്ങനെ ദുർവ്വചോമലമുതി-
        ൎത്തീടും സപവക്ത്റാന്തരാൽ
എത്തീടും നിജപക്ഷപാതമവലം-
        ബംവിട്ടു മാൎഗ്ഗത്തിലാ-
യിത്ഥം "പാപലിനൊത്തവൻ മുഖമവാ-
        ക്കാപാക്കതിന്നെന്തുവാൻ?"
൧൱൪ ഇല്ലേതും ഹാനി സാമ്യത്തൊടുമകമറിവാ-
        മഗ്നിയാൽ ശുദ്ധമാകും
കല്യക്ഷ്വാദുഷ്ടവാക്യാൽ, ശ്രുനിയുടെ കുരയാ-
        ലിന്ദുവിന്നെന്നപോലെ
ചൊല്ലാ,മെന്നാൽ യമൻതന്നുടെ കഠിനഭട-
        ന്മാർകൾ കല്പാന്തമോളം
ചൊല്ലേറും നാരകേ ചേൎത്തിവരെയതിരുഷാ
        ദുഃഖമേല്പിക്കുമേററം.

൧൪൫ പാന്ഥാ! താനാരു? ഞാനോ ഖലകുലവരനാ-
ണി; ക്കൊട്ടുങ്കാട്ടിൽവാഴ്—
ന്നോന്തേ?, സിംഹാദിയാകും മൃഗകുലമിഹ മാം
തിന്മതിന്നാഗ്രഹത്താൽ;
എന്തിന്നീ നല്ലദേഹം കളവതു? ബത! മ-
ദ്ദേഹമാംസം ഭുജിച്ചി-
ട്ടേന്തിട്ടും മർത്ത്യമാംസാശനരസമൊടതെ-
ല്ലാരെയും കൊല്ലുമല്ലോ.

ദുരഭിമാനം.

൧൪൬ സന്താനത്തിനു മേലിലങ്ങനുഭവി-
പ്പാനുള്ള വസ്തുക്കളെ-
ച്ചിന്തിക്കാതെകൊടുത്തു ഹന്ത! വിലവാ-
ങ്ങിക്കൊണ്ടു കല്യാണവും
അന്തമ്മോദമൊടേ നടത്തിയൊടുവിൽ
ദാരിദ്ര്യമാന്നീടുവാ-
നെന്തായാലുമൊരുങ്ങിടുന്നതു മഹാ-
മൌഢ്യം മഹാസങ്കടം. (ല. ക.)

൧൪൭ കല്യാണം വന്നിടുമ്പോളതു ബഹു വിഭവ-
ത്തോടു ഘോഷിച്ചു ഘോഷി-
ച്ചില്ലെന്നാൽ നമ്മെയെല്ലാവരുമിഹ സതതം
നിർണ്ണയം നിന്ദചെയ്യും
ഉല്ലാസത്തോടിവണ്ണം കരുതിയധികമായ്
ദ്രവ്യനാശംവരുത്താ-
നില്ലേതും ശങ്ക കഷ്ടം! കടവുമതിനു വാ-
ങ്ങിടുവാൻ പേടിയില്ലാ. (ല. ക.)

ദുഷ്കവി (ദുഷ്കവിത.)

൧൪൮ അകവിതത്തിനാലില്ല ശ്രുതി ശിക്ഷയധർമ്മവും;
കുകവിതമഹോ! സാക്ഷാൽ ശ്രുതിയെന്നാണു സമ്മതം.

൧൪൯ പാഠം വയ്പാൻ മിടുക്കില്ല, ജനനീരാഗമകിടും,
ബഹുലാലാപനാകും ദുഷ്കവി ബാലകസന്നിഭൻ.

൧൫൦ ഉറക്കാമ്പിനേറീടിന ബാധനൽകും,
ചിക്കെന്നു ശയ്യസ്ഥതി ദോഷമേകും,
തീക്കായ്കിൽ വേഗത്തിൽ വളൻകൂട്ടും,
"ദുഷ്കാവ്യവും മൂട്ടയുമൊന്നുപോലെ."

൧൯൫ കല്പാന്തത്തോളമേററം മഹിമയൊടു വിള-
ങ്ങുംവിധം സൽകവീന്ദ്ര-
ക്കിപ്പാരിങ്കൽ ഭവിക്കും വിമലതരയശ-
സ്സിങ്കലുള്ളാഗ്രഹത്താൽ
കെല്പേറുന്നായവക്കുള്ളൊരു കൃതിയിലെഴും
സൽപദം സ്വപ്രബന്ധേ
ചേപ്പ്ാനപ്പാടു കക്കും "മനുജരുടെ ചരി-
ത്രം" വിചിത്രം "നിനച്ചാൽ"

൧൯൬ ശ്ലോകം സൽഭാവമേലും പ്രതിഭയൊടു ചമ-
ച്ചിട്ടു ദിക്കെട്ടുമേററം
ശ്ലോകംനേടുന്ന ഭൂരിശ്രമതതികൾ സഹി-
ക്കും കവിക്കൊപ്പമായി
ശ്ലോകം തങ്ങൾക്കു മുണ്ടാക്കണമിതി കൊതിയാ-
ലദ്യ നിർവ്വിദ്യരായോർ
ശ്ലോകം "കുത്തി" "ക്കേറിക്ക"ന്നിതിനൊരു കുറവു-
ണ്ടാകിലുണ്ടാം ഗുണങ്ങൾ.

ദേശസഞ്ചാരം.

൧൯൭ ദേശസഞ്ചാരവും വിദ്വൽസേവയും ചെയ്തുമേവിടും
നരൻെറബുദ്ധി വെള്ളത്തിലെണ്ണപോലെ വിശാലയാം.

൧൯൮ അന്നങ്ങൾ സത്തുക്കൾ ഗജങ്ങളും കേൾ
ദേശം വെടിഞ്ഞിട്ടു ഗമിച്ചിടുന്നു,
മൃഗങ്ങൾ കാകങ്ങൾ കുമത്ത്യരും ഹാ!
സ്വദിക്കിൽ മേവീട്ടു മരിച്ചിടുന്നു.

൧൯൯ പാരം സൂക്ഷ്മതയോടു വിസ്തൃതതരം
വൎണ്ണിച്ചുചൊല്ലീടിലും
ചാരേ കാണ്മതുപോലെ വസ്തുഗതിബോ-
ധിപ്പാൻ പ്രയാസപ്പെടും,
നേരോടായതുകൊണ്ടു വേണ്ടവിധമായ്
ദേശാടനം ചെയ്യുകിൽ
ചേരും ബുദ്ധിവികാസപാകസുപരി-
ഷ്കാരങ്ങൾ സാരങ്ങളായ്. (സു)

ദോഷം.

൨൦൦ അനുചിതകൎമ്മാരംഭം
സംഘവിരോധം മഹാനിൽ മത്സരവും

പ്രമദാജനവിശ്വാസവു-
മിവ നാലും നാശകാരണം നൂനം.

൯൭ ദോഷം ബോധിച്ചു സൂക്ഷ്മം മരുവുമവനില-
ദ്ദോഷമേറെബ്‌ഭവിക്കി-
ല്ലീ;ഷൽത്തെററായവങ്കൽ പെട്ടുകിലതു നട-
പ്പോൻെറ കാൽമാററമത്രെ,
ദോഷം വന്നാലതിങ്കൽ പ്രിയതയൊടതിനെ-
സ്സാധുവാക്കാൻ ശ്രമിക്കിൽ
ദോഷൻ താനെന്ന നാമം, ബുധനമരുളിട്ടു-
ന്നല്ലരായോരുപോലും.

൯൮ നാനാബോധങ്ങളുണ്ടെങ്കിലുമിഹ നിജദോ-
ഷപ്രബോധം മഹാന്മാർ
മാനിച്ചീട്ടുന്നതാണിങ്ങു, ശുഭവഴി തട്ടു-
ത്തീട്ടു,മെന്നല്ല നിത്യം
ശീലിക്കിൽ ചിത്തശുദ്ധിപ്രദ, മറിയുകിൽ നീ-
ങ്ങീടും ദോഷമെല്ലാം
മേലെന്നേകുന്ന മോദത്തെയുമിതുസുജന-
ങ്ങൾക്കു കല്പദ്രുവത്രെ.

ധനം (ലക്ഷ്മി)

൯൯ വയോവൃദ്ധൻ തപോവൃദ്ധൻ ജ്ഞാനവൃദ്ധനുമങ്ങനെ
ധനവൃദ്ധൻെറ വാതുക്കൽ കാത്തുനില്ക്കുന്നു സർവ്വദാ.

൧൦൦ ഗുണമുള്ളവരെക്കണ്ടാൽ ബന്ധിക്കും തന്നെയെന്നഹോ!
ശങ്കിച്ചു മാൻപേടപോലെ ലക്ഷ്മിയോടുന്നു ദൂരവേ.

൧൦൧ ഗോവിന്ദൻഗോക്കളോടൊത്തു കളിച്ചെന്നോർത്തുതാർമക
ഗോസമന്മാരൊടൊത്തിന്നും കളിക്കുന്നു പതിവ്രതാ. (ളം

൧൦൨ ശൂരനും വിദ്വ്യയുള്ളോനും സേവാനൈപുണ്യശാലിയും
തങ്കം പൂക്കുന്ന മഹി,യത്തൻകൈയിങ്കലണച്ചിട്ടും.

൧൦൩ സംശയംവേണ്ട, താർമങ്ക സമുദ്രജലജന്തുതാൻ
പേടിക്കുംധീവരന്മാരെ;-ജ്ജഡൌഘം തന്നിൽ മുങ്ങിടും.

൧൦൪ ശരിയായുരചെയ്താലും
ദരിദ്രവാക്യം ശ്രവിക്കയില്ലാരും,
പരുഷം കപടവുമാട്ടെ
പ്രഭുവിൻവാക്യം സമസ്തസംപൂജ്യം.

൧൦൫ ശ്രോത്ര നേത്രം വാക്കിവ
ലക്ഷ്മിലയിപ്പിച്ചിട്ടുന്നതത്ഭുതമൊ?
വിഷസോദരിയായിട്ടുമവൾ
കൊല്ലുന്നില്ലെന്നതോൎക്കിലത്ഭുതമെ.

൧൦൬ കുടലാ ലക്ഷ്മീവസിക്കു-
ന്നിടമതിൽ വാഗ്ദേവി വാഴ്കയില്ലറിക.
ശ്വശ്രുവിനും വധുവിന്നും
വിശ്വത്തിൽ സൌഹൃദം ചുരുക്കം താൻ.

൧൦൭ ഖഗങ്ങൾ വൃക്ഷത്തിനെയെന്നപോലെയും
നദങ്ങളസ്സാഗരമെന്നപോലെയും
വധുക്കൾ ഭൎത്താവിനെയെന്നപോലെയും
ഗുണങ്ങളെല്ലാം ധനമാശ്രയിച്ചിട്ടും.

൧൦൮ അതേഗേഹം, യാതൊന്നതിൽ മഹതിയാം
ലക്ഷ്മിവിലസു-
ന്നു;തേലക്ഷ്മീ,യാതൊന്നിനെയനുഭവി-
ക്കുന്നു സുജനം;
അതേലോകത്തിൽ സുജന,മെത്തു സ-
ദ്വിദ്യയണയു-
ന്നു; തേ വിദ്യാ, യാതൊന്നഖിലപതിയിൽ
ഭക്തിസഹിതം.

൧൦൯ പൂമാതേ!ഹന്ത! നീ മൂഢനുധനമരുളു-
ന്നീ; ഷ്യയേ സൂരിമാരിൽ?
പ്രേമം മൂഢങ്കലില്ലാ ചപലതയുമെനി-
ക്കീൎഷ്യയും തെല്ലുമില്ലാ;
ഈ മന്നിൽ സൂരിമാരെസ്സകലരുമൊരുപോൽ
സാദരം സൽക്കരിക്കു-
ന്നാ;മന്ദന്നില്ല മററിങ്ങൊരുഗതി;യതിനാൽ
ഞാൻ കൊടുക്കുന്നു വിത്തം.

### ധൎമ്മം.

൧൧൦ ചിലരോട്ടുന്നസമ്പത്തിന്നന്യൎകാമത്തിനും സദാ
ഇഷ്ടമേകുന്ന ധൎമ്മത്തിലില്ലുത്സാഹമൊരുത്തനും.
൧൧൧ മരിച്ചിടുംനേരവുമാശ്ശു പിൻപേ
തിരിച്ചിടും ധൎമ്മമതാണു ബന്ധു;

മററുള്ളതെല്ലാമിഹ ദേഹനാശം
പററുന്നകാലത്തു നശിച്ചിടുന്നു.

൨൭൨ അശക്തനത്രേ ബലശാലിതാനും,
ദരിദ്രനത്രേ ധനവാനുമപ്പോൾ,
മൂഢാശയൻ പണ്ഡിതനും ജഗത്തിൽ,
ധർമ്മാശയില്ലെന്നു വരുന്നതാകിൽ.

൨൭൩ ധർമ്മംതന്നെ നിനയ്ക്കിലീശ്വരനു സ-
ന്തോഷപ്രദം സർവ്വദാ
ധർമ്മംവിട്ടുനടന്നവർക്കു സുഖമു-
ണ്ടായീല മാലെന്നിയേ;
ധർമ്മം ശർമ്മമശേഷമേകുവതിനും
പാത്രംജഗത്തിങ്കല—
"ധർമ്മത്തെപ്പുരുസങ്കടത്തിലുമുപേ-
ക്ഷിക്കൊല്ല മല്ലേക്ഷണേ!"

൨൭൪ അല്ലേയെൻചിത്തമേ! നീ സുഖമതിലധികം
സർവ്വദാ കാംക്ഷയുള്ളോ-
ന്നല്ലേ; യെന്നാൽ സുഖത്തിന്നുടയൊരു വലുതാം
ബീജമധർമ്മമത്രേ;
ചൊല്ലേറും ധർമ്മമീശസ്മരണമൊടിഹത-
ന്നാൽ മനോദുഃഖമുണ്ടാ-
കൊല്ലാ മററാർക്കുമെന്നുള്ളൊരു ശപഥമനു-
ഷ്ഠിക്കയാണോർക്ക നന്നായ്. (ഈ. സ്തോ.)

ധൈര്യം.

൨൭൫ യുഗാന്തവായുവേഗത്താലിളകും പർവ്വതങ്ങളും;
അതിദുഃഖത്തിലും ചെററും കുലുങ്ങാ ധീരമാനസം.

൨൭൬ ക്ഷയിക്കുന്നില്ലയേവൻെറ ബുദ്ധിയാപത്തിലൊന്നിലും;
അതിൻമഹിമയാൽത്തന്നെയവൻ തീർക്കുമതൊക്കെയും.

൨൭൭ അല്പകാര്യംതുടർന്നാലുമധികം വ്യഗ്രനാം ജളൻ
മഹാരംഭത്തിലും തെല്ലുമിളകുന്നില്ല ബുദ്ധിമാൻ.

൨൭൮ ക്രൂരമാം ദൈവയോഗത്താൽ ഘോരദുഃഖം വരുംവിധൌ
മഹാൻെറ ഹൃദയം ധൈര്യവജ്രകഞ്ചുകമാർന്നിടും.

നിയമം

൨൭൯ നിത്യം നടത്തുന്നതിനുള്ള നാനാ-
കൃത്യങ്ങളിൽ പെട്ടു കുഴങ്ങിടാതെ

ഓരോന്നിനും തൻസമയംപകുത്തു
ക്രമപ്പെടുത്തീട്ടു നടക്ക സൂക്ഷ്മം.

### പത്ഥ്യം.

൨൨൦ പത്ഥ്യമില്ലെങ്കിൽരോഗിക്കു ഫലമെന്തൌഷധത്തിനാൽ;
പത്ഥ്യമുണ്ടെങ്കിൽരോഗിക്കു ഫലമെന്തൌഷധത്തിനാൽ

൨൨൧ അപത്ഥ്യവാന്റെയായുസ്സു യാതൊന്നു ഫലവൃദ്ധിയും,
അതത്രേ കാകതാലീയമതുതന്നെ ഘുണാക്ഷരം.

### പരഗൃഹഗമനം.

൨൨൨ കാൎയ്യമില്ലാതെയന്ന്യന്റെ ഗൃഹത്തിൽ പോയിടും നരൻ
കൃഷ്ണപക്ഷേന്ദുവെപ്പോലെ ലഘുവായി വരും ക്രമാൽ.

### പരാക്രമം.

൨൨൩ കാലുകൊണ്ടു ചവിട്ടുമ്പോൾ മൌലിമേലേറിടും പൊടി
നിന്ദിക്കിലും സ്വസ്ഥനായീടുന്നോനെക്കാളുമുത്തമം.

൨൨൪ കളിയായ് ശത്രുമൂൎദ്ധാവിൽ ചവിട്ടീടാതെ കണ്ടുതാൻ
നിരാലംബനയായ് കീൎത്തി വിണ്ണിലേറുന്നതെങ്ങനെ?

### പരീക്ഷ.

൨൨൫ ആപത്തിങ്കൽ ബന്ധുപരീക്ഷാ;
യുദ്ധത്തിങ്കൽ ശൂരപരീക്ഷാ;
വിനയത്തിൽത്താൻ വംശപരീക്ഷാ;
യുവതിപരീക്ഷാ ധനഹീനനിലും.

### പരോപകാരം.

൨൨൬ ഗ്രന്ഥകോടികളാലുക്തം ശ്ലോകാൎദ്ധത്തിൽ പറഞ്ഞിടാം
പരോപകാരമേപുണ്യം; പാപം താൻ പരപീഡനം.

൨൨൭ സ്വയം പാരമുഴന്നുംകൊണ്ടന്ന്യതാപം കെടുക്കയാൽ
സുവംശജാതം സുഘനം വ്യജനം പോലെ ശോഭനം.

൨൨൮ ഭജിച്ചിടും വൈരിയിലും മഹാന്മാർ
തുണച്ചിടും സംശയമില്ല തെല്ലും;
സപത്നിയാമദ്രിസരിത്തിനേയും
സിന്ധുക്കളംബോധിയിലാക്കിടുന്നു.

൨൨൯ മാൎത്താണ്ഡനന്നളിനിതന്നെ വിടുത്തിടുന്നു
രാത്രീശനാമ്പൽനികരത്തെയുമപ്പ്രകാരം

അൎത്ഥിച്ചിടാതെ ജലമഭ്രവൃന്ദമേകിടുന്നു
സത്തുക്കളന്യനു ഗുണം സ്വയമേവ ചെയ്‌വൂ

൨൩൦ മററുള്ളവൎക്കു ഹിതനായ സുമാനുഷൻ താ-
നററീടിലും കരുതുകില്ല വിരോധമേതും;
ചുററും മുറിക്കുമൊരു വെണ്മഴുവിൻമുഖത്തിൽ
തെററെന്നു ചന്ദനമരം മണമേററിടുന്നു.

൨൩൧ ഉപകൃതിയൊരുവന്നായ്‌ ചെയ്തുവെന്നാലതിൻ പ്ര-
ത്യുപകൃതിയവനെപ്പോഴും ചെയ്യുമോയെന്നിവണ്ണം
കരുതരുതിഹ കേരം വേരിനാലാൎന്നവെള്ളം
സുരുചിരമഥ ശീൎഷംകൊണ്ടു നൽകുന്നുവല്ലോ. (ത. ത)

൨൩൨ പാരിൽ ക്ഷീണതയാൎന്നവൎക്കു പരമാ-
നന്ദംകൊടുക്കും ഫലം
പാരംനൽകിടു, മന്യദീയഗതി മു-
ട്ടിച്ചീടുകില്ലൊട്ടുമേ,
പേരാളുന്ന പരോപകാരമരുളും
പ്രാണൻവെടിഞ്ഞിട്ടുമി-
ന്നാരികേളമഹീരുഹോത്തമനഹോ!
ശിഷ്ടന്നു ദൃഷ്ടാന്തമാം. (സ്വ.)

൨൩൩ തൻകാൎയ്യത്തെ വെടിഞ്ഞുമന്യനുതകു-
ന്നോനെത്രയും സത്തമൻ,
തൻകാൎയ്യത്തെ വിടാതെയന്യനുതകു-
ന്നോനിങ്ങു സാമാന്യനാം;
തൻകാൎയ്യത്തിനിഹാന്യകാൎയ്യഹനനം
ചെയ്യുന്നവൻ രാക്ഷസൻ
വ്യൎത്ഥം ഹന്ത! പരാൎത്ഥനാശകനു പേ-
രെന്തെന്നറിഞ്ഞീല ഞാൻ.

൨൩൪ പൊന്നിൻകുണ്ഡലമല്ല ശാസ്ത്രമതുതാൻ
കൎണ്ണത്തിൽ നൽഭൂഷണം
മിന്നും കങ്കണമല്ല ദാനമതുതാൻ
പാണിക്കു നൽഭൂഷണം;
ചിന്നീടും കൃപകൊണ്ടലിഞ്ഞവർകൾതൻ
ദേഹത്തിൽ നൽഭൂഷണം
നന്നായുള്ള പരോപകാരമതുതാ;
നല്ലുത്തമേ ചന്ദനം.

൨൱൫ ചോട്ടിൽ ചുററിക്കിടക്കുന്നഹിനിര, ശിഖരം
തോറുമേറുന്ന പക്ഷി-
ക്കൂട്ടം മേവുന്നു, ശാഖാവിതതിയിൽ നിവസി-
ക്കുന്നു ശാഖാമൃഗങ്ങൾ,
മട്ടോലും പുഷ്പജാലങ്ങളിലളികൾ വിള-
ങ്ങുന്നഹോ! ചന്ദനോവീ-
രുട്ടിങ്ങന്യോപകാരത്തിനു സുജനമതിൻ-
ട്രീതിയെന്നോതിടുന്നു.

പാതിവ്രത്യം.

൨൱൬ കായക്ലേശം പരം ചെയ്തിട്ടിഹ പൂരുഷനാന്നിടും
ഫലത്തെ നാരിയാളുന്നു ഭർതൃശുശ്രൂഷയൊന്നിനാൽ.

൨൱൭ ഗൃഹമല്ല ഗൃഹംപാത്താൽ; ഗൃഹം ഗൃഹിണിയാൾ ദൃഢം
ഗൃഹിണീഹീനമായുള്ള ഗൃഹം കാന്താരസന്നിഭം.

൨൱൮ അന്യഗുണങ്ങളനേകം
തന്നിൽ വിളങ്ങുന്നുവെന്നുവന്നാലും
തന്നുടെ പതിയിൽ വഴങ്ങീ-
ട്ടുന്നില്ലെന്നാകിലധമയാൾ തന്വീ.

൨൱൯ മിതമായ് നൽകും താതൻ;
മിതമായ് മാതാ; മിതം സുതൻതാനും;
അമിതം നൽകീടും തൻ-
കമിതാവിനെയെവളാദരിച്ചിടാ?

൨൱൰ പാമ്പിൻെറ രത്നം, കൊതിയൻെറ വിത്തം,
സതീകുചം, കേസരിതൻെറ കേശം
ഇവററിലന്യൻെറ കരപ്രചാരം
മരിക്കിലല്ലാതെ ഭവിക്കയില്ല.

൨൱൰൧ പാതിവ്രത്യമതായിടുന്നൊരു മഹാ-
ധമ്മം പരയാജാക്ഷികൾ-
ക്കാതങ്കാപഹമായ നല്ല ഗുണമാ-
ണെന്നുള്ളതോ നിണ്ണയം,
ഭേദം വിട്ടു നിനച്ചുകാണ്കിലതുപോ-
ലിങ്ങേകപത്നിവ്രതം
നീതിശ്രീ കലരുന്ന പൂരുഷവര-
ന്മാരും ധരിച്ചീടണം. (സ.൧)

൨൭൨ പാരം വ്യാകുലനെങ്കിലും പ്രിയതമൻ
        ഗേഹത്തിൽ വന്നെത്തിടും-
നേരം തന്നെ മനം തെളിഞ്ഞു സരസം
        സന്തുഷ്ടനാകുംവിധം
ഓരോരോ വക സംഭരിച്ചു ഭവന-
        ശ്രീയെസ്സദാ ചാത്തരീ-
സാരോദ്രിക്തഗുണം വളൎത്തുമവൾതാൻ
        യോഷാവിഭൂഷാമണി. (സ)

൨൭൩ പ്രാണാധീശതയാൎന്നിടും കണവനിൽ
പ്രാണാധികപ്രേമവും,
        കാണാതൊട്ടുമിരുന്നിടാൻ മടിയതും,
ക്ഷീണാൎത്ഥനായ് വല്ലഭൻ
        താണാലും സ്ഥിരഭക്തിയും രുജയിലും
കേണാൎത്തിയേകായ്കയും,
        ചേണാൎന്നുള്ള പതിവ്രതാചരണമെ-
ന്നാണാൎയ്യവാണീ ദൃഢം. (സ)

൨൭൪ കാതിൽക്കത്തുന്ന കാന്തിപ്രചുരിമ കലരും
        തോടയോ മോടിയാടി-
ക്കോതിബ്ബന്ധിച്ച കുന്തൽക്കലമതിൽ വിലസും
        മാലതീമാലതാനോ
പാതിത്തിങ്കൾപ്രകാശം തടവുമളികമോ
        കാന്തിയേന്തുന്നതില്ല-
പ്പാതിവ്രത്യാഖ്യമാകും സുമഹിതമണിതാൻ
        ഭൂഷണം യോഷമാരിൽ. (സ)

൨൭൫ പഞ്ചാരേ! പാല്ക്കുഴമ്പേ! പരഭൃതമൊഴി! പാ-
        ലിക്ക മാൽ പോക്കിദേവം
പഞ്ചാരപ്പദ്യമോതിപ്പുകലിരവു മിട്ടു-
        ക്കായ്‌നടക്കും വിടക്കും,
തഞ്ചാരത്തന്യസംഗം കലരുമൊരുവളെ-
        ക്കാന്തയായ് ഹന്ത! വയ്പാൻ
തഞ്ചാറില്ലിച്ഛയെന്നുള്ളതുമതി സതിയാൾ-
        ക്കുള്ളൊരുൽകഷ്ടമോൎക്കാൻ. (സ)

൨൨൬ ദുഷ്ടനാം പുത്രനെക്കാളും പുത്രനില്ലായ്കയുത്തമം;
ദുഷ്ടപുത്രൻ സദാ താതന്നന്തരാൎത്തിവളൎത്തിടും.

൨൩൧ മുട്ടുകുത്തിക്കളിച്ചാമൽപ്പൂഞ്ചിരിക്കൊഞ്ചൽ പൂണ്ടിട്ടും
പുത്രനെത്തൻഗൃഹേ കാണ്മാൻ പുണ്യവാനേ തരം വരൂ.

൨൩൨ അങ്കാലങ്കാരമണിയാമപത്യത്താലെഴും പ്രഭ
ഹാരാദികളണിഞ്ഞാലും നാരിയാൾക്കു ഭവിച്ചിടാ.

൨൩൩ മതിമാനെങ്കിലൊരുത്തൻ
മതി പുത്രൻ നൂറു മൂർഖരെക്കാളും;
മതിമതിയിരുളിഹ കളവാൻ
മതി മാത്രം; താരനിരകളാലെന്തേ?

൨൩൪ ധൂളിയണിഞ്ഞു ദിഗംബര-
നായ് ത്രപകൈവിട്ടു ജടിലനായ്മേവും
സുതനെശ്ശുംഭവിനെടപ്പാൽ
കാണുന്നതിധന്യനായിടുന്ന പുമാൻ.

൨൩൫ കുംഭം കുടിക്കുന്നിതു വെള്ളമല്പം;
കുംഭോത്ഭവൻ സിന്ധുവിനെക്കുടിച്ചു;
നന്നായ്ജനിച്ചുള്ള സുതൻ സ്വവൃത്ത്യാ
തന്നച്ഛനേക്കാൾ കവിയുന്നുവല്ലോ.

൨൩൬ താപം നൽകില്ല പാത്രത്തിനു, മലവുമുദി-
ച്ചിച്ചിടുന്നില്ല തെല്ലും,
ലോപം സ്നേഹത്തിനും നൽ ഗുണതതിയതിനും
ചൊറുമേ ചേൎക്കില്ല;
ക്ഷോഭം ദ്രവ്യാപ്തസാനം വരികിലുമുളവാ-
കില്ല, നിസ്തുല്യമാകും
ദീപം സദ്വംശസത്മത്തിനു ശുഭനിരയാൽ
വല്ലഭൻ നല്ല പുത്രൻ. (അ. ചി.)

പുനൎജ്ജന്മം.

൨൩൭ അല്ലാ! ഭൂമിയിതിൽ ജനിച്ചു മരണം
പുക്കാൽ പുനൎജ്ജന്മമൊ-
ന്നില്ലാ നിൎണ്ണയമെന്നുമിന്നു ചിലരോ-
തീടുന്നതോൎക്കേണ്ടയോ?
എല്ലാമിബ്ഭുവനത്തിലാണനുഭവി-
ച്ചീടുന്നത,ല്ലാതെ മ-
റ്റില്ലാ മാൎഗ്ഗമതെന്നുമിങ്ങൊരു മതം
ചൊല്ലുന്നുവല്ലോ ദൃഢം.

൨൩൪ മേലിൽ സംഭവമില്ലയെന്നു വരികിൽ
ജന്മങ്ങൾ മുൻപുള്ളോര-
ക്കാലത്തിങ്കലുമില്ലയെന്നതുന്നിന-
യ്ക്കേണം മുറയ്ക്കെങ്കിലും
ചേലിൽ ഗൌരവലാഘവങ്ങൾ ജനത-
യ്ക്കുണ്ടാകയാലുണ്ടത-
ന്മൂലം പൂർവ്വജന്മസ്സതെന്നു ചിലരോ-
തീടുന്നതോർക്കുന്നു ഞാൻ.

൨൩൫ ചൈതന്യത്തെ വെടിഞ്ഞു ചേഷ്ടയുമുപേ-
ക്ഷിച്ചിട്ടുറങ്ങീടുവോൻ
ചെയ്യുള്ളോരഖിലാത്മവൃത്തിയുണരും*
ന്നേരത്തിലോർക്കുന്നപോൽ
ചെയ്തിട്ടും ബഹുമൂർച്ഛയോടു മരണം
പ്രാപിപ്പവൻ തന്റെ മുൻ-
ചെയ്തിക്കാശ്രയമാം പുനർജ്ജനനിയിലെ-
ന്നാകുന്നതിൻ യുക്തിപോൽ.

൨൩൬ വായ്ക്കും വാസനയേകനിൽത്തലയഹോ!
താഴ്ത്തീട്ടലം വാഴ്ത്തുവോ-
ന്നായ്ക്കൊണ്ടെന്നു വരുന്നതാകിലവനാ-
യീടുന്നൊരോമൽഫലം
കായ്ക്കും കാലമതിൽ കലർന്നു വിലസു-
ന്നൌചിത്യവും ശുദ്ധമായ്-
ത്തായ്ക്കും താതനുമുള്ളതാണു ബീജമായ്-
ത്തീരുന്നതിൻ കാരണം.

൨൩൭ മുൻപേയുള്ളൊരു ജന്മമെന്നതുപരം
നല്ലോരു ശാല്യാദിയാം,
പിൻപേയുള്ളതപത്യസഞ്ചയവുമി-
ദ്ദേഹം നശിക്കുംവിധൌ
അൻപേലും കൃമികീടഭസ്മപരമാ-
ണപാദ്യങ്ങളും മാത്രമാം,
വൻപേറും ചിലരീവിധത്തിലുമഭി-
പ്രായപ്പെടുന്നുണ്ടുപോൽ.

൨൩൮ എന്നാലിമ്മതമേതുമേ ശരിയതായ്
വന്നീടുകില്ലെന്നതാ-
നിന്നാലോചന മാനസത്തിലുളവാ-
കുന്നുണ്ടുമേ; പിന്നെയും

നന്നായുള്ളോരു ദിവ്യനേത്രമിയലും
നാനാമുനിശ്രേഷ്ഠരി-
ങ്ങൊന്നായ് ചെല്ലിയ ചൊല്ലിനില്ല പിഴതെ-
ന്നല്ലാതെ ചൊല്ലാവതോ?

൨൫൬ കീറീട്ടേറെ മുഷിഞ്ഞ മുണ്ടുകൾ കള-
ഞ്ഞത്യന്തശോഭാവഹം
മാറീടുന്നു നവീനമായ വസനം
മർത്ത്യാളി നിത്യം ഭുവി;
മാറീടാതതുപോലെ ജീവനിരയും
ഗാത്രങ്ങളെപ്പുത്തനായ്
പേറീടുന്നു ജഗത്തിലെന്നു പറയു-
ന്നോരോ പുരാണങ്ങളിൽ

൨൫൭ അക്കം വിസ്മയമിങ്ങു സൂക്ഷ്മതരമായ്
പാർക്കുമ്പൊളുൾക്കാമ്പതിൽ
ചേർക്കും ചേഷ്ടകൾ ചെയ്തു ചേലൊടഖിലം
നോക്കിബ്ഭരിക്കും പരൻ
ചീർക്കും നൽക്കരുണാവശൻ ജഗതിയിൽ
പാർക്കും സ്വമാഹാത്മ്യജ-
മ്മാർക്കുണ്ടാകുമനാശ്രയതയുരുജതാ-
നോക്കിൽ സഹിക്കുന്നതോ?

൨൫൮ ഇത്ഥ്യേവം ഹൃദി നിശ്ചയിച്ചു പലരും
ലോകത്തിലുത്തുംഗസൌ-
ഹിത്യേ വാഴ്കിലും പുരാണമൊഴിപോ-
ലുള്ളോരു ജന്മാന്തരം
പ്രത്യേകം ചിലരൊറെയുക്തികൾ പറ-
ഞ്ഞില്ലെന്നു ചൊല്ലും വിധൌ
സത്യേ കല്പിതമല്ലയോ പരമതെ-
ന്നുണ്ടായ്വരും സംശയം.

## പ്രപഞ്ചം.

൨൫൯ നിങ്ങടെ തതജ്ഞന്മാർ
സ്വപ്നത്തിൽ പോലുമോർത്തിടാത്തവയായ്
ദ്യോവിലുമിഹ ഭുവിലുമു-
ണ്ടനവധി വസ്തുക്കൾ കേൾ ഹൊറേഷ്യോവേ!

൨൯൩ ദുഃഖങ്ങൾ വന്നു വലുതായണയുന്ന നേര-
മുൾക്കാമ്പിലൊട്ടുമതിഭക്തിയൊടീശപാദം
സൌഖ്യത്തിലോ മദമിയന്നു വസിക്കു; മെന്നാൽ
ദുഃഖങ്ങൾ വന്നിടുവതാണു് ഗുണം ജഗത്തിൽ. (സ.)

൨൯൪ പുഷ്ടശ്രീ പൂണ്ടിട്ടും നല്ലമലതരമഹാ-
കാന്തിയേന്തുന്നൊരത്യൂൽ-
കൃഷ്ടം രത്നൌഘമാഴിക്കടിയിലിരുളിലാ-
ഴത്തിൽ വാഴുന്നിതേററം
കഷ്ടം! വൻഘോരദുർഗ്ഗാടവികളിലതുപോൽ
പൂക്കളൊട്ടല്ല പൂക്കു-
ന്നിഷ്ടം തൽസൌരഭം നിഷ്ഫലമഥ മരുഭൂ-
വായുവിൽ പോയിടുന്നു. (ഇം. ത.)

ഭക്ഷണം

൨൯൫ സരസവിരസഗേഹേ പോകൊലാ ഭക്ഷണാർത്ഥം;
വിരസസരസഗേഹേ പോയിടാം കഷ്ടപക്ഷേ;
വിരസവിരസഗേഹേ ക്ഷുത്തിലും പോയിടൊല്ലാ;
സരസസരസഗേഹേതന്നെ പോയീടവേണം.

൨൯൬ പൂർത്ത്യാ വിൺമൂത്രമൂന്നാ ഹൃദയമമലമായ്
ദോഷവും സ്വസ്ഥമായി-
ശ്ശുദ്ധതാം തേട്ടലിന്നായ് പവനനനുസരി-
ച്ചീടവേ ക്ഷുത്തിനാലേ
ഉൾത്തീ കത്തിശ്ശരീരം വിശദകരണമായ്
ലാഘവം പൂണ്ടിടുമ്പോ-
ളുൾക്കൊണ്ടീടേണമന്നം വിധിനിയമിത;-മ-
ക്കാലമാണിഷ്ടമേററം.

ഭാര്യ.

൨൯൭ ശീലഭാരമെഴും ഭാര്യാ, പുഷ്പഭാരമെഴും ലതാ,
അർത്ഥഭാരമെഴുംവാണി, യിവ വൈശിഷ്ട്യമാർന്നിടും.

൨൯൮ അമൃതം സൽഗുണാ ഭാര്യയമൃതം ബാലഭാഷിതം;
അമൃതം രാജസമ്മാന;-മമൃതം മാനഭോജനം.

൨൯൯ ഭാര്യയുണ്ടാവതുവരെപ്പാതി വസ്തുവതാം പുമാൻ;
ശിശുക്കളില്ലാത്തഗൃഹം ശ്മശാനസമമാം ധ്രുവം.

൨൧൦ അനുകൂലാ വിമലാംഗീ
കുലജാ കുശലാ സുശീലയെന്നേവം
അഷ്ടൂലകാരം ചേൎന്നൊരു
ഭാൎയ്യയെയതിപുണ്യവാനു ലഭിക്കുന്നു.

൨൧൧ ദേഹപോഷണമതിന്നു തള്ളയാൾ;
ദേഹതോഷണമതിന്നു ഭാൎയ്യയാൾ;
ദേഹഭൂഷണമതിന്നു വിദ്യയും;
ദേഹശോഷണമതിന്നു ചിന്തയും.

൨൧൨ ബിലത്തിന്നകത്തും പുറത്തും വസിക്കും
മഹാസൎപ്പമാൎജ്ജാരകന്മാൎക്കു മദ്ധ്യേ
അകപ്പെട്ടൊരാഖുപ്രവീരന്നു തുല്യം
ഭയപ്പെട്ടിടും ഭാൎയ്യ രണ്ടുള്ള മൎത്ത്യൻ.

ഭൂഗോളം.

൨൧൩ ദൂരാൽവന്നണയുന്ന കപ്പലിനെഴും
 നല്പാമരം മുൻപില-
ത്തീരേ നിന്നിഹ കണ്ടിടാമഥ ശുഭേ!
 കാണാം ക്രമൽ കപ്പലും,
അതോമൽക്കളവാണി! നമ്മൾ നിവസി-
 ച്ചീടും മഹിക്കുള്ളൊരാ-
കാരം പാരമുരുണ്ടതെന്നതിതിനാ-
 ലോൎക്കാം വിതൎക്കം വിനാ. (കാ. യാ.)

൨൧൪ നീക്കം വിട്ടൊരഹസ്സിലൊന്നു തിരിയു-
 ന്നീബ്ഭൂമിഗോളം മഹാ-
ശക്ത്യാ താ; നതുകൊണ്ടു രാത്രി പകലും
 സൎവ്വത്ര ചേരുന്നെടോ!
പാൎക്കിൽ ഭൂമിയിതിൻെറ നേർമറുപുറ-
 ത്തായിട്ടു മേവും നര-
ന്മാൎക്കി“പ്പശ്ചിമദിക്കിൽനിന്നിഹ ഭവി-
 ച്ചീടുന്നു സൂൎയ്യോദയം.”

൨൧൫ ചുഴലവുമൻപതുനാഴിക
വിസ്താരം വായുവുണ്ടു മേദിനിയിൽ;
അതുവരെയുള്ള പദാൎത്ഥ-
പ്രജവും മഹിയോടു ചേൎന്നു ചുററുന്നു. (സ.ാ.)

൨൱൬ ഇബ്ഭ്രമണത്തൊട്ടു കൂടിയൊ–
രബ്ദംകൊണ്ടീ മഹാമഹീഗോളം
അറിക മഹത്തമമാകും
ദിനകരഗോളത്തെയൊന്നു ചുററുന്നു.

൨൱൭ എണ്ണാനൊത്താതവണ്ണം ബത! ബഹുബഹുദൂ–
രാന്തരത്തെക്കടന്നീ-
വിണ്ണിൽ കാണുന്ന ഗോളാവലി നിയതമതേ
ദൂരവൃത്തത്തിലേററം
തിണ്ണം ചുററുന്നതേക്കാൾ മഹിയനുദിനമി–
ങ്ങൊന്നു ചുററുന്നതത്രേ
നണ്ണുമ്പോൾ സംഭവിക്കാവതു ദൃഢമിഹ; മ–
ററേതു ദുസ്സാധ്യമല്ലോ. (സ്വ)

മഞ്ഞു്.

൨൱൮ ഉത്ഥാനസ്ഥാനമാണുള്ളൊരു ജലമുറയും
ശീതമുണ്ടായിട്ടുമ്പോൾ;
മെത്തീടും ചൂടുതട്ടുംപൊഴുതിലുടനലി–
ഞ്ഞൊക്കവേ നിർഗ്ഗമിക്കും,
ഇത്ഥം പ്രാലേയമേറും ചില മലകളിൽനി–
ന്നുത്ഭവിക്കുന്നൊരാററിൽ
കത്തുംവേനൽക്കു വെള്ളം പെരുകിയൊഴുകുമ–
ത്തീരഭാഗങ്ങൾ തിങ്ങി. (സ്വ)

മദ്യപാനം.

൨൱൯ ദേവിപ്രീതി വരുത്തുവാനിതധികം
നന്നെന്നു തന്നല്ല പ–
ണ്ടാവിർമ്മോദമിതാസ്വദിച്ചു മഹിത–
ശ്രീരേവതീകാന്തനും
ഏവം ചൊല്ലി മദം കലർന്നനുദിനം
മദ്യം സ്വദിക്കുന്നദുർ–
ഭാവംതാൻ "രസമെന്നുറച്ചു സരസ–
ന്മാക്കിന്നു കൂപ്പുന്നു ഞാൻ,"

൨൱൰ തീരെത്തീരും സ്വബോധം, വിവിധദുരിതകൃ–
ത്യങ്ങൾ നിത്യം ഭവിക്കും,
ദാരിദ്ര്യംവന്നുകൂടും, സകലരുമൊരുപോൽ
നിന്ദചെയ്യും നിതാന്തം,

ആരോഗ്യം സൌഖ്യമോജസ്സിത്തുകൾ സപദി തീ-
ർന്നീട്ടു, മിത്ഥ്യാദിയായു-
ള്ളോരോ ദോഷം നിനച്ചാലഹഹ! മദിര സേ-
വിക്കുവാനാക്കു തോന്നും? (സ.)

മരണം.

൨൯൧ ബന്ധുവിൻമരണത്തിങ്കൽ ദുഃഖിക്കുന്നിതു മാനുഷർ,
കാലന്തന്നെ ഗ്രസിക്കുന്നതാലോചിക്കുന്നതില്ലഹോ!

൨൯൨ ശരീരികൾ ദിനംതോറും മരിക്കുന്നതു കാണ്കിലും
ശേഷംപേർ നിജദേഹത്തെ നിത്യമായൂഹരുന്നഹോ!

൨൯൩ പെട്ടെന്നുണ്ടായതായ് സ്വാന്തം പൊട്ടുമാറതിയായിട്ടും
മഹാമോദം മഹാദുഃഖമിവയാൽ മൃതിവന്നിടാം. (സ.)

൨൯൪ അരികേ മരണം നിത്യം
മരുവുമ്പോളെന്തു മർത്ത്യനിഹ സൌഖ്യം;
കടുവാ മുന്നിലിരിക്കെ-
പ്പശുവിനു രുചിപുല്ലതിങ്കലുണ്ടാമോ?

൨൯൫ ദ്വാരമൊൻപതെഴുമിശ്ശരീരമാ-
യോരു കുംഭമതിലിങ്ങു ജീവനാം
വാരിനില്പതു വിചിത്രം; മാശുപോയ്-
ത്തീരുമെന്നതു വിചിത്രമായ്വരാ.

൨൯൬ ദേഹശക്തിഭരവും പ്രഭുത്വവും
ദേഹികൾക്കു നിഴൽപോലെയസ്ഥിരം;
ഒന്നുമില്ല വിധിയെത്തടുക്കുവാൻ;
വന്നിടുന്നു മൃതി ഭൂമിപാലനും. (ഇം. ത)

൨൯൭ ഒട്ടേറെനാൾ നിലവിളിച്ചു കരഞ്ഞുഖേദ-
പ്പെട്ടാലുമിങ്ങു വരികില്ല മരിച്ചമർത്ത്യൻ;
നൂനം നമുക്കുമതുതാൻഗതി; വാഴ്വുതുച്ഛം;
ദാനാനുഭോഗസുഖമാന്നു വസിച്ചുകൊൾക. (ത. ത)

൨൯൮ ശാസ്ത്രം പാർക്കിലനന്തമാം; സമയമോ
പായുന്നു വേഗത്തൊടി;-
ഗ്ഗാത്രത്തിൽ ബലധൈര്യപുഷ്ടിസഹിതം
മേവുന്നതെന്നാകിലും

നിത്യം ഏല്ക്കു, പൊതിഞ്ഞ വാദ്യമതുപോ-
    ലാഹാ! ശ്മശാനസ്ഥല-
പ്രസ്ഥാനത്തിലെഴുന്ന ശബ്ദമതുതാൻ
    നൂനം മുഴക്കുന്നിതേ. (ഇം. ത)

൨൰൭ ഓരോരോ ദിവസങ്ങൾപോകുമളവിൽ
    തീരുന്നു ഭ്രചാരത്തില-
പ്പാ;-രാൽ വന്നണയുന്നു ഘോരതരമാ-
    യീടുന്നൊരാമൃത്യുവും;
നേരേവം നിരുപിച്ചു നല്ലവനിവൻ
    താനെന്നു മാലോകരെ-
ല്ലാരും ചൊൽവതിനുള്ള കൃത്യ"മതിനാ-
    ണോൎക്കേണ്ടതെല്ലാവരും."

൨൰൦ ഇല്ലോൎത്താൽ മൃതി;- യപ്രകാരമിവിടെ-
    ത്തൊന്നുന്നതെന്തെന്നതും
ചൊല്ലീടാ; മൊരുമാററ;മായതു;നശി
    ച്ചീടുന്നൊരീ ജീവിതം
ചൊല്ലേറുന്നൊരു ദിവ്യസൌഖ്യവസതി-
    ക്കാസന്നഭൂവാണ;-തിൽ
ചെല്ലാനുള്ളൊരു മാൎഗ്ഗമിങ്ങു മൃതിയെ-
    ന്നോൎത്തുന്നു സാധാരണം. (ഇം. ത)

൨൰൧ കാലൻ കോപമിയന്നുവന്നു കയറാൽ
    പെട്ടെന്നു കെട്ടീടുമ-
ക്കാലത്തിങ്കലണഞ്ഞിടുന്നു മൃതിയെ-
    ന്നോൎത്തുന്നു സാധാരണം;
കാലാഹ്വാനസമേതനായൊരു പുമാ-
    നുണ്ടോ? പുരാണങ്ങളിൽ
കാലത്തെച്ചിലർ കാലനെന്നുചിതമായ്
    ഖണ്ഡിച്ചു വൎണ്ണിച്ചതോ? (അ. ചി)

൨൰൨ സൂൎയ്യൻതന്നുടെ സൂനുവാണു സുമന-
    സ്സാകുന്നൊരക്കാലനെ-
ന്നാൎയ്യന്മാരതിദീൎഗ്ഘദൎശികൾ പറ-
    ഞ്ഞിട്ടുണ്ടതിസ്പഷ്ടമായ്;
കാൎയ്യം നേരതു; രാത്രിയും പകലുമു-
    ണ്ടാകുന്നതോൎക്കുമ്പോഴ-
സ്സൂൎയ്യൻ കാലമിതിന്നെഴും ജനകനാ-
    ണെന്നും വരുന്നില്ലയോ? (അ. ചി)

൨൱൩ ഓരോരോ ദിനമായ നന്മഴപൂകൊ–
ണ്ടായുർദ്രുമത്തിന്നെഴും
വേരോരോന്നു മുറിക്കയും, സമുചിതം
വീക്ഷിച്ചുടൻ ശിക്ഷയെ
ആരോ ദുർമ്മതിയായവന്നരുൾകയും
പൊയ്യെന്നിയേ ചെയ്കയാൽ
നേരോടന്തകദണ്ഡധാരിതയുമി–
ക്കാലത്തിലാവില്ലയോ. (ആ. ചി)
൨൱൪ പൊക്കം പൊന്മണിനിത്യദീപ്തിയിവയാൽ
പേരാന്ന താരേശനെ–
ച്ചിക്കെന്നേററമധഃകരിച്ചധികമാ–
മൌജ്ജ്വല്യഭാരത്തോടേ
നില്ക്കും വെൺകളിമാടമേൽ മണമെഴും
പൂമെത്തയിൽ പള്ളികൊ–
ണ്ടുൾക്കാമ്പിൽ സുഖമേന്തിടും നൃപതിയും
നിത്യം വസിക്കുന്നിതോ? (ആ. ചി)
൨൱൫ പാരം നീളമിയന്ന നൽക്കുട്ടമയും
നാരംഗചാരുപ്രഭാ–
പൂരം ചേൎന്ന തനുപ്രഭാവവുമലം
നീരന്ധ്രരോമാളിയും
സാരം യൌവനമാമവസ്ഥയതിലും
നേരം നശിക്കും; പരീ–
വാരം രോഗസമൂഹമാൎന്നഥ വരും
ഘോരം ജവാൽ മൃത്യുവും.
൨൱൬ ഒന്നിന്റും വഴിപോലെ പാൎക്കിലണുവും
നാശം ഭവിക്കുന്നതി–
ല്ലെ;—ന്നാൽ വൃദ്ധിയുമില്ല; പിന്നെ വിവിധാ–
വസ്ഥാവിശേഷങ്ങളാൽ
ഒന്നൊന്നായിഹ മാറിമാറിയഖിലം
കാണുന്നതാണെന്നുതാൻ
നന്നായിന്നരുളുന്നുണ്ടു ചില ധീ–
രന്മാർ മഹാന്മാർ ഭുവി. (ആ. ചി)
൨൱൭ പാനംചെയ്തുകനെല്ലാജ്ജലധിയു; മെതിരായ്
സാദൃശ്യമുണ്ടാക്കിയന്യൻ;
നൂനം ശസ്ത്രങ്ങളസ്ത്രങ്ങളുമൊരുവടിയാ–
ലേകനില്ലായ്മ ചെയ്തു;

ആലോചിച്ചീടിലാതിന്നിവരൊട്ടു കിടയാം
ദേവഭൂദേവസംഘം?
കാലൻ കീടങ്ങളെപ്പോലവരെയുമെളുതായ്
ഹന്ത! നിർമ്മൂലിയാക്കി. (ശാ. വി)

൯൮ എന്തോന്നത്യന്തധൈര്യാൽ മരുവതിനു ബലം?
പാർക്കിലീമെയ്യുറത്തോ
ബന്ധുശ്രീയോ മിടുക്കോ പെരുകിന ധനമോ
ഹന്ത! വൈദുഷ്യമോ താൻ?
അന്ത്യശ്വാസത്തെയോ നാമിഹ വിട്ടുവതുപാ-
ന്ത്യത്തെയോയെന്നു ചിത്തേ
ചിന്തിക്കുമ്പോൾ മറന്നീശനെയൊരുനിമിഷം
പോലുമേ വാഴുമോ നാം? (ശാ. വി)

൯൯ മോഹിക്കത്തക്ക വംശോന്നതി നതി, പുനരു-
ദ്യൽപ്രതാപപ്രഭാവം,
ദേഹത്തിൻകാന്തി സമ്പത്തുകളിവ തരുമാ-
ഡംബരം താനശേഷം
ഹാഹാ! നീക്കാവതല്ലാത്തൊരു ദശയതിനെ-
ക്കാത്തിരിക്കുന്നു; പാർത്താൽ
മാഹാത്മ്യത്തിന്റെ നാനാപദവി ചുടലയിൽ
ചെല്ലുവാനുള്ളതത്രെ. (ഇം. ത)

൧൦൦ നൂറാണ്ടായുസ്സു മർത്ത്യർക്കിഹ നിയതം; മതിൽ
പാതിയും രാത്രിയിങ്കൽ
തീരുന്നു, പാതി പിന്നീടതിലധ കഴിയും
ബാല്യവാർദ്ധക്യകാലേ,
ഓരോ സേവാദിയാൽ തിന്നിട്ടുമുടനപരം
രോഗമുഖ്യാർത്തിയോടും
നീരോളംപോലെഴും ജീവിതമതിലിവിടെ
പ്രാണികൾക്കെന്തു സൌഖ്യം?

## മഴവില്ല്.

൧൦൧ അഴകുള്ളഭ്രങ്ങളിലെതിർ-
വഴിനല്ലോരക്കരശ്മിനിഴലിച്ചാൽ
മഴവില്ലുണ്ടാം,—മതിനട-
നഴിവില്ലാതാവതിന്നു കഴിവല്ല. (സു.)

## മാതാവു്.

നം.൱൨ വളരെക്കാലമേ തന്നാലേററം ലാളിതനായിട്ടും
മകന്റെ മൃത്യുദുഃഖങ്ങൾ കാണാത്തുള്ളവൾ ധന്യയാൾ.

നം.൱൩ ഇല്ല മാതൃസമം ദൈവ; മില്ല താതസമൻ ഗുരു;
കർമ്മണാ മനസാ വാചാ തൽപ്രിയം ചെയ്ക സന്തതം.

നം.൱൪ പെററിട്ടപ്പൊഴുതുറെറാരാർത്തിരുചികേ–
ട്ടും ദേഹശുഷ്കതയും
പററീടട്ടൊരു വത്സരം മലഭരം
ചേർന്നുള്ളൊരശ്ലേഷ്യയും;
മുററും ഗർഭഭരാർത്തിയൊന്നിനു മഹാ–
നെന്നാകിലും നന്ദനൻ
പററാ പ്രത്യുപകാരമേകുവതിനാ
മാതാവിനെക്കൈതൊഴാം.

## മിത്രം.

നം.൱൫ ഹിതനാം രിപുവും മിത്രമഹിതൻ ബന്ധുവും രിപു;
അഹിതം ദേഹജം രോഗം, ഹിതമാരണ്യമൌഷധം.

നം.൱൬ പലവിധമുള്ളൊരു ഭേദം
കലരും നൽപ്രേമഹേമരേഖകളെ
ഉലകിതിൽമറവാം ശാണോ–
പലമതിലത്രേ പരീക്ഷണംചെയ്വൂ.

നം.൱൭ പ്രത്യക്ഷമായി പ്രിയമേററമോതി–
പ്പരോക്ഷമായ് ദൂഷണമാചരിക്കും
സുഹൃത്തിനെദ്ദൂരെ വെടിഞ്ഞിടേണം
മുഖത്തുപാലാർന്ന വിഷക്കുടം പോൽ.

നം.൱൮ നിറവിയലിന മെച്ചംചേർന്ന നല്ലോർക്ക വേഴ്ച–
ക്കറവൊരുപൊഴുതുണ്ടാകില്ല വേർപാടിനാലേ;
പിറയകലെയിരുന്നക്കാറണിച്ചേവ്വരുത്തും
മറിവിലുമരുളീടുന്നാമ്പലിന്നിമ്പമൻപിൽ.

നം.൱൯ മദ്ധ്യാഹ്നത്തിനു മുൻപിലുള്ള നിഴൽപോ–
ലാരംഭകാലത്തു താ–
നത്യന്തം വലുതായ്ക്രമേണ കുറയും
ദുഷ്ടർക്കെഴും സൌഹൃദം;

മദ്ധ്യാഹ്നത്തിന്ന പിൻപിലുള്ള നിഴൽപോ–
ലാരംഭകാലത്തിലി–
ങ്ങത്യന്തം ചെറുതായ് ക്രമേണ വലുതാം
സത്തക്കേഴും സൌഹൃദം.

൩൯൦ ഒന്നിച്ചാരാൽ വസിച്ചും കുതുകമൊട്ടു ഭുജി–
ച്ചും ഹസിച്ചും കഥിച്ചും
വന്ദിച്ചും വിശ്വസിച്ചും സുബഹു പരിചയി–
ച്ചുള്ള മൎത്ത്യങ്കൽനിന്നും
കുന്നിച്ചീടും പ്രിയത്വം കലരുമൊരു മന–
ത്താർ പരം വേർപെടുത്താൻ,
നിന്ദിച്ചീടേണ്ട ദൌഷ്ട്യം പെടുകിലുമൊരുവ–
ന്നാവതോ ചാവതോളം?

മൂഢൻ.

൩൯൧ മൂഢന്നു വിദ്യ വിഷമാ;മജീൎണ്ണേ ഭോജനം വിഷം;
വിഷം സഭ ദരിദ്രന്നു; പരശ്രീ ഖലനും വിഷം.

൩൯൨ വാനരൌഘവിവാഹത്തിൽ ഗൎദ്ദഭം തന്നെ ഗായകൻ
അവർതമ്മിൽ പുകഴ്ത്തുന്നിതഹോ! രൂപമഹോ! സ്വരം

൩൯൩ ഉന്നതപദവിയിലല്പൻ
ചെന്നാലുടനേ പതിക്കുമെന്നോതി
കുന്നിൽ ചേൎന്നൊരു ശീകര–
വൃന്ദംവീഴുന്നു മന്ദവായുവിനാൽ.

൩൯൪ അനവധിശാഖകളോടേ
വനഭുവി നിൽക്കുന്നതല്ല മരമോൎത്താൽ;
സഭയതിൽ വായിപ്പതിലും
ഹിതമറിവതിലും വിമൂഢനാണുമരം. (ത. ത.)

൩൯൫ നല്ലൊരു മയിലാട്ടം ക–
ണ്ടതിനൊട്ടു സമമായ്ത്തെളിഞ്ഞു വാങ്കോഴി
പൊല്ലാച്ചിറകു വിടുൎത്തി–
ട്ടാടുന്നിതു മൂഢഗതിയുമിവണ്ണം. (ത. ത.)

൩൯൬ തവളകൾ കളകളബഹളം
ലഹളകൾ കൂട്ടുന്നു മേഘകാലത്തിൽ
കുയിലുകൾ മൌനം വഴിപോ–
ലിയലുകയോൎത്താലതിവയുക്തം താൻ.

൨൭ ഗാത്രത്തെ നൽപ്പൊന്മയമാക്കിയാലും,
കൊക്കിങ്കൽ മാണിക്യമമുഴ്ത്തിയാലും,
പത്രങ്ങൾതോറും മണികെട്ടിയാലും,
കാകന്നു ഹംസപ്രഭ സംഭവിക്കാ.

൨൮ നിറയും മദമോടു താൻ മഹാനാ-
ണറിയും സർവ്വുമെന്നു നാണമെന്ന്യേ
പറയുന്നവനില്ല പൂർണ്ണബോധം;
"നിറകുംഭങ്ങൾ തുളുമ്പുകില്ല നൂനം"

൨൯ കാക്കേ! കരഞ്ഞീടുക നീ തവ കുററമെത്തും
പാക്കുമ്പൊളില്ല, വിധിതന്നെ വിഗർഹണീയൻ;
വാക്കിന്നു മാധുരിയെഴും കുയിലോടു നിന്നെ
ബ്ഭേദപ്പെടുല്ല മാവിലവനിങ്ങനെ ചെയ്തതല്ലോ.

൩൦ കൊക്കും പിളർന്നു പരുഷധ്വനി പൂണ്ടു കാകൻ
ദിക്കെങ്ങുമുണ്ടു; വനൊരിക്കലുമില്ല തൃപ്തി;
അക്കഞ്ജസന്തതിയിൽ പാനതിതൃപ്തിയെന്നും
കൈക്കൊണ്ടിടുന്നു കളകോമളമായഹംസം.

൩൧ ബോധിപ്പിക്കാം സുഖമൊടറിവി-
ല്ലാതെയുള്ളോരെ നന്നായ്;
ബോധിപ്പിക്കാമതിസുഖമൊടേ
നല്ല സാരജ്ഞരേയും;
ബോധം ചെറുതുള്ളതിലതിമദം
പൂണ്ട ദുർബ്ബുദ്ധിതന്നെ-
ബ്ബോധിപ്പിക്കുന്നതിനു വിധിയും
തെല്ലുമാളല്ല നൂനം.

൩൨ ഒററക്കണ്ണു നിനയ്ക്കിലോ സഹജമാ-
യീടും വിവേകം പരം
മറെറക്കണ്ണറിവാന്നു സത്തുകളുമാ-
യൊത്തുള്ള സംസർഗ്ഗമാം
ഉററോരീ നയനങ്ങൾ വിട്ട പുരുഷൻ
ലോകത്തിലന്ധൻ ദൃഢം;
തെററെന്തെങ്കിലുമാചരിക്കിലവനിൽ
പററില്ല കുററം സഖേ!

൩൩ മററുള്ളോരിൽ വിളങ്ങിടും ഗുണഗണം
കാണ്മീലഹോ! ലോക, മ-
ക്കുററം ലേശവുമില്ലയെങ്കിലുമുടൻ
കാണുന്നു വേണ്ടോളവും;

തെററീടാതിതു തങ്കലോ ദൃഢതരം
　　നേരേ മറിച്ചായതും;
മുററും മൂഢതയാകുമജ്ഞനമതിൻ
　　മാഹാത്മ്യമോത്താലിദം.

൩൨൪ കാട്ടിൽ പോയുമരയുന്നതും, കുരടനെ
　　ക്കണ്ണാടികണ്ടീടുവാൻ
കാട്ടീടുന്നതു, മെണ്ണയിട്ടു ശുനിതൻ–
　　പുച്ഛം നിവത്തുന്നതും,
നാട്ടിത്താമരയെ സ്ഥലത്തിൽ വളരി–
　　ട്ടീടുന്നതും, മൂഢനെ–
പ്പാട്ടിൽ ചെന്നു ഭജിക്കയെന്നതിഹ യാ–
　　തൊന്നാണതായ്‌വന്നിടും.

൩൨൫ വാചാലൻെറ വചസ്സിലും സുകവിതൻ
　　ഭാഷാമൃതത്തിങ്കലും
സ്വല്പപ്രജ്ഞതയെഴും ജനത്തിനു രസം
　　തുല്യം നിനച്ചീടുകിൽ;
പോത്തന്മാക്കു വനത്തിലക്കുറുനരി–
　　ക്കൂട്ടങ്ങൾ ശബ്ദത്തിലും
ചൊല്ലേറും കുയിലിൻെറ ശബ്ദമതിലും
　　തുല്യം മനോവൃത്തിതാൻ.

൩൨൬ ശങ്കിക്കാതിഹ കാക! നീ മധുരവൊലി–
　　ത്തേന്മാവിൽ വാണീവിധം
'ക്രോംക്രോ'മെന്നു കരഞ്ഞിടായ്ക; കുയിലെ–
　　ന്നോത്തീടുവൻ നിന്നെ ഞാൻ;
താൻകൂട്ടും സ്ഥലവൈഭവാൽ ഗുണമെഴും,
　　നേപാളഭൂപാളിക–
ത്തിങ്കൽത്തങ്കിന പങ്കവും കരുതിടും
　　കസ്തൂരിയെന്നാരുമേ.

൩൨൭ ഘ്രാണിച്ചും മുത്തിയും പിന്നെയുമുടനവലേ–
　　ഹിച്ചുമേററം ചുവച്ചും
നാണിക്കാതുററ വൈരസ്യമൊടു ഭുവി കള–
　　ഞ്ഞെന്നതിൽ കേണിടൊല്ലാ,
ചേണേറും രത്നമേ! നിന്നുടെയകമതു ക–
　　ണ്ടിടുവാൻ കീശനശ്ശു–
ക്കോണാൽ നിന്നെപ്പൊടിക്കാഞ്ഞതു പരമുപകാ–
　　രം നിനക്കെന്നുറയ്ക്കു.

൧൨൮ കിട്ടീട്ടും ഭോജ്യമെല്ലാമനുദിനമൊരുപോൽ
ഭുക്തിചെയ്യുന്നു, വെള്ളം
മുട്ടാതുൾക്കൊണ്ടിടുന്നൂ, നിശകളിൽ നിയതം
നിദ്രയും ചെയ്തിടുന്നു,
തിട്ടംപോററുന്നു കുഞ്ഞുങ്ങളെ, യബലകളോ-
ടും രമിക്കുന്നു, ബോധം
തട്ടാതുള്ളോർ നിനച്ചാലിഹ ഭുവി മൃഗ,പ-
ക്ഷ്യാദിയോടൊക്കമല്ലോ. (വി. ശാ.)

൧൨൯ പൊട്ടിപ്പായും മദാംഭസ്സതിലിളകിയളി-
ശ്രേണി ചേരുന്ന ദന്തി-
ശ്രേഷ്ഠന്മാർ യാതൊരേടത്തധികഭയവശാൽ
ശക്തിയാന്നി;ല്ലതെല്ലും
ഒട്ടേറും മുക്തയുള്ളഗ്ഗുഹയതിലിഹ സിം-
ഹം മരിച്ചാരുനേരം
പെട്ടെന്നങ്ങൊത്തുകൂടിക്കുറുനരിനിര കൂ-
കുന്നിതാശ്ചൎയ്യമത്രേ

൧൩൦ നീയാർ ചെങ്കണ്ണ?; നന്നം തവ പുരമെവിടം?
മാനസം; മാനസത്തിൽ
ചൊല്ലേണ്ടതൊന്നുണ്ട്; പൊൻതാമരകളുമമൃതി-
ന്നൊക്കമംഭസ്സുമുണ്ട്;
പിന്നെന്തൊന്നുണ്ട്?; വാനോർയ്യുവതികൾ വിലസും
രത്നഭ്രുവുണ്ട;—തല്ലാം
പോട്ടെ, നത്തയ്യുമുണ്ടോ?; നഹി, യദി ബഹുനി-
സ്സാരമെന്നാർ ബകങ്ങൾ.

മോക്ഷം.

൧൩൧ ശമം, വിചാരം, സന്തോഷം, സാധുസംസർഗ്ഗമിങ്ങനെ
ദ്വാരപാലകർ നാലുണ്ടു മോക്ഷദ്വാരത്തിലോക്കണം.

൧൩൨ ബ്രഹ്മത്തെ വഴിപോലുള്ളിലറിഞ്ഞീടുകയെന്നിയേ
കമ്മമോ പ്രജയോ മററാ മോക്ഷസിദ്ധി വരുത്തിടാ.

യശസ്സ്.

൧൩൩ അഞ്ചുഭൂതങ്ങൾകൊണ്ടുള്ള മൂത്തിതാൻ ക്ഷണഭംഗുരം,
കീത്തിയാംമൂത്തിപാത്തീടിൽ കല്പാന്തംവരെ നിന്നിടും.

൧൩൪ അന്യനിൽചേന്നിടുംലക്ഷ്മി; യന്യനിൽചേന്നിടും മഹി;
അനന്യാശ്രയയായ്നിൽക്കും കീത്തിതന്നെ പതിവ്രതാ.

൨൨൫ എന്തിന്നു രക്ഷിപ്പതനിത്യമാം മെയ്?;
നിത്യം യശസ്സാം; മതു രക്ഷചെയ്ക;
മരിച്ചുപോയീടുകിലും മനുഷ്യൻ
യശശ്ശരീരത്തിൽ വിളങ്ങിടുന്നു.

### യുക്തി.

൨൨൬ യുക്തിയുള്ളവചനങ്ങൾ ബാലനോ
തത്തയോ പറവതും ഗ്രഹിച്ചിടാം;
യുക്തിഹീനമൊഴിയെ ഗ്രഹിക്കൊലാ
ദേവദേശികനുരച്ചുവെങ്കിലും.

### രാജനീതി.

൨൨൭ സദാചാരങ്ങളെക്കൊണ്ടു പരിശുദ്ധൻ പ്രതാപവാൻ
ധാൎമ്മികൻ നീതികുശലൻ ശോഭിക്കുന്നു മഹീവരൻ.

൨൨൮ അഭ്യസിപ്പിക്കണം ഭൂപനൈശ്വൎയ്യത്തിന്നു പുത്രരെ
കുമാരന്മാർ മൂഢരായാൽ കുലമാശു നശിച്ചുപോം.

൨൨൯ നരപതി ധൎമ്മം ചെയ്താൽ
പ്രജകളുമതുപോലെ ചെയ്തിടും ധൎമ്മം
പാപംചെയ്കിലുമതുപോൽ;
പ്രജകൾക്കെല്ലാം പ്രമാണമവനീശൻ.

൨൩൦ നല്ലോണം പ്രഭുവിന്നു വേണ്ടതുരചെ-
യ്യായ്കിൽ സഖാ കുത്സിതൻ,
ചൊല്ലേറും പ്രഭുവും ഹിതങ്ങളനുവ-
ൎത്തിക്കായ്കിൽ നിന്ദ്യൻ ദൃഢം,
എല്ലാനാളിലുമൈകമത്യമൊടു വാ-
ണീടും നൃപാമാത്യരിൽ
കില്ലെന്യേ വിലസുന്നു പൂൎണ്ണതരമായ്
വൻപൊത്ത സമ്പത്തുകൾ.

### ലുബ്ധൻ.

൨൩൧ സ്സരിക്കമത്യന്തധനപ്രഭാവം
ധരിക്കിലും സാധുജനാൎത്തിയിങ്കൽ
ഒരിക്കലും തെല്ലലിയാത്ത മൎത്ത്യ-
"നിരിക്കിലും ചത്തതിനോടുതുല്യം."

൩൰൨ നന്നായുണ്ടവിധം നിബദ്ധതരയാ-
യീടുന്ന തൻമുഷ്ടിയോ-
ടെന്നും കോശമതിൽ കിടക്കു,മതുപോൽ
മാലിന്യമാലംബമാം;
ഇന്നേവം മരുവും കൃപാണകൃപണ-
ന്മാരിൽ ചുഴിഞ്ഞോക്കിൽ
ചേർന്നിട്ടുന്നൊരു ഭേദമല്പതരമാ-
മാകാരമാത്രത്തിനാൽ.

൩൰൩ ധാരാളം വേണ്ട സമ്പത്തുകൾ പലവിധമു-
ണ്ടെങ്കിലും, ശങ്ക കൈവി-
ട്ടാരാനും വന്നിരന്നിട്ടുകിലവനുകൊ-
ടുക്കാതെയും തങ്ങളൊന്നും
നേരായ് നിത്യം ഭുജിക്കാതെയുമമരുകിലി-
ങ്ങായവർക്കും ദരിദ്ര-
ന്മാരായോർക്കും "നിനയ്ക്കുന്നളവിലിളയിലെ-
ന്തന്തരം ഹന്ത! ചൊൽവാൻ."

൩൰൪ നേരത്രേ ശാസ്ത്രമെന്നോക്കിൽ മുതലഖിലം
യാചകർക്കായ് കൊടുക്കാം;
നേരല്ലെന്നോർക്കിലെല്ലാം സുഖമതനുഭവി-
ച്ചീടുവാനായ് ത്യജിക്കാം;
തീരെക്കൈവെച്ചിടാതങ്ങതു പുരമുറിയിൽ
ശ്രദ്ധമായ് സംഗ്രഹിക്കു-
ന്നോരോ വൃത്തിക്കെഴും കാരണമതു നിരു-
പിച്ചിട്ടു കാണുന്നതില്ല. (ശാ. വി)

## വശീകരണം.

൩൰൫ ലോകത്തെയൊരുകർമ്മത്താൽ വശമാക്കാൻ കൊതിക്കി-
ലോ
പരനിന്ദയിൽനിന്നിട്ടു നിവർത്തിപ്പിക്കു നാവിനെ.

## വാക്ക്.

൩൰൬ വാങ്മാധുര്യം സർവ്വസന്തോഷപാത്രം;
വാക്പാരുഷ്യം സർവ്വവൈരസ്യപാത്രം;
ചെയ്യുന്നുണ്ടോ കോകിലം നന്മ നമ്മിൽ?
ചെയ്യുന്നുണ്ടോ ഗർദ്ദഭം ദോഷലേശം?

൩൰൧ നേരിട്ടെതിൎക്കുമൊരു വാഗ്മിയെയും ക്ഷണത്തിൽ
നേരെയടക്കു, മതുപോലനുകൂലഭാഗേ
ചേരുന്ന മന്ദനെയുമുന്നതനാക്കിവയ്ക്കും
സൂരിക്കെഴുന്ന മൊഴിതന്റെ മട്ടിവണ്ണം

൩൰൨ ചേൎത്തീടുന്നില്ല മൎത്ത്യൎക്കഴകു വളകളും, നൽ-
ച്ചന്ദ്രതുല്യപ്രകാശം
വീൎത്തീടും ഹാരജാലം, കുളി, കുറി, കുസുമം,
കേശമിത്യാദിയൊന്നും;
പാൎത്താൽ സംസ്കാരമേറും മൊഴിപരമഴകാം
പൂരുഷൎക്കു;—ന്യഭൂഷാ
സാൎദ്ധം സൎവ്വം നശിക്കുന്നനിശമിഹ വചോ-
ഭൂഷണം ഭൂഷണംതാൻ.

## വിദ്യ.

൩൰൩ ഊനത്വം കലരാത്ത വിദ്യ, കുതുകം
ചേൎക്കുന്ന വൃത്താന്ത, മ-
ത്യാനന്ദപ്രദമായിടുന്ന മഹിതം
കസ്തൂരികാസൌരഭം
താനേ മൂന്നിവ തൈലബിന്ദുനികരം
തോയത്തിലെന്നോൎക്കണമ-
ന്യൂനംതാൻ തടവെന്നിയേ ഭുവി പര-
ന്നീടുന്നിതെല്ലാടവും.

൩൪ പൊന്നും നന്മണിജാലവും ഭവനവും
ദ്രവ്യങ്ങളും തേടിവ-
ച്ചെന്നാലും നിലനിൽക്കയില്ലവ; യിതിൽ
സന്ദേഹമില്ലേതുമേ;
മിന്നീടുന്നൊരു വിദ്യകൊണ്ടു വഴിപോ-
ലാൎജ്ജിക്ക പാരം യശ-
“സ്സെന്നെന്നേയ്ക്കുമതൊന്നു തന്നെ നിലനി-
ല്ക്കും നീക്കമില്ലോൎക്കുവിൻ.”

൩൫ കാവ്യാസ്വാദേച്ഛയുള്ളോരിഹ കലിസമയ-
ത്തിങ്കലേററം ചുരുക്കം;
താവുംദോഷൈകദൃക്കോടവരിലധികരും
മത്സരഗ്രസ്തരത്രേ;

ദൈവാൽ ശേഷിച്ചു ശൂദ്ധാത്മകതയുടയൊ-
രഞ്ചാറു പേരെങ്കിലെന്നും
നിർവ്യാപാരം വസിപ്പോരവർ പര; മതിനാൽ
തീൻ വിദ്യാവിനോദം.

൱൭൨ ചിന്തിക്കുന്നോരുനേരം ചിതമൊടുഹൃദയ-
ത്താരതിൽതോന്നുമാറായ്
ചന്തത്തോടേ പഠിച്ചുള്ളൊരു മഹിമയെഴും
വിദ്യയെ വിദ്യയാവൂ
എന്താണെന്നുള്ള ബോധം ഗുരുവിലുമഥ തൻ-
പുസ്തകത്തിങ്കലും വ-
ച്ചന്തസ്തോഷാൽ വസിക്കുന്നവനെയവനിയിൽ
സൂരിയെന്നാരു ചൊല്ലും?

൱൭൩ എപ്പോളല്പജ്ഞനായിട്ടധികമദവശാ-
ലന്ധനായ് ഞാൻ ഗജംപോ-
ലപ്പോൾ സർവ്വജ്ഞനാണെന്നകമലരിൽ മഹാ-
ഗർവ്വും സംഭവിച്ചു;
എപ്പോളോരോന്നു പേരാന്നൊരു വിബുധസമീ-
പത്തിൽനിന്നിങ്ങറിഞ്ഞെ-
നപ്പോൾ ഞാൻ മൂഢനാണെന്നറിവുടനുളവായ്
ഗർവ്വുംപോയ് ജ്വരംപോൽ.

വിദ്വാൻ.

൱൭൪ സൂക്തിരത്നങ്ങൾ വിളയും സൂരികൾക്കു തൊഴുന്നുഞാൻ;
യന്മധ്യഗതമായ് നീചകാചവും പൂജ്യമായിടും.

൱൭൫ അന്നം താമരയെപ്പോൽ
വിദ്വാൻ വിദ്വാനെയാഗ്രഹിക്കുന്നു;
കാകൻ ശവമെന്നാംപം
മൂഢൻ തിരയുന്നു മൂഢനെത്തന്നെ. (ത. ത.)

൱൭൬ നന്നായാലോചിച്ചാൽ
മന്നനിലും മഹിമ ബുധനു കൂടുന്നു;
തന്നുടെ ദേശമാത്രം
മന്നവനു മഹിമ, ബുധനു സർവ്വത്ര. (ത. ത.)

൱൭൭ കീർത്തിയെഴും സുമനസ്സുകൾ
പാർത്താലീരണ്ടിലൊന്നിൽ മരുവുന്നു,
എല്ലാരുടെയും തലയി, ല-
തല്ലായ്കിൽ കാനനാന്തരം തന്നിൽ.

൩൧൮ വിഷത്തെയും ചന്ദ്രനെയും ശിവൻപോൽ
ഗ്രഹിച്ചീടൻ ദോഷഗുണങ്ങൾ വിദ്വാൻ
പൂർവത്തിനെക്കണ്ണതടത്തിൽ നിത്യം,
പരത്തിനെത്തൻ തലകൊണ്ടു വാഴ്ത്തും.

൩൧൯ കൈതയ്ക്കകത്തുള്ളൊരു ചാരുപുഷ്പം
മണത്തിനാൽ വണ്ടറിയുന്നപോലെ
വിദ്വാൻ പരന്മാരുടെ ഹൃൽഗതത്തെ-
സ്സ്വഭാവത്തിനാൽ തന്നെയറിഞ്ഞിടുന്നു.

൩൨൦ പറഞ്ഞ കാര്യം പശുവും ഗ്രഹിച്ചിടും;
ഹയാദി ഭാരങ്ങളെടുപ്പതില്ലയോ?
പറഞ്ഞിടാതെയുമറിഞ്ഞിടും ബുധൻ
പരേംഗിതജ്ഞാനമതിന്റെ ബുദ്ധികേൾ.

൩൨൧ ഖണ്ഡിക്ക വഹ്നിയതിലിട്ടതിതാപമേററി-
ട്ടുണ്ഡിക്കയെന്നിവയലില്ലൊരു ദുഃഖവും മേ;
കുന്നിക്കെഴുന്ന കുരുവോടു സുവർണ്ണമാകു-
മെന്നെക്കലർത്തിയിഹ തൂക്കുവതാണു് കഷ്ടം!

൩൨൨ ഉള്ളിൽകോപമുദിക്കിലക്കമലജൻ
തണ്ടാർവനത്തിന്നക-
ത്തുള്ളോരന്നമതിൻവിലാസവിഭവം
മാത്രം നശിപ്പിച്ചിടും;
വെള്ളത്തോടു കലർന്ന പാൽ മുഴുവനും
മാറാതെ വേറാക്കിയൾ-
ക്കൊള്ളുന്നോരതിനുള്ള കൌശലമവൻ
തള്ളീടുകില്ലേതുമേ.

൩൨൩ പോകട്ടേ തുരഗാദിവാഹനമതിൻ-
മേലേറി മൂഢപ്രജം;
പോകട്ടേ ധനഹീനരാം ബുധജനം
കാലാൽ നടന്നങ്ങിനെ;
കാകന്മാർ വലുതായ പർവതമതിൻ-
മേലേറിമേവീടിലും
ശ്രീകോലും പുളിനസ്ഥലത്തിൽ മരുവും
ഹംസാളിയോടൊക്കുമോ?

൩൱൪ പെട്ടെന്നങ്ങനെ സാഹസത്തിൽ നിപതി-
ച്ചീടാതെ വിദ്വാൻ സദാ
കിട്ടും കാൎയ്യമതിന്റെ തത്വമഖിലം
ചിത്തത്തിലോൎക്കും ക്രമാൽ.
തിട്ടം തത്വമറിഞ്ഞു യുക്തിയൊടനു-
ഷ്ഠിക്കുംപ്രമാദം വിനാ,
മുട്ടാതന്യഹിതത്തൊടാത്മഹിതവും
നന്നായ് നടത്തും ദൃഢം.

൩൱൫ ശോഭിക്കുന്നില്ല തെല്ലും കരടപടലിതൻ-
മദ്ധ്യഭാഗത്തു ഹംസം;
ശോഭിക്കുന്നില്ല തെല്ലും കുറുനരി നിരതൻ-
മദ്ധ്യഭാഗത്തു സിംഹം;
ശോഭിക്കുന്നില്ല തെല്ലും ഭുവി കഴുതകൾതൻ-
മദ്ധ്യഭാഗത്തിലശ്വം;
ശോഭിക്കുന്നില്ല തെല്ലും ജളജനതയതിൻ-
മദ്ധ്യഭാഗത്തു വിദ്വാൻ.

വിധി.

൩൱൬ ദീനനുണ്ടാക്കിട്ടും ദ്രവ്യം ഭുജിക്കുന്നിതു ഭാഗ്യവാൻ;
രദം ഖേദിച്ചു മൎദ്ദിക്കും, രസം നാവറിയും സുഖം.

൩൱൭ ഗ്രഹിക്കണം വന്നണയുന്നതെല്ലാം;
ത്യജിക്കണം പോവതുമപ്രകാരം;
രസിക്കദുഃഖിക്കയുമെന്തിനോൎത്താൽ?
വിധിക്കു നീക്കം വരികില്ല തെല്ലും.

൩൱൮ നരനൊന്നു നിനച്ചുറച്ചിടുന്തു,
കരുതീടുന്നെതിരായതിന്നു ദൈവം
വരുവോളമൊരുത്തനും ഗ്രഹിപ്പാ-
നരുതല്ലോ ഭഗവദ്വിലാസകൃത്യം. (സ്വ.)

൩൱൯ ഇച്ഛിക്കുമൊന്നിഹ ലഭിപ്പതു വേറെയൊന്നാ-
മിച്ഛിപ്പതും പുനരൊരിക്കലഹോ! ലഭിക്കും,
ഇച്ഛിച്ചിടാത്തതു ലഭിക്കുമൊരിക്ക, ലെല്ലാ-
മിച്ഛാനുകൂലമഖിലപ്രഭുവിന്റെ നൂനം. (ത. ത.)

൩൱൰ ശ്രീരാമൻപോയ് വനത്തിൽ; ബലി നിയമിതനായ്
പാൎത്ഥരും പുക്കരണ്യം;
പോരാടിത്തീൎന്നു വൃഷ്ണിപ്രജമഥ; നളനും
രാജ്യവിഭ്രഷ്ടനായി

കാരാഗാരത്തിൽ വാണാൻ ദശമുഖ;നടലിൽ
ചാകയുംചെയ്തു, പാർത്താൽ
പാരാകെക്കാലലീലാവശഗമത്തു മറി-
ച്ചാക്കുവാനാക്കു ശക്യം?

## വിനയം.

൩൭൫ സ്വാന്തത്തിന്നററവിനയപ്രദയായ വിദ്യ,-
താൻതന്നെയമ്മ തനയന്നു വിഷംകണക്കെ,
ചിന്തും മദം ബത! നരന്നതുള്ളന്നവെന്നാ-
ലെന്താണു് ചെയ്യുതെവരോടതു ചൊല്ലിടേണ്ടു?

൩൭൬ വലിപ്പം വന്നീടുന്നതിന്നു കൊതിയു-
ള്ളോരു പുരുഷൻ
കുലുക്കം കൈവിട്ടിട്ടനിശമധികം
താഴണമഹോ!
വലയ്ക്കും ദ്വാരം മദഭരമണ-
ഞ്ഞങ്ങനെ സമു-
ജ്ജ്വലിക്കുന്നെന്നാകിൽ കളയണമത;-
ല്ലെങ്കിൽ വിഷമം. (രാ. മാ)

൩൭൭ ശ്രീ വർദ്ധിച്ചോരുഗേഹം, നിപുണത കലരു-
ന്നിന്ദ്രിയൌഘം, ബലശ്രീ
മേവും ദേഹം, നവം യൌവന, മവിരളമാം
ദ്രവ്യമിച്ചൊന്നതെല്ലാം
കൈവന്നുള്ളോരു കാലത്തിലുമിഹ കടലാ-
ടിക്കെഴുംചൂവിനെപ്പോ-
ലേവൻ ചിത്തംനമിക്കുന്നിതു വിനയഗുണാ-
ലായവൻ തന്നെ ധന്യൻ. (ശാ. വി.)

## വിവാഹം.

൩൭൮ കുലവും വിദ്യയും പ്രായം ശീലം ദ്രവ്യം സ്വരൂപവും
ദേശവും ക്രമമായ് നോക്കിവേണം വേളികഴിക്കുവാൻ.

## വൃദ്ധൻ.

൩൭൯ എല്ലാരും വൃദ്ധരാമെന്നൊരു വകതിരിവി-
ല്ലാതെ ചോരത്തിളപ്പാൽ
പൊല്ലാവാക്യം വയസ്സേറിന സുകൃതികളിൽ
ചൊല്ലുവോർ മൂഢരത്രേ;

എല്ലാം നന്നായറിഞ്ഞിട്ടുപശമപരിപാ-
കങ്ങളോടീശഭക്ത്യാ
നല്ലാനന്ദാൽ വസിക്കും ദശമികടെ ജര-
യ്യും നരയ്യും തൊഴുന്നേൻ. (സ. ൧.)

വ്യയം.

൩൬൭ വേദശാസ്ത്രപുരാണാദി ബോധമല്ല സമർത്ഥതാ;
വരവിങ്കൽ കവിഞ്ഞുള്ള ചെലവില്ലായ്കയാണതു്.

വ്യായാമം.

൩൬൮ ദുർമ്മേദസ്സുതുടങ്ങി മേനിയിലെഴും
ദോഷങ്ങളെല്ലാം കള-
ഞ്ഞുന്മേഷംബലവും ദൃഢതയുമലം
വ്യാപാരസാമർത്ഥ്യവും
ചെമ്മേ കാന്തിയുമേകിടും മഹിതമാം
വ്യായാമമീജീവിത-
ത്തിന്മേലാഗ്രഹമുള്ളവന്നനുദിനം
കർത്തവ്യമത്രേ ദൃഢം. (ല. ക.)

ശബ്ദശാസ്ത്രം.

൩൬൯ ശസ്ത്രപ്രയോഗകലയെ ഗ്രഹിയാതെ ഘോര-
യോദ്ധാക്കൾചേർന്ന രണഭൂമിയിലെന്നപോലെ
ശബ്ദാനുശാസനവിധങ്ങളറിഞ്ഞിടാതെ
വിദ്വത്സദസ്സിലണയുന്നതശക്യമത്രേ.

ശാന്തി.

൩൭൦ നല്ലോരായസയന്ത്രവൃന്ദമതിനാൽ
ദുർഭേദമാം പാറയും
മെല്ലേ കാൺക പിളർന്നിടുന്നു തരുവിൻ-
വേരങ്ങു ചേരുംവിധൌ
ചൊല്ലാമായതുപോലെ ശാന്തതയതാ-
യീടും ഗുണംകൊണ്ടു മ-
റ്റെല്ലാ ദുർഗ്ഘടവും കടന്നുജയമാ-
ന്നീടാം പ്രയാസം വിനാ. (സ. ൧.)

൩൭൧ അൻപേറും വേദപാരായണമതിലധികം
തൃഷ്ണയുണ്ടാകിലെന്തു്?
മുൻപേ കേൾക്കാത്തതും കേട്ടതിനൊടു സമമാ-
യിട്ടു ബോധിക്കിലെന്തേ?

വൻപന്മാരോടു വാദിച്ചവരെ ലഘുതരം
താൻ ജയിച്ചാലുമെന്തേ?
ശംഭോ! വൈരാഗ്യമോടെ മനുജനു ഹൃദയേ
ശാന്തിവന്നില്ലയെന്നാൽ. (ശാ. വി.)

സങ്ഗീതം.

൩൦൩ പശുവും ശിശുവും പാമ്പും പാട്ടിൻഗുണമറിഞ്ഞിടും
അതിൻെറ ഗന്ധമില്ലാതുള്ളവൻ മനുജഗർദ്ദഭം.

൩൦൪ സാക്ഷാൽവാസനയൊന്നുണ്ടു സംഗീതത്തിനു നിർണ്ണയം
അതില്ലാതുള്ള പുരുഷനഭ്യസിക്കിൽ ഫലംവരാ. (സ.)

സജ്ജനം.

൩൦൫ അപകാരശതത്തേയും സ്മരിക്കില്ല മഹാശയൻ
ഏകമാമുപകാരത്താൽതന്നെ സന്തുഷ്ടനായിടും.

൩൦൬ മഹാസത്വതയാ നിത്യം സാധുവും സരിദീശനും
ഗോത്രസ്ഥിതിയിളക്കാതെ താഴ്മപൂണ്ടു വസിച്ചിടും.

൩൦൭ നെല്ലിനുവിട്ടൊരുവെള്ളം
പുല്ലിനുമൊഴ്കിത്തഴപ്പു നൽകുന്നു
നല്ലവനായ് പെയ്യുംമഴ-
യെല്ലാവൎക്കും ഫലം കൊടുക്കുന്നു. (ത. ത.)

൩൦൮ ദ്രോഹിപ്പവരെയും ബുധർ
പാലിപ്പോർ ശക്തിപോലെ മൃതിയോളം;
ച്ഛേദിപ്പോൎക്കും മരനിര-
യേകിപ്പോരുന്നു തണൽ, പതിപ്പോളം (ത. ത.)

൩൦൯ അഞ്ജലിഗതസുമജാലം
മണമിരുകൈകൾക്കുമൊന്നുപോലേകും;
സുമനസ്സുകളുടെ വൃത്തിയ-
താശ്ചൎയ്യം വാമദക്ഷിണാഭേദം.

൩൧൦ വിധുവോ മധുവോ പിന്നെ-
സ്സുധയോ നിശ്ശേഷ വസുധയോ വ്യൎത്ഥം,
ഹൃദയഹരചരിതമിയലും
സുജനം നയനായനത്തിലെത്തീടിൽ.

൩൧൧ അഗുണികളറിയാ ഗുണിയെ-
ഗ്ഗുണി ഗുണികളിലണുമത്സരഗ്രസ്തൻ;
ഗുണവും പരഗുണരാഗവു-
മണയും സുജനം ചുരുക്കമേമാൎത്താളം.

൧൯൦ ഹിതമേ സുജനവിലോകം,
ഹിതമാണവർ ചൊല്ലുകേൾപ്പതും പാരം,
ഹിതമവരുടെ ഗുണകഥനം
ഹിതമവരൊടുചേൻ വാഴ്വതും നൂനം.

൧൯൧ സജ്ജനസംഗമതരുതേ;
സംഗതിരിക്കിൽ പ്രിയതമങ്ങരുതേ;
പ്രിയതയിലരുതേ വിരഹം;
വിരഹത്തിൽ ജീവിതാശയരുതരുതേ.

൧൯൨ വദനം പ്രസാദസദനം
സദയം ഹൃദയം, സുധാസമം വാക്യം,
കരണം പരോപകരണം;
പറയുന്നിവ പൂരുഷന്റെ പാരമ്യം.

൧൯൩ ഉപദേശിച്ചീടായ്കിലു-
മുരുഭക്ത്യാ സേവ്യരാണു സത്തുക്കൾ;
അവർതൻ സൈ്വരാലാപവു-
മറിവരുളും ശാസ്ത്രമായ് ഭവിക്കുന്നു.

൧൯൪ മതി വർഷിക്കുന്നമൃതം;
ഫണി വർഷിക്കുന്നു ഘോരമായ വിഷം;
സുജനം ഗുണമരുളുന്നു;
ദുർജ്ജനമരുളുന്നു ദോഷജാലം താൻ.

൧൯൫ മഹിതം സ്വഗുണം പരരുടെ
കർണ്ണത്തിൽ ചെന്നുചേർന്നിടുംതോറും
അറിക സുവംശജമാകും
സുജനം വില്ലെന്നപോൽ നമിക്കുന്നു.

൧൯൬ പാത്രത്തെയും സ്നേഹഭരത്തിനേയും
ദശാന്തരത്തേയുമപേക്ഷിയാതെ
എല്ലായ്പൊഴും ലോകഹിതത്തിനായി
മേവും മഹാന്മാർ മണിദീപതുല്യം.

൧൯൭ നിനയ്ക്കുസൂചിക്കെഴുമഗ്രമൂല-
ഭാഗങ്ങൾപോൽ ദുർജ്ജനസജ്ജനങ്ങൾ;
രന്ധ്രത്തെയുണ്ടാക്കിടുമൊന്നു നിത്യം;
ഗുണത്തിനാൽ മററതുടൻ മറയ്ക്കും.

൧൯൮ വാസസ്ഥലം വെടികിലും വ്യസനം മഹാനിൽ
ബാധിക്കയില്ലധമനേയതുവന്നുകൂട്ടു;

രത്നം പയോധിയെ വെടിഞ്ഞു നരേശമൂൎദ്ധാ-
വെത്തുന്നിതേ തവളയോ കരടാനനാന്തം.

൨൯൯ പരന്റെ ഗുണലേശംപോലുമുൽകൃഷ്ടമാക്കി-
ക്കരുതിയുമൊരുപോതും കള്ളമില്ലാതെ കണ്ടും
ദുരിതനിരവെടിഞ്ഞും ദൈവഭക്ത്യാ വസിക്കു-
ന്നൊരു സുകൃതിജനങ്ങൾക്കായി ഞാൻ കൈതൊഴു-
ന്നേൻ (സു.)

൩൦൦ പാരം ദ്രവ്യമിരിക്കിലും കുമതി താൻ
സംസേവ്യനല്ലേതു; മ-
റ്റേരാളും ഗുണശാലിയല്പധനനാ-
ണെന്നാകിലും സേവ്യനാം;
ധാരാളം ലവണാംബു ചേൎന്ന കടൽ വി-
ട്ടോരേറ്റെയില്ലെങ്കിലും
ചാരു സ്വാദുരസം കിണററിലിയലും
വെള്ളം കുടിക്കും ജനം.

൩൦൧ വിഘ്നം വന്നിടുമെന്നു താൻ അധമരാ-
രംഭിപ്പതില്ലൊന്നുമേ;
വിഘ്നംകൊണ്ടിഹ മദ്ധ്യമായവർ മട-
ങ്ങീടും തുടങ്ങീട്ടുടൻ;
വിഘ്നംവേണ്ടതുപോലെ വന്നിടുകിലും
പ്രാരബ്ധകൎമ്മങ്ങൾ നിർ-
വിഘ്നം തന്നെ നടത്തുമുത്തമജനം
ശ്ലാഘ്യാന്തികൈക്കൊണ്ടുതാൻ.

൩൦൨ ദാനം പാരം മറച്ചാ;നതിഥിവരികവേ
സംഭ്രമാൽ സല്ക്കരിക്കും,
മാനം സമ്പത്തിൽവയ്ക്കി; ല്ലിതരകഥദ്വേഷി
ക്കില്ല-ദീഷ്ടത്തെ നൽകി
മൌനം പൂണ്ടിട്ടു;-പോത്തും സഭയതിലുപകാ-
രത്തെ-യാസക്തിയേറും
നൂനം ശാസ്ത്രത്തി, ലേവം ഗുണഗണമെവന്നു-
ണ്ടായവൻതാൻ കുലീനൻ.

൩൦൩ കഷ്ടം? വായിൽ കടിഞ്ഞാണടരിൽ മൃതി ഭവി-
ക്കായ്കിലോ ഭാഗ്യമെന്ന-
ല്ലിഷ്ടംപോൽ സഞ്ചരിപ്പാനരുതിഹ വലുതാം
ഭാരവും നീ വഹിക്കാ

കഷ്ടിച്ചേവം പഴിക്കും കഴുതയൊട്ടുരിയാ-
ടാതെ ഗംഭീരനശ്വ-
ശ്രേഷ്ഠൻ മന്ദം ഹസിച്ചാനധമരിൽ മഹിത-
ന്മാൎക്കു മൌനം പ്രധാനം.

൨൰൨ സൽകീൎത്തിക്കായ്‍ വലഞ്ഞും പലപല വലുതാം
ജോലിയോൎന്നും മഹാന്മാർ
വാഴ്ക്കും ലോകാപവാദാൽ ഭയമൊട്ടമനിശം
പാൎത്തിടുന്നാൎത്തിയോടെ.
സൽകൎമ്മം ദുഷ്ടകൎമ്മം ദ്വയമതിലിളകി-
ടാതെയും ബോധമെന്യ
യുക്തായുക്തങ്ങളാക്കാതെയുമമരുമൊരാ-
പ്രാകൃതൻതന്നെ ധന്യൻ

൨൰൩ പാരിങ്കൽ ശ്രേഷ്ഠരായുള്ളവരുടെ ചരിതം
ചിന്തചെയ്താൽ, മഹത്ത്വം
നേരേ നമ്മൾക്കമെത്തുന്നതിനു കഴിവതാ-
ണെന്നു, മീലോകവാസം
തീരുമ്പോളിങ്ങു പിൻപേ നിജസമയമതാ-
യുള്ള പന്ഥാവുതന്നിൽ
ചാരുശ്രീ പാദചിഹ്നങ്ങളെ വടിവൊട്ടു ചേ-
ൎക്കാവതാണെന്നുമാക്കം. (ഇം. ത.)

൨൰൪ നമ്രത്വത്താലുയൎന്നും, പരഗുണമരുളി-
ത്തൻഗുണത്തെത്തെളിച്ചും,
നന്നായന്യാൎത്ഥമായിട്ടധികതരമല-
ഞ്ഞാത്മകാൎയ്യം വഹിച്ചും,
ഒന്നും മിണ്ടാതെ, നിന്ദിപ്പൊരു ഖലരിൽ മഹാ-
പീഡചേൎത്തും വിചിത്രം
മിന്നും കീൎത്ത്യാ വസിക്കും സുജനതതിയെയാ-
രിങ്ങു പൂജിച്ചിടാത്തു?

സന്തോഷം.

൨൰൫ ഗൎഭാവാസത്തിലും വൃത്തി നൽകി മേ ജഗദീശ്വരൻ.
ശേഷവൃത്തിയെ നൽകാൻ്യാനവൻ ഹാ! മൃത-
നായിതോ?
൨൰൬ സന്തോഷമുള്ളവനോൎത്താൽ സമ്പത്തുണ്ടേതു ദിക്കിലും;
പാദേ പാദുകയാൎന്നോനു പാരെല്ലാം ചൎമ്മസംവൃതം.

൧൦൯ യാചിക്കുമ്പോഴും ദൈന്യം;
കിട്ടുമ്പോഴും ഗൎവമാൎന്ന സന്തോഷം;
പോകുമ്പോളതിദുഃഖം
നിഷ്കാമന്നു സൎവകാലവും സൌഖ്യം.

സന്മാൎഗ്ഗം.

൧൧൦ അന്യന്റെ ദാരങ്ങളെ മാതൃതുല്യ-
മന്യന്റെ വിത്തങ്ങളെ ലോഷ്ടതുല്യം
മററുള്ള ഭൂതങ്ങളെയാത്മതുല്യം
കാണുന്നു പാണ്ഡിത്യമെഴുന്ന ധീമാൻ

൧൧൧ ദൂഷിക്കട്ടെ വിദ്വജ്ജനമിഹ പുക-
ഴ്ത്തട്ടെയഥവാ,
ലഭിക്കട്ടെ പാരം ധനമതി നശി-
ക്കട്ടെയതുപോൽ,
മരിക്കട്ടേയിന്നോ മറുയുഗമണ-
ഞ്ഞീട്ടുമഥവാ
ചരിക്കില്ലാ ധീരൻ നയസരണി വേർ
പെട്ടൊരടിയും.

൧൧൨ വിദ്യാഭ്യാസമതിങ്കലഞ്ഞിടവിടാ-
തേറുന്നൊരുത്സാഹവും,
വിദ്വാന്മാരുടെ സേവയും, പരവധൂ-
വൃന്ദത്തിൽ വൈമുഖ്യവും,
സത്യശ്രീ, സകലേശഭക്തി, രിപുവിൽ
പോലും ഗുണധ്യാനവും
മുത്തോടേ "മമ സംഭവിക്കണമതി-
ന്നുൾത്താരിലത്യാഗ്രഹം."

൧൧൩ ചെമ്മേ സന്തതമീശ്വരസ്മരണവും
മററുള്ള ഭൂതങ്ങളിൽ
സമ്മോദം പര, മാത്മതുല്യമിവര-
ണ്ടുണ്ടാകിലെല്ലാവരും
സമ്മാനിച്ചിട്ടുമെന്നുമല്ല ശുഭവും
മേന്മേൽ വരുത്തി, ത്തരം
സന്മാൎഗ്ഗത്തിൽ വസിപ്പവൎക്കു ദുരിതം
തട്ടുന്നതില്ലൊട്ടുമേ.

൨൱൨ സത്യം നല്ലൊരഹിംസയും കരുണയും
സന്തോഷവും ദാനവും,
നിത്യം നീതിയുമന്യദീയ ധനദാ-
രാദ്യത്തിൽ വൈമുഖ്യവും
ഇത്ഥം ചാരുഗുണങ്ങൾ പൂണ്ടുചിതമായ്
കാലം കഴിക്കുന്നതാ-
ണോർത്താലീശ്വരനുള്ള പാരകൃപയു-
ണ്ടായീടുവാൻ കാരണം. (ല. ക.)

൨൱൩ പാരാകെപ്പരിചോടു പാർത്തു പരിപാ-
ലിക്കും മഹാശക്തിയി-
ങ്ങാരായാലുമമന്ദപാപനിര ചെ-
യ്യുന്നാൽ സഹിക്കാ ദൃഢം,
നേരായിങ്ങനെ കണ്ടറിഞ്ഞിഹ സദാ-
ചാരത്തിൽ വർത്തിച്ചിടും
ധീരന്മാരുടെ "ചിത്തകാമ്പിനനിശം
ചെയ്യുന്നു ഞാൻ വന്ദനം."

൨൱൪ വീണ്ടും ലോകങ്ങളുള്ളൊന്നൊരു കൊടിയതമ-
സ്സൊക്കെ നീക്കുന്ന ദാക്ഷ്യം
വേണ്ടുംപോൽ പൂണ്ട ഗോസഞ്ചയമൊടുമിഹ സ-
ർവ്വജ്ഞ നേത്രതമാന്നും
കൊണ്ടാടേണ്ടും പ്രഭാവത്തൊടു വിലസുകിലും
ഹാ! തമസ്സംക്രമത്താ-
"ലുണ്ടാകും ചെററുകുററം ചില സമയമഹോ!
സൽപഥേ നില്പവക്കും."

൨൱൫ ഭാര്യാ, ഭോജ്യം, സുതന്മാർ, ശയനം; മണി മണീ-
ഭൂഷണം, വസ്ത്രമെന്നി-
യോരോന്നും മർത്ത്യനിച്ഛിച്ചിടുവതി; തരുതെ-
ന്നാരഹോ ചൊല്ലിടുന്നു
എന്നാലിച്ചൊന്നവയ്ക്കുണ്ടിഹ നിയമമതോ-
രോന്നു;തിന്നും വിരോധം
തോന്നീടുന്നെന്നു വന്നാലതിനു ചുമതല-
ക്കാരനക്കാലനത്രേ. (ശാ. വി.)

സംസർഗ്ഗം.

൨൱൬ സംസാരവിഷവൃക്ഷത്തിൽ സ്വാദേറും കനി രണ്ടുതാൻ,
കാവ്യാമൃതരസാസ്വാദം, സജ്ജനത്തൊടു സംഗവും.

൪൧൯ മണിയാൽ വളയും വളയാൽ മണിയും,
വിലസുന്നിവയാലധികം കരവും;
കവിയാൽ വിഭുവും, വിഭുവാൽ കവിയും
വിലസുന്നിവരാലധികം സഭയും.
൪൨൦ ശശിയാൽ നിശയും, നിശയാൽ ശശിയും
വിലസുന്നിവയാൽ പരമംബരവും;
സലിലാൽ കമലം, കമലാൽ സലിലം,
വിലസുന്നിവയാൽ കമലാകരവും.
൪൨൧ ഓമൽ സപ്രമരസം കലന്നരികിൽ വ-
ന്നെത്തുന്ന സത്തുക്കളാം
ശ്രീമാന്മാരില്ല, മല്പ്രകാരമധികം
ജൃംഭിച്ച ഡംഭത്തോടേ
കാമം മത്സരമാർന്നു തന്നൊട്ടു കയ-
ത്തീട്ടും ഖലന്മാരിലും
ധീമാൻ നല്ല വിവേകസാരമൊരുപോ-
ലേകുന്നിതാകുന്നപോൽ. (സ്ര.)
൪൨൨ ബുദ്ധിക്കുള്ളൊരു ജാഡ്യമൊക്കെയകലും
സത്യം സദാ ചൊല്ലിടും,
സിദ്ധിക്കും ബഹുമാന, മുറ്റ ദുരിത-
ക്കൂട്ടങ്ങൾ നഷ്ടങ്ങളാം,
വർദ്ധിക്കും വലുതായ കീർത്തി വഴിപോൽ,
നന്നാണു പാരം മന-
ശ്ശുദ്ധിക്കും, ബുധരോടു ചേരുകിൽ വരാ-
തെന്തുള്ളു ചിന്തിക്കിലോ?
൪൨൩ ദുഷ്ടന്മാർ സുജനങ്ങളോടണയുകിൽ
സാധുക്കളായ്ത്തീർന്നിടും;
ദുഷ്ടന്മാരുടെ സംഗമാൽ സുജനരോ
ദൌഷ്ട്യം ഗ്രഹിക്കാ ദൃഢം;
മട്ടോലും മലരിൻമണം മഹിതമാ-
മ്മണ്ണിൽ പതിഞ്ഞീടിലും
തിട്ടം മണ്ണിനെഴുന്ന ഗന്ധമലരിൽ
തട്ടുന്നതില്ലൊട്ടുമേ.
൪൨൪ വല്ലാതുള്ളൊരു മൌഢ്യം കലരുമചന്നമ-
സ്സത്തരോടൊത്തുവെന്നാൽ
തെല്ലാത്മജ്ഞാനമുണ്ടായ്വരുമകതളിരിൽ
കില്ലതിന്നില്ല പാർത്താൽ;

ചൊല്ലാൎന്നീടുന്ന മുല്ലത്തറയിലമരുമ-
  ക്കല്ലിലും നല്ലസൌര-
ഭ്യോല്ലാസം ചെററതിൻ പൂമ്പൊടികളണകയാൽ
  ചെല്ലുമാറില്ലയാവാൻ? (സ.)

സുഖം.

൨൱൨൰൫ സ്വാതന്ത്ര്യം, പൂൎണ്ണമാകും സ്വഭരണ,മഥ ദുർ-
  ഭീതിയില്ലായ്ക, യെന്ന-
ല്ലാതങ്കം ദുസ്സഹം വന്നിടുകിലുമിളകാ-
  തുള്ള നൽശാന്തഭാവം,
ചേതസ്സംതൃപ്തിയെന്നുള്ളിതുകളിൽ നിവസി-
  ക്കുന്നു സൌഖ്യം, നിനയ്ക്കിൽ
സംഭൃതം ദ്രവ്യം പ്രതാപം ബലമിതുകളില-
  ല്ലായതിന്നുള്ള വാസം (ഇം. ത.)

സുഭാഷിതം.

൨൱൨൰൬ സുഭാഷിതമയം ദ്രവ്യം സംഭരിക്കാത്ത പൂരുഷൻ
പ്രസംഗയാഗകാലത്തിലെന്തു ദക്ഷിണ നൽകിടും?
൨൱൨൰൭ പാരിൽ മൂന്നാണു രത്നങ്ങൾ സൂക്തി പാനീയ മന്നവും;
മൂഢന്മാരശ്മഖണ്ഡത്തെ രത്നമെന്നുരചെയ്യുന്നിതേ.

൨൱൨൰൮ അവസരമതിലുരചെയ്യാ-
നറിയ സുഭാഷിതമറിഞ്ഞിടാത്ത പുമാൻ
പടുബുദ്ധികളുടെയിടയിൽ
പടമെന്നതുപോലെതന്നെ ശോഭിക്കും.

സ്ത്രീവിദ്യാഭ്യാസം.

൨൱൨൰൯ കുട്ടിക്കു ബാല്യമതിൽ വേണ്ട വിവേകമേകി-
പുഷ്ടിപ്പെടുത്തുവതിനും, ദയിതന്റെ കാൎയ്യം
ഇഷ്ടാനുകൂലമഖിലം നിറവേററുവാനും
മട്ടാൎന്നവാണികളിൽ വിദ്യ വിശേഷഹേതു. (സ )

൨൱൩൰ ഉണ്ടാകുന്ന സുതക്കു ബാല്യമതിലേ-
  യോരോ പദാൎത്ഥം മുദാ
ചൂണ്ടിക്കാട്ടിയതിന്റെ തത്വമഖിലം
  നന്നായറിഞ്ഞീടുവാൻ
വേണ്ടുംവൎണ്ണമുരയ്പതിന്നു പകരം
  മൂഢാംഗനാ സന്തതം
വേണ്ടാതുള്ളൊരു ദുർവ്വചസ്സുകളവും
  ദുർബ്ബോധവും ചേൎത്തിടും (ല. ക.)

൨൱൨൫ പ്രാണാന്തത്തോളമെത്തും സുഖവുമസുഖവും
പങ്കുകൊണ്ടങ്കുരിക്കും
പ്രാണപ്രേമം കലൎന്നങ്ങനെ വരസഖിയായ്
ബ്ബുദ്ധിയെത്താത്ത ദിക്കിൽ
വേണംപോൽ വല്ലഭന്നായ് വിനയമൊടുപദേ-
ശങ്ങൾ ചൊല്ലി പ്രഭാവാൽ
വാണീടാനുള്ള ഭാൎയ്യയ്ക്കറിവകമതിലി-
ല്ലെങ്കിലെന്തൊന്നു സൌഖ്യം? (ല. ക.)

സ്വഭാവം.

൨൱൨൬ ഒരുവൻ തന്റെ ദുഷ്കൎമ്മം കണ്ടു ചെയ്യുമതന്യനും,
പോയവൻപിറകേ പോകും ജനം തത്വം ഗ്രഹിച്ചിടാ.

൨൱൨൭ ഇല്ലൊന്നുമേ സുന്ദരമോ, സ്വഭാവാൽ
വിരൂപമോ പാൎക്ക ജഗത്തിലെങ്ങും,
ഏതേവനുള്ളത്തിലിണങ്ങിടുന്നി-
തവന്നതേ സുന്ദരമായ വസ്തു.

൨൱൨൮ അലോചിയാസ്ഥ ജനനസ്ഥലഭേദമേതു-
മാലോചനാവിഷയമായതു ശീലമത്രേ;
പാലാഴിപെററ വിഷമല്ലിഹ പങ്കജാതം
ചേലാൎന്നിടും കമലമാണഭിനന്ദനീയം.

സ്വാമിഭക്തി.

൨൱൨൯ മാനവേന്ദ്രൻ പ്രസാദിച്ചാൽ മനംഭൃത്യന്നു നൽകിടും,
പ്രാണനെക്കൂടിയും ഭൃത്യൻ കളയും സ്വാമിരക്ഷയിൽ.

൨൱൨൩ പ്രഭുവിൻ വാക്കുകേൾക്കാത്ത ഭൃത്യൻ ഭൃത്യാധമൻ ദൃഢം
അവന്റെ ജീവനം വ്യൎത്ഥമാട്ടിൻഗളകുചങ്ങൾപോൽ.

൨൱൨൧ ആണായിട്ടുള്ളവൻതന്നുടെ പടുതമ്പി-
ജത്തിലുൽഭൃതനെന്നാൽ
പ്രാണാന്തത്തയുമോൎക്കാതമലതരമഹാ-
കീൎത്തിയെക്കാത്തിടേണം;
വേണാട്ടീശന്റെ രക്ഷയ്ക്കൊരു ധരണിസുരൻ
സ്വാമിഭക്തൻ പുരാ തൻ-
പ്രാണാപായം ഗണിക്കാതരിപടലിയിൽനി-
ശ്ചഞ്ചലം നെഞ്ചുകാട്ടി. (സ്വ.)

## സ്തുതികൾ.

### പ്രഭാതസ്തുതി.

൨൩൪ ലോകാധീശ! ഭവാൻെറ നല്ലകൃപയാൽ
സൌഖ്യേന ഞാൻ നിദ്രചെ-
യ്തേകാന്തം ശയനത്തിൽനിന്നുമെഴുന്നേ-
റ്റീടുന്നിതിപ്പോൾ വിഭോ!
പാകംപോൽ ശുഭമായ ബുദ്ധി സതതം
സൎവ്വത്തിലും തോന്നുവാൻ
നീ കാരുണ്യമൊടേയനുഗ്രഹമെനി-
ക്കേകുന്നതിന്നായ് തൊഴാം. (ഈ. സ്തോ.)

### നിദ്രാരംഭസ്തുതി.

൨൩൯ ഈശാ! നിൻകൃപകൊണ്ടു വേണ്ടവിധമാ-
പത്തൊന്നുമെത്താതെയി-
ന്നീശയ്യാതലമാൎന്നു രാത്രിയിലുറ-
ങ്ങീടാൻ തുടങ്ങുന്നു ഞാൻ;
ഏതും മൂഢതകൊണ്ടു വല്ല ദുരിതം
ഞാൻ ചെയ്തുപോയെങ്കിലും
നീ ശിക്ഷയ്ക്കു വിധിച്ചിടാതതുപൊറു- (ഈ. സ്തോ.)
ത്തീടാൻ വണങ്ങുന്നിതാ.

### സാമാന്യസ്തുതി.

൨൪൦ എനിക്കു ഹിതമെന്തെന്നതറിയുന്നില്ല ഞാൻ വിഭോ!
ഈശാ! നീതന്നെ ചിന്തിച്ചിട്ടെനിക്കു ഹിതമേകണം.

൨൪൩ അത്യന്തസൂക്ഷ്മതരമാകിയ ബുദ്ധികൊണ്ടും
ശ്രുത്യന്തവൎണ്ണിതമഹാവചനങ്ങൾകൊണ്ടും
നിത്യം തിരഞ്ഞിട്ടുകിലും തെരിയാതെമേവു-
മാദ്യന്തഹീനപരവസ്തുവിനെത്തൊഴുന്നേൻ. (സ. া.)

൨൪൪ സദാസൌഖ്യത്തോടേ ജഗതിയിൽവസി-
ക്കേണമെന്നാകിലെന്നും
സദാചാരം സാരം സകലമതിലും
സ്വീകരിച്ചീടവേണം;
സദാചാരത്തിന്നുള്ളൊരു വലിയമൂ-
ലം സമസ്തേശപാദങ്ങൾ
സദാ വൎദ്ധിച്ചീടുന്നൊരു ഭയ; മതി-
ങ്ങേററമുണ്ടാകവേണം. (ഈ. സ്തോ)

൨൨൧ സൂക്ഷിച്ചുള്ള നിരീക്ഷണത്തിലിഹ നാം
നിസ്സാരമായ് സന്തതം
വീക്ഷിക്കും കൃശമായിടുന്ന തൃണവും
പെട്ടെന്നു കാട്ടും വിധം
സാക്ഷാൽ സച്ചരാചരത്തിലറിയാ—
വല്ലാതെഴും നൈപുണീ
ദീക്ഷാനന്ദമിയന്നു തിങ്ങിന പരൻ
ദുഃഖങ്ങൾ പോക്കീടണം. (കാ. യാ.)

൨൨൨ ശീലിപ്പിക്കണമന്യദുഃഖമനശോ—
ചിക്കുന്നതിന്നും കനി—
ഞ്ഞാലോകിച്ചിട്ടുമന്യദോഷമൊളിവായ്
വയ്പാനുമെന്നെ പ്രഭോ,!
ചാലേയന്യജനങ്ങളിൽ സതതമീ
ഞാനിങ്ങു കാണിച്ചിടും—
പോലുള്ളോരലിവെന്നിലും വശദമായ്
കാണിക്കവേണം ഭവാൻ. (ഈ. ത.)

൨൨൩ അസ്മദ്ദേഹത്തിലോരോ ഹൃദയമൊട്ടു വസി—
ക്കുന്നജന്തുക്കളൊട്ട—
ല്ലു; സ്മദ്ദേഹത്തിലും ചെന്നൊരു ഹൃദയമിരി—
ക്കുന്നതുണ്ടെ;ന്നവണ്ണം;
അസ്മദ്ദേഹാദിവസ്തുപ്രജമഖിലമട—
ങ്ങുന്നലോകങ്ങൾചേരന്നോ—
രുദ്യൽബ്രഹ്മാണ്ഡദേഹത്തിനു ഹൃദയമതാ—
മീശനെക്കൈതൊഴുന്നേൻ. (സ്വാ.)

൨൨൪ യാതൊന്നില്ലെന്നുവന്നാൽ ഭുവനമഖിലമീ
മട്ടിൽനിൽക്കില്ല;—യെന്നാ—
ല്ലാതങ്കം സൌഖ്യമെന്നുള്ളതുമിഹ സമമായ്
കാണുവാനും പ്രയാസം,
ഭൂതങ്ങൾക്കൊക്കെയുള്ളിൽ ബഹിരപിവിലസീ—
ട്ടുന്നതായിന്നപോലെ—
ന്നേതാവല്ലാത്തൊദശ്ശക്തിതെഹമനിശം
ഭക്തിപൂർവ്വംതൊഴുന്നേൻ. (ഈ. സ്തോ.)

---

# സുഭാഷിതരത്നാകരം.

## പരിശിഷ്ടം.

---

### സംഖ്യാപരിച്ഛിന്നസജാതീയപദാൎത്ഥങ്ങൾ.

#### ഒന്നു്.

ബ്രഹ്മം.

അദ്വിതീയമതായുള്ള ബ്രഹ്മം കേവലമൊന്നുതാൻ
രണ്ടുമൂന്നാദിയായ് സൎവ്വം വികല്പവ്യവഹാരമാം.

#### രണ്ടു്.

ഗുണദോഷാദി.

ഗുണദോഷം—സുഖം ദുഃഖം, സ്ത്രീ പുമാൻ, പ്രിയമപ്രിയം
ഏവമീരണ്ടുഭേദങ്ങൾ കാണാം സൎവ്വത്ര നോക്കിയാൽ.

#### മൂന്നു്.

അഗ്നിത്രയം.

ദക്ഷിണാഗ്നിയതും ഗാൎഹപത്യമാഹവനീയവും
ഏവമഗ്നികൾ മൂന്നെന്നു ചൊല്ലീടുന്നു ബുധാവലി.

അവസ്ഥാത്രയം.

ജാഗരം സ്വപ്നവും പിന്നെസ്സുഷുപ്തിയുമവസ്ഥകൾ.
ഉത്തമാ മദ്ധ്യമാ പിന്നെയധമാ മൂന്നവസ്ഥകൾ.

ഋണത്രയം.

ഋഷികൾക്കും സുരന്മാൎക്കും പിതൃക്കൾക്കുമെഴും കടം
തീൎക്കണം ബ്രഹ്മചാരിത്വം യാഗം പുത്രനിവററിനാൽ.

ഏഷണാത്രയം.

പുത്രൈഷണവുമവ്വണ്ണം വിത്തൈഷണമതും പുനഃ
ദാരൈഷണവുമെന്നേവമേഷണാത്രയമോൎക്കണം.

കൎമ്മത്രയം.

സൃഷ്ടിയും സ്ഥിതിയും പാൎക്ക സംഹാരം പുനരിങ്ങനെ
ത്രിമൂൎത്തികൾ ക്രമത്താലേ നടത്തീടുന്ന കൎമ്മമാം.

കാരണത്രയം.

ഒന്നാമതു സമവായി
രണ്ടാമതു പിന്നെയസമവായിയതും

മൂന്നാമതഥനിമിത്തൗ
കാരണമീവണ്ണമാണു മൂന്നറിക.

കാലത്രയം.

വത്മമാനം ഭാവിയതും ഭൂതവും മൂന്നു കാലമാം.

ഗുണത്രയം.

സത്വം രജസ്സതും പിന്നെ തമസ്സുംതാൻ ഗുണത്രയം

തപസ്ത്രയം.

മാനസം വാചികം പിന്നെക്കായികം താൻ തപസ്സുകൾ.

താപത്രയം.

ആധ്യാത്മികമതും പിന്നെയാധിദൈവികവും തഥാ
ആധിഭൌതികമെന്നെവം താപത്രയമുദാഹൃതം.

ത്രയീ.

ഋക്കും യജുസ്സതും സാമമേവം വേദത്രയം സ്മൃതം

ത്രിദോഷം.

വായുവും പിത്തവും ശ്ലേഷ്മമിവ ദോഷത്രയം മതം.

ത്രിവഗ്ഗം.

ധമ്മാത്ഥകാമങ്ങൾ മൂന്നാം ത്രിവഗ്ഗം സൂരിസമ്മതം
ക്ഷയവും സ്ഥാനവും വൃദ്ധി രാജനീതി ത്രിവർഗ്ഗമാം

ത്രിസന്ധ്യം.

പ്രഭാതം സായവും കാൺക മധ്യാഹ്നമിവ സന്ധ്യകൾ.

ദോഷത്രയം.

അവ്യാപ്തിയുമതിവ്യാപ്തിയസംഭവവുമിങ്ങനെ
ലക്ഷണോക്തിയിലുള്ളോരു മൂന്നു ദോഷങ്ങളോക്കണം.
ലക്ഷ്യൈകദേശത്തിൽമാത്രം ലക്ഷണം ചേന്നിരിക്കുകിൽ
അവ്യാപ്തിവന്നിട്ടും, ഗോവിൻ ലക്ഷണം ശ്യാമമാം നിറം.
അലക്ഷ്യത്തിങ്കലുംകൂടി ലക്ഷണം ചേൎന്നവെങ്കിലോ
അതിവ്യാപ്തി ഭവിച്ചീട്ടും, ശൃംഗിത്വം പശുലക്ഷണം.
ലക്ഷ്യത്തിലെങ്ങുമില്ലാത്ത ലക്ഷണത്തെയുരയ്ക്കുകിൽ
അസംഭവമതാ, മൊററക്കുളമ്പു പശുലക്ഷണം.

മധുത്രയം.

നെയ് പഞ്ചസാരയും തേനുമിവയത്രെ മധുത്രയം.

മൂത്തിത്രയം.

ബ്രഹ്മാവും വിഷ്ണുവുംപിന്നെശ്ശിവനേവം ത്രിമൂത്തികൾ.

രീതിത്രയം.

വൈദർഭീ ഗൌഡിയും കേൾക്ക പാഞ്ചാലീമൂന്നുരീതികൾ.

ലോകത്രയം.

പാതാളം ഭൂമിയും സ്വൎഗ്ഗമിവ ലോകത്രയം മതം.

വൃത്തിത്രയം.

അഭിധാ ലക്ഷണാ പിന്നെ വ്യഞ്ജനാ മൂന്നുവൃത്തികൾ.

ശക്തിത്രയം.

പ്രഭുശക്ത്യുത്സാഹശക്തി മന്ത്രശക്തികൾമൂന്നിവ.

ശരീരത്രയം.

സ്ഥൂലവും സൂക്ഷ്മവും പാൎക്ക കാരണം മൂന്നുദേഹമാം.

സ്വരത്രയം.

ഹ്രസ്വവും ദീൎഘവും കാണ്ക പ്ലുതവും സ്വരഭേദമാം.
ഉദാത്തമനുദാത്തം കേൾ സ്വരിതംതാനുമവ്വിധം
വേദങ്ങളുച്ചരിക്കുമ്പോൾ മുഖ്യമായറിയേണ്ടവ.

## നാലു്.

കവിചതുഷ്ടയം.

ഉദാത്തനുദ്ധതൻ പ്രൌഢൻ വിനീതൻ പുനരിങ്ങനെ
കവികൾക്കിഹ ഭേദങ്ങൾ നാലുണ്ടെന്നു ധരിക്കണം.
ഗൂഢമായഭിമാനോക്തി പറയുന്നോനുദാത്തനാം
ഉദ്ധതൻമറ്റുകൾ പരന്മാരെത്താഴ്ത്തിത്തന്നെപ്പുകഴ്ത്തുവോൻ.
യഥോചിതം നിജോല്കൎഷം കഥിപ്പോൻ പ്രൌഢനായ്വരും
തന്നെ നിന്ദിച്ചു വിനയം ചൊന്നീടുന്നോൻ വിനീതനാം.

ചതുരാശ്രമങ്ങൾ.

ബ്രഹ്മചൎയ്യാശ്രമം പിന്നെ ഗൃഹസ്ഥാശ്രമവും തഥാ
വാനപ്രസ്ഥാശ്രമം സന്ന്യാസാശ്രമം കാൺക നാലിവ.

ചതുരുപവേദങ്ങൾ.

ആയുൎവ്വേദം ധനുൎവ്വേദമഥ ഗാന്ധൎവ്വവേദവും
അൎത്ഥശാസ്ത്രവുമീവണ്ണമുപവേദ ചതുഷ്ടയം.

ചതുരുപായങ്ങൾ.

സാമം ദാനം ഭേദം
ദണ്ഡവുമിവ നാലുപായമറിയേണം,

ചതുരംഗങ്ങൾ.

ആന തേരശ്വവും പിന്നെക്കാലാളംഗങ്ങൾ നാലിവ.

ചതുൎയ്യുഗം.

കൃതവും ത്രേതയുംപിന്നെ ദ്വാപരം കലിയിങ്ങനെ
കാലത്തിൻെറ വിഭാഗങ്ങൾ നാലാകുന്നു ചതുൎയ്യുഗം.

ചതുൎവ്വൎഗ്ഗം (പുരുഷാൎത്ഥം)

ധൎമ്മവുമൎത്ഥം കാമം
മോക്ഷമതും നാലിതാം ചതുൎവ്വൎഗ്ഗം.

ചതുൎവ്വൎണ്ണങ്ങൾ.

ബ്രാഹ്മണൻ ക്ഷത്രിയൻതാനും വൈശ്യൻ ശൂദ്രനുമിങ്ങനെ
നാലു ജാതികളെച്ചൊല്ലും ചതുൎവ്വൎണ്ണങ്ങളെന്നുകേൾ.

ചതുൎവ്വേദങ്ങൾ.

ഋക്കും യജുസ്സതും സാമമഥൎവ്വം നാലുവേദമാം.

വിദ്യാവസ്ഥാചതുഷ്ടയം.

പഠിക്ക ബോധിക്ക പിന്നെയാചരിച്ചു നടക്കുക
ആചരിപ്പിക്കയെന്നേവം നാലവസ്ഥകൾ വിദ്യയിൽ.

വൃദ്ധചതുഷ്ടയം.

വൈരാഗ്യവൃദ്ധനും ജ്ഞാനവൃദ്ധനും ധൎമ്മവൃദ്ധനും
വയോവൃദ്ധനുമെന്നേവം വൃദ്ധന്മാർ നാലുമാതിരി.

സാധനചതുഷ്ടയം.

നിത്യാനിത്യവിവേകവു-
മിഹപരസുഖസഞ്ചയത്തിൽ വൈരാഗ്യം
ശമമുഖമാറും മോക്ഷേ
വാഞ്ഛയുമിവ സാധനങ്ങൾ നാലത്രെ.

മോക്ഷചതുഷ്ടയം.

സാലോക്യം സാമീപ്യം
സാരൂപ്യം പിന്നെയരിയസായൂജ്യം
ഇങ്ങനെ നാലാകുന്നു
മംഗലകരമായ മോക്ഷമറിയേണം.

അഞ്ച്.

ഉപാസനപഞ്ചാംഗം.

ജപവും ഹോമം തൎപ്പണ-
മഭിഷേകം വിപ്രഭോജനം പാൎക്ക
പഞ്ചാംഗോപാസനമിവ-
യഞ്ചും കൂടുന്നതെന്നു സൂരിമതം.

ജ്യോതിഷപഞ്ചാംഗം.

നക്ഷത്രം തിഥിയും വാരം യോഗം കരണമിങ്ങനെ
അംഗങ്ങളഞ്ചു കൂടുന്നതത്രെ പഞ്ചാംഗമോൎക്കണം.

### പഞ്ചകൎമ്മേന്ദ്രിയങ്ങൾ.

വാക്പാദം പാണിയത്തും
പായൂപസ്ഥം ധരിക്ക കൎമ്മത്തിൽ.

### പഞ്ചകൎമ്മേന്ദ്രിയവിഷയങ്ങൾ.

വചനം ഗമനം ദാനം
വിസൎഗ്ഗമാനന്ദമിതുകൾ വിഷയങ്ങൾ.

### പഞ്ചകോശങ്ങൾ.

അന്നപ്രാണമനോവി–
ജ്ഞാനാനന്ദാത്മകങ്ങൾ കോശങ്ങൾ.

### പഞ്ചഗവ്യം.

പാലും തൈരും നെയ്യും
ഗോമൂത്രം ഗോമയം നിനയ്ക്കയിവ
അഞ്ചിനുമൊന്നായൊരു പേർ
വിബുധോക്തം പഞ്ചഗവ്യമെന്നത്രേ.

### പഞ്ചജ്ഞാനേന്ദ്രിയങ്ങൾ.

ചെവി തൊലി കണ്ണും നാവും
മൂക്കിവ ബോധേന്ദ്രിയങ്ങളഞ്ചത്രേ.

### പഞ്ചജ്ഞാനേന്ദ്രിയവിഷയങ്ങൾ.

ശബ്ദം സ്പൎശം രൂപം
രസവും പിന്നീടു ഗന്ധമെന്നിതുകൾ
അവയാലറിയപ്പെട്ടീ–
ട്ടുന്നൊരു വിഷയങ്ങളെന്നു കരുതേണം.

### പഞ്ചപാതകം.

വധം, പരസ്ത്രീഗമനം, മസദവാക്യങ്ങൾ ചൊല്ലുക,
മോഷണം, മദ്യപാനം താനിവകൾ പഞ്ചപാതകം.

### പഞ്ചപിതൃക്കൾ.

പിതാ, പത്നീപിതാ, വിദ്യ പഠിപ്പിക്കുന്ന പൂരുഷൻ,
അന്നദാതാ, ഭയത്രാതാ, പിതാക്കളിവരഞ്ചുപേർ.

### പഞ്ചപ്രാണങ്ങൾ.

പ്രാണാപാനസമാനോ–
ദാനവ്യാനാഹ്വയങ്ങൾ വായുക്കൾ
ഹൃദയാദിസ്ഥാനങ്ങളി–
ലോരോരോവൃത്തിയോടിരിക്കുന്നു.

### പഞ്ചബാണങ്ങൾ.

ഉന്മാദനം താപനവും ശോഷണം സ്തംഭനം തഥാ
സമ്മോഹനവുമോക്ഷണം മന്മഥൻെറ ശരങ്ങളായ്.
അരവിന്ദമശോകം താൻ ചൂതവും നവമാലിക
നീലോല്പലവുമാകുന്നിതവയെന്നു മതാന്തരം.

### പഞ്ചഭൂതങ്ങൾ.

ഭൂമി ജലം തേജസ്സും
വായുവുമാകാശമഞ്ചു ഭൂതങ്ങൾ.

### പഞ്ചമഹായജ്ഞങ്ങൾ.

പാഠവും ഹോമമതിഥിപൂജയും തൎപ്പണം ബലി
ഇവയഞ്ചും മഹായജ്ഞനാമധേയങ്ങളോൎക്കണം.

### പഞ്ചമാതാക്കൾ.

മാതാവും ശ്വശ്രുവും ഭ്രാതൃഭാൎയ്യയും ഗുരുഭാൎയ്യയും
രാജാവിൻഭാൎയ്യയുംപാൎക്ക മാതാക്കളിവരഞ്ചുപേർ.

### പഞ്ചമൂലം.

കുമിഴ് കൂവളവും പിന്നെപ്പൂപ്പാതിരിയതായതും
പലകപ്പയ്യാനി മുഞ്ഞാപഞ്ചമൂലമിതായ്വരും.

### പഞ്ചരത്നം.

വിദ്രുമം ഹീരളം നീലം മൌക്തികം പത്മരാഗവും
ഇവയെല്ലാന്നായ പേരത്രേ പഞ്ചരത്നം ഗ്രഹിക്കണം.

### പഞ്ചലോഹം.

സ്വൎണ്ണവും വെള്ളിയും ചെമ്പും വെള്ളീയം നാഗമിങ്ങനെ
അഞ്ചുവസ്തുക്കൾ ചേരുമ്പോൾ പഞ്ചലോഹമതായ്വരും.

### പഞ്ചാമൃതം.

തേനും തൈരും പാലും
നെയ്യും നൽപഞ്ചസാരയെന്നേവം
അഞ്ചിനമൊന്നായൊരുപേർ
പഞ്ചാമൃതമെന്നു ചൊല്ലിടുന്നറിക.

### മധുപൎക്കപഞ്ചാംഗം.

തൈരും നെയ്യും സലിലം ക്ഷൌദ്രവും പഞ്ചസാരയും
ചേൎത്തുണ്ടാക്കുന്ന പാനീയം ധരിക്ക മധുപൎക്കമാം.

### രാജനീതി പഞ്ചാംഗം.

സഹായം സാധനോപായം ദേശകാലവിഭാഗവും
അപത്തിൻെറ പരിഹാരം സിദ്ധിപഞ്ചാംഗമാമിവ.

വൈദ്യകപഞ്ചാംഗം.

തൊലി ഇല പൂവും കായും
വേരിവ തരുവിന്നെഴുന്ന പഞ്ചാംഗം.

സ്നാനപഞ്ചാംഗം.

സങ്കല്പം സൂക്തപാഠമാഘർഷണവും തഥാ
ദേവാദി തർപ്പണം പിന്നെ മാർജ്ജനം സ്നാനമഞ്ചിവ.

രാഗാംഗഷൾകം.

വിഭവൌദാര്യസൌന്ദര്യസൌശീല്യങ്ങളുമങ്ങനെ
ആഭിജാത്യം വിദ്യയും വരൻെറ ഗുണഷൾകമാം.
കാംക്ഷാതുല്യാനുരാഗങ്ങൾ സ്നേഹവും ബഹുമാനവും
ലജ്ജയും വധുവിന്നുണ്ടായിട്ടുമാറുഗുണങ്ങളാം.
വിഭവാദികളാമാറുഗുണം വരനുചേരുകിൽ
കാംക്ഷാമുഖ്യങ്ങളാമാറുഗുണം വധുവിനും വരും.

വചോഗുണഷൾകം.

മാധുര്യമക്ഷരവ്യക്തിപദസ്ഫുടതാസുസ്വരം
സ്ഥൈര്യം ലഘുതയിവണ്ണം വാക്കിന്നാറുഗുണങ്ങളാം.

വേദാംഗഷൾകം.

ശിക്ഷാകല്പംവ്യാകരണം നിരുക്തം ജ്യൌതിഷം തഥാ
ഛന്ദോവിചിതിയെന്നേവമാറുവേദാംഗമോക്കണം.

ശമാദിഷൾകം.

ശമവുംദമമുപരതിയും
തിതിക്ഷപിന്നെസ്സമാധിയും ശ്രദ്ധ
ഇവയാറാണോക്കേണം
ശമാദിഷട്കം മുനീന്ദ്രസംപ്രോക്തം.

ഷഡാധാരങ്ങൾ.

മൂലാധാരം സ്വാധി-
ഷ്ഠാനം മണിപൂരമങ്ങനാഹതവും
പിന്നെ വിശുദ്ധിയുമാജ്ഞയു-
മാകുന്നാധാരമാറുമറിയേണം.

ഷഡീതികൾ.

അതിവൃഷ്ടിയനാവൃഷ്ടിയെലിയും ശലഭം കിളി
അത്യാസന്നനൃപന്മാരുമിവയീതികളാറുകേൾ.

ഷഡൂർമ്മികൾ.

വിശപ്പുംദാഹവും ദുഃഖം മോഹവും ജരയും തഥാ
മൃതിയെന്നിവയാകുന്ന ഷഡൂർമ്മികൾ ധരിക്കണം.

### ഷഡൃതുക്കൾ.

൬൬ വസന്തം ഗ്രീഷ്മവും വർഷം ശരത്തെന്നതുമങ്ങനെ
ഹേമന്തവും ശിശിരവും കേളൃതുക്കളിവണ്ണമാം.

### ഷൾക്കർമ്മങ്ങൾ

൬൭ ദാനം പ്രതിഗ്രഹം പിന്നെ യജനം യാജനം തഥാ
പഠിക്കുക പഠിപ്പിക്കയിവ ഭൂദേവവൃത്തികൾ.

### ഷൾഗുണങ്ങൾ.

൬൮ സന്ധിയും വിഗ്രഹം യാനമാസനം ദ്വൈതമാശ്രയം
മഹീപാലർ ധരിക്കേണ്ടും ഗുണമാറിവയോൎക്കണം.

### ഷഡ്രസങ്ങൾ.

൬൯ മധുരം ലവണം പിന്നെക്കട്ടുവും തിക്തവും തഥാ
അമ്ലം കഷായമെന്നേവമാറായാറു രസങ്ങളാം.

### ഷഡ്വർഗ്ഗം.

൭൦ കാമവും ക്രോധവും ലോഭം മോഹവും മദവും തഥാ
മാത്സൎയ്യമിവയാറത്രേ ഷഡ്വർഗ്ഗം ബുധസമ്മതം.

## ഏഴ്.

### സപ്തദ്വീപങ്ങൾ.

൭൧ ജംബുവും പ്ലക്ഷവും ക്രൌഞ്ചം ശാല്മലം കുശവും തഥാ
ശാകം പുഷ്കരമെന്നേവം ദ്വീപമേഴെന്നതോൎക്കണം.

### സപ്തധാതുക്കൾ.

൭൨ രസവും രക്തവും മാംസം മേദസ്സസ്ഥിയുമങ്ങനെ
മജ്ജാശുക്ലവുമെന്നേവമേഴ് ധാതുക്കളോൎക്കണം.

### സപ്തനദികൾ.

൭൩ ഗംഗയും യമുനാ ഗോദാവരിപിന്നെസ്സരസ്വതീ
നർമ്മദാ സിന്ധു കാവേരി നിനയ്ക്ക നദിയേഴിവ.

### സപ്തപദാർത്ഥങ്ങൾ.

൭൪ ദ്രവ്യവും ഗുണവും കർമ്മം സാമാന്യം താൻ വിശേഷവും
സമവായമഭാവം കേളേവമേഴ് പദാൎത്ഥമാം.

### സപ്തപർവതങ്ങൾ.

൭൫ മഹേന്ദ്രം മലയം സഹ്യൻ ശുക്തിമാനൃക്ഷപർവതം
വിന്ധ്യനും പാരിയാത്രം താനേഴേവം കുലപർവതം.

### സപ്തമാതൃക്കൾ.

ബ്രാഹ്മി മാഹേശ്വരീ പിന്നെക്കൌമാരീ വൈഷ്ണവീ തഥാ
വാരാഹി പുനരിന്ദ്രാണി ചാമുണ്ഡീയിവരമ്മമാർ.

### സപ്തമാരുതന്മാർ.

ആവഹൻ സംവഹൻപിന്നെ പ്രവഹൻ പുനരുദ്വഹൻ
വിവഹാഖ്യൻ പരിവഹൻ പരാവഹനുമിങ്ങനെ.
ഉണ്ടുവായുക്കളേഴെന്നു പറയുന്നു മഹർഷികൾ;
മേഘത്തെ വർദ്ധിപ്പിക്കുന്ന വായുവാവഹനായിട്ടും.
സംവഹൻതാൻ നടത്തുന്നു നിത്യം ശീതാംശുമണ്ഡലം
പ്രവഹൻ ഭാസ്കരൻ തന്റെ മണ്ഡലത്തിൻ പ്രവർത്തകൻ.
ഉദ്വഹാഖ്യൻ നടത്തുന്നു നക്ഷത്രങ്ങടെ മണ്ഡലം;
ഗ്രഹമണ്ഡലമവ്വണ്ണം വിവഹൻതാൻ നടത്തുമോൻ.
സപ്തർഷിചക്രം സ്വർഗ്ഗംഗയേയും പരിവഹാഖ്യനും;
പരാവഹൻ നടത്തുന്നു നിയതം ധ്രുവമണ്ഡലം.
അത്യന്തദൂരസ്ഥിതിയാൽ ക്രശീയസ്സുകളായലം
വെള്ളമേഘത്തിനോടൊപ്പം ചിലകാലത്തുകണ്ടിടും.
താരങ്ങളുടെ ചക്രത്തെയത്രേ സ്വർഗ്ഗംഗയെന്നിഹ
പൂർവ്വരായിട്ടുമാചാര്യവരന്മാർ ചൊന്നതോർക്കണം.

### സപ്തർഷികൾ.

മരീചിയംഗിരസ്സത്രിപുലസ്ത്യൻ പുലഹൻ ക്രതു
വസിഷ്ഠനിവരാകുന്നു സപ്തർഷികൾ ധരിക്കണം.

### സപ്തവ്യസനങ്ങൾ.

സ്ത്രീസേവ ചൂതുകളി കേളിഹ മദ്യപാനം
നായാട്ടു നിഷ്ഠുരതരത്വമിയന്നവാക്യം
കാഠിന്യമേററവുമെഴുന്നൊരു ശിക്ഷപിന്നെ--
യർത്ഥേഘദൂഷണവുമാം വ്യസനം നൃപങ്കൽ.

### സപ്തസമുദ്രങ്ങൾ.

ഉപ്പുവെള്ളം കരിമ്പിന്നീർ മദ്യം നെയ്തൈരുപാലതും
ശുദ്ധമാം ജലമെന്നവരേഴു പോലാഴിയോർക്കണം.

### സപ്തസ്വരങ്ങൾ.

നിഷാദമൃഷഭം പിന്നെഗ്ഗാന്ധാരം ഷഡ്ജവുംതഥാ
മധ്യമം ധൈവതം പാർക്കപഞ്ചമം സ്വരമേഴിവ.

### സപ്താംഗങ്ങൾ.

രാജാവും മന്ത്രിയും ബന്ധു ഭണ്ഡാരം നാട്ടമങ്ങനെ
കോട്ടയും സൈന്യവും പാൎക്ക രാജ്യാംഗങ്ങളിതേഴുതാൻ.

## എട്ട്.

### അഷ്ടദിക്കുകൾ.

കിഴക്കുതൊട്ടുള്ള നാലും കോണും ദിക്കുകളെട്ടിവ.

### അഷ്ടദിക്പാലന്മാർ.

ഇന്ദ്രനും വഹ്നിയും പിന്നെക്കാലൻ നിരൃതിയും തഥാ
വരുണൻ വായുവിത്തേശനീശൻ ദിക്പാലരെട്ടിവർ.

### അഷ്ടദിഗ്ഗജങ്ങൾ.

ഐരാവതം പുണ്ഡരീകം വാമനം കുമുദം തഥാ
അഞ്ജനം പുഷ്പദന്തം താൻ സാൎവ്വഭൗമവുമങ്ങനെ
സുപ്രതീകവുമെന്നേവം ദിഗ്ഗജങ്ങളനുക്രമം.

### അഷ്ടബുദ്ധിഗുണങ്ങൾ.

ശുശ്രൂഷയും ശ്രവണവും ഗ്രഹണം ധാരണം തഥാ
ഊഹാപോഹങ്ങളും പിന്നെയൎത്ഥവിജ്ഞാനമെന്നതും
തത്വജ്ഞാനമതും പാൎക്ക ബുദ്ധിക്കുള്ള ഗുണങ്ങളാം.

### അഷ്ടമൂൎത്തികൾ.

ഭൂമിയും ജലവും തേജസ്സനിലൻ വ്യോമമക്കനും
ചന്ദ്രൻ ഹോതാവുമീശൻെറയഷ്ടമൂൎത്തികളോൎക്കണം.

### അഷ്ടവസുക്കൾ.

ധരനും ധ്രുവനും സോമൻ പ്രത്യൂഷനനിലൻ തഥാ
അഹൻ പ്രഭാസനനലനേവമഷ്ടവസുക്കളാം.

### അഷ്ടവിവാഹങ്ങൾ.

ബ്രാഹ്മ ദൈവവുമാൎഷം
പ്രാജാപത്യം നിനയ്ക്ക ഗാന്ധൎവ്വം
ആസുരവും രാക്ഷസവും
പൈശാചവുമാം വിവാഹമെട്ടേവം.

### അഷ്ടൈശ്വൎയ്യങ്ങൾ.

അണിമാമഹിമാപിന്നെ ലംഘിമാഗരിമാവതും
ഈശിത്വവും വശിത്വം കേൾ പ്രാപ്തിപ്രാകാശ്യമിങ്ങനെ
എട്ടവസ്ഥകളാകുന്നിതഷ്ടൈശ്വൎയ്യം ധരിക്കണം.

### യോഗാഷ്ടാംഗങ്ങൾ.

യമവും നിയമം പിന്നീട്ടുള്ളതാസനവും തഥാ
പ്രാണായാമമതും പ്രത്യാഹാരം ധാരണാപിന്നെയും.
ധ്യാനം സമാധിയെന്നേവം യോഗാംഗങ്ങളിതെട്ടുമാം
അഹിംസാ സത്യവും പിന്നെയാസ്തേയം ബ്രഹ്മചൎയ്യവും.
അപരിഗ്രഹമെന്നേവം യമമഞ്ചുപ്രകാരമാം,
ആസനങ്ങൾ നിനച്ചീടിലളവില്ലാതെയുണ്ടിഹ;
എങ്കിലും മൂന്നു മുഖ്യങ്ങൾ വീരാസനമതും തഥാ
പത്മാസനവുമോൎക്കേണം സ്വസ്തികാസനവും മതം.

### സാഷ്ടാംഗനമസ്കാരം.

ഉരസ്സും മനവും കണ്ണും ശിരസ്സും കാൽകരങ്ങളും
വചസ്സും ചുമലും ചേൎന്ന നതിയഷ്ടാംഗയായതാം.

## ഒൻപതു്

### നവഗ്രഹങ്ങൾ.

ആദിത്യൻ ചന്ദ്രനും ചൊവ്വാ ബുധനും ഗുരുവും തഥാ
ശുക്രനും ശനിയും രാഹു കേതുവും കേൾ ഗ്രഹങ്ങളാം.

### നവദ്രവ്യങ്ങൾ.

ഭൂമിയും ജലവും തേജസ്സനിലൻ വ്യോമവും തഥാ
കാലവും ദിക്കുമാത്മാവും മനസ്സും ദ്രവ്യമൊൻപതാം.

### നവദ്വാരങ്ങൾ.

ശ്രോത്രങ്ങളും ലോചനങ്ങൾ ഘ്രാണങ്ങളഥ വക്ത്രവും
പായൂപസ്ഥങ്ങളും പാൎക്ക നവദ്വാരങ്ങൾ മെയ്യതിൽ.

### നവനിധികൾ.

നിധികൾ മഹാപത്മമതും
പത്മം പിന്നീട്ടു ശംഖമകരങ്ങൾ
കച്ഛപമോട്ടു മുകുന്ദം
കുന്ദം നീലം ഗ്രഹിക്ക ചൎച്ചവുമാം.

### നവരത്നങ്ങൾ.

മാണിക്യം മുത്തു വൈഡൂൎയ്യം ഗോമേദം വൈരവും തഥാ
പത്മരാഗം മരതകം പവിഴം പിന്നെ നീലവും.
രത്നങ്ങളൊൻപതീവണ്ണം ചേരുമ്പോൾ നവരത്നമാം.

### നവരസങ്ങൾ.

ശൃംഗാരം വീരവും പിന്നെക്കരുണം പുനരത്ഭുതം
ഹാസ്യം ഭയാനകം പാൎക്ക് ബീഭത്സം രൌദ്രവും തഥാ
ശാന്തമെന്നേവമാകുന്നു രസമൊൻപതു സമ്മതം.

## പത്തു്.

### ദശപാപങ്ങൾ.

ഹിംസ മോഷണവും പിന്നെയനഹ്വിഷയാഗ്രഹം
പൈശുന്യം പരുഷം വ്യാജമസംബന്ധപ്രലാപവും
ദ്രോഹചിന്താ പരധനസ്പൃഹ നാസ്തികബുദ്ധിയും
പാപകൎമ്മങ്ങൾ പത്തേവം സൎവ്വഥാ സന്ത്യജിക്കണം.

### ദശമൂലം.

കുമിഴും കൂവളവും മുഞ്ഞയതും
പലകപ്പയ്യാനിയുമപ്പാതിരി
ഓരില മൂവില ചെറുവഴുതിനയും
ചുണ്ട ഞെരിഞ്ഞിലുമാം ദശമൂലം.

### ദശരൂപകങ്ങൾ.

നാടകം കേൾ പ്രകരണം ഭാണം പ്രഹസനം ഡിമം
വ്യായോഗം സമവാകാരം വീഥിയും പിന്നെയങ്കവും
ഈഹാമൃഗവുമായീട്ടും ദശരൂപകസംജ്ഞകൾ.

### ദശാവതാരങ്ങൾ.

മത്സ്യം കൂൎമ്മം വരാഹം താൻ നരകേസരി വാമനൻ
ഭാൎഗ്ഗവൻ രാഘവൻ രാമകൃഷ്ണന്മാർ ഖഡ്ഗിയീവിധം
ഭുവനം രക്ഷ ചെയ്യാനായ് കമലാവല്ലഭൻ പരൻ
സദയം സ്വീകരിച്ചുള്ളോരവതാരങ്ങൾ പത്തുകേൾ.

### ദശോപനിഷത്തുകൾ.

ഈശം കേനം കഠം പ്രശ്നം മുണ്ഡം മണ്ഡൂക്യവും തഥാ
ഛാന്ദോഗ്യം തൈത്തിരീയം കേളൈതരേയവുമങ്ങനെ
ബൃഹദാരണ്യമെന്നേവം പത്താണുപനിഷത്തുകൾ.

## പതിനൊന്നു്.

### ഏകാദശരുദ്രന്മാർ.

അജൈകപാത്തഹിർബുധ്ന്യൻ വിരൂപാക്ഷൻ സുരേ—
ജയന്തൻ ബഹുരൂപൻ താനപരാജിതനും തഥാ (ശ്വരൻ
സാവിത്രൻ ത്ര്യംബകൻ വൈവസ്വതനും ഹരനിങ്ങനെ
രുദ്രന്മാർ പതിനൊന്നെന്നു പൌരാണികബുധാശയം.

### പന്തിരണ്ടു്.

### ദ്വാദശചാന്ദ്രമാസങ്ങൾ.

മാഘം ഫാല്ഗുനവും ചൈത്രം വൈശാഖം ജ്യൈ-
(ഷ്ഠവും തഥാ
അഷാഢം ശ്രാവണം പ്രൌഷ്ഠപദമാശ്വിനമെന്നതും
കാൎത്തികംമാൎഗ്ഗശീൎഷംകേൾ പൌഷമെന്നിവ മാസമാം
മകരേശുക്ലപക്ഷാദിമുതൽ മാഘംതുടങ്ങിട്ടു
മാഘാദിയിരണ്ടുമാസം ശിശിരാദികളൃതും;
ശിശിരാദികൾമൂന്നാകുന്നുത്തരായണമോൎക്കണം.
വൎഷാദിമൂന്നൃതുക്കൾക്കു ദക്ഷിണായനമെന്നുപേർ.

### ദ്വാദശരാശികൾ.

മേടമോടിടവം പിന്നെ മിഥുനം കൎക്കടം തഥാ
ചിങ്ങം കന്നി തുലാം പാൎക്ക വൃശ്ചികം ധനുവും പുനഃ
മകരം കുംഭവും മീനമിവ പന്ത്രണ്ടു രാശികൾ.

### ദ്വാദശാദിത്യന്മാർ.

ധാതാവും മിത്രനും പിന്നെയൎയ്യമാ രുദ്രനും തഥാ
അഞ്ചാമൻ വരുണാഹ്വാനൻ സൂൎയ്യനാമാവനന്തരം.
ഭഗൻവിവസ്വാൻ പൂഷാവും സവിതാവും തഥൈവച
ത്വഷ്ടാവും വിഷ്ണുവും പാൎക്ക ദ്വാദശാദിത്യരിങ്ങനെ.

### പതിന്നാലു്.

### ചതുൎദ്ദശമനുക്കൾ.

ഉത്തമൻതാപസൻസൂൎയ്യൻസ്വായംഭുവനുമങ്ങനെ
സ്വാരോചിഷൻ രൈവതനും ചാക്ഷുഷൻ രോച്യനും-
(തഥാ
രോച്യൻവൈവസ്വതൻ ബ്രഹ്മാദക്ഷനുംധൎമ്മനുംപുനഃ
രുദ്രനെന്നിവരോൎക്കണം പതിന്നാലുമനുക്കളാം.

### ചതുൎദ്ദശലോകങ്ങൾ.

അതലം വിതലം കീഴിൽ നിതലം സുതലം തഥാ
തലാതലം പാൎക്ക മഹാതലം പിന്നെ രസാതലം.
ഭൂലോകവും ഭുവൎല്ലോകം സ്വൎല്ലോകം പുനരിങ്ങനെ
മഹൎല്ലോകം ജനൎല്ലോകം തപസ്സും സത്യവും തഥാ
പതിന്നാലായ ലോകങ്ങളേവമെന്നു ധരിക്കണം.

ചതുർദ്ദശലോകസാക്ഷികൾ.

ആദിത്യചന്ദ്രന്മാരഗ്നിവായുവാകാശവും മഹി
ജലവും ഹൃദയം കാലൻ പകലും രാത്രിയും തഥാ
രണ്ടുസന്ധ്യകളും ധൎമ്മമേവമാം ലോകസാക്ഷികൾ.

ചതുർദ്ദശവിദ്യകൾ.

അംഗങ്ങളാറും വേദങ്ങൾനാലും മീമാംസയെന്നതും
ന്യായശാസ്ത്രം പുരാണംകേൾ ധൎമ്മശാസ്ത്രഞ്ച വിദ്യകൾ.

ചതുർദ്ദശാൎത്ഥബോധനങ്ങൾ.

സംയോഗവും വിപ്രയോഗം സാഹചൎയ്യംവിരോധിതാ
അർത്ഥം പ്രകരണം ലിംഗം ശബ്ദാന്തരസമാഗമം
സാമൎത്ഥ്യമൌചിതീദേശം കാലം വ്യക്തിസ്വരാദിയും
ശബ്ദാൎത്ഥം പലതാകുമ്പോൾ വിശേഷസ്മൃതിഹേതുവാം.

വാച്യൈകനിഷ്ഠമായിട്ടുമൎത്ഥാന്തരസമാഗമം
സംയോഗമാം, ശംഖചക്രധരൻ ഹരിത്തുണയ്ക്കണം.

സംയോഗാഭാവമാകുന്നു വിപ്രയോഗം ധരിക്കണം;
അശംഖചക്രനായിട്ടും ഹരിയത്രേ ഭവാൻ വിഭോ!

വാച്യൈകവസ്തുവോടുള്ള സഹചാരിത്വമായിട്ടും
സാഹചൎയ്യം; തൊഴുന്നേൻ ഞാൻ രാമലക്ഷ്മണരെസ്സദാ.

ചേൎന്നിരിക്കായ്ക ശത്രുത്വമിവയത്രേ വിരോധിതാ;
രാമൻ രാവണനോടേററു പകലും നിശയിങ്കലും.

പ്രയോജനമതായിട്ടുമൎത്ഥമെന്നു ധരിക്കണം;
സ്ഥാണുവെക്കൈവണങ്ങുന്നേൻ സംസാരത്തെയക-
(ററുവാൻ.

വക്താവിന്റെയുമപ്പൊണ്ണം ശ്രോതാവായുള്ളവന്റെയും
ബുദ്ധിയോടുള്ള സംബന്ധമത്രേ പ്രകരണം മതം
ശ്രീരാമനിജ്ജഗത്തിങ്കൽ വീരാഗ്ര്യൻതന്നെ നിൎണ്ണയം;
എന്നാൽ നമ്മുടെ ദുർഭാഗ്യാൽ ദേവനോക്കുന്നതില്ലിദം.

വാച്യാന്തരൈൗഘത്തിൽനിന്നും വ്യാവൃത്തം ധൎമ്മമായിട്ടും
ലിംഗം; മഹിളദന്നേരമതികോപം കലൎന്നിതേ.

നിയതാൎത്ഥതയാൎന്നീട്ടും ശബ്ദത്തിന്റെയടുപ്പമാം
ശബ്ദാന്തരത്തിൻ സാന്നിദ്ധ്യം; ത്തുണദേവൻ പുരാന്തകൻ.

സാമൎത്ഥ്യംകാരണത്വംതാൻ;മധുവാൽക്കയിൽ മത്തമായ്
ഔചിത്യാന്വയയോഗ്യത്വമെന്നുചൊല്ലുന്നു സൂരികൾ.

പ്രേയസീവദനം നിന്നെസ്സുഖിപ്പിക്കണമേററവും
ദേശം പുരാദിയാ; മീശൻ നഗരേ വിലസുന്നിഹ.

കാലം നിശാദിയാ;—മല്ലിൽ ചിത്രഭാനുവിളങ്ങിടും
പുല്ലിംഗാദികളാകുന്നു വ്യക്തിയെന്നുധരിക്കണം.

മിത്രനും മിത്രവും പാരമത്ര ശോഭിച്ചിടുന്നെടോ!
സ്വരം പ്ലുതാദിയാം; രാമ! പോയീടൊല്ല വനത്തിൽനീ

പതിനെട്ട്.

അഷ്ടാദശപുരാണങ്ങൾ.

വൈഷ്ണവം നാരദീയം ഭാഗവതം ഗാരുഡം തഥാ
പാത്മം വാരാഹമിത്യേവം വൈഷ്ണവങ്ങൾ ധരിക്കണം.

മാത്സ്യം കൌമ്മമതും ലൈംഗം വായവ്യം സ്കാന്ദമായതും
ആഗ്നേയമിവ ശൈവങ്ങളാം പുരാണങ്ങളായിടും.

ബ്രഹ്മാണ്ഡം ബ്രഹ്മവൈവത്തം മാക്കണ്ഡേയമനന്തരം
ഭവിഷ്യദ്വാമനം ബ്രാഹ്മമേവം ബ്രാഹ്മങ്ങളോക്കണം.

അഷ്ടാദശസ്മൃതികത്താക്കന്മാർ.

മനുവ, ത്രി, വിഷ്ണു, ഹാരീത, യാജ്ഞവല്ക്യരു, മങ്ങനെ
ഉശനസ്സും, ശിരസ്സും, കേൾയമാ, പസ്തംബരും, പുനഃ
സംവത്തനും, തഥാ കാത്യായനനോക്ക, ബൃഹസ്പതി,
ശ്രീപരാശരനും, വ്യാസൻ, ശംഖൻ, ലിഖിതനും തഥാ
ദക്ഷൻ, ഗൌതമനെന്നേവമതിവിഖ്യാതരായിടും
സ്മൃതികത്താക്കളായുള്ള പതിനെട്ടുമഹർഷികൾ.

തൊണ്ണൂററാറ്.

ഷണ്ണവതിതത്വങ്ങൾ.

ഭൂമ്യാദിപഞ്ചഭൂതങ്ങൾ പിന്നെപ്പത്തിന്ദ്രിയങ്ങളും
വിഷയങ്ങളുമഞ്ചെണ്ണം തഥാപ്രാണങ്ങളും പുനഃ

ആരാധാരങ്ങളെട്ടാകും രാഗങ്ങൾ കാരണങ്ങളും
വിഷയങ്ങളുമെട്ടേവം ധാതുവേഴഥ നാഡിയും.

മണ്ഡലം ദൂഷണം പിന്നെയേഷണംഗുണവും തഥാ
അവസ്ഥയീശനും താപമിവയെൺമൂന്നുമങ്ങനെ

അഞ്ചുകോശങ്ങളും മൂന്നു ശരീരങ്ങളുമീവിധം
തൊണ്ണൂററാറെണ്ണമാകുന്നു തത്വമെന്നുധരിക്കണം

## ഉപസംഹാരം.

“ലോകംതീയതി”ലാശവിട്ടു“ഹരിമാ-
ഷസ”വിച്ചു വിടുൽസദ-
സ്സേകും “ശാസനയാണ്ടു” കൊണ്ടു “വിധിഭേ”-
ദിക്കാതനുഷ്ഠിക്കവാൻ
ആകാംക്ഷിച്ചു “കല്യേശവാര”സരസ
വ്യാഹാരസാരങ്ങൾചേ-
ത്താകുംപോലെ രചിച്ചു ഞാനതിമുദാ
സൽസൂക്തിരത്നാകരം.

ശുഭം.

# സുഭാഷിതരത്നാകരം

## വ്യാഖ്യാനം.

---

### ഒന്നാം പ്രകരണം.

൪-ാം ശ്ലോകം പൌലസ്ത്യൻ=രാവണൻ. ഹതൻ=കൊല്ലപ്പെട്ടവൻ.

൧൧ അഭ്യാസപൌനഃപുന്യം=പിന്നെയും പിന്നെയും ഉള്ള അഭ്യാസം. അതിസൌകൎയ്യം=(ദ്വിതീയാവിഭക്തി) വളരെ എളുപ്പത്തിൽ ചെയ്യപ്പെട്ടവാൻ തക്കതു് എന്നുള്ള സ്ഥിതിയെ.

൧൪ പാഠ്യം=പാഠിനെ. (ദ്വിതീയ)

൧൬ അരുക്ക്=രുക്കോടു് (രോഗത്തോടു)കൂടാത്തവൻ.
ആശ=ആഗ്രഹം. ഇവിടെ ദുരാഗ്രഹമെന്നൎത്ഥം.

൨൦ മേഘാഗമനകാലത്തിങ്കൽ കുടകപ്പാല പൂക്കമെന്നു പ്രസിദ്ധമാകുന്നു.

൨൧ മന്ദൻ=മൂഢൻ.

൨൨ സശിരഃകമ്പം=ശിരഃകമ്പത്തോടു (തലയിളക്കത്തോടു)കൂടി. അതീവ=ഏററവും. ഗൎവ്വിഷ്ഠൻ=അഹങ്കാരമുള്ളവൻ.

൨൩ ആത്മസംയമനം=ആത്മാവിനെ വഴിപോലെ അടക്കുക. മഹൽ=ശ്രേഷ്ഠം.

൨൪ അവിദ്യൻ=വിദ്യയില്ലാത്തവൻ. അമിത്രൻ=ബന്ധുവില്ലാത്തവൻ.

൩൧ അദ്ധ്യയനം=പഠിത്തം.

൩൨ ഉരുനൈപുണി=വലുതായ സാമൎത്ഥ്യം. മാന്ദ്യമുടയജനം=മടിയന്മാരായ ആളുകൾ.

൩൩ അനല്പതരക്ലേശം=വലുതായ ക്ലേശം. വിദ്യാഭ്യാസം ചെയ്വാൻ മടിയുള്ള ആളുകൾ കാലക്ഷേപത്തിനുവേണ്ടി ചുമടു ചുമക്കുക മുതലായ വേലകൾ ചെയ്തു കഷ്ടപ്പെടുന്നു.

൩൪ തൃഷ്ണ=ആശ.

൩൯ മക്ഷികൌഘം=ഈച്ചകളുടെ കൂട്ടം. രണം=കലഹം. ശമം=സമാധാനം.

൪൦ കമലാലയാ=ലക്ഷ്മീദേവി; സമ്പത്തു്. കമലാഗ്രജാ=(ലക്ഷ്മീദേവിയുടെ) അഗ്രജാ=പൂൎവ്വജാ=ജ്യേഷ്ഠാദേവി; ദാരിദ്ര്യം.

൪൧ അശക്യം=കഴിയാത്തതു്.

൪൩ ഏകാഗ്രത=ഒന്നിൽതന്നെ താല്പൎയ്യത്തോടുകൂടിയിരിക്കുക. ഗണനീയം=ഗണിക്കത്തക്കതു്. ഉൽകൎഷം=വലിപ്പം.

൪൬ പൌരുഷം=പുരുഷപ്രയത്നം ഭൂരിദ്രവ്യം=വലുതായ ഐശ്വൎയ്യം. അതു്=പൌരുഷം.

൪൯ കൌരവൻ=ധൃതരാഷ്ട്രൻ. പുരാ=പണ്ടു്.

൫൨ ഭൂരി=വളരെ. കാൎയ്യസാധകം=കാൎയ്യത്തെ സാധിക്കുന്നതു്. (ആയി ഭവിക്കുന്നു)

൫൨ ഭോജ്യാഹരണപ്രയത്നം=ഭക്ഷണസാധനത്തെ സമ്പാദിക്കുന്നതിനുള്ള പ്രയത്നം.

൫൫ കൈവല്യം=മോക്ഷം. ആഢ്യം=ആഢിയിലുള്ളത്. പരോപകാരം എന്നർത്ഥം
൫൪ ദാതാവ്=ദാനം ചെയ്യുന്നവൻ.
൬൦ ആബാല്യാൽ=ബാല്യംമുതൽ.
൬൬ തൊലി=(ദ്വിതീയ) തൊലിയെ.
൬൪ സ്പൃഹണീയം=ആഗ്രഹിക്കത്തക്കത്.
൬൮ ദഗ്ദ്ധം=ദഹിക്കപ്പെട്ടത്.
൭൦ സൂക്തി=നല്ലതായ വാക്ക്.
൭൨ ഗുണി=ഗുണമുള്ളവൻ. ഖലബുദ്ധ്യാ=ദുഷ്ടന്റെ ബുദ്ധിദോഷംഹേതുവായിട്ട്.

൭൮ ഗുണഗ്രാഹികൾ=ഗുണത്തെ ഗ്രഹിക്കുന്നവർ. ഗുണം=ജ്ഞാനാദി, കയറെന്നും. ഗ്രഹിക്ക=അറിയുക, പിടിക്ക എന്നും. പൂർണ്ണകുംഭം കയറോടു കൂടിയിരുന്നാലും അതിൽ പിടിക്കുന്നതിന് ആളില്ലാത്തപക്ഷം കിണററിൽ മുഴകിപ്പോകുന്നു. അതുപോലെ മനുഷ്യൻ ഗുണവാനായാലും ഗുണഗ്രാഹിയല്ലെങ്കിൽ ദുഃഖിക്കുന്നു എന്നുസാരം.

൭൯ ഗുരുവിൻദൂഷി=ഗുരുവിനെക്കുറിച്ചു മററൊരുവൻ ചെയ്യുന്ന ദൂഷണം.

൭൪ തന്നിരോധക=അതിനെ (അന്ധകാരത്തെ) നിരോധിക്കു (തടുക്കു)ന്നതു്.
൭൯ ദേശികൻ=ഗുരു.
൮൫ അർത്ഥം=പ്രയോജനം. ഇച്ഛാശബ്ദം=ഇച്ഛാഹേതുവായിട്ടുണ്ടായ ശബ്ദം. ഒന്നിന്റെ പേരു പറവാനായി സ്വേച്ഛകൊണ്ടു നിർമ്മിച്ചതായ ഒരു അർത്ഥമില്ലാത്ത ശബ്ദം.

൮൪ ജീവനം=ഉപജീവനം, ജലം എന്നും. ഘടീയന്ത്രം=വെള്ളം കോരുന്നതിനുള്ള ഒരുമാതിരി യന്ത്രം. ഇതു വെള്ളത്തിനായി താഴുകയും അതിനെ ഗ്രഹിച്ചാൽ ഉടൻ ഉയരുകയും ചെയ്യുന്നതാകുന്നു. ദുഷ്ടനും അപ്രകാരം തന്റെ കാര്യം സാധിക്കുന്നതിനായി വളരെ വണക്കം കാണിക്കയും സാധിച്ചുകഴിഞ്ഞാൽ അത്യന്തം അഹങ്കാരിയായിത്തീരുകയും ചെയ്യുന്നു എന്നു താല്പര്യം.

൯൦ കടിക്കുന്നേകകർണ്ണത്തിൽ=ഒരുവന്റെ ചെവിയിൽ അന്യന്റെ ദൂഷണം പറയുന്നു. അഞ്ജസാ=ഉടനെ.

൯൧ ഭീരുലോകം=ഭീരുജനം. സ്ത്രീജനം എന്നും. അളകങ്ങൾ=കുറുനിരകൾ. ഖലൌഘം=ദുഷ്ടസമൂഹം. സൽകൃതി=സല്ക്കാരം. കൌടില്യം=ദുസ്സ്വഭാവം. വളവെന്നും.
൯൨ മധുരം=മധുരമായ വസ്തു, മധുരമായ വചനം എന്നും, ക്രൂരം=ക്രൂരമായ (എരിവുള്ള) വസ്തുക്രൂരവചനമെന്നും.

൯൯ സദ്വംശജന്മം=നല്ല വംശത്തിലുള്ള ജനനം. നല്ല മുളകൊണ്ടുള്ള ജനനം എന്നും ഗുണം=ജ്ഞാനാദി, ഞാണെന്നും, പരഹൃത്തു്=അന്യന്മാരുടെ മനസ്സ്. ശത്രുക്കളുടെ നെഞ്ചെന്നും

൧൦൦ ഹലം=കലപ്പ. മന്മനാ=സ്വഭാവേന കുടിലം=ദുഃസ്വഭാവമുള്ളതു്, വളവുള്ളതെന്നും. തൻമുഖാക്ഷേപം=അതിന്റെ മുഖംകൊണ്ടുള്ള ആക്ഷേപം അതു്=ദുർജ്ജനം, ഹലം എന്നും, മുഖം=വായ്, അഗ്രഭാഗം എന്നും ആക്ഷേപം=നിന്ദ, ഇളക്കൽ എന്നും. ക്ഷമ=ക്ഷാന്തി, ഭൂമി എന്നും.

൧൦൧ സ്നേഹം=പ്രേമം, എണ്ണ എന്നും. സന്താപം=ദുഃഖം, ചൂടെന്നും.

൧൦൨ ലഭ്യം=ലഭിക്കപ്പെടുവാൻ യോഗ്യം.

൧൦൪ ഗുണം=ജ്ഞാനാദി, നൂൽ എന്നും, തീക്ഷ്ണത്വം=ദുഷ്ടത, മൂർച്ച എന്നും, ഖലവാണി=ദുഷ്ടൻെറ വാക്ക്.

൧൦൫ പദം=സ്ഥാനം.

൧൦൬ ആയതു്=മുള്ളു്.

൧൧൦ ധർമ്മം ഇല്ലാതിരുന്നാൽ അഗ്നി, രാജാവു്, ചോരൻ ഇവരെക്കൊണ്ടു ധനനാശം സംഭവിക്കുമെന്നു സാരം.

൧൨൧ ആയും=ഒരുമിച്ചും സഹജാതൻ=സോദരൻ.

൧൨൩ അഗസ്ത്യനിന്ദ=അഗസ്ത്യനെക്കുറിച്ചുള്ള നിന്ദ

൧൨൪ സാവധാനത=സാവധാനൻ എന്നുള്ള അവസ്ഥ. സാവധാനൻ=അവധാനത്തോടുകൂടിയവൻ. അവധാനം=മനസ്സിരുത്തൽ.

൧൨൬ നന്നായി സൂക്ഷിച്ചുനോക്കി ക്ഷേമസാധനത്തെ പരിശോധിച്ചു സാവധാനമായും ദേഹസൌഖ്യത്തിനായി നല്ലവണ്ണം ചവച്ചും ഭുജിക്കണം എന്നു സാരം

൧൩൦ അതിഭക്ഷണം രോഗത്തെ ഉണ്ടാക്കുന്നു എന്നു സാരം.

൧൩൧ മിതപഥ്യാശനശീലം=മിതമായും പഥ്യമായും ഭക്ഷിക്കുന്ന ശീലം.

൧൩൫ മധുപാവലി=മധുപന്മാരുടെ ആവലി. മധുപന്മാർ=മദ്യപാനം ചെയ്യുന്നവർ മധുപങ്ങളുടെ ആവലി എന്നും മധുപങ്ങൾ=വണ്ടുകൾ. ആവലി=സമൂഹം വംശം=കുലം മുള എന്നും

൧൩൬ മതിഗുണം=ബുദ്ധിഗുണം അനുകമ്പ=കൃപ

൧൪൩ ബന്ധുക്കളിൽവച്ചു് ഒരാൾക്കുണ്ടാകുന്ന സുഖദുഃഖങ്ങൾ മററുള്ളവർക്കും തുല്യമായി ഉണ്ടായിരിക്കും എന്നു സാരം.

൧൪൭ പാശി=വരുണൻ

൧൪൯ ദ്രവിപ്പിക്ക=അലിയിക്ക.

൧൫൦ സമീരൻ=വായു. അതു്=വഹ്നി.

൧൫൧ ഖഗങ്ങൾ=പക്ഷികൾ. ശരത്തിങ്കൽ=ശരൽക്കാലത്തിങ്കൽ.

൧൫൨ ഖലമൈത്രി=ദുഷ്ടന്മാരുടെ സ്നേഹം

൧൫൫ സമ്പത്തു്, നമ്മയെ കൊതിച്ചിട്ടു്, വിചാരപൂർവം പ്രവർത്തിക്കുന്ന പുരുഷനെ സ്വയമേവ പ്രാപിക്കുന്നു അവനു സമ്പത്തുണ്ടാകുന്നു എന്നു താല്പര്യം.

൧൫൭ ശാസ്ത്രം പഠിച്ചാൽ മാത്രം പോരാ; അതിനെ അനുഷ്ഠിക്കുന്നതിൽ ഔചിത്യംകൂടി വേണ്ടതാകുന്നു. സദാചാരവാക്യങ്ങളിൽതന്നെയും അർത്ഥം മാത്രം നോക്കിയാൽ പരസ്പരവിരോധം പലേടത്തും കണ്ടേക്കാം. അങ്ങനെ വരുമ്പോൾ പ്രകരണത്തെ അനുസരിച്ചു വക്താവിൻെറ ഉദ്ദേശം അറിഞ്ഞു് ഔചിത്യംപോലെ പ്രവർത്തിക്കേണ്ടതാകുന്നു; അല്ലെങ്കിൽ "ഉച്ചസ്ഥാനേഷു പൂജ്യത" എന്നുള്ള സദാചാരവാക്യത്തെ ആസ്പദമാക്കി വാശ്യാൽ ഗുരുവിൻെറ മുകളിൽ കയറിയിരുന്ന യുവാവിനെപ്പോലെ പരിഹാസപാത്രമായിത്തീരും എന്നു സാരം.

൧൭൧ ദ്രവ്യം=സ്വത്തും.

൧൬൨ ശുദ്ധദ്വിജസമീപം=ശുദ്ധന്മാരായിരിക്കുന്ന ദ്വിജന്മാരുടെ (ബ്രാഹ്മണരുടെ) സമീപം. ശുദ്ധങ്ങളായിരിക്കുന്ന ദ്വിജങ്ങളുടെ (ദന്തങ്ങളുടെ) സമീപം എന്നും. അധരേ=അധരനിൽ അധരൻ=അധമൻ. അധരേ=അധരത്തിൽ എന്നും. രാഗം=വിഷയാഭിലാഷം, ചുവപ്പെന്നും.

൧൬൪ രന്ധ്രം=ദോഷം, കുഴി എന്നും, നീചപ്രവണത്വം=നീചന്മാരിൽ ഉള്ള സ്നേഹം. നീചത്തിലേയ്ക്കുള്ള—(താണസ്ഥലത്തേയ്ക്കുള്ള ചായ്വ് എന്നും. പങ്കനിദാനം=പങ്കത്തിന്റെ നിദാനം. പങ്കം=പാപം ചളി എന്നും നിദാനം=കാരണം. ജഡസാന്നിധ്യം=മൂഢന്റെ അടുപ്പം, ജലത്തിന്റെ അടുപ്പം എന്നും.

൧൬൬ ഇന്ദ്രിയസൌഷ്ഠവം=ഇന്ദ്രിയങ്ങളുടെ യോഗ്യത

൧൬൮ മഹിതസദസ്സ്=ശ്രേഷ്ഠസഭ.

൧൬൯ ചേൻ=മൂർഖന്മാരുടെ അഭിപ്രായത്തോടു ചേൻ

൧൭൦ മല്ല്=യുദ്ധം.

൧൭൧ വപുസ്സ്=ദേഹം.

൧൭൬ ബീജം=കാരണം.

൧൭൯ കോടി=കോടിദ്രവ്യം. അററം എന്നും. ലക്ഷം=ലക്ഷം ദ്രവ്യം, ലാക്കെന്നും. നമിക്ക=നമസ്കരിക്ക, വളയുക എന്നും.

൧൮൦ ദാതൃത്വം=ദാനശീലത്വം.

൧൮൧ അത്യാശാവിവശൻ=അത്യാഗ്രഹംകൊണ്ടു പരവശൻ. ത്വര=സംഭ്രമം. സ്വപരഹാനി=തന്റെയും അന്യന്റെയും ഹാനി

൧൮൨ വാഗ്മി=വാക്സാമർത്ഥ്യമുള്ളവൻ. വല്ഗിതം=ശരപ്രയോഗത്തിനുള്ള ചുവട്.

൧൮൩ അന്യായാൽ=ന്യായത്തെ ആശ്രയിക്കാതെ, ന്യായരഹിതമായി എന്നർത്ഥം.

൧൮൪ ഹിതം=പത്ഥ്യം, ന്യായത്തെ അനുസരിച്ചുള്ളത്. മിതം=അല്പാക്ഷരം. പ്രസന്നം=മന്ദഹാസത്തോടുകൂടിയതു്.

൧൮൬ മഞ്ജുളം=മനോഹരം. അസമയോക്തം=അയോഗ്യമായ സമയത്തിൽ പറയപ്പെട്ടതു്.

൧൮൮ കല=വിദ്യ. കലാവാൻ=വിദ്യയുള്ളവൻ. ചന്ദ്രൻ എന്നും. ധൃതൻ=ധരിക്കപ്പെട്ടവൻ.

൧൯൧ ശസ്ത്രം=ആയുധം—ആയുധവിദ്യ എന്നു സാരം.

൧൯൩ അഹാര്യത്വം=അഹാര്യം എന്നുള്ള ഭാവം. അഹാര്യം=ഹാര്യമല്ലാത്തതു്. ഹാര്യം=ഹരിക്കപ്പെടുവാൻ ശക്യം. ഹരിക്ക=അപഹരിക്ക. അനർഘത്വം =അനർഘം എന്നുള്ള ഭാവം. അനർഘം=അർഘത്തോടു (വിലയോടു) കൂടാത്തതു്. വില നിശ്ചയിക്കാൻപാടില്ലാത്തതു് എന്നു താല്പര്യം.

൧൯൮ ബകപംക്തികൾ=കൊക്കുകളുടെ സമൂഹങ്ങൾ.

൧൯൯ പരിപാവനം=പരിശുദ്ധം വിദ്വാന്മാരുടെ സംസർഗ്ഗമില്ലാത്ത ഭവനം വനത്തിനു തുല്യമാകുന്നു എന്നർത്ഥം.

൨൦൦ പാദങ്ങൾ=കാല്കൾ, രശ്മികൾ എന്നും. ശാരദാഗമം=ശാരദയുടെ സരസ്വതിയുടെ. ആഗമം=പ്രാപ്തി. ശാരദാഗമം=ശാരദമായിരിക്കുന്ന ആഗമം എന്നും. ശാരദം=ശരത്തിനെ (ശരൽക്കാലത്തെ) സംബന്ധിച്ചതു്. കലാ

വാൻ=വിദ്വാൻ=ചന്ദ്രൻ എന്നും. വിദ്വൽപക്ഷത്തിൽ "പാദങ്ങൾകൊണ്ടു്" എന്നതിനു പാദസഞ്ചാരംകൊണ്ടു് എന്നൎത്ഥം.

൨൦൨ അൎത്ഥാഹരണസാമൎത്ഥ്യം=അൎത്ഥങ്ങളെ സമ്പാദിക്കുന്നതിലുള്ള സാമൎത്ഥ്യം. അവ്യയൌഘം=അവ്യയന്മാരുടെ ഓഘം അവ്യയന്മാർ=വ്യയമില്ലാത്തവർ—ലുബ്ധന്മാർ. ഓഘം=സമൂഹം. അവ്യയങ്ങളുടെ ഓഘം എന്നും. അവ്യയങ്ങൾ=അവ്യയശബ്ദങ്ങൾ. അൎത്ഥം=ധനം=പൊരുൾ എന്നും.

൨൦൪ രണ്ടും=വിധിയേയും പ്രയത്നത്തെയും.

൨൦൮ ഗുപ്തൻ=ഗോപനംചെയ്യ(രക്ഷിക്ക)പ്പെട്ടവൻ.

൨൦൯ വിദ്വൽപ്രണാമം=വിദ്വാന്മാരിലുള്ള വണക്കം.

൨൧൦ ശബ്ദഡംബരം=ശബ്ദകോലാഹലം. അറിവില്ലാത്തവരാണു് ആത്മപ്രശംസ ചെയ്യുന്നതെന്നു താല്പൎയ്യം.

൨൧൨ "വാൎദ്ധക്യ...വിചാരണം"=വാൎദ്ധക്യാവസ്ഥയിലും മരണാവസ്ഥയിലും ഉള്ള പലവിധമായ ദുഃഖങ്ങളെക്കുറിച്ചുള്ള വിചാരം. ജനയിത്രി=മാതാവു്.

൨൧൩ വിഗൎഹണവിഷയം=നിന്ദാപാത്രം.

൨൧൪ ഹൃദ്യൻ=പ്രിയൻ. അജസ്രം=എല്ലായ്പോഴും.

൨൧൫ ഘനങ്ങൾ=മേഘങ്ങൾ.

൨൧൯ ലാഘവകരം=ദുൎമ്മേദസ്സുകളെ ക്ഷയിപ്പിച്ചു് ശരീരത്തിനു കനക്കുറവിനെ ഉണ്ടാക്കുന്നതു. ലാഘവകരം=അവമാനത്തെ ഉണ്ടാക്കുന്നതു്. വ്യായാമം ലാഘവകരമാണെങ്കിലും ലാഘവകരമല്ല എന്നു പറയുമ്പോൾ അൎത്ഥങ്ങൾക്കു വിരോധവും പിന്നീടു, ആ വാക്കിനു വേറെ അൎത്ഥത്തെ കല്പിക്കുമ്പോൾ ആ വിരോധത്തിനു പരിഹാരവും ഉണ്ടു്. ഇങ്ങനെ വരുന്ന സ്ഥലങ്ങളിൽ "വിരോധാഭാസം" എന്ന അലങ്കാരമാകുന്നു.

൨൨൬ "സന്തോഷാമൃ.....സ്വാന്തൻ=അമൃതുപോലെ സുഖകരമായ സന്തോഷംകൊണ്ടു വഴിപോലെ തൃപ്തിപ്പെട്ടതായും ശാന്തമായും ഇരിക്കുന്ന മനസ്സോടുകൂടിയവൻ.

൨൨൭ തന്നേക്കാൾ താണസ്ഥിതിയിൽ ഇരിക്കുന്നവരുടെ അവസ്ഥയെ വിചാരിച്ചു് താൻ തൃപ്തിപ്പെട്ടുകൊള്ളണം എന്നു സാരം.

൨൨൮ പൌരുഷം ധൎമ്മസാരം=പുരുഷന്റെ ശ്രേഷ്ഠമായ ധൎമ്മം.

൨൩൦ ചന്ദനങ്ങൾ=ചന്ദനവൃക്ഷങ്ങൾ.

൨൩൧ സജ്ജനങ്ങളോടു വേർപിരിയുന്നതു് അത്യന്തം വ്യസനകരമാകുന്നു എന്നല്ലാതെ സജ്ജനസംസൎഗ്ഗം പാടില്ലെന്നല്ല ഇതിന്റെ താല്പൎയ്യം. ഒരിക്കലും വേർപിരിയാൻ ഇച്ഛതോന്നാതിരിക്കത്തക്കവണ്ണം അത്രവളരെ ഗുണമുള്ളവരാണു് സത്തുക്കൾ എന്നു സാരം.

൨൩൬ മഹദ്ധനം=മഹത്തുക്കളുടെ ധനം.

൨൪൦ രക്തൻ=രക്തവൎണ്ണൻ. ക്ഷതി=ആപത്തു്.

൨൪൩ സാധുവൃത്തർ=നല്ല ചരിത്രമുള്ളവർ—സത്തുക്കൾ. നല്ല വൃത്താകാരമുള്ളവ എന്നും.

൨൪൬ ബാഡവാഗ്നി=സമുദ്രമദ്ധ്യത്തിൽ ഒരിടത്തു് എത്രയും പരന്നു പൊക്കത്തോടുകൂടി ജ്വലിക്കുന്ന ഒരുവക അഗ്നി.

൨൪൮ ഒരുവൻ, താൻ അങ്ങോട്ടു യാതൊരുപകാരവും ചെയ്യാതെ ഇരുന്നിട്ടും ഇങ്ങോട്ടുപകാരം ചെയ്യുന്ന മറ്റൊരുത്തനോടു പശ്ചാത്താപത്തോടും ലജ്ജ

യോടുംകൂടി പറയുന്ന വാക്കിനെ ഇതു സൂചിപ്പിക്കുന്നു. സജ്ജനങ്ങൾ എല്ലാവൎക്കും ഒരുപോലെ ഉപകാരംചെയ്ക ശീലമായിട്ടുള്ളവരാകുന്നു എന്നു സാരം.

൧൫൨ ബാണൻ=ബാണാസുരൻ ശ്രീബാണപിതാവ്=ശ്രീകൃഷ്ണൻ.

൧൫൩ ഉക്തിശക്തി=സംഭാഷണശക്തി.

൧൫൪ സനാതനം=നിത്യം.

൧൬൪ ആമയം=രോഗം.

൧൬൫ പിപീലികാ=എറുമ്പ്. ആത്മതുല്യം=തന്നോടു തുല്യം.

൧൬൬ ഏൎഗതം=മനോഭാവം പരാരാധനദക്ഷൻ=അന്യന്മാരെ സന്തോഷിപ്പിക്കാൻ സാമൎത്ഥ്യമുള്ളവൻ.

൧൬൯ ദേഹമനോവാഗ്ദമം=ദേഹത്തിൻെറയും മനസ്സിൻെറയും വാക്കിൻെറയും ദമം. ദമം=നിഗ്രഹം—അകൃത്യത്തിങ്കൽ പ്രവൎത്തിപ്പാൻ അയയ്ക്കായ്ക എന്നൎത്ഥം. വ്രതം=ആചാരം.

൧൭൫ വിജിതേന്ദ്രിയൻ=ഇന്ദ്രിയങ്ങളെ ജയിച്ചിരിക്കുന്നവൻ.

൧൭൭ ഭൂയസ്സന്തോഷം=വളരെ സന്തോഷം. സഹസാ=അറിയാതെ.

൧൮൩ ഉന്മൂലിതം=നശിപ്പിക്കപ്പെട്ടതു്

൧൮൫ ഹരിണം=മാൻ ദേവം=കാട്ടുതീ. സൌശീല്യശാഖി=സൌശീല്യം (സുശീലത്വം) ആകുന്ന ശാഖി=വൃക്ഷം. ഉന്മദദന്തി=മദിച്ച ആന. സമാഗമം=സംസൎഗ്ഗം.

൧൮൮ പ്രതിബന്ധം=വിഘ്നം.

൧൯൧ മൃണാളം=താമരവളയം. ഉല്പലം=ചെങ്ങഴിനീർപൂവ്.

## രണ്ടാംപ്രകരണം

൨ മൃഗനാഭി=കസ്തൂരി വാണിജൻ=കച്ചവടക്കാരൻ.
മാനം=ബഹുമാനം. വീക്ഷം=വൎദ്ധിക്കം

൩ ഇഷ്ടാഹാരവിഹാരസേവ=ഇഷ്ടങ്ങളായിരിക്കുന്ന ആഹാരവിഹാരങ്ങളുടെ സേവ. ഇഷ്ടങ്ങൾ=ഹിതങ്ങൾ. ആഹാരവിഹാരങ്ങൾ=ആഹാരവും വിഹാരവും ആഹാരം=ഭക്ഷണം വിഹാരം=ദേഹമനോവ്യാപാരം. ചേഷ്ട=പ്രവൃത്തി പ്രസക്തി=താല്പൎയ്യം സവാൎത്ഥദം=എല്ലാം അൎത്ഥങ്ങളേയും ദാനം ചെയ്യുന്നതു്.

൪-൫ ഗദം=രോഗം. അസ്വസ്ഥസൌഖ്യം—അസൌഖ്യംകൂടാതെ കീലം=ആണി. അതിരയം=അതിവേഗം. അഗത്യന്തരം=ഗത്യന്തരമില്ലാതെ. ഗത്യന്തരം=അന്യഗതി. ആലോലം=ഇളകിയതു്. തോൽവിനിമിത്തം പശ്ചാകുലന്മാരായ ആളുകളോടുകൂടിയതെന്നൎത്ഥം സകലമിതിൻമൂലം=സകലമായിരിക്കുന്ന ഇതിൻെറ കാരണം (സ്വല്പമായ രോഗത്തെയും നിസ്സാരമെന്നു കരുതി ചികിത്സിക്കാതിരിക്കരുതെന്നു സാരം)

൬ സ്ഫീതാഹംകൃതിഭാരം=വൎദ്ധിച്ചിരിക്കുന്ന വലുതായ അഹങ്കാരം. താരുണ്യം=യൌവനം. വീതാശങ്കം=ശങ്കകൂടാതെ.

൭ മലിനാംബരം=മലിനമായിരിക്കുന്ന അംബരത്തോടുകൂടിയതു്. മലിനം=അഴുക്കുള്ളതു്. കറുത്ത നിറമുള്ളതെന്നും അംബരം = വസ്ത്രം ആകാശമെ

ന്നും. സൂയ്യാലോകനം=സൂരികളുടെ, വിദ്വാന്മാരുടെ, ആലോകനം=ദശ്നം സൂയ്യദശ്നമെന്നും.

൮ നിജഗുണവിസ്തരണം=തന്റെ ഗുണങ്ങളെ വണ്ണിക്ക. തന്റെ നൂലിനെ നിവത്തുക എന്നും. അതു്=നിജഗുണവിസ്തരണം. ഉന്നതമാംപദം=ശ്രേഷ്ഠമായ സ്ഥാനം ഉയൎന്ന സ്ഥലം എന്നും.

൧൦ ഉൎവീസ്ഥം=ഭൂമിയിലുള്ളതു്. 'ക്ഷോണീതലസ്ഥിതജലത്തെ' എന്നു പാഠാന്തരം. മാൎഗ്ഗം=ദുഃഖിക്കും

൧൮ ഹരിതവണ്ണം=പച്ചനിറം. കല്യാണശില്പരുചിരതാം=കല്യാണ (ശ്രേഷ്ഠ) മായിരിക്കുന്ന ശില്പത്തിന്റെ (സൃഷ്ടിയുടെ) രുചിരതാം=സൌന്ദൎയ്യം.

൧൯ യാമിനി=രാത്രി.

൨൦ സമ്യഗ്ദൂരത്തിൽ=ശരിയായ ദൂരത്തിൽ.

൨൧ അതിസഹസ്രകവത്സരം=ആയിരത്തിലധികം വത്സരം. താരം=നക്ഷത്രം. വിഹായസി=ആകാശത്തിൽ

൨൬ പ്രപഞ്ചസ്ഥാനാശ=പ്രപഞ്ചത്തിൽ ഇരിക്കുന്നതിനുള്ള ആഗ്രഹം.

൨൭ ഉദരസീമനി=വയററിനകത്തു്. തൽപ്രണയം=അതിങ്കൽ (പ്രജയിൽ) ഉള്ള വാത്സല്യം.

൨൮ ശൃംഗാരയോനികഥ—കാമദേവന്റെ കഥ.

൨൯ സ്ത്രീപുംസസംഗതി=സ്ത്രീപുരുഷസമ്മേളനം. അപത്യം=പ്രജ. ഗൎഭധാരണത്തിനു യോഗ്യമായ കാലത്തിൽ മാത്രമാണു് പക്ഷിമൃഗാദികളിൽ പ്രായേണ സ്ത്രീപുരുഷസമ്മേളനം ഭവിക്കാറുള്ളതു്.

൩൧ ജനനത്തിനു തക്കവണ്ണം നാശവും ഉണ്ടായിരുന്നില്ലെങ്കിൽ ജന്തുക്കൾ ക്രമത്തിലധികം വൎദ്ധിക്കുന്നതിനും അവയ്ക്കു നിവസിപ്പാൻ ഈ ഭൂഗോളം മതിയാകാതെ വരുന്നതിനും ഇടയാകുമായിരുന്നു

൩൨ അപ്രമത്തഭാവം കലൎന്നു=മനസ്സിരുത്തലോടുകൂടി. സ്ഫുടം ഏവ=സ്പഷ്ടമായിട്ടുതന്നെ.

൩൩ കിമൎത്ഥം=എന്തിനായിക്കൊണ്ടു്. വിഷമത=സാമ്യമില്ലായ്ക.

൩൭ മുതൽ ൪൫ വരെയുള്ള ശ്ലോകങ്ങൾ ഒരു നാസ്തികന്റെ ചോദ്യങ്ങൾക്കു കൊടുത്ത മറുപടിയിൽ ഉൾപ്പെട്ടവയാകുന്നു

൪൦ പടുധിഷണാഗ്രങ്ങൾ=സാമൎത്ഥ്യമുള്ള ബുദ്ധിയുടെ മുനകൾ.

൪൪ നരവിഗ്രഹാന്തരം=മനുഷ്യദേഹത്തിന്റെ അന്തൎഭാഗം-ഭൂമിഗോളത്തിന്റെ പരിമാണം എന്തു്, അതിന്റെ നില എങ്ങനെ? ഇത്യാദിയെക്കുറിച്ചുള്ള അറിവു് ഒരു മനുഷ്യന്റെ ദേഹത്തിനുള്ളിൽ വസിക്കുന്ന അണുപ്രാണിക്കു് എങ്ങനെ അലഭ്യമായിരിക്കുന്നുവോ അപ്രകാരം ഈശ്വരനെക്കുറിച്ചുള്ള പൂണ്ണമായ അറിവു് മനുഷ്യനും അലഭ്യമായിരിക്കയേ ഉള്ളു എന്നു താല്പൎയ്യം

൪൫ നിശ്ശ്രേയസം=മോക്ഷം.

൪൬ ഹരിദ്വൎണ്ണം=പച്ചനിറം. മാനം=അളവു്. ദിവ്യപ്രഭു=ഈശ്വരൻ.

൪൯ ആലസ്യം=മടി

൫൧ മഹത്തമന്മാർകൾ=ഏററവും മഹാന്മാർ.

൫൨ ഇഷ്ടൌഘം=സ്നേഹിതന്മാരുടെ സമൂഹം. അല്പ്=രാത്രി. രാത്രിയിൽ തങ്ങളുടെ സ്നേഹിതന്മാർ സുഖമായി ഉറങ്ങിക്കൊണ്ടിരിക്കുമ്പോഴും നിദ്രാസുഖ

ത്തെ ഉപേക്ഷിച്ച് ശുഷ്കാന്തിയോടുകൂടി വായിക്കയും എഴുതുകയും മററും ചെയ്താണ് ഓരോരുത്തർ മഹാന്മാർ എന്ന സ്ഥാനത്തെ ലഭിച്ചിട്ടുള്ളത് എന്നഭിപ്രായം.

൩൨ കൃതകവൃഷ്ടി=കൃത്രിമവർഷം. അകാലത്തിങ്കൽ മഴപെയ്യിക്കുന്ന സൂത്രവും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

൩൪ ജളസ്തോമം=മൂഢന്മാരുടെ സമൂഹം

൩൫ ദുർന്നിവാരം=തടുക്കാൻപാടില്ലാത്തതു്.

൬൯ ദാതാവു നീചനായിരുന്നാലും സേവ്യനാകുന്നു എന്നർത്ഥം.

൭൦ യുദ്ധത്തിൽ തോററോടിയവർക്ക് ഒളിച്ചിരിക്കാൻ പുല്പൊട്ടുകൾ ഉതകുന്നുണ്ടല്ലോ.

൭൨ തണ്ടാർ=താമര, സുഹൃത്തു്=ബന്ധു.

൭൪ അബ്ദ്=മുകിൽ, മേഘം.

൭൫ അജൻ=ബ്രഹ്മാവു്.

൮൧ പരൻ=അന്യൻ, ശത്രു എന്നും. ഹൃദയം=മനസ്സ്, നെഞ്ചെന്നും. ശിരഃകമ്പം=തലകുലുക്കൽ. ധാനുഷ്കശരം=വില്ലാളിയുടെ ബാണം.

൮൨-൮൩ പുരോഭാഗിത=പുരോഭാഗി എന്നുള്ള അവസ്ഥ പുരോഭാഗി=ദോഷങ്ങളെമാത്രം കാണുന്നവൻ ശോച്യ=ശോചിക്കത്തക്കതു്. സർവ്വദാ=എല്ലായ്പോഴും നവസൌഖ്യദാ=നവമായ സൌഖ്യത്തെ ദാനംചെയ്യുന്നതു്. സർവ്വദാനവസൌഖ്യദാ=എല്ലാ ദാനവ(അസുര)ന്മാർക്കും സൌഖ്യത്തെ ദാനം ചെയ്യുന്നതെന്നും. കാവ്യവിദ്യ=കവിത. കാവ്യന്റെ (ശുക്രന്റെ) വിദ്യ, സഞ്ജീവനിവിദ്യയെന്നും ശുക്രന്റെ സഞ്ജീവനിവിദ്യ മൃതന്മാരെ ജീവിപ്പിക്കുന്നതാണല്ലോ അപ്രകാരം കവിതയും മൃതപ്രായന്മാർ (അതിദുഃഖിതന്മാർ) ആയിരിക്കുന്നവർക്കും ഉന്മേഷത്തെ കൊടുക്കുന്നതാകുന്നു എന്നർത്ഥം.

൮൬ പ്രതിഭാജലം=പ്രതിഭയാകുന്ന ജലം. പ്രതിഭാ=നല്ലവണ്ണമുള്ള തോന്നൽ. കവിമാനസം=കവികളുടെ മാനസമാകുന്ന മാനസസരസ്സ്.

൮൮ ചന്ദ്രാശ്മം=ചന്ദ്രകാന്തക്കല്ല്.

൯൦ സൈരിഭം=പോത്തു്. അമരസിന്ധു=ഗംഗാനദി.

൯൧ മാലതി=പിച്ചകപ്പൂവ്.

൯൨ വരകളഭം=ശ്രേഷ്ഠമായ ആനക്കുട്ടി. കിരി=പന്നി.

൯൩ ഭാഷയേറാത്ത സുവർണ്ണം=ഭാഷയ്ക്കു ചേർച്ചയുള്ള നല്ല അക്ഷരം. നല്ല ഭാഷയിലുള്ള (നല്ല ആകൃതിയിലുള്ള) സുവർണ്ണം=സ്വർണ്ണം എന്നും. ദോഷാന്വേഷണതല്പരൻ=കാവ്യദോഷങ്ങളെ അന്വേഷിക്കുന്നതിൽ താല്പര്യമുള്ളവൻ. ദോഷം (അവ്യയം) രാത്രിയിൽ. രാത്രിയിലുള്ള അന്വേഷണത്തിൽ താല്പര്യമുള്ളവൻ എന്നും.

൧൦൦ സഭാര്യൻ=ഭാര്യയോടുകൂടിയവൻ. അപത്യം=കുട്ടി. ഗതാമയൻ=രോഗം തീർന്നവൻ.

൧൦൧ ജീവനം=ജലം.

൧൦൩ ജിതം=ജയിക്കപ്പെട്ടതു്. അനല്പദം=കൂടക്കൂടെ.

൧൦൫ നിർഭരം=ഏററവും

൧൦൮ വസനാദി=വസ്ത്രം മുതലായതു്.

൧൦൯ ഭീ=ഭയം. ആൎത്തി=ദുഃഖം. ധീ=ബുദ്ധി.

൧൧൨ അഭ്യംഗസൌഖ്യം=അംഗസൌഖ്യത്തെക്കുറിച്ചു്. അതിദൃഷ്ടി=നല്ലവണ്ണമുള്ള നോട്ടം. അഭ്യംഗം=എണ്ണതേപ്പു്. സതിമാർ=ഉത്തമസ്ത്രീകൾ. ശുക്തിഗർഭങ്ങൾ=ശുക്തിയോടുകൂടിയവ.

൧൧൩ പ്രസൂതി=പ്രസവം കോഷ്ഠം=അന്തരുദരം, ഉൾവയറു്. യഥാവിധി=വിധിപോലെ.

൧൧൪ പ്രസന്നത=സന്തോഷം. ശമം=അടക്കം.

൧൧൬ ദേവൻ=ബഡവാഗ്നി. വിബുധതതി=ദേവസമൂഹം. മഹാചലം=മത്തായിത്തീൎന്ന പൎവ്വതം, മന്ദരപർവ്വതം. അനിമിഷങ്ങൾ=മത്സ്യങ്ങൾ. ഗ്രാഹങ്ങൾ=മുതലകൾ. പ്രചാരം=സഞ്ചാരം. അബ്ദം=മേഘം. വണിക്=കച്ചവടക്കാരൻ. ഉദധി=സമുദ്രം.

൧൧൮ മഹിമാനം (ദ്വിതീയ)=മഹിമാവിനെ, മാഹാത്മ്യത്തെ.

൧൨൦ സല്ലോകം=സജ്ജനം.

൧൨൧ ആരാൽ=ദൂരത്തിങ്കലുള്ള

൧൨൩ പ്രണയം=സ്നേഹം. അങ്കം=കളങ്കം. സമ്മദാകുലത=സന്തോഷപാരവശ്യം

൧൨൪ ശാണോപലം=രത്നം തേക്കുന്ന കല്ലു്.

൧൨൫ ഇതു സീതയെ രാവണൻ മോഷ്ടിച്ചുകൊണ്ടുപോയതിന്റെശേഷം ശ്രീരാമലക്ഷ്മണന്മാർ വനത്തിൽ തിരഞ്ഞുനടക്കുമ്പോൾ സീതയുടെ കാൽച്ചിലമ്പു് അവിടെ ഒരിടത്തു കിടന്നു കണ്ടുകിട്ടിയ സന്ദർഭത്തിൽ ശ്രീരാമൻ ലക്ഷ്മണനോടു പറയുന്ന വാക്കാകുന്നു ഭൂഷാ=ആഭരണം.

൧൨൬ ഇതു ലക്ഷ്മണന്റെ മറുപടിയാകുന്നു. ഇതിൽനിന്നും ജ്യേഷ്ഠഭാൎയ്യയോടു് അനുവൎത്തിക്കേണ്ടതു് ഇന്നപ്രകാരമാണെന്നു മനോഹരമാകുംവണ്ണം തെളിയുന്നുണ്ടു്.

൧൨൭ ആഗന്തുകമിത്രം=ആഗന്തുകന്മാൎക്കു് (അതിഥികൾക്കു) മിത്രമായുള്ളവൻ.

൧൩൦ ഓഷധീശൻ=ചന്ദ്രൻ സ്ത്രീകൾക്കു കോപമുണ്ടാകുമ്പോൾ മുഖത്തിലെ നിറംമാറും എന്നു പ്രസിദ്ധമാണല്ലോ. അതുപോലെ ഭൂച്ഛായയാൽ ചന്ദ്രന്റെ നിറംമാറി എന്നു സാരം. ചന്ദ്രനു് സ്വയംപ്രകാശം ഇല്ല. സൂൎയ്യന്റെ രശ്മി ചന്ദ്രനിൽ പ്രതിഫലിക്കുന്നതുകൊണ്ടാണു് ചന്ദ്രൻ പ്രകാശിക്കുന്നതു്. ചിലപ്പോൾ സൂൎയ്യന്റെയും ചന്ദ്രന്റെയും നേരെ മദ്ധ്യത്തിൽ ഭൂഗോളം വരും. അപ്പോൾ സൂൎയ്യരശ്മി ചന്ദ്രനിൽ പ്രതിഫലിക്കാതിരിക്കത്തക്കവണ്ണം ഭൂമിയുടെ ഛായ ചന്ദ്രനെ മറയ്ക്കും ഇതാണു് ചന്ദ്രഗ്രഹണം എന്നു പറയപ്പെടുന്നതു്.

൧൩൧ ചിലപ്പോൾ സൂൎയ്യന്റെയും ഭൂമിയുടെയും മദ്ധ്യത്തിൽ ചന്ദ്രൻ വന്നിട്ടു സൂൎയ്യനെ മറയ്ക്കും; ഇതാണു് സൂൎയ്യഗ്രഹണം.

൧൩൩ അല്ലാതെയില്ലെതുമേ=അല്ലാതെ യാതൊരു ഫലവുമില്ല എന്നൎത്ഥം.

൧൩൯ സതി=പതിവ്രത.

൧൪൦ അത്യാൎത്തി=അത്യദുഃഖം.

൧൪൧ ദരിദ്രത (ദ്വിതീയാ)=ദാരിദ്ര്യത്തെ.

൧൪൫ ദക്ഷിണാശ=തെക്കേദിക്കു്, ദക്ഷിണ കിട്ടണമെന്നുള്ള ആശയെന്നും. കരം=രശ്മി—കൈ എന്നും.

൨൪൩ പ്രവാസി=പരദേശവാസി.

൨൪൭ ഉൽക്കമ്പം=ചാഞ്ചല്യം

൨൫൦ കിംശുകം=മുരുക്കിൻപൂവ്.

൨൫൧ ചയം=സമൂഹം.

൨൫൨ പ്രതികൂലം=വിപരീതം, കൂല(തീര)ത്തിലേയ്ക്കെന്നും. ദ്രോണി=തോണി, വള്ളം ലോകപ്രതാരണം=ജനവഞ്ചന, ജനങ്ങളെ കടത്തുക എന്നും. ദാരുണം=ഭയത്തെ ഉണ്ടാക്കുന്നതു്. ദാരു (തടി) കൊണ്ടെന്നും. അപ്പോൾ തൃതീയാവിഭക്തിയാകുന്നു.

൨൫൪ മിത്രാന്തികം=ബന്ധുസമീപമെന്നും, സൂര്യ്യസമീപമെന്നും. ദോഷാകരൻ=ദോഷങ്ങൾക്കു ഇരിപ്പിടമായുള്ളവൻ ചന്ദ്രനെന്നും. മലിനാശയൻ=ദുഷ്ടമാനസൻ, കറുത്തിരിക്കുന്ന ഉള്ളോട്ടുകൂടിയവനെന്നും.

൨൫൫ വിശിഖശബ്ദത്തിന്റെയും വ്യാലശബ്ദത്തിന്റെയും ഒട്ടുവിലത്തെ അക്ഷരങ്ങൾ ചേർന്നുണ്ടായവനായ ഖലൻ. വിശിഖത്തി (അമ്പി)ന്റെയും വ്യാല(സർപ്പ)ത്തിന്റെയും പ്രവൃത്തിയായ പരപ്രാണഹരണം ചെയ്യുന്നതു യുക്തം തന്നെ എന്നഭിപ്രായം. ഖലൻ=ദുഷ്ടൻ.

൨൫൬ നവവർണ്ണങ്ങൾ=ഒൻപതക്ഷരങ്ങൾ. ഏതാനും അക്ഷരങ്ങൾമാത്രം എന്നർത്ഥം.

൨൫൭ പാത്രം=യോഗ്യനായ പുരുഷനെ ഭാജനത്തെ എന്നും. അപാത്രമതാക്കം=അയോഗ്യനാക്കും, ഹാനിയുള്ളതാക്കും എന്നും. സ്നേഹഗുണങ്ങൾ=സ്നേഹവും ഗുണവും സ്നേഹം=പ്രേമം, എണ്ണയെന്നും. ഗുണം=ക്ഷമ മുതലായ ഗുണം, തിരിയെന്നും. മലം=പാപം, അഴുക്കെന്നും.

൨൫൯ ബഹുധാ=പലപ്രകാരം. അന്യഖണ്ഡനം=അന്യദൂഷണം. ബഹുധാന്യഖണ്ഡനം=ബഹുക്കളായിരിക്കുന്ന ധാന്യങ്ങളുടെ ഖണ്ഡനമെന്നും മുസലം=ഉലക്ക

൨൬൦ മടവാർകുഴൽ=സ്ത്രീകളുടെ തലമുടി

൨൬൩ അല്ലിങ്കൽ=രാത്രിയിൽ. അക്കമണികൾ=അക്കനും മണിയും.

൨൬൬ കാസരം=പോത്തു്.

൨൬൭ ശീലക്ഷേപം=ശീലത്തെസ്സംബന്ധിച്ചുള്ള നിന്ദ.

൨൬൯ ഝഷം=മത്സ്യം. കൈവർത്തൻ=മുക്കുവൻ.

൨൭൦ ദ്വിജിഹ്വന്മാർ=ഏഷണിക്കാർ, സർപ്പങ്ങളെന്നും.

൨൭൨ ധാമം=തേജസ്സ്.

൨൭൫ രന്ധ്രം=പഴുതു്, ദോഷമെന്നും. ജ്യേഷ്ഠാനുജന്മാർ തുല്യന്മാരെന്നു സാരം.

൨൭൬ ഈ ശ്ലോകത്തിന്നും ഒന്നാംപ്രകരണത്തിലെ ൧൦൯-ാംശ്ലോകത്തിന്നും അർത്ഥം ഒന്നുതന്നെ. ശബ്ദഭംഗിയിലുള്ള താല്പര്യംനിമിത്തം ഒരേ അർത്ഥത്തിൽ ഒന്നിലധികം ശ്ലോകം ചിലപ്പോൾ എഴുതുന്നതു് കവിസമ്പ്രദായമാകുന്നു. മന്ദാക്ഷം=ലജ്ജ.

൨൭൮ ആരാൽ=സമീപത്തിങ്കൽ.

൨൭൯ ബോധലവദുർവൈദഗ്ദ്ധ്യം=അല്പജ്ഞാനംകൊണ്ടുണ്ടാകുന്നദുസ്സാമർത്ഥ്യം.

൨൮൦ ദഹിക്ക=ഭസ്മമാക്കുക.

൨൮൧ മുകളിൽനിന്നുണ്ടാകുന്നതായ കാട്ടുതീ ആ മുളകളെത്തന്നെ ഭസ്മമാക്കുന്ന

ത്തുപോലെ ദുഷ്ടനായ പുരുഷൻ തന്റെ പിതാവിന്ന മനോവ്യസനത്തെ ഉണ്ടാക്കുന്നു എന്നു സാരം.

൧൮൩ തമസ്സ്"=ഇരുട്ട്", അജ്ഞാനമെന്നും. സൂൎയ്യാലോകം=സൂൎയ്യരശ്മി, സൂരികളുടെ ദൎശനം എന്നും. ദുഷ്ടചാമലം=മലംപോലെയുള്ള ദുഷ്ടചനം. ഉതിൎത്തീടും=പുറപ്പെടുവിക്കും. പക്ഷപാതം-ചിറകുകളുടെ പതനം, സ്നേഹം എന്നും. അവലംബംവിട്ട മാൎഗ്ഗം=ആകാശമാൎഗ്ഗം അസാധുവായ മാൎഗ്ഗമെന്നും. അവാക്ക്"=അധോമുഖം, വാക്കോടുകൂടാത്തതെന്നും.

൧൮൪ സാമ്യത്തോടും=സുഖദുഃഖാദികളിൽ സമഭാവനയോടുകൂടി എന്നൎത്ഥം.

൧൮൫ ഇഴ ശ്ലോകം ചോദ്യോത്തരരൂപമാകുന്നു അതു്"=സിംഹാദിയാകും മൃഗകുലം.

൧൮൯ ജനനീരാഗം=ജനങ്ങളുടെ വിരോധം, ജനനിയുടെ സ്നേഹമെന്നും. ബഹുലാലാപൻ=ബഹുലം (ബഹു) ആയിരിക്കുന്ന ആലാപത്തോടുകൂടിയവൻ. വേണ്ടതിലധികം പറയുന്നവൻ ബഹുവായിരിക്കുന്ന ലാലയെ (വായ്"നീരിനെ) പാനം ചെയ്യുന്നവൻ എന്നും.

൧൯൦ ശസ്യം=പടങ്ങളുടെ അന്യോന്യമൈത്രി. (പടങ്ങളുടെ ചേൎച്ച)മെത്ത എന്നും.

൧൯൨ പ്രതിഭാ=മനോധൎമ്മം. ശ്ലോകം=കീൎത്തി. നിവിദ്യർ=വിദ്യയില്ലാത്തവർ.

൧൯൪ കുമൎത്ത്യർ=നിന്ദ്യന്മാരായ മനുഷ്യർ.

൧൯൬ പ്രമദാജനം=സ്ത്രീജനം.

൧൯൭ ഈഷൽ=അല്പം. നടപ്പോഴെന്റെ കാൽമാറാം=നടക്കുന്നവൎക്ക ചിലപ്പോൾ കാലിടറിപ്പോകുന്നതു സഹജമാണല്ലോ. അതു്" ആക്ഷേപാൎഹമല്ല എന്നു സാരം.

൧൯൮ ഇതു്" നിജദോഷപ്രബോധം.

൨൦൦ ഗുണം=ജ്ഞാനാദി, കയറെന്നും. ജ്ഞാനാദിഗുണമുള്ളവൎക്ക പ്രായേണ ധനം കുറഞ്ഞിരിക്കുന്നതു പതിവാണല്ലോ.

൨൦൧ ഗോസമന്മാർ=പശുതുല്യന്മാർ, മൂഢന്മാർ.

൨൦൨ തങ്കം അണച്ചിടും=ധനം സമ്പാദിക്കും എന്നൎത്ഥം.

൨൦൩ ധീവരന്മാർ=മുക്കുവർ, വിദ്വാന്മാരെന്നും. ജഡൌഘം=ജലപ്രവാഹം, മൂഢന്മാരുടെ സമൂഹം എന്നും.

൨൦൫ ധനവാന്മാരിൽ പലരും സാധാരണന്മാരെ കണ്ടാലും കാണാത്ത ഭാവത്തേയും അവരുടെ വാക്കുകളെ കേട്ടാലും കേൾക്കാത്ത ഭാവത്തെയും നടിക്കുന്നതും, അവരോടു സംസാരിക്കാതിരിക്കുന്നതും പതിവാണല്ലോ. പാലാഴി മഥിച്ചപ്പോൾ അതിൽനിന്നു വിഷവും ലക്ഷ്മിയും ഉണ്ടായതായി പൌരാണികന്മാർ പറഞ്ഞിരിക്കുന്നതിനാൽ ലക്ഷ്മിയെ വിഷസോദരി എന്നു നിൎദ്ദേശിച്ചിരിക്കുന്നു.

൨൦൬ ശ്വശ്രൂ=ഭൎത്താവിന്റെ അമ്മ വധു=പുത്രന്റെ ഭാൎയ്യ ബ്രഹ്മാവു്" വിഷ്ണുവിന്റെ പുത്രനാകകൊണ്ടു്" ലക്ഷ്മീദേവിയും സരസ്വതീദേവിയും പരസ്പരം ശ്വശ്രൂവും വധുവുമാകുന്നു.

൨൦൮ വിദ്യയണയുന്നു=വിദ്യയെ അഭ്യസിക്കുന്നു.

൨൦൯ ഇതു്" ചോദ്യോത്തരരൂപമാകുന്നു.

൨൧൨ ധൎമ്മാൎത്ഥയില്ലാത്തവന്റെ ബലവും ധനവും പാണ്ഡിത്യവും നിഷ്ഫലം ആകുന്നു.

൨൧൮ പൃഥു=വലുതായ.
൨൧൯ അതിമഹിമ=ബുദ്ധിയുടെ മഹിമ. അശേഷാണ്യപി=ആപത്തിനെ എല്ലാം.
൨൨൦ പഥ്യം സർവ്വദാ പ്രധാനമായിട്ടുള്ളതാകുന്നു എന്നു സാരം.

൨൨൧ "അതന്ത്ര ....ക്ഷരം" കാകൻ വന്നു, ഉടൻതന്നെ പനമ്പഴം വീണു, കാകൻ അതിനെ ഭക്ഷിക്കയും ചെയ്തു ഇതുപോലെ ഒരു പുഴു ഒരു വൃക്ഷത്തിന്മേലോ മറേറാ കരണ്ടു, അതു ഒരക്ഷരത്തിൻെറ ആകൃതിയിലായി. ഇവ രണ്ടു സംഭവങ്ങളും യാദൃച്ഛികങ്ങളാകുന്നു. ഇപ്രകാരം പഥ്യത്തെ ആചരിക്കാത്ത മനുഷ്യൻ ദീർഘായുസ്സായിരിക്കുന്നതും ദുഷ്ടൻ ഐശ്വര്യവാനായിരിക്കുന്നതും യദൃച്ഛാസംഭവങ്ങളേ ആകുന്നുള്ളു. അപഥ്യവാനു അല്പായുസ്സും ദുഷ്ടനു അധഃപതനവും ആണു സംഭാവ്യമായിട്ടുള്ളതു എന്നഭിപ്രായം. താലം=പനമ്പഴം ഘുണം=പുഴു.

൨൨൬ താപം=ദുഃഖം, ചൂടെന്നും. സ്വവംശജാതം=നല്ല വംശത്തിൽ ജനിച്ചതു, നല്ല മുളകൊണ്ടുണ്ടാക്കപ്പെട്ടതെന്നും.

൨൨൭ അദ്രിസരിത്തു=മലയിൽനിന്നും പുറപ്പെടുന്ന നദി. സിന്ധുക്കൾ=നദികൾ. സമുദ്രം ഭർത്താവായിട്ടും നദികൾ ഭാര്യമാരായിട്ടും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നദികൾ പരസ്പരം സപത്നിമാരാകുന്നു. സപത്നിമാർ=ഒരേ ഭർത്താവുള്ള സ്ത്രീകൾ.

൨൩൧ കേരം=തെങ്ങു. ശീർഷം=തല.
൨൩൨ നാരികേളം=തെങ്ങു.

൨൩൩ അന്യകാര്യഹനനം=അന്യൻെറ കാര്യത്തെ നശിപ്പിക്കുക വ്യർത്ഥം=നിഷ്ഫലമായിട്ടു. പരാർത്ഥനാശകൻ=അന്യകാര്യത്തെ നശിപ്പിക്കുന്നവൻ.

൨൩൫ വിതതി=സമൂഹം. ശാഖാമൃഗങ്ങൾ=വാനരന്മാർ. ഉർവീരുട്ടു=വൃക്ഷം. ഭൂതി=ഐശ്വര്യം.

൨൪൧ ആതങ്കാപഹം=ദുഃഖത്തെ നശിപ്പിക്കുന്നതു.

൨൪൨ ചാതുരീസാരോദ്രിക്തഗുണം=നല്ലതായ സാമർത്ഥ്യംകൊണ്ടു വർദ്ധിച്ചിരിക്കുന്ന ഗുണങ്ങളോടുകൂടുംവണ്ണം.

൨൪൩ ക്ഷീണാർത്ഥൻ=ധനം ക്ഷയിച്ചവൻ. രുജ=ദുഃഖം. ആര്യവാണീ=ഉത്തമന്മാരുടെ വാക്കു.

൨൪൪ അളികം=നെററി
൨൫൦ ധൂളി=മൺപൊടി, ഭസ്മം എന്നും ദിഗംബരൻ=നഗ്നൻ, ദിക്കുകളാകുന്ന വസ്ത്രത്തോടുകൂടിയവനെന്നും.

൨൫൨ ദ്രവ്യാവസാനം=ദ്രവ്യത്തിൻെറ അവസാനം. ദ്രവ്യം=ധനം, എണ്ണയെന്നും. സദ്വംശസത്മം=നല്ല വംശമാകുന്ന ഗൃഹം വല്ലഭൻ=പ്രിയൻ.

൨൫൪ ജനതാ=ജനസമൂഹം. പൂർവ്വജന്മസ്സു=പൂർവ്വജന്മം.
൨൫൫ ചെയ്തീടും=വർദ്ധിച്ചുതായ. ചെയ്തി=കർമ്മം. ജനി=ജന്മം

൨൫൯ കാര്യ്യംകാലം=ജനിക്കുന്നതായ സമയം. ഔചിത്യം=ഉചിതത്വം. വൈദ്യശാസ്ത്രത്താൽ വിധിക്കപ്പെട്ട ശരിയായ കാലത്തിങ്കലുള്ള ഗർഭാധാനം എന്നു സാരം. താര്യ്യം=തള്ളയ്യും .

൨൯൬ ശാല്യാദി=ശാലി മുതലായതു് ശാലി=ഒരുവക നെല്ലു്. (ഉമിമാത്രം പോയാൽ ഉള്ളിൽ വെളുപ്പുനിറം കാണുന്ന നെല്ലിനു ശാലിയെന്നു പേരാകുന്നു)
൨൯൭ പഴുതു്=ദോഷം.

൨൯൮ മർത്ത്യാളി=മനുഷ്യസമൂഹം. പേറീടുന്നു=ധരിക്കുന്നു.
൨൩൦ സ്വമാഹാത്മ്യജന്മാർ=തന്റെ മാഹാത്മ്യത്താൽ ജനിച്ച മനുഷ്യാദികൾ. അനാശ്രയത്വദുഃഖ=അനാശ്രയത്വം ഹേതുവായിട്ടുള്ള ദുഃഖം. അനാശ്രയത്വം=ആശ്രയമില്ലായ്ക. മരിച്ചുകഴിഞ്ഞാൽപിന്നെ യാതൊരാശ്രയവുമില്ലായ്ക എന്നർത്ഥം.
൨൩൧ ഉത്തുംഗസൌഹിത്യം=വലുതായ തൃപ്തി.
൨൩൯ സരസവിരസൻ=മുമ്പിൽ സരസത്വവും പിന്നെ ക്രമേണ വിരസത്വവും ഉള്ളവൻ. വിരസസരസാദിശബ്ദങ്ങൾക്കും ഈ രീതിയിൽ അർത്ഥം ഗ്രഹിക്കണം.

൨൩൩ പൃത്ഥ്വാവിൺമൂത്രമൂൻ=മലമൂത്രങ്ങൾ നല്ലവണ്ണം പോയിട്ടു്. അമലം=നിർമ്മലം, ഗൌരവാദിരഹിതം എന്നർത്ഥം. ദോഷം=വാതാദി സ്വസ്ഥം=സ്വസ്ഥാനത്തെ ആശ്രയിച്ചതു്. പവനൻ=സമാനവായു. അനുസരിക്ക=അനുലോമമായി ഗമിക്ക. ഉദർച്ചി=ജഠരാഗ്നി. വിശദകരണം=വിശദങ്ങളായിരിക്കുന്ന കരണങ്ങളോടുകൂടിയതു്. വിശദങ്ങൾ=സ്വവിഷയഗ്രഹണസമർത്ഥങ്ങൾ. കരണങ്ങൾ=ഇന്ദ്രിയങ്ങൾ. വിധിനിയമിതം-വിധിയാൽ നിയമിതം വിധി=ശാസ്ത്രവിധി. നിയമിതം=നിയമിക്കപ്പെട്ടതു്. ഇഷ്ടം=ഹിതം.

൨൬ ആഖുപ്രവീരൻ—മൂഷികശ്രേഷ്ഠൻ.

൨൬൪ നമ്മുടെ പശ്ചിമദിക്കിൽനിന്നാണു നമുക്കു മറുപുറത്തു താമസിക്കുന്നവർക്കു സൂര്യോദയം ഉണ്ടാകുന്നതു്.

൨൬൯ വ്രജം=സമൂഹം. ഭൂമിക്കു ചുററും ൨൦൦ നാഴികയോളം വിസ്താരത്തിൽ വായുവുണ്ടെന്നു ശാസ്ത്രജ്ഞന്മാർ തീർച്ചപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ൯൦ നാഴിക വിസ്താരംവരെയുള്ള വായുവിനെ അവർ പ്രാധാന്യം കല്പിച്ചിട്ടുള്ളൂ.
൨൬൫ മഹത്തരം=ഏററവും വലുതു്.
൨൬൬ തിണ്ണം=വേഗത്തിൽ. നണ്ണുക=വിചാരിക്കുക.
൨൬൭ ഉത്ഥാനസ്ഥാനം=ഉത്ഭവസ്ഥാനം. പ്രാലേയം=മഞ്ഞു്.
൨൭൦ അഹഹ (അവ്യയം)=കഷ്ടം.

൨൮൦ ഒരു മാററമായതു്=ആയതു് ഒരു മാററം. (അവസ്ഥാന്തരപ്രാപ്തി) ആകുന്നു. നശിച്ചീടുന്നൊരീ ജീവിതം=നശ്വരമായ ഈ ജീവിതം. ദിവ്യസൌധ്യവസതി=മോക്ഷസ്ഥാനം. ആസന്നഭൂ=അടുത്തിരിക്കുന്ന പ്രദേശം അതിൽ=മോക്ഷസ്ഥാനത്തിൽ. മാർഗ്ഗം=മാർഗ്ഗത്തെ, വാതിലിനെ എന്നർത്ഥം.

൨൮൧ ആയുർദ്രുമം=ആയുസ്സാകുന്ന വൃക്ഷം അന്തകദണ്ഡധാരിത=അന്തകൻ എന്നും ദണ്ഡധാരി എന്നും ഉള്ള അവസ്ഥ. അന്തകൻ=അന്തത്തെ വരുത്തുന്നവൻ. ദണ്ഡധാരി=ദണ്ഡത്തെ (ശിക്ഷയെ) ധരിക്കുന്നവൻ.

൨൮൪ താരേശൻ=ചന്ദ്രൻ. അധഃകരിക്ക=താഴ്ത്തുക.

൨൮൯ നീരന്ധ്രം=തിങ്ങിയിരിക്കുന്നതു്.

൨൮൬ സമുദ്രം പാനംചെയ്തതു് അഗസ്ത്യൻ എതിരായി സ്വർഗ്ഗമുണ്ടാക്കിയതു് വിശ്വാമിത്രൻ. ഒരു വടിയാൽ ശസ്ത്രാദികളെ നശിപ്പിച്ചതു വസിഷ്ഠൻ.

൨൯൯ വംശോന്നതിനുതി=വംശത്തിന്റെ വലിപ്പംകൊണ്ടുള്ള പ്രശംസ. നിക്കാവതല്ലാത്ത. ദശ=മരണാവസ്ഥ.

൩൦൯ സൌഹൃദം=സ്നേഹം

൩൧൦ കഞ്ജസന്തതി=താമരക്കൂട്ടം.

൩൧൫ വാചാലൻ=നിന്ദ്യമായി വളരെപ്പറയുന്നവൻ.

൩൧൭ അശ്മക്കോണ്=കല്ലിന്റെ അററം.

൩൧൯ മുക്താ=മുത്തുമണി

൩൩൦ ഈ ശ്ലോകം കൊക്കുകളുടെയും അരയന്നത്തിന്റെയും സംഭാഷണമാകുന്നു യദി=എങ്കിൽ

൩൪൧ നിബന്ധതരാ=അധികം ഉറപ്പിക്കപ്പെട്ടതു്. മുഷ്ടി=പിടി, ചുരുട്ടിപ്പിടിച്ച കരം എന്നും. കോശം=ഉറ, ധനഗൃഹം എന്നും കൃപാണകൃപണന്മാർ=ഖഡ്ഗവും ലുബ്ധനും. ആകാരം=ആകൃതി ആ എന്ന അക്ഷരമെന്നും.

൩൪൪ ഇള=ഭൂമി.

൩൪൮ സംസ്കാരം=ശുദ്ധി. സാത്ഥം=സമൂഹം.

൩൫൪ യന്മധ്യഗതം=യാവചിലവകളുടെ (സൂക്തിരത്നങ്ങളുടെ) മദ്ധ്യഗതം നീചകാചം=നീചനാകുന്ന കരുട്ടുകല്ലു്.

൩൫൫ സുമനസ്സുകൾ=വിദ്വാന്മാർ പുഷ്പങ്ങളെന്നും.

൩൬൦ ഹയാദി=കുതിര മുതലായ വസ്തുക്കൾ.

൩൬൫ കരടപടലി=കാകസമൂഹം ജളജനത=മൂഢജനസംഘം.

൩൬൬ രദം = പല്ലു്.

൩൭൩ അവിരളം=സമ്പൂർണ്ണം ഏവൻ ചിത്തം=ഏവന്റെ മനസ്സു്.

൩൭൫ ദശമികൾ=വൃദ്ധന്മാർ

൩൭൮ ശബ്ദാനുശാസനം=ശബ്ദശാസ്ത്രം.

൩൭൯ ആയസയന്ത്രം=ഇരുമ്പുകൊണ്ടുണ്ടാക്കപ്പെട്ട യന്ത്രം. ദുർഭേദം=പിളക്കാൻ കഴിയാത്തതു്.

൩൮൪ മഹാസത്വപാതാ=വലുതായ ധൈര്യത്തോടുകൂടിയവൻ എന്ന അവസ്ഥ. വലിപ്പമുള്ള പ്രാണികളോടുകൂടിയതു് എന്ന അവസ്ഥയെന്നും. സാധു=സല്പുരുഷൻ. സരിദീശൻ=സമുദ്രം. ഗോത്രസ്ഥിതി=കുലമര്യാദ, പർവതങ്ങളുടെ നില എന്നും

൩൮൭ സുമനസ്സുകൾ=വിദ്വാന്മാർ, പൂക്കൾ എന്നും. വാമദക്ഷിണാഭേദ=വിരോധിയിലും അനുകൂലനിലും ഭേദമില്ലാത്തതു്, ഇടത്തേതിലും വലത്തേതിലും ഭേദമില്ലാത്തതെന്നും.

൩൮൮ നയനായനം=നേത്രമാർഗ്ഗം.

൩൯൧ കരണം=ദേഹം. പരോപകരണം=പരോപകാരം ചെയ്യുന്നതു്. പാരമ്യം=ശ്രേഷ്ഠത.

൩൯൫ ഗുണം=ക്ഷമാദി. ഞാണെന്നും വംശം=കുലം, മുളയെന്നും. നമിക്ക=താഴ്മയോടുകൂടിയിരിക്ക, വളയുക എന്നും

൩൯൭ രന്ധ്രം=ദോഷം പഴുതെന്നും. ഗുണം=ക്ഷമാദി, നൂലു് എന്നും. മറയ്ക്കും=രന്ധ്രത്തെ മറയ്ക്കും എന്നർത്ഥം

൪൦൪ മാനം=അഹങ്കാരം. ഇതരകഥ=അന്യന്റെ കഥയെ, അഭീഷ്ടത്തെ നൽകി. മനംപൂണ്ടിട്ടും=മററുള്ളവരുടെ അഭീഷ്ടം സാധിപ്പിച്ചുകൊടുത്താൽ

ആ സംഗതിയെ പിന്നെ ആരോടും പ്രസ്താവിക്കയില്ല. ഉപകാരത്തെ=അന്യൻ തനിക്കചെയ്ത ഉപകാരത്തെ.

൪൰ ദാരങ്ങളെ=ഭാൎയ്യയെ. ലോഷ്ടം=മൺകട്ട. ഭൂതങ്ങൾ=പ്രാണികൾ.
൪൰൩ ലോകങ്ങൾ=ജനങ്ങൾ, ഭുവനങ്ങളെന്നും. തമസ്സ്=അജ്ഞാനം, ഇരുട്ടെന്നും. ദാക്ഷ്യം=സാമൎത്ഥ്യം. ഗോസഞ്ചയം=വാക്‌സമൂഹം, രശ്മിസമൂഹമെന്നും. സൎവ്വജ്ഞനേത്രത്വം=സൎവ്വജ്ഞന്മാരുടെ (പണ്ഡിതന്മാരുടെ) നേത്രം എന്നുള്ള അവസ്ഥ, അവരുടെ വലുതായ പ്രേമത്തിന് ഇരിപ്പിടമായിരിക്കം എന്നൎത്ഥം. സൎവ്വജ്ഞന്റെ (ശിവന്റെ) നേത്രങ്ങൾ എന്ന അവസ്ഥ എന്നും. തമസ്സംക്രമം=അജ്ഞാനസംബന്ധം, രാഹുവിന്റെ ആക്രമണം എന്നും. സൽപഥേ=സന്മാൎഗ്ഗത്തിൽ, ആകാശത്തിലെന്നും. സൽപഥേ നില്പവർ=സദാചാരസ്ഥിതന്മാർ, സൂൎയ്യചന്ദ്രന്മാരെന്നും.

൪൰൭ അണിമണിഭൂഷണം=അണിയുന്ന രത്നഭൂഷണം.
൪൰൮ മലർ=പൂവ്. അലർ=പൂവ്.

൪൰൯ "വേണാട്ടിശന്റെ......കാട്ടി"=തിരുവിതാംകൂറിൽ കൊല്ലവർഷം ൯൦൪ മുതൽ ൯൩൩ വരെ രാജ്യഭാരം ചെയ്തിരുന്ന മാൎത്താണ്ഡവൎമ്മമഹാരാജാവു തിരുമനസ്സുകൊണ്ട് തനിക്ക രാജ്യഭാരം കിട്ടുന്നതിനുമുമ്പിൽ ശത്രുക്കളെ ഭയപ്പെട്ട ഒളിച്ചുകൊണ്ടായി കുറേക്കാലം നടന്നിരുന്നു. ആയിടയ്ക്കു ഒരിക്കൽ അവിടുന്ന് ഒരു ക്ഷേത്രത്തിൽ ഒളിച്ചിരുന്ന വിവരം അറിഞ്ഞു എട്ടുവീട്ടിൽപിള്ളമാരുടേയും മാടമ്പിമാരുടേയും ആളുകൾ ചെന്ന് ആ ക്ഷേത്രത്തെ വളഞ്ഞു. അപ്പോൾ അവിടുത്തെ ശാന്തിക്കാരൻപോററി, താൻ രാജവേഷം ധരിക്കയും, രാജാവിനെ തന്റെ വേഷം ധരിപ്പിക്കയും ചെയ്തിട്ട് അവിടത്തെ കൈയിൽ നൈവേദ്യാന്നമുള്ള ഉരുളി കൊടുത്തു മെന്ത്രോച്ചാരണഭാവം നടിച്ച് പുറത്തു പൊയ്ക്കൊള്ളുന്നതിനും, ആ സമയം രാജാവു അകത്തു മറഞ്ഞിരിക്കുന്നതായി അവരോടു പറയുന്നതിനും പറഞ്ഞയച്ചു. ഈ കൌശലത്താൽ രാജാവു രക്ഷപ്പെടുകയും, ഗുണവാനായ പോററി അവരുടെ കൈയിൽപെട്ടു മരിക്കയും ചെയ്തു. ഈ കഥയാണ് ഈ ശ്ലോകത്തിൽ നിൎദ്ദേശിച്ചിരിക്കുന്നതു.

## ഉപസംഹാരം.

ലോകം=ജനം. തീയതു=ചീത്തയായതു. തീയതിലാശവിട്ടു=ദുഷ്പ്രവൃത്തിയിലുള്ള ആഗ്രഹത്തെ വിട്ടു. ഹരിം=ഹരിയെ (വിഷ്ണുവിനെ) ആസേവിച്ചു=നല്ലവണ്ണം സേവിച്ചു. വിദ്വത്സദസ്സ്=വിദ്വൽസംഘം. ഏകം=കൊടുക്കുന്നു. ശാസനം=നിയോഗം. ആണ്ടുകൊണ്ടു=അനുസരിച്ചുകൊണ്ടു. വിധി=ശാസ്ത്രവിധിയെ. കലേശവാരസരസവ്യാഹാരസാരങ്ങൾ=കലേശവാരത്തിന്റെ സരസവ്യാഹാരങ്ങളുടെ സാരങ്ങൾ. കലേശവാരം=കലേശന്മാരുടെ (ശാസ്ത്രജ്ഞന്മാരുടെ) വാരം=സമൂഹം. സരസവ്യാഹാരസാരങ്ങൾ=സരസങ്ങളായിരിക്കുന്ന. വ്യാഹാരങ്ങൾ=വാക്കുകൾ. ഈ പദ്യത്തിന്റെ പ്രകൃതാൎത്ഥത്തിനു പുറമെ ഈ പുസ്തകം ഉണ്ടാക്കിത്തീൎന്ന തീയതി, മാസം, ആണ്ടു, നക്ഷത്രം, ആഴ്ച, ഇവയെക്കൂടി താഴെ പറയുംപ്രകാരം സൂചിപ്പിച്ചിരിക്കുന്നു. ലോകംതീയതി=൧൩-ാംതീയതി. ഹരിമാസേ=ചിങ്ങമാസത്തിൽ. ശാസനയാണ്ടു=൧൦൭൬-ാമാണ്ടു. വിധിഭേ=രോഹിണീനക്ഷത്രത്തിൽ. കലേശവാരം=തിങ്കളാഴ്ച.

ശുഭം.

# വേദാന്തപുസ്തകങ്ങൾ.

## ശ്രീ വിവേകാനന്ദവിജയം.

ലോകഗുരുവായ സ്വാമികളുടെ പ്രസംഗങ്ങൾ, തിരുവായ്മൊഴികൾ, ലേഖനങ്ങൾ, സംഭാഷണങ്ങൾ, ഉപദേശങ്ങൾ, കത്തുകൾ, കവിതകൾ ഇവകളടങ്ങിയ മഹദ് ഗ്രന്ഥം.

| | രൂ. | ണ. |
|---|---|---|
| 1-ാംപുസ്തകം—പ്രസംഗങ്ങൾ | 1 | 8 |
| 2-ാംപുസ്തകം—ആദേശവാണികൾ | 1 | 8 |
| 3-ാംപുസ്തകം—ലേഖനങ്ങൾ | 1 | 8 |
| 4-ാംപുസ്തകം—സംഭാഷണങ്ങൾ | 1 | 2 |
| 5-ാംപുസ്തകം—ഉപദേശവാണികൾ | 0 | 12 |
| 6-ാംപുസ്തകം—കത്തുകൾ | 1 | 2 |
| 7-ാംപുസ്തകം—കവിതകൾ | 0 | 4 |
| 1 മുതൽ 7 വരെ ഭാഗം ഒന്നായി ബയൻറു ചെയ്തതു | 7 | 0 |

## ശ്രീരാമകൃഷ്ണചരിതാമൃതം.

ഭഗവാൻ ശ്രീരാമകൃഷ്ണന്റെ പരിപാവനവും വിശദവുമായ ജീവചരിത്രം.

| | രൂ. | ണ. |
|---|---|---|
| 1-ാംഭാഗം ബാലകാണ്ഡം—കിശോരഭാവം | 1 | 8 |
| ടി സുന്ദരകാണ്ഡം—സാധകഭാവം | 1 | 8 |
| ശ്രീരാമകൃഷ്ണചരിതാമൃതം ഉത്തരകാണ്ഡം ആചാര്യഭാവം | 1 | 8 |
| ടി മൂന്നുകാണ്ഡങ്ങളും ഒന്നിച്ചുചേർത്തു കാലിക്കോ ബയൻറുചെയ്തതിന്നു | 4 | 0 |
| 2-ാംഭാഗം തത്വോപദേശകഥകൾ | 0 | 12 |
| 3-ാംഭാഗം മഹാവാക്യങ്ങൾ | 1 | 2 |
| 4-ാംഭാഗം ഉപദേശങ്ങൾ | 0 | 12 |
| 5-ാംഭാഗം ,, | 0 | 12 |
| 6-ാംഭാഗം ,, | 0 | 12 |

## ബൃഹൽസ്തോത്രരത്നാകരം.

സാരാർത്ഥദർപ്പണവ്യാഖ്യാനസഹിതം.

വില രൂപാ 2 അണ 4.

മാനേജർ, വി. വി. പ്രെസ്സ്—കൊല്ലം.